സാഹിത്യദർപ്പണം

കൊച്ചി ഭാഷാപരിഷ്ക്കരണകമ്മിററി

ശ്രീരാമവർമ്മഗ്രന്ഥാവലി.

സാഹിത്യദർപ്പണം.

ഒന്നാം ഭാഗം

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

കാപ്പി 500.

1106

തൃശ്ശിവപേരൂർ
മംഗളോദയം അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

(ഉറുപ്പിക ഒട്ടണ

പരിച്ഛേദവിഷയസംഗ്രഹം

പരിച്ഛേദം ൧. കാവ്യസ്വരൂപനിരൂപണം.

„ ൨. വാക്യസ്വരൂപനിരൂപണം.

„ ൩. രസാദിനിരൂപണം.

„ ൪. കാവ്യഭേദനിരൂപണം.

„ ൫. വ്യഞ്ജനാവ്യാപാരനിരൂപണം.

വിഷയാനുക്രമണിക.

പ്രഥമപരിച്ഛേദം.

മംഗളം	൧
കാവ്യഫലങ്ങൾ	൨
കാവ്യലക്ഷണോല്ലക്ഷണങ്ങൾ	൩
കാവ്യസ്വരൂപം	൧൦
ദോഷസ്വരൂപം	൧൨
ഗുണസ്വരൂപം	൧൩

ദ്വിതീയപരിച്ഛേദം.

വാക്യസ്വരൂപം	൧൪
മഹാവാക്യം	൧൫
പദലക്ഷണം	൧൬
മൂന്നുവിധം അർത്ഥങ്ങൾ	൧൮
അഭിധാ	൧൮
സങ്കേതം	൧൭
ലക്ഷണാ	൧൯
ലക്ഷണാഭേദങ്ങൾ	൨൦
വ്യഞ്ജനാ	൨൯
വ്യഞ്ജനാഭേദങ്ങൾ	൩൦
താല്പര്യവൃത്തി	൩൯

തൃതീയപരിച്ഛേദം.

രസസ്വരൂപം	൪൧
രസാസ്വാദനപ്രകാരം	൪൨
കരുണാദികൾക്കു രസത്വസ്ഥാപനം	൪൪

രസം നായകഗതമാണെന്നുള്ള പക്ഷത്തെ ഖണ്ഡിക്കുക	൩൧
രസം നടനിഷ്ഠമാണെന്നുള്ള പക്ഷത്തെ ഖണ്ഡിക്കുക	൩൨
രസം ജ്ഞാനാന്തരഗ്രാഹ്യമാണെന്നുള്ളതിനെ ഖണ്ഡിക്കുക	൩൨
രസം സ്വപ്രകാശമാണെന്നു സ്ഥാപിക്കുക	൩൩
വിഭാവങ്ങൾ	൩൬
വിഭാവഭേദങ്ങൾ	൩൭
നായകൻ	൩൭
നായകഭേദങ്ങൾ	൩൯
നായകസഹായന്മാർ	൪൮
അവരുടെ ഭേദങ്ങൾ	൪൩
ദൂതന്മാർ	൪൯
സാത്വികനായകഗുണങ്ങൾ	൫൦
നായികാഭേദങ്ങൾ	൫൨
അഭിസാരിക	൯൨
അഭിസരണസ്ഥാനങ്ങൾ	൯൮
നായികാലങ്കാരങ്ങൾ	൧൦൦
മുഗ്ദ്ധനായികയുടെ അനുരാഗചേഷ്ടകൾ	൧൧൯
എല്ലാ നായികമാരുടേയും അനുരാഗചേഷ്ടകൾ	൧൨൦
ദൂതികൾ	൧൨൪
ദൂതീഗുണങ്ങൾ	൧൨൩
പ്രതിനായകൻ	൧൨൩
ഉദ്ദീപനവിഭാവങ്ങൾ	൧൨൩

അനുഭാവങ്ങൾ	൧൨൩
സാത്ത്വികങ്ങൾ	൧൨൪
വ്യഭിചാരികൾ	൧൨൯
സ്ഥായിഭാവം	൧൩൬
അതിന്റെ ഭേദങ്ങൾ	൧൩൬
രസങ്ങൾ	൧൪൦
ശൃംഗാരം	൧൪൦
ശൃംഗാരഭേദങ്ങൾ	൧൪൨
വിപ്രലംഭസ്വരൂപം	൧൪൨
വിപ്രലംഭഭേദങ്ങൾ	൧൪൨
കാമദശകൾ	൧൪൮
മാനം	൧൪൯
മാനഭംഗോപായങ്ങൾ	൧൫൧
പ്രവാസം	൧൫൩
കരുണവിപ്രലംഭം	൧൫൯
സംഭോഗം	൧൬൦
ഹാസ്യം	൧൬൮
കരുണം	൧൬൩
കരുണത്തിനു, കരുണവിപ്രലംഭത്തിൽ നിന്നുള്ള ഭേദം	൧൬൫
രൌദ്രം	൧൬൫
രൌദ്രത്തിനു, യുദ്ധവീരത്തിൽനിന്നുള്ള ഭേദം	൧൬൯
വീരം	൧൬൯
വീരഭേദങ്ങൾ	൧൬൯
ഭയാനകം	൧൯൨
ബീഭത്സം	൧൯൮
അത്ഭുതം	൧൯൩

ശാന്തം	൯൯
വത്സലം	൧൦൦
രസങ്ങളുടെ പരസ്പരവിരോധം	൧൦൧
ഭാവം	൧൦൩
രസാഭാസാദി	൧൦൬
ഭാവശാന്ത്യാദി	൧൧൧

ചതുൎത്ഥപരിച്ഛേദം.

കാവ്യഭേദങ്ങൾ (ധ്വനി; ഗുണീഭൂതവ്യംഗ്യം)	൧൧൬
അഭിധാമൂലധ്വനി, ലക്ഷണാമൂലധ്വനി	൧൧൭
ലക്ഷണാമൂലധ്വനിയുടെ ഭേദങ്ങൾ	൧൧൭
അഭിധാമൂലധ്വനിയുടെ ഭേദങ്ങൾ	൧൨൧
സംലക്ഷ്യക്രമവ്യംഗ്യധ്വനിയുടെ ഭേദങ്ങൾ	൧൨൪
ശബ്ദശക്ത്യുത്ഭവവ്യംഗ്യഭേദങ്ങൾ	൧൨൪
അൎത്ഥശക്ത്യുത്ഭവവ്യംഗ്യഭേദങ്ങൾ	൧൨൬
ശബ്ദാൎത്ഥോഭയശക്ത്യുത്ഭവവ്യംഗ്യം	൧൩൯
ധ്വനികളുടെ സംഖ്യാപരിഗണനം	൧൩൬
ധ്വനികളുടെ സ്ഥാനനിയമം	൧൩൭
ഗുണീഭൂതവ്യംഗ്യം	൧൪൫
അതിന്റെ ഭേദങ്ങൾ	൧൪൯

പഞ്ചമപരിച്ഛേദം.

വ്യഞ്ജനാസ്വരൂപം	൧൬൭
വ്യഞ്ജന, അഭിധയല്ലെന്ന്	൧൬൧
അഭിധാലക്ഷണകൾക്ക രസാദി ബോധനശക്തിയില്ലെന്ന	൧൬൪
രസാദിബോധനം അനുമാനസാധ്യമല്ലെന്ന്	൧൬൫
വ്യഞ്ജനോപസംഹാരം	൧൮൨

പ്രസ്താവന.

ഉപയോഗം വൎദ്ധിക്കുന്തോറും ഉപകരണങ്ങളും വൎദ്ധിക്കുന്നതു ലോകസ്വഭാവമാണല്ലൊ. പ്രാചീനകേരളീയർ വിജ്ഞാനത്തിനും വിനോദത്തിനും ഉതകുന്നതായി യഥാകാലം യഥാപ്രയോഗം സമ്പാദിച്ചുതന്നിട്ടുള്ള അനേകം ഗ്രന്ഥങ്ങളെ അവരുടെ പിൻതുടൎച്ചക്കാരായ നാം ഇന്നും ഉപയോഗിക്കുന്നു. വേദം, സ്മൃതി, പുരാണം, മന്ത്രം, തന്ത്രം, ജ്യോതിഷം, വൈദ്യം, ശില്പം മുതലായ വിഷയങ്ങളിലൊന്നിലും അന്നുള്ളവരുടെ കയ്യും കരളും കണ്ണും ചെല്ലാതിരുന്നിട്ടില്ല. സാഹിത്യശാഖയും അവരുടെ ഭാവനാസേകശക്തിനിമിത്തം ഭൂരിപ്രവാളപരിലസിതമായി. പദ്യകാവ്യങ്ങളും, പദ്യഗദ്യോഭയമയങ്ങളായ ചമ്പൂകാവ്യങ്ങളും, നൃത്തഗീതാദികൾക്ക് ഉപയോഗിക്കപ്പെടുന്ന ആട്ടക്കഥ, ഓട്ടൻതുള്ളൽ തൊട്ടു ഗേയകാവ്യങ്ങളും, ഭഗവത്ഭക്തന്മാർ രാജ്യസേവകന്മാർ തൊഴിലാളികൾ മുതലായവൎക്ക് ആലാപിപ്പാൻ പുരാണകഥാഗാഥകൾ, തച്ചോളിപ്പാട്ടു മുതലായ മഹാവീരചരിതങ്ങൾ, കൃഷിപ്പാട്ടു, വഞ്ചിപ്പാട്ടു, കൈകൊട്ടിക്കളിപ്പാട്ടു, താരാട്ടുപാട്ടു തൊട്ടുള്ള അസംഖ്യം സാഹിത്യപ്രവൃത്തികളും, നമ്മുടെ ഭാഷാസാഗരത്തിൽ വന്നുചേൎന്ന് അതിനെ വിപുലവും ഗംഭീരവുമാക്കിത്തീൎത്തിട്ടുണ്ട്.

എന്നാൽ പണ്ടുള്ളവർ ഭാഷാസാഹിത്യത്തിന്റെ

സാരസ്യത്തെ പരീക്ഷിക്കയും വിലമതിക്കയും ചെയ്തിരുന്നു സംസ്കൃതസാഹിത്യപണ്ഡിതന്മാരുടെ ഹൃദയോപലങ്ങളിൽ പതിഞ്ഞുകിടക്കുന്ന സാഹിത്യരേഖകളോടു താരതമ്യപ്പെടുത്തീട്ടായിരുന്നു. അതിനാൽ അക്കാലത്തു് ഒരാളെ സഹൃദയൻ എന്നോ രസജ്ഞൻ എന്നോ പറയേണമെങ്കിൽ അയാൾ സംസ്കൃതത്തിൽ സർവ്വസമ്മതനായ ഒരു പണ്ഡിതനായിരിക്കണം. അങ്ങനെയുള്ളവർ വളരെ ചുരുക്കം; ഉള്ളവർക്കു് അവരുടെ പോററമ്മയായ ഗൈർവ്വാണിയുടെ പേരിലല്ലാതെ പെററമ്മയായ കൈരളിയുടെ നേരെ ഒട്ടു ഭക്തിയും അഭിമാനവും ഉണ്ടായിരുന്നതുമില്ല, എന്നു മാത്രമല്ല, രണ്ടാമതിൽ നിന്ദയും അനാദരവും കൂടിയുണ്ടായിരുന്നുവെന്നു വേണം പറവാൻ.

"ഭാഷാകവിനിവഹോയം
ഭേകാകരവമിളാതി ഭുവനതലേ."

എന്നും മററുമുള്ള അപഹാസം ഇതിന്റെ ഫലമാണു്. എങ്കിലും ആ പാട്ടോണ്ടു് അപ്പോഴത്തന്നെ "അന്തം വെന്തുള്ളിന്നപ്പുട്ട്" എന്നു പ്രശംസിപ്പിച്ച സമ്മാനം വാങ്ങുവാൻപോലും നെഞ്ഞൂക്കുണ്ടായിരുന്ന സൽക്കവിസന്താനങ്ങളെക്കൊണ്ടു സാധ്വിയായ കൈരളി പണ്ടത്തേതിൽ പതിന്മടങ്ങു പരിലസിക്കുകയാണു് ഉണ്ടായതു്. ക്രമേണ ഭാഷാകുടുംബത്തിൽ സ്ഥായിയുള്ള വീരസന്താനങ്ങളും അവരുടെ സമ്പാദ്യമായ സാഹിത്യസമ്പത്തും വർദ്ധിക്കുവാൻ തുടങ്ങി.

ഇങ്ങനെ ഏതാനും ചില നൂററാണ്ടുകൾതന്നെ ക

ഴിഞ്ഞു. അപ്പോഴേക്കു ഭാഷാകുടുംബത്തിലെ ഐശ്വര്യ
പുഷ്ടിയിൽ വൈദേശികന്മാക്കും ആസക്തി ജനിച്ചു. അ
ക്കൂട്ടത്തിൽ 'പ്രബലമതിമാ'നായ ഗുണ്ടർട്ടുപണ്ഡിതർ
ഭാഷാന്തരങ്ങളിലെ ശബ്ദസമ്പത്തു കണ്ടുകിട്ടിയേടത്തോളം
ഒട്ടാകെ പരിഗണിച്ചു പ്രായോഗികമായ അർത്ഥവില നി
ർണ്ണയിച്ചു് ഒരു വരിയോല(നിഘണ്ടു)വും, മേലാൽ തറവാ
ട്ടിൽ കൈകാര്യം നടത്തുന്നവരുടെ അറിവിനും ഉന്മാദഭ്രാ
ന്ത്യാദിവാരണത്തിനും വേണ്ടി ആഗമികവും പ്രായോഗി
കവുമായ ഒരു നിയമ(വ്യാകരണ)വും ഉണ്ടാക്കി. മി. ഗു
ണ്ടട്ടിനെ അനുകരിച്ചു മി. ഗാത്ത്വേററു്, മി. ശീവർഗ്ഗീസ്സു
മുതലായവരും ചില വ്യാകരണങ്ങളുണ്ടാക്കീട്ടുണ്ടെങ്കിലും
അവയെ ഭാഷാപണ്ഡിതന്മാർ അത്ര ആദരിച്ചിരുന്നില്ല.
അതിനുശേഷം തിരുവിതാംകൂറിൽനിന്നു വിദ്വാൻ കോവു
ണ്ണി നെടുങ്ങാടി അവർകളും കൊട്ടാരം വൈദ്യൻ പാച്ചു
മൂത്തതു് അവർകളും ഉണ്ടാക്കിയതായി രണ്ടു ഗ്രന്ഥങ്ങൾ
പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. അവയെ വ്യാകരണഗ്രന്ഥങ്ങൾ
എന്നു മാത്രമേ സാമാന്യമായി പറയാറുള്ളുവെങ്കിലും അ
വയിൽ വ്യാകരണം, വൃത്തം, അലങ്കാരം ഈ മൂന്നു വി
ഷയങ്ങളും ചുരുക്കത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. അ
തിൽവെച്ചു മി: നെടുങ്ങാടിയുടെ കേരളകൗമുദി'ക്കു തി
രുവിതാംകൂറിലെയും കൊച്ചിയിലെയും പാഠശാലകളിൽ
അന്നു വളരെ പ്രചാരവുമുണ്ടായിരുന്നു.

അങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ മദിരാശി
സർവ്വകലാശാലക്കാർ അവരുടെ പ്രധാനപരീക്ഷകൾക്കു

മലയാളവുംകൂടി ഐച്ഛികപാഠ്യവിഷയങ്ങളിൽ ഒന്നാക്കിത്തീൎക്കയും, അതിന്നു മുമ്പിൽ നടന്നുവന്നിരുന്ന ഭാഷാഭ്യസനരീതിയിൽ പല പരിഷ്കാരങ്ങളും മാററങ്ങളും വരുത്തുകയും ചെയ്കതിനാൽ മുൻപറഞ്ഞ 'കേരളകൌമുദി'ക്കു പ്രകാശം മതിയാവാതെയായി. ആ അവസരത്തിൽ തിരുവനന്തപുരം കോളേജിലെ നാട്ടുഭാഷാദ്ധ്യക്ഷനും അനേകഭാഷാപണ്ഡിതവരനുമായിരുന്ന എ. ആർ. രാജരാജവൎമ്മ എം. എ. കോയിത്തമ്പുരാനവർകൾ 'കൌമുദി'യിൽ മങ്ങിയടങ്ങിക്കിടന്നിരുന്ന ഓരോ വിഷയങ്ങളേയും വെവ്വേറെ തിരിച്ചു വിസ്തരിച്ചു 'കേരളപാണിനീയം,' 'മണിദീപിക,' 'ഭാഷാഭൂഷണം,' 'സാഹിത്യസാഹ്യം,' 'വൃത്തമഞ്ജരി' എന്നു അഞ്ചു ഗ്രന്ഥങ്ങളാക്കിത്തീൎത്തു. അതിൽ പാണിനീയം മാത്രമേ രണ്ടാമതൊന്നുകൂടി പരിഷ്കരിച്ചു വിസ്തൃതവും വിശദവും വിശേഷജ്ഞസമ്മതവുമാക്കിത്തീൎപ്പാൻ ആ മഹാപണ്ഡിതന്നു യോഗമുണ്ടായുള്ളു. അതിനാൽ ആ മഹാന്റെ കൈകൊണ്ടുതന്നെ സാഹിത്യശാസ്ത്രാംബുധിയെ ആകപ്പാടെ ഒന്നുകൂടി വിസ്തരിച്ചു മഥനംചെയ്തു അതിൽ ഒളിഞ്ഞുകിടക്കുന്ന സദ്രത്നങ്ങളേയും സംഗ്രഹിച്ചു യഥാസ്ഥാനം ചേൎത്തു ഭംഗിയും പ്രയോജനവും വളൎത്തി 'ഭൂഷണം' രണ്ടാമതൊന്നു് അഴിച്ചുപണിതുകിട്ടുവാനുള്ള ഭാഗ്യം ഭാഷായോഷയ്ക്കു ലഭിച്ചില്ല.

പിന്നെ ഭൂഷണകാരന്റെ അനുഗാമിയായി പുറപ്പെട്ട 'സാഹിതീസൎവ്വസ്വ'കാരൻ അദ്ദേഹത്തിന്റെ സൎവ്വസ്വത്തിൽ അധികഭാഗവും ചെലവുചെയ്തതു കൈരളിയുടെ സ്വത്തല്ലാം ഗൈൎവ്വാണിയുടെ വകയാണെന്നു

സ്ഥാപിപ്പാൻവേണ്ടിയാണു്. അതിനാൽ അതിലെ മറ്റുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളുടെ ക്രമീകരണത്തിലും പ്രതിപാദനരീതിയിലും നിഷ്കർഷ മതിയായില്ലെന്നു ചില സാഹിത്യമാർമ്മികന്മാർ അഭിപ്രായപ്പെടുന്നതിൽ തീരെ വാസ്തവമില്ലെന്നു പറവാൻ തരമില്ല. എന്നാൽ സ്വതന്ത്രന്മാരായ ഗ്രന്ഥകാരന്മാർ ഇത്തരം പ്രസ്ഥാനവിശേഷങ്ങളേയും മതഭേദങ്ങളേയും പുരസ്കരിച്ചു ഒരു വിഷയത്തിൽത്തന്നെ പല ഗ്രന്ഥങ്ങളും ഉണ്ടാക്കുന്നതു് എല്ലാ ഭാഷയിലും ഏറെക്കുറെ സാധാരണമാണു്. ഈ സംഗതി ആലോചിച്ചാൽ മേൽപറഞ്ഞ അഭിപ്രായം ഇത്തരത്തിലുള്ള ഒരു ശാസ്ത്രഗ്രന്ഥത്തിന്റെ ആവിർഭാവത്തിന് ഒരുവിധത്തിലും ബാധകമായിത്തീരുന്നതുമല്ല.

'സാഹിത്യദർപ്പണ'ത്തിന്റെ അഭ്യുത്ഥാനത്തിനും കാരണം ഈ ന്യായം തന്നെയാണു്. വിദ്വാൻ, ശിരോമണി മുതലായ പൌരസ്ത്യഭാഷാപരീക്ഷകൾക്കു പഠിക്കുന്ന വിദ്യാർത്ഥികളിൽ സംസ്കൃതപാണ്ഡിത്യം കുറവായിട്ടുള്ളവർക്കു് ആ ഭാഷയിലുള്ള സാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ അഭ്യസിക്കുന്നതിൽ നേരിടുന്ന പ്രയാസം കുറയ്ക്കുകയാകുന്നു ഈ പരിഭാഷയുടെ പ്രയോജനം. എന്നാൽ മേൽപ്രസ്താവിച്ച 'ഭൂഷണ'വും 'സർവ്വസ്വ'വും തൽഗ്രന്ഥകാരന്മാരുടെ രുചിക്കൊത്തവണ്ണം സംസ്കൃതസാഹിത്യശാസ്ത്രങ്ങളിൽ പലതിൽനിന്നും സംഗ്രഹിച്ച സമുച്ചിതങ്ങളും സ്വബുദ്ധ്യാകല്പിതങ്ങളുമായ വിഷയങ്ങളെ കലർത്തിയുണ്ടാക്കപ്പെട്ടവയാ

ണ്ട്; 'ദർപ്പണ'ത്തിൽ ഈവക സ്വാതന്ത്ര്യങ്ങളൊന്നും എടുത്തിട്ടില്ല. മൂലഗ്രന്ഥത്തെ നേരെ തർജ്ജമചെയ്കയേ ഉണ്ടായിട്ടുള്ളു. മൂലത്തിലെ ഉദാഹരണശ്ലോകങ്ങളെല്ലാം അതേപ്രകാരംതന്നെ പരിഭാഷയിലും ചേർത്തിട്ടുണ്ട്. അതിൽ നാലോ അഞ്ചോ ശ്ലോകങ്ങളൊഴികെ മറ്റെല്ലാറ്റിനും മലയാളതർജ്ജമയും ചേർത്തിട്ടുണ്ട്. അവയിൽ ഒട്ടുമിക്കതും മലയാളത്തിലെ പ്രസിദ്ധകവികൾ തർജ്ജമ ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്നുതന്നെയാണ് എടുത്തിരിക്കുന്നതു്. അങ്ങനെ കിട്ടുവാൻ തരമില്ലാതെ വന്നതു മാത്രമേ പരിഭാഷകൻ സ്വയം തർജ്ജമ ചെയ്തു ചേർത്തിട്ടുള്ളു. പദ്യരൂപത്തിൽ പരിഭാഷപ്പെടുത്തിട്ടില്ലാത്ത പദ്യങ്ങൾക്കു ഭാഷാവ്യാഖ്യാനം ചെയ്തിട്ടുണ്ട്. ഭാഷാന്തരം കൊണ്ടും അർത്ഥം വിശദമാവാത്ത ഘട്ടങ്ങളിൽ അവിടവിടെ ടിപ്പണിയും വിവരണവും കാണാം. ചതുർത്ഥപരിച്ഛേദത്തിന്റെ അവസാനത്തിൽ കീഴ് വരയിട്ടു ചേർത്തിരിക്കുന്നതു മൂലഗ്രന്ഥത്തിലുള്ള വിവൃതിയുടെ പരിഭാഷയാണ്. അതിൽ 'സ്വച്ഛന്ദോച്ഛലദച്ഛകച്ഛ—' എന്ന ശ്ലോകം കഴിഞ്ഞിട്ടു ഭാഷയിൽ ശബ്ദചിത്രകാവ്യോദാഹരണമായി രണ്ടു പഴയ ശ്ലോകം എടുത്തു ചേർത്തതു മാത്രമേ പരിഭാഷകൻ സ്വതന്ത്രമായും അമൂലമായും ഒന്നു ചെയ്തിട്ടുള്ളു.

മൂലഗ്രന്ഥത്തിൽ പത്തു പരിച്ഛേദങ്ങളുള്ളതിൽ ആദ്യത്തെ അഞ്ചു പരിച്ഛേദങ്ങൾ മാത്രമേ ഇപ്പോൾ തർജ്ജമ ചെയ്തിട്ടുള്ളു. ബാക്കിയുള്ള അഞ്ചു പരിച്ഛേദങ്ങളെ ഇതി

ന്റെ രണ്ടാംഭാഗമായി വഴിയേ പുറപ്പെടുവിച്ചുകൊള്ളാമെന്നു വിചാരിക്കുന്നു. ഈ ഒന്നാംഭാഗത്തിൽ അടങ്ങിയ അഞ്ചു പരിച്ഛേദങ്ങളിലെ വിഷയങ്ങൾ:—

1. കാവ്യസ്വരൂപനിരൂപണം.
2. വാക്യസ്വരൂപനിരൂപണം.
3. രസാദിനിരൂപണം.
4. കാവ്യഭേദനിരൂപണം.
5. വ്യഞ്ജനാവ്യാപാരനിരൂപണം.

എന്നിവയാകുന്നു. പിന്നെയുള്ള അഞ്ചു പരിച്ഛേദങ്ങളിൽ,

1. ദൃശ്യശ്രവ്യകാവ്യഭേദങ്ങൾ.
2. ഗുണങ്ങൾ.
3. ദോഷങ്ങൾ.
4. രീതികൾ.
5. അലങ്കാരങ്ങൾ.

എന്നീ വിഷയങ്ങളാണു പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. അവയിൽ ദൃശ്യകാവ്യവിഷയങ്ങൾ വിസ്തരിച്ചു വിദ്വാൻ എ. ഡി. ഹരിശർമ്മാ അവർകളുടെ 'നാടകപ്രവേശിക' എന്ന പുസ്തകത്തിൽനിന്നും, ഇവയെല്ലാം സാമാന്യമായി 'ഭൂഷണ' 'സർവ്വസ്വ'ങ്ങളിൽ നിന്നും അറിയാവുന്നതുകൊണ്ടു രണ്ടാംഭാഗത്തിന്റെ പുറപ്പാടിനു് അല്പം കാലവിളംബം വന്നാലും കാര്യഹാനിയുണ്ടാകുന്നതുമല്ല. അഥവാ,

പ്രതിബിംബം മുറിഞ്ഞിടാ
ദർപ്പണം പാതിയാകിലും!

എന്നു കരുതിയാലും വിരോധമില്ലല്ലൊ.

ചെറുതായ ശബ്ദംകൊണ്ടു പെരുതായ അൎത്ഥത്തെ പ്രതിപാദിപ്പാൻ തക്കവണ്ണം അനേകശാസ്ത്രീയസാങ്കേതികശബ്ദങ്ങളുടെ സമൃദ്ധിയുള്ള സംസ്കൃതഭാഷയിൽ, വശ്യവചസ്സുകളായ മഹാപണ്ഡിതന്മാരാൽ ഉണ്ടാക്കപ്പെട്ട പ്രൌഢഗംഭീരങ്ങളായ ശാസ്ത്രങ്ങളെ, കാലദേശവക്ത്രാചാര്യാദിഭേദത്താൽ പലവിധ വിപ്രതിപത്തിയുള്ളവയും, അല്പാൎത്ഥകങ്ങളുമായ കതിപയപദങ്ങളെക്കൊണ്ടു വ്യവഹരിക്കപ്പെട്ടുവരുന്ന ഒരു ദേശ്യഭാഷയിൽ പരാവൎത്തനം ചെയ്യുന്നതു, വാസനാവിലാസവും അഭ്യാസപാടവവും പാണ്ഡിത്യദാർഢ്യവും തികഞ്ഞ മഹാന്മാൎക്കുപോലും പ്രയാസമുള്ള ഒരു കാൎയ്യമാകയാൽ ആ വക ഗുണങ്ങളൊന്നുമില്ലാത്ത ഈ പരിഭാഷകന്റെ സാഹസത്തിൽ വല്ല അബദ്ധങ്ങളും അപരാധങ്ങളും വന്നിട്ടുണ്ടെങ്കിൽ വിമത്സരന്മാരും ദാക്ഷിണ്യശീലന്മാരുമായ വിദ്വാന്മാർ അവയെ ദയാപൂൎവ്വം ക്ഷമിച്ചു അനുഗ്രഹിച്ചാൽ കൊള്ളാമെന്നു സവിനയം അപേക്ഷിക്കുന്നു.

ഈ ഗ്രന്ഥം തൎജ്ജമ ചെയ്വാൻ ആജ്ഞാപിച്ചതിനു കമ്മിററി അംഗങ്ങളോടു സാമാന്യമായും, ഇതിലെ ഉദാഹരണശ്ലോകങ്ങളിൽ പലതും തൎജ്ജമ ചെയ്തു സഹായിച്ചതിനു കവിതിലകൻ കണ്ടൂർ നാരായണമേനോനവർകളോടു പ്രത്യേകമായും, ഇതിന്റെ ആരംഭം മുതൽ

അവസാനംവരെ പലപ്പോഴും പരിശോധിച്ചും പരിഷ്കരിച്ചും ആജ്ഞാപിച്ചും അനുനയിച്ചും പ്രോത്സാഹിപ്പിച്ചതിന്നു കമ്മിററി സിക്രട്ടറിയും ത്രിഭാഷാപണ്ഡിതനും സാഹിത്യരസികനുമായ പി. ശങ്കരൻനമ്പ്യാരവർകളോടു സവിശേഷമായും എനിക്കുള്ള കൃതജ്ഞതയെ സാദരം ഇവിടെ രേഖപ്പെടുത്തുന്നു.

ഈ തർജ്ജമയിൽ മൂലാർത്ഥത്തിൽ പലേടത്തും എനിക്കുണ്ടായ സംശയങ്ങളെ തീർത്തുതന്നതിന്ന് എറണാകുളം കോളേജുസംസ്കൃതപണ്ഡിതനും എന്റെ ആപ്തമിത്രവുമായ പി. എസ്സ്. അനന്തനാരായണശാസ്ത്രികളവർകളെ ഭക്തിപൂർവ്വം സ്മരിക്കുകയും, ഈ പുസ്തകം ഇത്രയും ഭംഗിയായും ശുദ്ധമായും അച്ചടിച്ചുതന്നതിന്നു 'മംഗളോദയം' അച്ചുകൂടത്തിന്റെ പ്രവർത്തകന്മാരോടു വന്ദനം പറകയും, അതിലെ പ്രൂഫ് പരിശോധകനായ വിദ്വാൻ കെ. വി. എം. അവർകളെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തുകൊണ്ട് ഈ പ്രസ്താവനയെ ഉപസംഹരിക്കുന്നു.

കുടുംബക്ലേശപരിധിയെയും, ശ്രീ-
ഹർഷനാടകനെയും ഏറി,
കരുതിക്കൊണ്ടിതിവണ്ണ-
മൊരുഭാഷയിലാക്കിനേൻ.

ശുഭം.

ഭാഷാപരിഷ്കരണക്കമ്മിററി
ആപ്പീസ്.
22—11—106.

എന്നു പരിഭാഷകൻ
കെ. പരമേശ്വരമേനോൻ
കമ്മിററിപ്പണ്ഡിതർ.

സാഹിത്യദർപ്പണം.

പ്രഥമപരിച്ഛേദം.

ശ്രീ.

ഹരിഃ ശ്രീഗണപതയേ നമഃ.

ഗ്രന്ഥാരംഭത്തിൽ ഗ്രന്ഥകാരൻ, താൻ ആരംഭിക്കുന്ന ഗ്രന്ഥത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായിട്ടു വാഗ്ദേവതയായ സരസ്വതിയെ വന്ദിക്കുന്നു:—

ശരദിന്ദുരുചിരരുചിയാം
സരസ്വതീദേവിയെന്മനക്കാമ്പിൽ
ഇരുളുകൾ കളഞ്ഞു കാവ്യ-
പ്പൊരുളുകളെല്ലാം തെളിച്ചുകാട്ടട്ടെ. ൧

ഈ ഗ്രന്ഥം കാവ്യാംഗമാകയാൽ കാവ്യഫലങ്ങൾതന്നെയാണ് ഇതിന്റെയും ഫലമെന്നു് ഉദ്ദേശിച്ചുകൊണ്ടു് ആദ്യമായിത്തന്നെ കാവ്യഫലങ്ങളെ പറയുന്നു:—

അല്പബുദ്ധികളായോർക്കും കാവ്യമൊന്നിൽനിന്നുതാൻ
ധർമ്മാർത്ഥകാമമോക്ഷങ്ങൾ സുഖമായിട്ടു നേടിടാം. ൨
കാവ്യസ്വരൂപമതിനാൽ നിരൂപിക്കുന്നിതത്ര ഞാൻ.

"രാമാദികളെപ്പോലെ പ്രവർത്തിക്കണം; രാവണാദികളെപ്പോലെ പ്രവർത്തിക്കരുത്". എന്നിത്യാദി കൃത്യപ്രവൃത്തിയെയും അകൃത്യ

നിവൃത്തിയേയും കാവ്യം വായനക്കാൎക്കു ഉപദേശിക്കുന്നതിനാൽ കാവ്യത്തിൽനിന്നു ചതുൎവ്വൎഗ്ഗഫലപ്രാപ്തിയുണ്ടാകുമെന്നുള്ളതു സുവ്യക്തമാണല്ലൊ. അങ്ങനെ 'ഭാമഹൻ' പറഞ്ഞിട്ടുണ്ടു്—

'കലാപാടവവും നേടാം ചതുൎവ്വൎഗ്ഗഫലങ്ങളും
നല്ല കാവ്യങ്ങൾ ശീലിച്ചാലുണ്ടാകും പ്രീതി കീൎത്തിയും.' എന്നു്.

അതുമാത്രമല്ല. ഭഗവന്നാരായണചരണാരവിന്ദസ്തവാദികൾ ചെയ്യുന്നതുകൊണ്ടു കാവ്യത്തിൽനിന്നു ധൎമ്മസിദ്ധിയുണ്ടാകും. 'ഏകഃ ശബ്ദഃ സുപ്രയുക്തഃ സമ്യഗ്ജ്ഞാതഃ സ്വൎഗ്ഗേ ലോകേ കാമധുഗ്ഭവതി' (ഒരു ശബ്ദം നല്ലവണ്ണം പ്രയോഗിക്കപ്പെടുകയും, നല്ലവണ്ണം അറിയപ്പെടുകയും ചെയ്താൽ അതു സ്വൎഗ്ഗലോകത്തിൽ അഭീഷ്ടപ്രദമായിട്ടു ഭവിക്കുന്നു.) ഇത്യാദി വേദവാക്യങ്ങളിൽനിന്നു് ഇതു സുപ്രസിദ്ധവുമാകുന്നു. അൎത്ഥപ്രാപ്തി പ്രത്യക്ഷസിദ്ധമാണല്ലൊ. അൎത്ഥംമൂലം വഴിയായിട്ടുതന്നെ കാമലാഭവുമുണ്ടാകും. കാവ്യത്തിൽനിന്നുണ്ടാകുന്ന ധൎമ്മഫലത്തിന്റെ അനുസന്ധാനംകൊണ്ടും മോക്ഷപ്രാപ്തിയുണ്ടാകുന്ന വേദവാക്യാദികളുടെ വ്യുൽപത്തിയുണ്ടാകുന്നതുകൊണ്ടും മോക്ഷപ്രാപ്തിയുണ്ടാകുന്നു. വേദശാസ്ത്രങ്ങളിൽനിന്നു പരിപക്വബുദ്ധികളായിട്ടുള്ളവൎക്കു മാത്രമേ ചതുൎവ്വൎഗ്ഗസിദ്ധിയുണ്ടാകയുള്ളു. അതുതന്നെ യാതൊരു രസവും കൂടാതെ വളരെ ബുദ്ധിമുട്ടിയാൽ മാത്രമേ സിദ്ധിക്കയുമുള്ളു. പരമാനന്ദമയങ്ങളാകകൊണ്ടു സുഖമയമായിട്ടുതന്നെ ലളിതബുദ്ധികളായിട്ടുള്ളവൎക്കുകൂടി ചതുൎവ്വൎഗ്ഗഫലപ്രാപ്തി കാവ്യത്തിൽനിന്നു മാത്രമേ സിദ്ധിക്കയുള്ളു.

എന്നാൽ, വേദശാസ്ത്രങ്ങളെക്കൊണ്ടു പരിണതബുദ്ധികളായിട്ടുള്ളവർ എന്തിനു കാവ്യത്തിൽ പരിശ്രമിക്കണം? എന്നു പറവാൻ പാടില്ല. കയ്പുരസങ്ങളായ ഔഷധങ്ങളെക്കൊണ്ടു ശമിപ്പിക്കാവുന്ന രോഗം പഞ്ചസാര സേവിച്ചാൽ ശമിക്കുമെങ്കിൽ ഏതൊരു രോഗിയാണു് പഞ്ചസാര പ്രയോഗിക്കാതിരിക്കുമോ?

എന്നുതന്നെയല്ല, കാവ്യം സ്വീകാൎയ്യമാകുന്നതു്—

'പാരിൽ നരനായ് പിറപ്പാൻ
പാരം പണി, യതിലുമറിവുകാവാനാം
കാവ്യം കവിതാമതിലും
കാമമറായ ശക്തി ദുർല്ലഭം തന്നെ.' എന്നും,

'ത്രിവർഗ്ഗസാധനം നാട്യം' എന്നു അഗ്നിപുരാണത്തിലും,

'കാവ്യാലാപങ്ങളും നല്ല ഗീതകങ്ങളശേഷവും
ശബ്ദരൂപൻ മഹാവിഷ്ണു തന്നംശങ്ങളിതൊക്കയും.'

എന്നു വിഷ്ണുപുരാണത്തിലും പറഞ്ഞിട്ടുണ്ടു്. അല്പം ഭേദമായിട്ടു് അങ്ങനെയുള്ള കാവ്യത്തിന്റെ സ്വരൂപത്തെ നിരൂപണം ചെയ്യുന്നു. ഇതുകൊണ്ടു് അഭിധേയവും കാണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അങ്ങനെയുള്ള കാവ്യത്തിന്റെ സ്വരൂപമെന്തെന്നുള്ളതിനെപ്പറ്റി ഒരാൾ പറയുന്നു:—

'അദോഷങ്ങളായും സഗുണങ്ങളായും ഇരിക്കുന്ന ശബ്ദാർത്ഥങ്ങൾ ചിലേടത്തു് അലങ്കാരങ്ങളില്ലാത്തവയായിരുന്നാലും കാവ്യമാകുന്നു'

എന്നു്. ഇതു് ആലോചിക്കേണ്ടതാകുന്നു. എന്തെന്നാൽ, ദോഷരഹിതമായിരുന്നാലേ കാവ്യമായി ഭവിക്കയുള്ളു എങ്കിൽ—

'ന്യക്കാരോ ഹ്യയമേവ മേ യദരയ-
സ്തത്രാപ്യസൌ താപസഃ
സോഽപ്യത്രൈവ നിഹന്തി രാക്ഷസകുലം
ജീവത്യഹോ രാവണഃ
ധിഗ്ധിക് ശക്രജിതം, പ്രബോധിതവതാ
കിം കുംഭകർണ്ണേന വാ
സ്വർഗ്ഗഗ്രാമടികാവിലുണ്ഠനവൃഥാ-
ച്ഛൂനൈഃ കിമേഭിർഭുജൈഃ.'

ശത്രുക്കളുണ്ടെന്നതാമേ കുറവു,തിലുമവൻ
    താപസൻ, ഇവിടെവനി-
ന്നേറ്റം കൊല്ലുന്നു രക്ഷോഗണ,മുയിരൊടിരിക്കുന്നഹോ!
    രാവണൻ വാണിട്ടും,
എന്തിന്നാണിന്ദ്രജിത്തി,നാണക്കേടുമഭവ്യ-
    ന്നെന്തിന്നാം കുംഭകർണ്ണൻ
വിൺകുഗ്രാമം തകർത്താവെറുമിട്ടതടിയൻ
    കൈകളാലെന്തുസാദ്ധ്യം?

(സ്വ.)

എന്ന ശ്ലോകത്തിൽ അവിമൃഷ്ടവിധേയാംശം എന്ന ദോഷമുള്ളതിനാൽ ഈ ശ്ലോകത്തിന്ന് കാവ്യത്വമുണ്ടാകയില്ല. മേലെഴുതിയ ധ്വനിയുള്ളതുകൊണ്ട് ഇതിന് ഉത്തമകാവ്യത്വമുണ്ടെന്നു സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. അതിനാൽ 'അദോഷത്വം' എന്ന ലക്ഷണത്തിന് 'അവ്യാപ്തി' എന്ന ദോഷമുണ്ട്. എന്നാൽ ഇതിൽ ഇങ്ങനെ ഒരു ഭാഗത്തിൽ മാത്രമല്ലേ ദോഷമുള്ളൂ? എല്ലാ ഭാഗത്തിനും ദോഷമില്ലല്ലോ എന്നാണെങ്കിൽ, ഏതു ഭാഗത്തു ദോഷമുണ്ടോ ആ ഭാഗത്തിന്ന് കാവ്യത്വമില്ല; ഏതൊരിടത്തു ധ്വനിയുണ്ടോ ആ ഭാഗത്തിന് ഉത്തമകാവ്യത്വമുണ്ട്; എന്നിങ്ങനെയുള്ള രണ്ട് അംശങ്ങളാൽ രണ്ടു ഭാഗത്തേയും വലിക്കപ്പെടുന്ന ഇതു കാവ്യമോ? അകാവ്യമോ? അതോ രണ്ടുമല്ലയോ? ശ്രുതിദുഷ്ടാദിദോഷങ്ങൾ കാവ്യത്തിന്റെ ഒരു ഭാഗത്തെ മാത്രമല്ല ദുഷിപ്പിക്കുന്നത്. അവ കാവ്യത്തെ മുഴുവനും ദുഷിപ്പിക്കുന്നവയാണ്. എന്തെന്നാൽ കാവ്യത്തിന്റെ ആത്മാവായ രസത്തിന് അപകർഷത്തെ ചെയ്യുന്നവയല്ലെങ്കിൽ അവയ്ക്കു ദോഷത്വംതന്നെ സ്വീകരിക്കപ്പെടുന്നില്ല. അങ്ങനെയല്ലെങ്കിൽ നിത്യദോഷങ്ങളെന്നും അനിത്യദോഷങ്ങളെന്നും ഉള്ള വ്യവസ്ഥയും ഉണ്ടാകുന്നതല്ല.

'ശ്രുതിദുഷ്ടാദിദോഷങ്ങൾ അനിത്യങ്ങളെന്നു ചൊന്നവ
ശൃംഗാരധ്വനിയിൽത്തന്നെ കേവലം ത്യാജ്യമായ്‌വരും.'

എന്നു ധ്വനികാരനാൽ പറയപ്പെട്ടിട്ടുണ്ട്. എന്നു മാത്രമല്ല, ഇപ്രകാരമാണെങ്കിൽ സമ്പൂർണ്ണ നിർദ്ദോഷമായ ഒന്നു തീരെ ഉണ്ടാവാൻ തരമില്ലാത്തതിനാൽ ലക്ഷണയുക്തമായ കാവ്യം ശൂന്യമായിത്തീരുക, കേവലം ഇല്ലാത്തതായിത്തീരുക ഭവിക്കും.

എന്നാൽ 'അദോഷൗ' എന്നതിലെ നഞ്ഞ് പ്രയോഗം ഈഷദർത്ഥത്തിലാണെന്നു പറയുന്നപക്ഷം 'ഈഷദ്ദോഷങ്ങളുള്ള ശബ്ദാർത്ഥങ്ങളുടെ കാവ്യം' എന്നു പറഞ്ഞാൽ നിർദ്ദോഷങ്ങളായ ശബ്ദാർത്ഥങ്ങൾക്കു കാവ്യതയില്ലെന്നു വരും. ദോഷങ്ങളുണ്ടെങ്കിലും 'ചമത്കാരം ഉണ്ട് എങ്കിൽ അതു കാവ്യമാണ്' എന്നു് അതിനെ കല്പിക്കയാണെങ്കിൽ കാവ്യലക്ഷണത്തിൽ അതും പറയേണ്ടതല്ലേ. അതു രത്നാദികളുടെ ലക്ഷണത്തിൽ കീടാനുവേധാദികളെ (പുഴുക്കുത്തു മുതലായവയെ) വർജ്ജിക്കണം, എന്നു പറയുന്നതുപോലെയാണ്. കീടാനുവേധാദികൾ രത്നത്തിന്റെ രത്നത്വത്തെ നശിപ്പിപ്പാൻ മതിയാകുന്നവയല്ല. അവ രത്നത്തിന്റെ ഗുണത്തിനു കുറവു മാത്രമേ ചെയ്യുന്നുള്ളു. ശ്രുതിദുഷ്ടാദിദോഷങ്ങളും അതുപോലെ തന്നെ കാവ്യത്തിന്റെ ഉൽകർഷാപകർഷങ്ങളെത്തന്നെ ചെയ്യുന്നുള്ളു.

'രസാദ്യനുഗമം സ്പഷ്ടമാകിൽ ദുഷ്ടമെന്നിലും
കാവ്യംതന്നെ, കീടാനുവിദ്ധരത്നാദിരീതിയിൽ.'

എന്നു് അനുവാദവുമുണ്ട്. അതുതന്നെയല്ല; ഗുണങ്ങൾ രസത്തിന്റെ ധർമ്മങ്ങളാണെന്നു് 'അംഗിയായ രസത്തിന്റെ ധർമ്മങ്ങൾ ഗുണാദികൾ ആത്മാവിനുള്ള ധർമ്മങ്ങൾ ശൗര്യാദികളെന്നപോൽ.' എന്നിത്യാദികൾകൊണ്ടു് ഗ്രന്ഥകാരൻതന്നെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതിനാൽ ശബ്ദാർത്ഥങ്ങൾക്കു 'സഗുണതാ' എന്ന വിശേഷണവും യുക്തമല്ല. ഗുണങ്ങൾക്കു രസാദിവ്യഞ്ജകത്വമുള്ളതുകൊണ്ടു് ഉപചാരേണ യുക്തമാണ് എന്നു പറയുന്നപക്ഷം അതും യുക്തമല്ല. എന്തെന്നാൽ—കാവ്യസ്വരൂപമായിട്ടു പറയപ്പെട്ടിരിക്കുന്ന ശബ്ദാർത്ഥങ്ങളിൽ രസം ഉണ്ടോ, ഇല്ലയോ? ഇല്ലെങ്കിൽ രസ

ത്തിന്റെ അന്വയവ്യതിരേകങ്ങളെ * അനുസരിച്ചാണു ഗുണങ്ങളുടെ സ്ഥിതി എന്നു വരുന്നതിനാൽ ഗുണവത്താവുകയില്ല. രസമുണ്ടെങ്കിൽ 'രസത്തോടുകൂടിയവയായും' എന്ന വിശേഷണം ശബ്ദാർത്ഥങ്ങൾക്കു കൊടുക്കാതിരുന്നതു് എന്തുകൊണ്ടു്? ഗുണമുണ്ടെങ്കിൽ രസമുണ്ടാകാതെ വരികയില്ലെന്നുള്ളതിനാൽ ഇതു സിദ്ധമായി ഭവിക്കുന്നു എന്നാണെങ്കിൽ 'ഗുണത്തോടുകൂടിയവ' എന്നല്ല, 'രസത്തോടുകൂടിയവ' എന്നു തന്നെയാണു പറയേണ്ടിയിരുന്നതു്. 'പ്രാണികളോടുകൂടിയ ദേശങ്ങൾ' എന്നു പറയേണ്ടതിനു പകരം 'ശൌര്യാദികളോടുകൂടിയ ദേശങ്ങൾ,' എന്നു് ആരും പറയാറില്ലല്ലോ. എന്നാൽ 'ഗുണങ്ങളോടുകൂടിയ ശബ്ദാർത്ഥങ്ങൾ' എന്നതുകൊണ്ടു ഗുണാഭിവ്യഞ്ജകങ്ങളായ ശബ്ദാർത്ഥങ്ങളെ കാവ്യത്തിൽ പ്രയോഗിപ്പാൻ യോഗ്യങ്ങളായി ഭവിക്കയുള്ളു എന്നാണു് അഭിപ്രായം, എന്നു പറയുന്നു എങ്കിൽ അതു ശരിയല്ല. ഗുണാഭിവ്യഞ്ജകങ്ങളായ ശബ്ദാർത്ഥങ്ങൾ കാവ്യത്തിനു് ഉൽക്കർഷാധായകങ്ങളാണെന്നു മാത്രമല്ലാതെ, കാവ്യത്തിന്റെ സ്വരൂപാധായകങ്ങളായി ഭവിക്കയില്ല. 'ശബ്ദാർത്ഥങ്ങൾ കാവ്യത്തിന്റെ ശരീരവും, രസാദികൾ ആത്മാവും, ഗുണങ്ങൾ ശൌര്യാദികളെപ്പോലെയുള്ളവയും, ദോഷങ്ങൾ കാണനായിരിക്കുക മുതലായതുപോലെയും, രീതികൾ അവയവസംസ്ഥാനവിശേഷങ്ങൾ (അംഗരചന) പോലെയും, അലങ്കാരങ്ങൾ കടകകുണ്ഡലാദികൾ (വള, കടുക്കൻ മുതലായവ) പോലെയും ആകുന്നു' എന്നു പറയപ്പെട്ടിട്ടുണ്ടു്. ഇതുകൊണ്ടു 'ചിലേടത്തു് അലങ്കാരമില്ലാത്ത ശബ്ദാർത്ഥങ്ങളും കാവ്യമാകുന്നു' എന്നു പറയപ്പെട്ടിരിക്കുന്നതും നിരസ്തമായി. ഇതിന്റെ അർത്ഥം—എല്ലായിടത്തും അലങ്കാരത്തോടുകൂടിയവയും, ചിലേടത്തു് അസ്ഫുടാലങ്കാരങ്ങളായിട്ടുള്ളവയും ആയ ശബ്ദാർത്ഥങ്ങൾ കാവ്യമാകുന്നു എന്നാണു്. അവിടെയും അലങ്കാരങ്ങളോടുകൂടിയ ശബ്ദാർത്ഥങ്ങൾ കാവ്യത്തിനു് ഉൽക്കർഷത്തെ ഉണ്ടാക്കുന്നവയാ

* എവിടെ രസമുണ്ടോ അവിടെ ഗുണമുണ്ടു്. എവിടെ രസമില്ലയോ അവിടെ ഗുണവുമില്ല, എന്നു നിയമം.

കയാൽ സ്വതന്ത്രമായതും ഉണ്ടാക്കുന്നവയല്ല. ഇതുകൊണ്ടു 'വക്രോക്തിഃ കാവ്യജീവിതം' (വക്രോക്തിതാൻ കാവ്യജീവൻ) എന്നുള്ള 'വക്രോക്തിജീവിത'കാരന്റെ വചനവും, വക്രോക്തി അലങ്കാരമാകയാൽ നിരസ്തമായി. അപ്ഹ്നുത്യലങ്കാരത്തിൽ കൊടുത്തു് ഉദാഹരിക്കപ്പെട്ടിരിക്കുന്ന—

'യഃ കൌമാരഹരഃ സ ഏവ ഹി വരഃ
　　സ്താ ഏവ ചൈത്രക്ഷപാഃ
തേ ചോന്മീലിതമാലതീസുരഭയഃ
　　പ്രൗഢാഃ കദംബാനിലാഃ
സാ ചൈവാസ്മി, തഥാപി തത്ര സുരത-
　　വ്യാപാരലീലാവിധൌ
രേവാരോധസി വേതസീതരുതലേ
　　ചേതസ്സമുൽകണ്ഠതേ.'

എൻ കൌമാരം ഹരിച്ചോൻ വരനിവനുമകളും
　　ചൈത്രമാസത്തിലേതാണ്,
മുല്ലപ്പൂ പിന്നുകപ്പൂമണമൊടു കദം-
　　ബാനിലന്നിപ്പുമേവം,
ഞാനന്നത്തേതുമാണെങ്കിലും നർമ്മദയുടെ തടപ്പു-
　　വിലസലതാഗൃഹത്തിൽ-
ക്രീഡ ചെയ്യാൻ തിരക്കുകളിൽ മനമഭിലഷിക്കാൻ.
　　ഉത്കണ്ഠിതമായിരുന്നു.

(സ്വ.)

എന്നതു് ആലോചിക്കപ്പെടേണ്ടതാകുന്നു. ഇതിൽ വിഭാവനാവിശേഷോക്തികളുടെ സന്ദേഹസങ്കരം എന്ന അലങ്കാരം സ്പഷ്ടമാകുന്നു.

ഇതുകൊണ്ട് —

'അദോഷകളായ് സഗുണങ്ങൾ സാലങ്കാരങ്ങളായി
കാവ്യമായീടും കവിസൂക്തങ്ങൾ കീർത്തിയും പ്രീതിയും പരം.'

ഇത്യാദികളും കാവ്യലക്ഷണമല്ല എന്നു വന്നുകൂടി. 'കാവ്യത്തിന്റെ ആത്മാവു ധ്വനിയാകുന്നു' എന്നു ധ്വനികാരൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ വസ്തു, അലങ്കാരം, രസാദികൾ ഇങ്ങനെ മൂന്നു പ്രകാരത്തിലുള്ള ധ്വനിയാണോ കാവ്യത്തിന്റെ ആത്മാവ്? അതോ രസാദിരൂപമായിട്ടുള്ളതു മാത്രമോ? പ്രഹേളികാദികളിൽ അതിവ്യാപ്തി വരുന്നതിനാൽ ആദ്യത്തേതല്ല. രണ്ടാമത്തേതാണെങ്കിൽ അങ്ങനെയാകട്ടെ എന്നു സമ്മതിക്കാം. എന്നാൽ രസാദിരൂപമാത്രമായ ധ്വനിയാണ് കാവ്യത്തിന്റെ ആത്മാവ്. എങ്കിൽ—

അത്താ എത്ഥ ണിമജ്ജഇ,
    എത്ഥ അഹം ദിഅസഅം പലോഏഹി
മാ പഹിഅ രത്തിഅന്ധിഅ,
    സേജ്ജാഏ മഹ ണിമജ്ജഹിസി.

ശ്വശ്രൂരത്ര നിമജ്ജതി
    അത്രാഹം ദിവസകം പ്രലോകയ
മാ പഥിക! രാത്ര്യന്ധ!
    ശയ്യായാം മമ നിമംക്ഷ്യസി. (ഛായ)

അമ്മായി ചന്തപ്പോമിവിടെ
    കിടപ്പു ഞാനിങ്ങു, കാണുക പകലേതാൻ
പാന്ഥ! നിശാന്ധ! ഭവാനെൻ
    മെത്തയിൽ വന്നിങ്ങു പെട്ടുപോകരുതേ.
(സ്വ)

ഇത്യാദികളിൽ വസ്തുമാത്രം വ്യംഗ്യമായിരിക്കകൊണ്ടു് അതിനെ കാവ്യം എന്നു പറയുന്നതെങ്ങനെ എന്നാണെങ്കിൽ അങ്ങനെയല്ല; ഇവിടെയും രസാഭാസമായ വ്യംഗ്യം എന്നാണ ഞാൻ പറയുന്നതു്. മറിച്ചാണെങ്കിൽ (വസ്തുമാത്രം വ്യംഗ്യം എന്നു പറഞ്ഞാൽ) 'ഭൎത്താവ ഇന്നു ഗ്രാമത്തിലേയ്ക്കു പോകുന്നു' എന്ന വാക്യത്തിൽ അയാളുടെ ഭൃത്യനും അയാളെ പിൻതുടൎന്നുപോയിരുന്നു എന്നുള്ള വ്യംഗ്യം തോന്നുന്നതിനാൽ അതും കാവ്യമായി ഭവിക്കേണ്ടിവരും. അങ്ങനെ ആയിക്കൊള്ളട്ടെ, എന്നാണെങ്കിൽ, രസമുള്ളതുമാത്രമേ കാവ്യമാകയുള്ളു എന്നു നിശ്ചയിച്ചിരിക്കകൊണ്ടു് അതു ശരിയല്ല. കാവ്യത്തിന്റെ പ്രയോജനമാകട്ടെ, രസാസ്വാദംകൊണ്ടുണ്ടാകുന്ന പരമാനന്ദം നൽകുന്നതോടുകൂടി ശാസനങ്ങളായ വേദശാസ്ത്രങ്ങളിൽ വിമുഖന്മാരായ സുകുമാരബുദ്ധികളും, എന്നാൽ കൃത്യാകൃത്യജ്ഞാനശൂന്യന്മാരാകാതിരിക്കേണ്ടവരും ആയ രാജകുമാരന്മാർ മുതലായവൎക്കു 'രാമാദികളെപ്പോലെയാണ പ്രവൎത്തിക്കേണ്ടതു്; രാവണാദികളെപ്പോലെയല്ല' എന്നിത്യാദി കൃത്യപ്രവൃത്തിയും അകൃത്യനിവൃത്തിയും ഉപദേശിക്കുകയാകുന്നു എന്നു പ്രാചീനന്മാരും പറഞ്ഞിരിക്കുന്നു—'വാഗ്വൈദഗ്ദ്ധ്യപ്രധാനേപി ജീവിതം രസമേവാത്ര'—എന്നു് അഗ്നിപുരാണത്തിൽ പറഞ്ഞിരിക്കുന്നു. വ്യക്തിവിവേകകാരനും— 'സ്ഥായിരസാദികളാണിഹ കാവ്യാത്മാവതിനാൽ വാദമില്ലാൎക്കും'— എന്നു പറഞ്ഞിരിക്കുന്നു—'ഇതിവൃത്തം മാത്രം നിൎവഹിക്കുന്നതുകൊണ്ടു് (കഥമാത്രം പറയുന്നതുകൊണ്ടു്) കവിക്കു തന്റെ സ്ഥാനം ലഭിക്കുന്നതല്ല; ഇതിഹാസപുരാണാദികളിൽനിന്നുതന്നെ അതു സിദ്ധിക്കുന്നുണ്ടല്ലോ'—എന്നു ധ്വനികാരനും പറഞ്ഞിട്ടുണ്ടു്. എന്നാൽ ഒരു പ്രബന്ധത്തിലടങ്ങിയ ചില നീരസങ്ങളായ പദ്യങ്ങൾക്കു കാവ്യത്വമില്ലാതെ പോകുമല്ലോ, എന്നാണെങ്കിൽ അതില്ല. രസമുള്ള ഒരു പദ്യത്തിൽ നീരസങ്ങളായ ചില പദങ്ങളുണ്ടായിരുന്നാലും അവയ്ക്കു് ആ പദ്യത്തിൽ ആപാദസിദ്ധമായ രസംകൊണ്ടു രസവത്ത്വം സിദ്ധിക്കുന്നതുപോലെ ഒരു പ്രബന്ധത്തിലടങ്ങിയ നീരസപദ്യങ്ങൾക്കും രസവത്ത്വമുണ്ടാകുന്നു സമ്പ്രസക്തങ്ങളാണല്ലോ; രസമില്ലാത്ത പദ്യങ്ങളെയും ഗുണങ്ങളെ വ്യഞ്ജിപ്പിക്കുന്ന വൎണ്ണസമൂഹങ്ങളുംകൊണ്ടും ദോഷങ്ങളി

ഗുണങ്ങളെക്കൊണ്ടും അലങ്കാരങ്ങളെക്കൊണ്ടും 'കാവ്യം' എന്നു വ്യവഹരിക്കാറുള്ളതു്, രസാദികളുള്ള കാവ്യത്തിന്റെ ബന്ധസാമ്യം നിമിത്തം ഗൌണമായിട്ടാകുന്നു. (ഗൌണം=ഗുണസാദൃശ്യംകൊണ്ടുള്ളതു്) 'കാവ്യത്തിന്റെ ആത്മാവു രീതിയാണ്' എന്നു വാമനൻ പറഞ്ഞിട്ടുള്ളതും ശരിയല്ല. 'രീതി' എന്നതു സംഘടനാവിശേഷമാണ്. അവയവങ്ങളെ വേണ്ടപോലെ യോജിപ്പിക്കുകയാണു സംഘടന. ആത്മാവ് എന്നതു് അതല്ല, വേറെ ഒന്നാണ്.

'രസജ്ഞരാദരിച്ചീടു-മർത്ഥം താൻ കാവ്യജീവിതം ।
വാച്യമെന്നും വ്യംഗ്യമെന്നു-മതു രണ്ടുവിധം സ്മൃതം.' എന്നു

ധ്വനികാരൻ പറഞ്ഞിട്ടുള്ളതിൽ, 'വ്യംഗ്യം താൻ കാവ്യജീവിതം' എന്നു താൻ പറഞ്ഞതിനു വിരോധം വരുന്നതുകൊണ്ടുതന്നെ 'വാച്യമാണു കാവ്യത്തിന്റെ ആത്മാവ്' എന്നുള്ളതു നിരസ്തമായി.

എന്നാൽ പിന്നെ കാവ്യം എന്നതു് എന്തു്? എന്നു പറയുന്നു—

'വാക്യം രസാത്മകം കാവ്യം'

രസമാം ജീവനുള്ളൊരു
വാക്യം താൻ 'കാവ്യ'മെന്നതു്. ൩

ഇനി രസസ്വരൂപത്തെ നിരൂപണം ചെയ്യാം. കാവ്യത്തിന്റെ സാരമായിരിക്കുന്നതിനാൽ അതിനു ചൈതന്യത്തെ കൊടുക്കുന്നതു രസംതന്നെയാകുന്നു. രസമില്ലെങ്കിൽ അതിനു കാവ്യത്വമില്ലെന്നു പറയപ്പെട്ടിരിക്കുന്നു. 'രസ്യതേ ഇതി രസഃ' (രസിക്കപ്പെടുന്നതു്=ആസ്വദിക്കപ്പെടുന്നതു്, രസം) എന്ന വ്യുൽപത്തിയെക്കൊണ്ടു ഭാവം, ഭാവാഭാസം, ഭാവശാന്തി മുതലായവയുംകൂടി ഗ്രഹിക്കപ്പെടുന്നു. അതിൽ രസത്തിനു് ഉദാഹരണം—

ശൂന്യം വാസഗൃഹം വിലോക്യ ശയനാ-
ദുത്ഥായ കിഞ്ചിച്ഛനൈ-
ർന്നിദ്രാവ്യാജമുപാഗതസ്യ സുചിരം
നിർവ്വർണ്ണ്യ പത്യുർമ്മുഖം
വിസ്രബ്ധം പരിചുംബ്യ ജാതപുളകാ-
മാലോക്യ ഗണ്ഡസ്ഥലീം
ലജ്ജാനമ്രമുഖീ പ്രിയേണ ഹസതാ
ബാലാ ചിരം ചുംബിതാ.[3]

ശൂന്യം വാസാലയം പാർത്തഥ ശയനതലാൽ
മെല്ലെയൊട്ടെണീറ്റു മന്ദം
നിദ്രാവ്യാജാൽ കിടക്കും പതിയുടെ വദനം
നോക്കിയെത്രേറെനേരം
വിശ്വാസത്തോടു ചുംബിച്ചുളവു പുളകിതം
കണ്ടു തൽഗണ്ഡദേശം
കുമ്പിട്ടപ്പാലതന്നെ പ്രിയതമനധികം
സോപഹാസം മുകർന്നാൻ.

(സ്വ)

ഇതിലെ രസം സംഭോഗശൃംഗാരമാകുന്നു.

ഭയത്തിന് ഉദാഹരണം—
'യസ്യാലീയത ശല്ക്കസീമ്നി ജലധിഃ,
പൃഷ്ഠേ ജഗന്മണ്ഡലം,
ദംഷ്ട്രായാം ധരണീ, നഖേ ദിതിസുതാ-
ധീശഃ, പദേ രോദസീ,
ക്രോധേ ക്ഷത്രഗണഃ, ശരേ ദശമുഖഃ,
പാണൗ പ്രലംബാസുരഃ,
ധ്യാനേ വിശ്വമസാവധാർമ്മികകുലം,
കസ്മൈചിദസ്മൈ നമഃ,

തോലിൽ തണ്ണീസമൃദ്ധം, ഉദരമഖിലവും
പ്രസ്ഥരോഗത്തിണങ്ങി,
മേഘ്യാഗ്രേ ഭവാനുഞ്ഞി, ദേഹപതി നമഃ,
ചോറ്റിൽ കൃപ്പാരടങ്ങി,
കോപത്തിൽ പ്രചർവെങ്ങി, ശാതൃഭനിന്ദ്യവിഴ്,
ഏകത്വലത്തിൽ പ്രഭാവൻ,
വിശപ്പം ധ്യാനത്തിൽ നിങ്ങി, ഖലരസിയിലലവ-
നായനായത്തലാഴ്മനാൻ.
(സ.)

ഇതിൽ ദേവവിഷയമായ രതി ഭാവമാകുന്നു.
രസാഭാസത്തിന് ഉദാഹരണം—

'മധു ദ്വിരേഫഃ കുസുമൈകപാത്രേ
പപൗ പ്രിയാം സ്വാമനുവർത്തമാനഃ
ശൃംഗേണ ച സ്പർശനിമീലിതാക്ഷീം
മൃഗീമകണ്ഡൂയത കൃഷ്ണസാരഃ.'

ചെന്താമരപ്പൂന്തളികയ്ക്കകത്തു
പൂന്തേൻ നുകർന്നാളി കാന്തയോടേ
മാൻപേടയെക്കണ്ണു മയക്കമാറു
കൊമ്പിന്റെ തുമ്പാൽ കലമാൻ തലോടി.
(എ. ആർ. തമ്പുരാൻ)

ഇതിൽ സംഭോഗശൃംഗാരം, തിര്യഗ്വിഷയമാകയാൽ രസാഭാസമാകുന്നു.

ഇതുപോലെ ഭാവാഭാസത്തെയും കണ്ടുകൊള്ളുക.

കാവ്യത്തിലെ ദോഷങ്ങളുടെ സാമാന്യലക്ഷണം എന്നു പറയുന്നു—

അപകർഷത്തിനാകം
നവ ദോഷങ്ങളായവ

ശ്രുതിദുഷ്ടത്വം അപുഷ്ടാർത്ഥത്വം മുതലായവ, കോങ്കണ്ണ്, മുടന്തുകൾ മുതലായവയെപ്പോലെ ശബ്ദാർത്ഥങ്ങൾ വഴിയായി ശരീരദോഷങ്ങളായിട്ടും, വ്യഭിചാരിഭാവാദികളെ അതാതിന്റെ ശബ്ദങ്ങളെക്കൊണ്ടു സ്പഷ്ടമായിപ്പറയുക മുതലായവ മൂഢതാദികളെപ്പോലെ കാവ്യത്തിന്റെ ആത്മാവായ രസത്തിന് അപകർഷപ്രദങ്ങളാകയാൽ ആത്മീയദോഷങ്ങളായിട്ടും ഇങ്ങനെ രണ്ടു പ്രകാരത്തിൽ കാവ്യത്തിന് അപകർഷം വരുത്തുന്നവയാണെന്നു പറയപ്പെടുന്നു. ഇവയുടെ വിശേഷങ്ങളെയും ഉദാഹരണങ്ങളെയും മുകളിൽ പറയുന്നതാണ്.

ഗുണങ്ങളുടെ സ്വരൂപം എങ്ങനെയെന്നു പറയുന്നു:—

ഉൽക്കർഷഹേതുക്കളാവതാൻ
ഗുണാലങ്കാരരീതികൾ. ൪

ഗുണങ്ങൾ ശൗര്യാദികളെപ്പോലെയും അലങ്കാരങ്ങൾ കടകകുണ്ഡലാദികളെപ്പോലെയും രീതികൾ കരചരണാദികളായ അവയവങ്ങളുടെ സംസ്ഥാനവിശേഷം (ക്രമം)പോലെയും ദേഹമുഖേന എന്നപോലെ ശബ്ദാർത്ഥങ്ങൾ വഴിയായിട്ടു കാവ്യത്തിന്റെ ആത്മാവായ രസത്തെ പോഷിപ്പിച്ചുകൊണ്ടു കാവ്യത്തിന് ഉൽക്കർഷമുണ്ടാക്കുന്നവയാണെന്നു പറയപ്പെടുന്നു. എന്നാൽ ഇവിടെ ഗുണങ്ങൾ രസധർമ്മങ്ങളാണെങ്കിലും ഗുണശബ്ദം, ഗുണങ്ങളെ വ്യഞ്ജിപ്പിക്കുന്ന ശബ്ദത്തിലും അർത്ഥത്തിലും ലക്ഷണകൊണ്ടു പ്രയോഗിക്കപ്പെടുന്നു. അതു ഹേതുവായിട്ടുതന്നെയാണ് 'ഗുണവ്യഞ്ജകശബ്ദങ്ങൾ രസോൽക്കർഷപ്രദങ്ങളാം' എന്നു പറയപ്പെട്ടിരിക്കുന്നതെന്നു മുമ്പേതന്നെ പറഞ്ഞു. ഇവയുടെയും വിശേഷങ്ങളെയും ഉദാഹരണങ്ങളെയും മുകളിൽ പറയുന്നതാണ്.

ഇപ്രകാരം സാഹിത്യദർപ്പണത്തിൽ കാവ്യസ്വരൂപനിരൂപണം
എന്ന പ്രഥമപരിച്ഛേദം കഴിഞ്ഞു.

ദ്വിതീയപരിച്ഛേദം.

വാക്യസ്വരൂപത്തെ പറയുന്നു:—

യോഗ്യതാകാംക്ഷയാസത്തി
യെന്നീ മൂന്നു ഗുണങ്ങളും
വേണ്ടപോലെ തികഞ്ഞുള്ള
പദസംഹതി വാക്യമാം. ൧

പദാൎത്ഥങ്ങളുടെ അന്യോന്യസംബന്ധത്തിനു വിരോധമില്ലാതിരിക്കുകയാകുന്നു യോഗ്യത. യോഗ്യതയില്ലാത്ത പദസമൂഹവും വാക്യമാകും എന്നു വന്നാൽ, 'വഹ്നിനാ സിഞ്ചതി' = (തീകൊണ്ടു നനക്കുന്നു) എന്നിത്യാദിയും വാക്യമാകും.

പദാൎത്ഥങ്ങളുടെ ഉപസ്ഥിതി അവസാനിക്കാതിരിക്കുകയാകുന്നു ആകാംക്ഷ. അതു ശ്രോതാവിന്റെ ജിജ്ഞാസതന്നെ. ആകാംക്ഷയില്ലാത്ത പദസമൂഹവും വാക്യമാണെന്നു വന്നാൽ, 'ഗൌരശ്വഃ പുരുഷോ ഹസ്തീ' = (പശു, കുതിര, മനുഷ്യൻ, ആന) ഇത്യാദികളെപ്പോലെ അന്യോന്യസംബന്ധമില്ലാത്ത പദസമൂഹവും വാക്യമാണെന്നു വരും.

പദാൎത്ഥങ്ങളുടെ ഉപസ്ഥിതിക്കു വിച്ഛേദം വരാതിരിക്കത്തക്കവണ്ണം പദങ്ങളെ തുടൎച്ചയായി പ്രയോഗിക്കുന്നതാകുന്നു ആസത്തി. ഉപസ്ഥിതിവിച്ഛേദം വരത്തക്കവണ്ണം പ്രയോഗിക്കുന്ന പദസമൂഹത്തിനും വാക്യത്വമുണ്ടെന്നു കല്പിച്ചാൽ, ഇന്നു പറഞ്ഞ 'ദേവദത്തൻ' എന്ന പദത്തിനു് വേറെ ഒരു ദിവസം പറയുന്ന 'പോകുന്നു' എന്ന പദത്തോടു് അന്വയമുണ്ടാകേണ്ടതായി വരും. ഇവിടെ ആകാംക്ഷയും യോഗ്യതയും ആത്മധൎമ്മങ്ങളാണെങ്കിലും പദാൎത്ഥധൎമ്മങ്ങളാണെന്നു കല്പിച്ചു് ഉപചാരത്താൽ (ജന്യജനകഭാവമായ പരമ്പരാസംബന്ധത്താൽ) ആകുന്നു.

പല വാക്യങ്ങളൊന്നിച്ചാൽ
മഹാവാക്യമതാസ്സ്വയം.

യോഗ്യത, ആകാംക്ഷ, സന്നിധി ഇവ ഇവിടെയും ഉണ്ടായിരിക്കണം.

ഏവം രണ്ടുവിധം തന്നെ
സമ്മതം വാക്യമൊക്കെയും. ൨

'ഏവം രണ്ടുവിധം' = വാക്യമായിട്ടും മഹാവാക്യമായിട്ടും. ഇങ്ങനെ 'തന്ത്രവാർത്തിക'ത്തിൽ പറഞ്ഞിട്ടുണ്ട്:—

'സ്വാർത്ഥബോധത്തിൽ പൂർണ്ണമായിട്ടുള്ള വാക്യങ്ങൾ തങ്ങളിൽ അംഗാംഗിതയാ ചേർന്നിരിക്കിലേകവാക്യതയാകുന്നിതും.'

വാക്യത്തിന് ഉദാഹരണം:—'ദ്രവ്യം വരസാലയം'—ഇത്യാദി. മഹാവാക്യത്തിനു രാമായണം, മഹാഭാരതം, രഘുവംശം മുതലായവ ഉദാഹരണം. 'പദസമൂഹം വാക്യം.' എന്നു പറഞ്ഞിട്ടുണ്ടല്ലോ. അവിടെ പദത്തിന്റെ ലക്ഷണമെന്ത്, എന്നു ചോദ്യമുണ്ടായി വന്നിരിക്കകൊണ്ട് അതിനെപ്പറയുന്നു:—

അന്യാപേക്ഷകൂടാതർത്ഥബോധ-
മുളവാക്കുന്ന രീതിയിൽ
പ്രയോഗാർഹങ്ങളായുള്ള
വർണ്ണങ്ങൾ പദമായത്. ൩

ഉദാഹരണം:—ഘടം = കുടം. 'പ്രയോഗാർഹങ്ങൾ' എന്ന വിശേഷണംകൊണ്ടു പ്രാതിപദികം പദമല്ലെന്നു വന്നു. 'അന്യാപേക്ഷ' എന്നതുകൊണ്ടു വാക്യങ്ങളും മഹാവാക്യങ്ങളും പദമല്ലാതെയായി. 'ഉളവാക' എന്നതുകൊണ്ട് ആകാംക്ഷയുള്ള അനേകപദങ്ങൾകൂടിച്ചേർന്നിയ

വാക്യങ്ങളും പദമല്ലെന്നു സിദ്ധമായി. 'അൎത്ഥബോധമുളവാക്കുന്ന' എന്നതുകൊണ്ടു 'ക-ച-ട-ത-പ' ഇത്യാദിയായി അൎത്ഥത്തെയും കുറിക്കാത്ത വൎണ്ണങ്ങൾ പദങ്ങളല്ലെന്നായി. 'വൎണ്ണങ്ങൾ' എന്ന ബഹുവചനത്തിനു വിവക്ഷയൊന്നുമില്ല.

അൎത്ഥം മൂന്നുവിധം വാച്യം,
ലക്ഷ്യം, വ്യംഗ്യവുമിങ്ങനെ.

ഇവയുടെ സ്വരൂപത്തെ താഴെ വിവരിക്കുന്നു—

വാച്യാൎത്ഥമഭിധാവൃത്തി-
കൊണ്ടു സിദ്ധിച്ചിടുന്നതാം. ൪

ലക്ഷണാവൃത്തിയാൽ സിദ്ധി-
ച്ചിടും ലക്ഷ്യാൎത്ഥമായതു്
വ്യഞ്ജനാവൃത്തിയാൽ വ്യംഗ്യ-
മിമ്മൂന്നും ശബ്ദശക്തികൾ. ൫

ഇമ്മൂന്ന് - അഭിധാ, ലക്ഷണാ, വ്യഞ്ജനാ എന്നിവതന്നെ.

സങ്കേതിതാൎത്ഥബോധത്തെ
ചെയ്യുന്നതു നിമിത്തമായ്
ഇമ്മൂന്നിലുവെച്ചഭിധാ-
വൃത്തിതാൻ മുഖ്യമായതു്. ൬

ഒരു ഉത്തമവൃദ്ധൻ മധ്യമവൃദ്ധനോടു് 'ഗാം ആനയ' =(പശുവിനെക്കൊണ്ടുവരിക) എന്നു പറയുമ്പോൾ അവൻ പശുവിനെ കൊണ്ടുവരുന്നതു കണ്ടിട്ടു് ഒരു കുട്ടി ഈ വാക്യത്തിന്റെ അൎത്ഥം, 'താട മുതലായ അവയവങ്ങളുള്ള ഒരു ജന്തുവിനെ കൊണ്ടുവരിക' എന്നാണെന്നു് ഊഹാപോഹമായി മനസ്സിലാക്കുന്നു. അതിനുശേഷം, 'ഗാം ബധാന'=

(പശുവിനെ കെട്ടുക) 'അശ്വം നടനായ്'=(കുതിരയെ കൊണ്ടുവരിക) എന്നിത്യാദി വാക്യങ്ങളിൽ 'നടനായ്' എന്നതിനു പകരം 'ബന്ധന' എന്നും 'ഗാം' എന്നതിനു പകരം 'അശ്വം' എന്നും പദങ്ങളെ മാറി പ്രയോഗിച്ചതിനാൽ 'ഗോ' ശബ്ദത്തിനു 'താട മുതലായവയുള്ള ഒരു ജന്തു'വെന്നും 'നടനായ' എന്ന പദത്തിനു 'കൊണ്ടുവരിക' എന്നും അർത്ഥങ്ങളാണുള്ള സങ്കേതമെന്ന (അഭിധാനം) അറിയുന്നു. ചിലപ്പോൾ പ്രസിദ്ധമായ (മുമ്പുതന്നെ സങ്കേതം മനസ്സിലായിട്ടുള്ള) പദത്തിന്റെ സാമാനാധികരണ്യംകൊണ്ടും സങ്കേതത്തെ അറിയുന്നു. ഉദാഹരണം:- 'മധുകരം വിടർന്ന താമരപ്പൂവിലുള്ള തേൻ കുടിക്കുന്നു.' ഇവിടെ താമരപ്പൂവ് എന്ന പദത്തിന്റെ സാമാനാധികരണ്യംകൊണ്ടു 'മധുകര' ശബ്ദത്തിനു 'വണ്ട്' എന്ന അർത്ഥത്തെ ഗ്രഹിക്കുന്നു. മറ്റു ചിലപ്പോൾ ആപ്തോപദേശംകൊണ്ടും സങ്കേതം മനസ്സിലാകുന്നു. ഉദാഹരണം:- 'അശ്വം' എന്ന ശബ്ദംകൊണ്ടു പറയപ്പെടുന്ന പദാർത്ഥം ഇതാണ് എന്ന് ഒരു കുതിരയെ ചൂണ്ടിക്കാണിച്ചുകൊണ്ട് അറിവുള്ള ഒരാൾ അറിവില്ലാത്ത ഒരാളോടു പറയുന്നു. ഇവിടെ ആപ്തോപദേശംകൊണ്ടു സങ്കേതഗ്രഹണമുണ്ടാകുന്നു. അതിനാൽ അഭിധ എന്നതു സങ്കേതിതമായ അർത്ഥത്തെ ബോധിപ്പിക്കുന്നതും ഇതരശക്തികളാൽ അബാധിതവുമായ ഒരു ശബ്ദശക്തിയാകുന്നു.

ജാതിയും ഗുണവും ദ്രവ്യം
ക്രിയയെന്നിവ നാലിലും
ഉള്ളിലർത്ഥം കുറിച്ചിടു-
ന്നതു സങ്കേതമായതു്. ൬)

പശു മുതലായ വ്യക്തികളിൽ പശുത്വം മുതലായതു ജാതിയാകുന്നു. ഒരുപോലെയുള്ള പല വസ്തുക്കളിൽനിന്ന് ഒരു വസ്തുവിനെ പ്രത്യേകം തിരിച്ചു കാണിക്കുന്നതായി ആ വസ്തുവിൽ സിദ്ധ (നിത്യ)മായിരിക്കുന്ന വസ്തുധർമ്മം 'ഗുണ'മാകുന്നു. വെളുപ്പു മുതലായതു പശു മുതലായതിനെ കറുത്ത പശു മുതലായതിൽനിന്നു വേർതിരിച്ചു കാണിക്കുന്നു. ഹരി, ഹരൻ, ഡിത്ഥൻ, ഡവിത്ഥൻ മുതലായതു് ദ്ര

ടോ വ്യക്തിയെ കുറിക്കുന്നതിനാൽ ദ്രവ്യവാചകമാകുന്നു. ഒരു വസ്തു ചെയ്യുന്ന പാകാദി (വെയ്ക്കുക മുതലായ) വ്യാപാരമാകുന്നു ക്രിയ. ഈ വെയ്ക്കുക മുതലായ വ്യാപാരങ്ങളിൽ പാത്രം അടുപ്പത്തുവെയ്ക്കുക, വെള്ളം ഒഴിക്കുക, അരിയിടുക, വേവുമാറാക്കുക, പാത്രം താഴത്തിറക്കിവെയ്ക്കുക മുതലായി വെവ്വേറെ നടക്കുന്നതിന് സ്വതന്ത്രമായ മറ്റു പല ക്രിയകളും പാകക്രിയയിൽ ഉൾപ്പെടുന്നു. ഇവയിൽത്തന്നെ വ്യക്തിയുടെ ധർമ്മങ്ങളിൽ മാത്രമേ സങ്കേതം ഗ്രഹിക്കപ്പെടുന്നുള്ളു. വ്യക്തിയിലില്ല. അല്ലെങ്കിൽ (വ്യക്തിയിലും ഉണ്ടെന്നു കല്പിച്ചാൽ) പല വ്യക്തികളിലും വെവ്വേറെ പല സങ്കേതങ്ങളും കല്പിക്കേണ്ടതായി വരുന്നതിനാൽ ആനന്ത്യം എന്ന ദോഷം വന്നുകൂടും.

ഇനി ലക്ഷണയെ പറയുന്നു:

മുഖ്യാർത്ഥബാധയിങ്കൽത്തദ്-
യുക്തോടൊത്തന്യമർത്ഥവും
രൂഢിയാലോ ഫലത്താലോ
തോന്നിക്കും ശക്തി ലക്ഷണ. വൃ

'കലിംഗൻ സാഹസികനാകുന്നു.' എന്നിത്യാദികളിൽ കലിംഗാദി ശബ്ദം, ദേശവിശേഷാദിരൂപമായ സ്വാർത്ഥത്തെക്കുറിക്കുന്നതാകയാൽ സാഹസികൻ എന്നതിനോട് അന്വയിപ്പാൻ യോഗ്യമായ അർത്ഥത്തെ അഭിധകൊണ്ടു ബോധിപ്പിപ്പാൻ അശക്തമായിത്തീർന്നിട്ടു യാതൊരു ശബ്ദശക്തികൊണ്ടു കലിംഗാദിദേശത്തിലുള്ള പുരുഷാദികളെ തോന്നിക്കുന്നുവോ?, 'ഘോഷം ഗംഗയിലാകുന്നു.' ഇത്യാദികളിൽ ഗംഗാദിശബ്ദം, ജലമയാദിരൂപമായ അർത്ഥത്തെ കുറിക്കുന്നതാകയാൽ പ്രകൃതത്തിൽ അസംഭവ്യത്വം ഹേതുവായിട്ട സാമീപ്യാദിസംബന്ധംകൊണ്ട് അതിനോടു സംബന്ധിച്ചതായ തീരാദികളെന്നുള്ള അർത്ഥത്തെ യാതൊരു ശക്തികൊണ്ടു ബോധിപ്പിക്കുന്നുവോ?, സ്വാഭാവികമല്ലാതെ വക്താവു തന്റെ ഇച്ഛാനുസാരമായിട്ട കല്പിച്ചതോ ഉപചാരസങ്കേതിതമല്ലാത്തതോ ആയ അർത്ഥത്തിന്റെ ശ

കറിയക്കുന്ന 'ലക്ഷണാ'. ഇവിടെ ഒന്നാമത്തെ ഉദാഹരണത്തിൽ പുതിയ അർത്ഥം തോന്നുന്നതിനു കാരണം രൂഢിതന്നെ. രണ്ടാമത്തേതിൽ 'ഗംഗാതീരത്തിലുള്ള ഘോഷം' എന്നു പറഞ്ഞാൽ സിദ്ധിക്കാത്തതായ 'തണുപ്പ്', ശുദ്ധി എന്നിവയുടെ ആധിക്യം തോന്നിക്കുക എന്നുള്ള പ്രയോജനമാകുന്നു ഹേതു. കാരണംകൂടാതെ മുഖ്യാർത്ഥത്തോടു സംബന്ധമുള്ള വേറെ ഏതെങ്കിലും അർത്ഥത്തെ ലക്ഷിക്കുന്നതു പ്രസംഗത്തെ അതിക്രമിച്ചതായിരിക്കുമെന്നു കാണിപ്പാനായിട്ടാണ് 'രൂഢിയാലോ ഫലത്താലോ' എന്നു പറഞ്ഞതു്.

ചിലർ, 'അവൻ കർമ്മത്തിൽ കുശലനാകുന്നു' എന്ന വാക്യത്തെ രൂഢിയിൽ ഉദാഹരിക്കുന്നു. 'കുശാൻ ലാതി=കുശങ്ങളെ മുറിക്കുന്നു', എന്ന അവയവാർത്ഥത്തിൽനിന്നു ലഭിക്കുന്ന കുശഗ്രാഹി എന്ന മുഖ്യാർത്ഥം പ്രകൃതത്തിൽ അന്വയിക്കാത്തതിനാൽ 'വലിയ പുല്ലുകൾ നില്ക്കുന്നതിൽനിന്നു കുശങ്ങളെ തിരിച്ചറിഞ്ഞു മുറിച്ചെടുക്കുന്നവൻ' എന്നുള്ള മുഖ്യാർത്ഥത്തിന്റെ സാദൃശ്യസംബന്ധംകൊണ്ട് അതിനോടു സംബന്ധിച്ചതായ 'ദക്ഷൻ' (കാര്യാകാര്യങ്ങൾ കലർന്നുകിടക്കുന്നതിൽനിന്നു കാര്യത്തെ തിരിച്ചറിഞ്ഞു ചെയ്‌വാൻ സമർത്ഥൻ) എന്നുള്ള അർത്ഥത്തെ ബോധിപ്പിക്കുന്നു എന്നാണ് അവരുടെ അഭിപ്രായം. വേറെ ചിലർ അതു സമ്മതിക്കുന്നില്ല. കുശലൻ എന്ന പദത്തിനു വ്യുത്പത്തികൊണ്ടു സിദ്ധമായ അർത്ഥം കുശയെ മുറിച്ചെടുക്കുന്നവൻ എന്നാണെങ്കിലും ദക്ഷൻ എന്നുള്ളതുതന്നെയാണു മുഖ്യാർത്ഥം എന്നാണ് അവർ പറയുന്നതു്. ശബ്ദങ്ങളുടെ വ്യുത്പത്തിലഭ്യമായ അർത്ഥംതന്നെയാണു മുഖ്യാർത്ഥമെന്നു വരികിൽ 'ഗൌഃ ശേതേ=പശു കിടക്കുന്നു', എന്നതിലെല്ലാം ലക്ഷണയുണ്ടെന്നു വരുന്നതാണ്. എന്തുകൊണ്ടെന്നാൽ:—'ഗമേർഡോഃ' എന്നു ഗമധാതുവിൽനിന്നു ഡോപ്രത്യയംകൊണ്ടു വ്യുത്പാദിതമായ ഗോശബ്ദത്തെ ശയനകാലത്തിൽ പ്രയോഗിച്ചിരിക്കകൊണ്ടു 'നടക്കുന്നതു്' എന്ന മുഖ്യാർത്ഥത്തിന് ഇവിടെ ഉപപത്തിയില്ല.

ഇനി ലക്ഷണയുടെ ഭേദങ്ങളെ പറയുന്നു:—

മുഖ്യാർത്ഥത്തിനു വാക്യാർത്ഥ-
ത്തോടന്വയഘടിക്കുവാൻ
സ്വാർത്ഥം വിടാതെ വേറിട്ടോ-
രർത്ഥംകൂടി ഗ്രഹിക്കുകിൽ. ൯

ആക്ഷേപസ്വാർത്ഥയായുള്ളോ-
രുപാദാനലക്ഷണാ

ശുദ്ധിയിൽ ഉപാദാനലക്ഷണയ്ക്കു് ഉദാഹരണം:— 'ശ്വേതോ ധാവതി'- വെളുപ്പു് ഓടുന്നു. പ്രയോജനത്തിൽ ഉപാദാനലക്ഷണയ്ക്കു് ഉദാഹരണം:— 'കുന്താഃ പ്രവിശന്തി'- കുന്തങ്ങൾ പ്രവേശിക്കുന്നു, ഇവയിൽ ശ്വേതാദികളും കുന്താദികളും കേവലം അചേതനങ്ങളാകയാൽ അവയ്ക്കു് ഓടുക, പ്രവേശിക്കുക, എന്ന ക്രിയകളിൽ കർത്തൃത്വേന അന്വയം സിദ്ധിക്കായ്കയാൽ അതു സിദ്ധിപ്പാൻ വേണ്ടി അവയോടു സംബന്ധിച്ചവയായ അശ്വാദികളേയും പുരുഷാദികളേയുംകൂടി ഗ്രഹിക്കുന്നുവെന്നു. ഒന്നാമത്തേതിൽ പ്രയോജനമില്ലാത്തതിനാൽ ശുദ്ധി. പിന്നത്തേതിലാകട്ടെ കുന്താദികളുടെ അതിശാതത്വം പ്രയോജനം. ഇവിടെ വെളുപ്പു് എന്നും കുന്തം എന്നും ഉള്ള അതാതിന്റെ മുഖ്യാർത്ഥവുംകൂടി വിട്ടുകളയാതെ സ്വീകരിച്ചിരിക്കുന്നു. ലക്ഷണലക്ഷണയിലാകട്ടെ സ്വാർത്ഥത്തെ അന്യാർത്ഥത്തിന്റെ ഉപലക്ഷണമായിട്ടുതന്നെ ഗ്രഹിക്കുന്നതാണു്. അതിനാൽ ഉപാദാനലക്ഷണയും ലക്ഷണലക്ഷണയും വെവ്വേറെ തന്നെ എന്നു ഗ്രഹിക്കേണ്ടതാണു്. ഈ ഉപാദാനലക്ഷണയെത്തന്നെ 'അജഹത്സ്വാർത്ഥലക്ഷണ'യെന്നു പറയുന്നു.

അന്യാർത്ഥത്തിനായിപ്പോയി
സ്വാർത്ഥമർപ്പിച്ചതാകിലോ. ൧൦

ഉപാദാനമെന്നതുപോൽ

അത്ര ലക്ഷണലക്ഷണാ

രൂഢിമൂലകളായ ലക്ഷണലക്ഷണങ്ങൾക്ക് — 'കലിംഗഃ സാഹസികഃ' (കലിംഗൻ സാഹസികനാണ്), എന്നും പ്രയോജനമൂലകളായ ലക്ഷണങ്ങൾക്ക് 'ഗംഗായാം ഘോഷഃ' (തൊഴുത്തു ഗംഗയിലാണ്), എന്നും ഉദാഹരണങ്ങൾ. ഇവയിൽ പുരുഷൻ, തീരം എന്നിവയ്ക്കു വാക്യാർത്ഥത്തിൽ അന്വയം സിദ്ധിപ്പാനായിക്കൊണ്ടു കലിംഗശബ്ദവും ഗംഗാശബ്ദവും ആത്മാവിനെ അർപ്പിക്കുന്നു.

ഉദാഹരണം:—

ഉപകൃതം ബഹു തത്ര കിമുച്യതേ
സുജനതാ പ്രഥിതാ ഭവതാ പരം
വിദധദീദൃശമേവ സദാ സഖേ
സുഖിതമാസ്സ്വ തതഃ ശരദാം ശതം.

പലതരമുപകാരം താങ്കൾ ചെയ്തതു ചൊൽവൂ
പാരമിഹ വെളിവാക്കി സജ്ജനത്വത്തിന്റെ ധർമ്മം
സതതമിതുവിധം താൻ ചെയ്തുകൊണ്ടെൻ സഖേ! നീ.
സുഖമിനിയിരിക്ക കേളിൽ നൂറാണ്ടുകാലം. (സ.ച)

ഇവിടെ അപകാരം മുതലായവയ്ക്കു വാക്യാർത്ഥത്തിൽ അന്വയം സിദ്ധിപ്പാൻവേണ്ടി ഉപകൃതം എന്നു തുടങ്ങിയുള്ള ശബ്ദങ്ങൾ ആത്മാവിനെ അർപ്പണം ചെയ്യുന്നു. അപകാരിയോടു ഉപകാരാദികളെ ചെയ്തു എന്നു പറയുന്നതിനാൽ മുഖ്യാർത്ഥത്തിനു വിരോധം വരുന്നു. അപകാരാദികൾ അന്യാർത്ഥങ്ങൾ. ഉപകാരാദികളായ മുഖ്യാർത്ഥങ്ങളോട് അന്യാർത്ഥങ്ങളായ അപകാരാദികൾക്കു വൈപരീത്യരൂപേണ സംബന്ധം. ഫലം അപകാരാതിശയം. 'ലക്ഷണലക്ഷണ'യെന്നു പറയപ്പെടുന്നതു് ഇതുതന്നെയാണ്.

ശുദ്ധസാരോപാധ്യവസാനങ്ങൾ
മൂലമിച്ചൊന്ന നാലിനം. ൫൫

പ്രത്യേകമീരണ്ടുവിധം
മെന്നെട്ടുള്ളുപസ്ഥിതം.

ഇങ്ങനെ നാലു്, മുൻപറഞ്ഞ നാലുവിധത്തിലുള്ള ലക്ഷണ കൾ ആകുന്നു.

വിഷയത്തെയുരച്ചായ-
തിന്നന്യത്തിൻതദാത്മത ൫൬

തോന്നിച്ചീടുന്നിതെന്നാകി-
ലതു സാരോപലക്ഷണാ.
വിഷയം ചൊല്ലിടാതായ-
തിന്നന്യത്തിൻതദാത്മത ൫൭

തോന്നിച്ചീടുന്നിതെന്നാകി-
ലതു സാധ്യവസാനികാ.

വിഷയ (ഉപമേയ)ത്തെ പറഞ്ഞിട്ടു്, അതിനു വിഷയി (ഉപമാന)യോടു താദാത്മ്യം (അഭേദം) തോന്നിക്കുന്നതു സാരോപ ലക്ഷണയാകുന്നു. ഇതുതന്നെയാണു രൂപകാലങ്കാരത്തിന്റെ ബീജം. രൂഢിയിൽ സാരോപയായ ഉപാദാനലക്ഷണയ്ക്കു് ഉദാഹരണം:— 'അശ്വഃ ശ്വേതോ ധാവതി' = കുതിരയാകുന്ന വെളുപ്പു് ഓടുന്നു. ഇവിടെ വെളുപ്പു് എന്ന ഗുണത്തോടുകൂടിയ കുതിരയെന്ന വസ്തു പറയപ്പെട്ടിരിക്കുന്നുവെങ്കിലും അതിനു തനിച്ചുള്ള വെളുപ്പു് എന്ന ഗുണത്തോടു് അഭേദം തോന്നുന്നു. പ്രയോജനത്തിൽ സാരോപയായ ഉപാദാനലക്ഷണയ്ക്കു് ഉദാഹരണം:— 'ഏതേ കുന്താഃ പ്രവിശ

ന്തി'-ഇവർ കുന്തങ്ങൾ വന്നു കയറുന്നു. ഇവിടെ 'കുന്ത' എന്ന ശബ്ദനാമംകൊണ്ടു കുന്തം എടുത്തിട്ടുള്ള ആളുകളെപ്പറയുന്നതിനാൽ സാരോപത്വം സിദ്ധിക്കുന്നു. രൂഢിയിൽ സാരോപയായ ലക്ഷണലക്ഷണയ്ക്കു ഉദാഹരണം:— 'കലിംഗഃ പുരുഷോ യുദ്ധ്യതേ'-കലിംഗനായ പുരുഷൻ യുദ്ധം ചെയ്യുന്നു. ഇവിടെ 'പുരുഷൻ' 'കലിംഗൻ' എന്ന ശബ്ദങ്ങൾക്കു ആധാരാധേയഭാവം എന്ന സംബന്ധമാകുന്നു. പ്രയോജനത്തിൽ സാരോപയായ ലക്ഷണലക്ഷണയ്ക്കു ഉദാഹരണം:- 'ആയുർഘൃതം'-നെയ്യ് ആയുസ്സാകുന്നു. ഇവിടെ നെയ്യ് ആയുസ്സിന്റെ കാരണമാണെങ്കിലും കാര്യകാരണഭാവം എന്നുള്ള സംബന്ധംകൊണ്ടു നെയ്യിനു ആയുസ്സിനോടു അഭേദം തോന്നുന്നു. നെയ്യിനു അന്യവസ്തുക്കളേക്കാൾ വിശേഷമായ ആയുഷ്കരത്വമുണ്ടെന്നുള്ളതു പ്രയോജനം. രാജകിങ്കരനായ ഒരാൾ പോകുമ്പോൾ 'രാജാവു് ഇതാ പോകുന്നു' എന്നു പറയുന്നതു് ഉദാഹരണം. ഇവിടെ സ്വസ്വാമിഭാവരൂപമായ സംബന്ധം. വേറെ ഉദാഹരണം:— ഒരാൾ കൈവിരലിന്റെ അഗ്രം കാണിച്ചുംകൊണ്ടു 'ഇതു കയ്യ്' എന്നു പറയുന്നു. ഇവിടെ അവയവം, അവയവി എന്ന ഭാവംകൊണ്ടു സംബന്ധം. 'ഇവൻ ബ്രാഹ്മണനാണെങ്കിലും ആശാരിയാണ്'. എന്നു പറയുന്നേടത്തു് ആശാരിയുടെ പണി ചെയ്യുക എന്നതു സംബന്ധം. ഇന്ദ്രനു ബലി ചെയ്യാൻ നാട്ടിയിരിക്കുന്ന സ്തംഭങ്ങളെ ഉദ്ദേശിച്ചു് 'ഇവ ഇന്ദ്രന്മാരാണ്' എന്നു പറയുന്നതിൽ താദർത്ഥ്യം (അതിനു വേണ്ടിയുള്ളതു്) എന്ന സംബന്ധം. ഇങ്ങനെ മറ്റുള്ളതും കണ്ടുകൊൾക. ശബ്ദംകൊണ്ടു പറയാതെതന്നെ തോന്നുന്ന വിഷയ(ഉപമേയ)ത്തിനു് അന്യത്തോടു (ഉപമാനത്തോടു) താദാത്മ്യം (അഭേദം) തോന്നിക്കുന്നതു സാധ്യവസാനലക്ഷണയാകുന്നു. ഇതിന്റെ നാലു വിധത്തിലുള്ള ഭേദങ്ങൾക്കും ഉദാഹരണങ്ങൾ മുമ്പിൽ പറഞ്ഞവ തന്നെ. (ശോണോ ധാവതി) (കുന്താഃ പ്രവിശന്തി) (കലിംഗഃ സാഹസികഃ) (ഗംഗായാം ഘോഷഃ) എന്നവ തന്നെ.

സാദൃശ്യമൊന്നൊഴിച്ചന്യ-
സംബന്ധങ്ങൾനിമിത്തമായ്.

ഉണ്ടാമിപ്പറഞ്ഞവയെല്ലാം
ശുദ്ധലക്ഷണയെന്നു പേർ
സാദൃശ്യം മൂലമുണ്ടാകു-
ന്നതിൻപേർ ഗൌണിയെന്നതാം. ൧൫

ഇതിനാൽ പതിനാറായി-
ത്തിരിയുന്നിതു ലക്ഷണാ.

ശേഷമുന്നായ് മുമ്പേ പറയപ്പെട്ടിരിക്കുന്ന എട്ടുവിധം ലക്ഷണകൾ. സാദൃശ്യമൊഴിച്ചുള്ള സംബന്ധങ്ങൾ, കാര്യകാരണഭാവാദികൾ. ഇതിൽ ശുദ്ധകളിൽ മുമ്പിൽ പറഞ്ഞിട്ടുള്ള 'അശ്വഃ ശ്വേതോ ധാവതി' ഇത്യാദികളുദാഹരണങ്ങൾ. ശുദ്ധിയാലുണ്ടാകുന്ന ഉപാദാനലക്ഷണയിൽ സാരോപയായ ഗൌണിക്ക് ഉദാഹരണം:— 'എതാനി തൈലാനി ഹേമന്തേ സുഖാനി'=ഈ എണ്ണകൾ മഞ്ഞുകാലത്തു സുഖങ്ങളാകുന്നു. ഇവിടെ 'എണ്ണ' എന്ന പദം എള്ളിലെ നെയ്യ് എന്നുള്ള മുഖ്യാർത്ഥത്തോടുകൂടിത്തന്നെ കടുകെണ്ണ മുതലായതിനെപ്പറയുന്നു. സാദൃശ്യത്താലുണ്ടാകുന്ന ഉപാദാനലക്ഷണയിൽ സാരോപയായ ഗൌണിക്ക്—രാജകുമാരന്മാരും തത്തുല്യന്മാരായ മറ്റു കുമാരന്മാരും കൂടിപ്പോകുമ്പോൾ 'എതേ രാജകുമാരാ ഗച്ഛന്തി=ഈ രാജകുമാരന്മാർ പോകുന്നു.' എന്നു പറയുന്ന വാക്യം ഉദാഹരണം. ശുദ്ധിമൂലമായ ഉപാദാനലക്ഷണയിൽ സാദ്ധ്യവസാനയായ ഗൌണിക്ക് ഉദാഹരണം:— 'തൈലാനി ഹേമന്തേ സുഖാനി=എണ്ണകൾ മഞ്ഞുകാലത്തു സുഖങ്ങളാകുന്നു.' സാദൃശ്യത്താലുള്ള ഉപാദാനലക്ഷണയിൽ സാദ്ധ്യവസാനയായ ഗൌണിക്ക് ഉദാഹരണം:— 'രാജകുമാരാ ഗച്ഛന്തി=രാജകുമാരന്മാർ പോകുന്നു.' ശുദ്ധിയിൽ ലക്ഷണലക്ഷണ സാരോപയായ ഗൌണിയായാൽ അതിന്ന് ഉദാഹരണം:— 'രാജാ ഗൌഡേന്ദ്രം കണ്ടകം ശോധയതി=രാജാവു ഗൌഡേന്ദ്രനെന്ന മുള്ളിനെ നീക്കിക്കളയുന്നു.' പ്രയോജനത്തിൽ ലക്ഷണലക്ഷണ സാരോപയായ ഗൌണിയായാൽ അതിന്ന്:— ഗൌ

ർവ്വാഹീകഃ—പശു ഉഴവുകാളയാകുന്നു.' ശുദ്ധിയിൽ ലക്ഷണാലക്ഷണ സാദ്ധ്യവസാനയായ ഗൗണിയായാൽ അതിന് ഉദാഹരണം:— 'ഭേദാ ഷഞ്ചകം ഭോഗയതിപരായോയു വൃദ്ധിതനേ വിക്കികളയുന്നു.' പ്രയോജനത്തിൽ ലക്ഷണാലക്ഷണ സാദ്ധ്യവസാനയായ ഗൗണിയായാൽ ഉദാഹരണം:— 'ഗൗർജ്ജല്പതി—പശു സംസാരിക്കുന്നു.'

ഇവിടെ ചിലർ:—'പശുവിലുള്ള ജാഡ്യം മാന്ദ്യം മുതലായ ഗുണങ്ങൾ ലക്ഷണകൊണ്ടു ഗ്രഹിക്കപ്പെടുന്നു. ആ ഗുണങ്ങൾ ഗോശബ്ദത്തിന് ഉഴവുകാള എന്ന അർത്ഥത്തെ കുറിക്കുന്നതിനു കാരണമായിത്തീരുന്നു. ഗോശബ്ദത്തിന് അതിന്റെ സങ്കേതത്തിൽ പെടാത്തതായ ഉഴവുകാള എന്ന അർത്ഥത്തെ കുറിക്കുവാൻ ശക്തിയില്ല. അതു ഗോശബ്ദാർത്ഥത്തെ മാത്രം കുറിക്കുന്നതാകുന്നു. അതു കഴിഞ്ഞാൽ അഭിധയുടെ പ്രവൃത്തി അവസാനിച്ചുപോകുന്നു. ഒരിക്കൽ അവസാനിച്ചുപോയതു പിന്നീടും ഉണ്ടാകുന്നതല്ല. അതുകൊണ്ട് ഇതു ശരിയല്ല.' എന്നു പറയുന്നു.

'ഗോശബ്ദത്താൽ ഉഴവുകാള എന്ന അർത്ഥം കുറിക്കപ്പെടുന്നില്ല. എന്നാൽ, ഗോശബ്ദാർത്ഥമായ ഗോവ്യക്തിയെ ആശ്രയിച്ചു വർത്തിക്കുന്ന ജാഡ്യമാന്ദ്യാദി ഗുണങ്ങളുടെ സാജാത്യംകൊണ്ട് ഉഴവുകാള എന്ന അർത്ഥത്തെ ആശ്രയിച്ചിരിക്കുന്ന ഗുണങ്ങൾ മാത്രം ലക്ഷിക്കപ്പെടുന്നു.' എന്നു വേറെ ചിലർ പറയുന്നു. മറ്റു ചിലർ അതും സമ്മതിക്കുന്നില്ല. എങ്ങനെയെന്നാൽ:—ഇവിടെ ഗോശബ്ദത്തിൽനിന്ന് ഉഴവുകാള എന്ന അർത്ഥം തോന്നുന്നുണ്ടോ, ഇല്ലയോ? തോന്നുന്നുണ്ടെങ്കിൽ അതു ഗോശബ്ദത്തിൽനിന്നുതന്നെയാണോ? അതോ ലക്ഷണകൊണ്ടു തോന്നുന്നതായ ഗുണങ്ങളിൽനിന്നോ? രണ്ടും കൂടിയതിൽനിന്നോ? ഉഴവുകാള എന്ന അർത്ഥം ഗോശബ്ദത്തിന്റെ സങ്കേതിതാർത്ഥമല്ലാത്തതുകൊണ്ട് ആദ്യപക്ഷം ശരിയാവാൻ വഴിയില്ല. ഗോശബ്ദം, ചന്ദ്രമുഖാദികളായ ഇതരശബ്ദങ്ങൾക്ക് അവയവയോഗംകൊണ്ടും പ്രധാനാദികളെക്കൊണ്ടും സാദൃശ്യമുള്ളതിനും, ഓരോന്നിനും മറ്റൊന്നിന്റെ ശബ്ദാർത്ഥത്തെ കുറിപ്പാൻ കഴിയാത്തതിനാൽ പ്രത്യേകിച്ച

ഉമല്ല. അവിനാഭാവത്തിൽ (രണ്ടും കൂടിയ സ്ഥിതിയിൽ) നിന്നു കിട്ടുന്ന അർത്ഥത്തിനു ശാബ്ദബോധത്തിൽ പ്രവേശം സംഭവിക്കയില്ല. ശാബ്ദബോധസംബന്ധമായിട്ടുള്ള ആകാംക്ഷ ശബ്ദന്നാൽതന്നെ പൂരിക്കപ്പെടുന്നതാണല്ലോ. അതിനാൽ ഭൂനാമകത്വമുമല്ല. ഗോശബ്ദത്തിൽനിന്ന് ഉഴവുകാള എന്നർത്ഥം തോന്നുന്നില്ലെന്നാണെങ്കിൽ അപ്പോൾ ഗോശബ്ദത്തിനും വാഹീക (ഉഴവുകാള)ശബ്ദത്തിനും സമാനാധികരണ്യം (ഒരേ അർത്ഥത്തെക്കുറിക്കുന്നവയായിരിക്കുക) അസംഗതമായിഭവിക്കും. അതിനാൽ ഉപലക്ഷണമാവാനും തരമില്ല.

അതിനാൽ ഇവിടെ ഗോശബ്ദം അടിയറകൊണ്ടു വാഹീകശബ്ദത്തോട് അന്വയം സിദ്ധിക്കാതെ അജ്ഞതാജാഡ്യാദിസാധർമ്മ്യസംബന്ധം ഹേതുവായിട്ട് ഉഴവുകാള എന്ന അർത്ഥത്തെ ലക്ഷിക്കുന്നു. വാഹീകത്തിന്റെ അജ്ഞതാജാഡ്യാദികളുടെ ആധിക്യം തോന്നിക്കുകയാണു പ്രയോജനം. ഇതിനെ ഗുണസംബന്ധം നിമിത്തം 'ഗൗണി' എന്നു പറയുന്നു. ശുദ്ധലക്ഷണയാകട്ടെ ഉപചാരസംബന്ധമില്ലാത്തതുകൊണ്ടു ശുദ്ധയാകുന്നു. ഉപചാരമെന്നാൽ, അന്യോന്യാകാംക്ഷ തീരെ ഇല്ലാത്ത രണ്ടു ശബ്ദാർത്ഥങ്ങൾ സാദൃശ്യാതിശയത്തിന്റെ മഹത്വംകൊണ്ടു ഭേദം തോന്നാതിരിക്കുക മാത്രമാകുന്നു. ഉദാഹരണം:—അഗ്നിമാണവകച്ചെക്കൻ അഗ്നിയാകുന്നു.[3] ഇവിടെ അഗ്നിമാണവകശബ്ദങ്ങൾ അന്യോന്യാകാംക്ഷയില്ലാത്തവയാണെങ്കിലും സാദൃശ്യാതിശയത്തിന്റെ ആധിക്യംകൊണ്ടു ഭേദപ്രതീതിയുണ്ടാകുന്നില്ല. ശ്രേഷ്ഠൻ പശുപോലെ വെളുപ്പാകുന്നു.[3] എന്നതിലാകട്ടെ ഇരുപദങ്ങൾക്ക് അത്യന്തമല്ലാത്തതായ ഭേദം തോന്നുന്നു. അതുകൊണ്ട് ഇങ്ങനെയുള്ളവയിൽ ലക്ഷണ ശുദ്ധയായിട്ടുതന്നെ ഭവിക്കുന്നു.

വ്യംഗ്യത്തിനുള്ളവാം ശുദ്ധാ-
ശുദ്ധതാഭേദം നിമിത്തമായ്. ൧൩
ഒന്നുമാതിരിയായ്ത്തീരും
ഫലലക്ഷണയൊക്കെയും.

എട്ടുവിധം ഫലലക്ഷണകളെ മുമ്പിൽ കാണിച്ചിട്ടുണ്ടല്ലോ. അവ പ്രയോജനമാകുന്ന വ്യംഗ്യത്തിന്റെ ഗൂഢതയും സ്പഷ്ടതയും നിമിത്തം ഓരോന്നും ഈരണ്ടുവിധമായിത്തീർന്നിട്ടു പതിനാറു പ്രകാരത്തിലാകുന്നു. അതിൽ ഗൂഢവ്യംഗ്യം, വാക്യാർത്ഥവിചാരത്തിൽ ബുദ്ധിയെ ചെലുത്തുവതിനു പരിപാകം സിദ്ധിച്ചിട്ടുള്ളവർക്കു മാത്രം അറിയാവുന്നതാകുന്നു. ഉദാഹരണം:— 'പചതരുപകാരം' ഇത്യാദി പദ്യം. അഗൂഢവ്യംഗ്യം അതിസ്പഷ്ടമാകകൊണ്ട് എല്ലാവർക്കും അറിയത്തക്കതാകുന്നു. ഉദാഹരണം:—

'ശ്രീപരിചയാജ്ജഡാ അപി,
 ഭവന്ത്യഭിജ്ഞാ വിദഗ്ദ്ധചരിതാനാം
ഉപദിശതി കാമിനീനാം,
 യൗവനമദ ഏവ ലളിതാനി.'

ശ്രീപരിചയത്താലേതും,
 വിദഗ്ദ്ധകൃത്യത്തിൽ വിരുതു വിഡ്ഢികളും
വിഭ്രമമുപദേശിപ്പതു,
 കാമിനിമാർക്കൊക്കെ യൗവനമദമൊന്ന്.

(സ്വ.)

ഇതിൽ 'ഉപദേശിക്കുക' എന്നതുകൊണ്ടു 'പ്രത്യക്ഷീകരിക്കുക' എന്ന അർത്ഥം ലക്ഷിക്കപ്പെടുന്നു. പ്രത്യക്ഷീകരണത്തിന്റെ ആധിക്യം അതിശയകരത്വം സിദ്ധിക്കുന്നതുപോലെ സ്പഷ്ടമായിട്ടു തോന്നുന്നു.

ധ്വനിധർമ്മങ്ങളിവയിൽ
ഫലവ്യംഗ്യമതിരിലോ (൫൭)
അതുമൂലമിവറ്റുണ്ടാം
രണ്ടു ഭേദങ്ങൾ പിന്നെയും.

‘ആവേഗ്’ എന്നതിന്റെ ലക്ഷണം പറഞ്ഞു പതിനാറുവിധം [illegible] അന്നത്തേ. ഇവ [illegible] ഉദാഹരണങ്ങളെ [illegible] ഇതിൽ [illegible] വായിച്ച് [illegible] ചിലതിന്റെ മാത്രം ഉദാഹരണം:—

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]?
[illegible]
(സാ.)

ഇവിടെ എത്ര വലുതായിട്ടുള്ള ദുഃഖങ്ങളെയും സഹിക്കുക ശീലമായിട്ടുള്ളവനാണ ഞാൻ, എന്ന അർത്ഥം [illegible] ദുഃഖസഹനാതിശയം എന്ന ഫലമാകുന്നു. [illegible] എന്നതിൽ [illegible]

അതിനാലിപ്രകാരത്തിൽ
ലക്ഷണം നാല്പതു മാതിരി. ൧൮

ലക്ഷണജ്ഞന്മാർ ചൊല്ലുന്നു
സ്പഷ്ടമായറിവുള്ളവർ.

[illegible] ഇങ്ങനെ ലക്ഷണാഭേദങ്ങൾ നാല്പതാകുന്നു.

അതുതന്നെയല്ല—

പദത്തിൽനിന്നും വാക്യത്തിൽ
നിന്നുമുണ്ടാകയാലതു് ൧൯

[illegible]
[illegible] പിന്നെയും.

മുൻപറഞ്ഞ നാല്പതുവിധത്തിലുള്ള ലക്ഷണകളും പദത്തിൽ നിന്നുണ്ടാകുന്നവയായിട്ടും വാക്യത്തിൽനിന്നുണ്ടാകുന്നവയായിട്ടും ഇരണ്ടുപ്രകാരത്തിൽ തിരിയുന്നു. അതിൽ പദത്തിൽനിന്നുണ്ടാകുന്നതിന്നു് ഉദാഹരണം:— 'ഗംഗായാം ഘോഷഃ = ഘോഷമുള്ളതു ഗംഗയിലാകുന്നു.' വാക്യത്തിൽനിന്നുണ്ടാകുന്നതിന്നു്:— 'പലതരമുപകാരം' എന്നിത്യാദി ശ്ലോകം തന്നെ. ഇങ്ങനെ ലക്ഷണ എണ്പതുപ്രകാരമാകുന്നു.

അനന്തരം വ്യഞ്ജനയെ പറയുന്നു:—

സ്വസ്വാർത്ഥബോധനം ചെയ്തി-
ട്ടൊഴിയാറി ശക്തികളേ. ൨൦

ശബ്ദാൎത്ഥാദികൾ വൃത്തരായ്
മറ്റൊരൎത്ഥം സ്മരിക്കുവാൻ
ഹേതുവായിട്ടിരിക്കുന്ന
വ്യാപാരം വ്യഞ്ജനാഭിധം ൨൧

'ശബ്ദം, ബുദ്ധി, കൎമ്മം ഇവ ഒരിക്കൽ പ്രവൎത്തിച്ചുനിന്നാൽ പിന്നെ അവയുടെ വ്യാപാരം (ശക്തി) അവസാനിച്ചുപോകും' എന്നുള്ള ന്യായം അനുസരിച്ച്, അഭിധ, ലക്ഷണ, താൽപൎയ്യം എന്ന മൂന്നു വൃത്തികളും അതതിന്റെ അൎത്ഥത്തെ ബോധിപ്പിച്ച് അവസാനിച്ചതിനുശേഷം യാതൊന്നിനാൽ മറ്റൊരൎത്ഥം ബോധിപ്പിക്കപ്പെടുന്നുവോ, ശബ്ദത്തിന്റേയോ അൎത്ഥത്തിന്റേയോ പ്രകൃതിപ്രത്യയാദികളുടേയോ ആ ശക്തിയാകുന്നു വ്യഞ്ജനാ. അതിനെ വ്യഞ്ജനം, ധ്വനനം, ഗമനം, പ്രത്യായനം മുതലായ പേരുകൾകൊണ്ടു വ്യവഹരിച്ചുവരുന്നു.

അതിൽ—

ശബ്ദവ്യഞ്ജനാ രണ്ടാകു—
മഭിധാലക്ഷണാശ്രയാൽ

അഭിധാമൂലവ്യഞ്ജനയെ പറയുന്നു:—

ഒരു ശബ്ദത്തിനൎത്ഥങ്ങൾ
പലതുണ്ടെങ്കിലായതിൽ. ൨൨

സംയോഗാദിബലാൽ സിദ്ധ—
മൎത്ഥം, മറ്റൊന്നു തോന്നുവാൻ
മൂലമായാലഭിധാ—
മൂലവ്യഞ്ജനയാണതും. ൨൩.

'സംയോഗാദി' എന്നതിലെ ആദിശബ്ദംകൊണ്ടു വിപ്രയോഗാദികളെയും ഗ്രഹിക്കേണ്ടതാകുന്നു.

സംയോഗാദികളെ പറയുന്നു:—

'സംയോഗം, വിപ്രയോഗവും,
സാഹചര്യം, വിരോധവും,
അർത്ഥം, പ്രകരണം, ലിംഗം,
അന്യവാക്കിന്നടുപ്പവും,
സാമർത്ഥ്യ,മൗചിത്യ,ദ്ദേശങ്ങൾ,
കാലം, വ്യക്തി, സ്വരാദികൾ
ശബ്ദത്തിന്നു വിശേഷാർത്ഥം
തോന്നിക്കുമിവയൊക്കെയും.'

'ശംഖചക്രങ്ങളോടുകൂടിയ ഹരി' എന്നതിൽ ശംഖചക്രങ്ങളുടെ സംയോഗംനിമിത്തം ഹരിശബ്ദം വിഷ്ണുവിനെത്തന്നെ കുറിക്കുന്നു. 'ശംഖചക്രങ്ങളോടുകൂടാത്ത ഹരി' എന്നതിലും ശംഖചക്രങ്ങളുടെ വിയോഗംനിമിത്തം വിഷ്ണു എന്നുതന്നെ അർത്ഥം സിദ്ധിക്കുന്നു. 'ഭീമാർജ്ജുനന്മാർ' എന്നതിൽ ഭീമൻ എന്നതിന്റെ സാഹചര്യംകൊണ്ട് അർജ്ജുനൻ എന്നതിനു പാർത്ഥൻ എന്നർത്ഥം. 'കർണ്ണാർജ്ജുനന്മാർ' എന്നതിൽ കർണ്ണശബ്ദത്തിന് അർജ്ജുനവിരോധംനിമിത്തം സൂതപുത്രൻ എന്നർത്ഥം. 'സ്ഥാണുവിനെ തൊഴുന്നു' എന്നതിൽ തൊഴുന്നതിന്റെ പ്രയോജനം ഇഷ്ടസിദ്ധിയാകയാൽ തദുപായകത്വംനിമിത്തം സ്ഥാണുശബ്ദം ശിവവാചകമാണെന്നു മനസ്സിലാകുന്നു. 'എല്ലാം ദേവന് അറിയാം' എന്നു രാജസന്നിധിയിൽവെച്ചു പറയുന്നതിൽ പ്രകരണവശാൽ 'ദേവൻ' എന്നതിനു രാജാവ് എന്നർത്ഥം സിദ്ധിക്കുന്നു. 'മകരധ്വജൻ കോപിച്ചു' എന്നതിൽ മകരധ്വജൻ കാമദേവൻ. 'ദേവനായ പുരാരി' എന്നതിൽ പുരാരി ശിവൻ. 'മധുകൊണ്ടു മത്തനായ കുയിൽ' എന്നതിലെ 'മധു'ശബ്ദത്തിനു വസന്തം എന്നർത്ഥം. 'ദയിതാമുഖം നിങ്ങളെ രക്ഷിക്കട്ടെ' എന്നതിൽ മുഖം എന്നതിനു സാമ്മുഖ്യം എന്നർത്ഥം. 'ചന്ദ്രൻ വാനിൽ വിളങ്ങു

നം' എന്നതിൽ ചന്ദ്രപദത്തിനു ശശി എന്നർത്ഥം. 'രാത്രിയിൽ ചിത്രഭാനുവും' എന്നതിൽ ചിത്രഭാനു അഗ്നി. 'മാതി മധ്വാംശം' ഇതിലെ മധ്വാംശപദത്തിന്റെ സാംസർഗികലിംഗംകൊണ്ടു മധ്വാംശം ചക്രം എന്നു സിദ്ധിക്കുന്നു. സ്വരംകൊണ്ട് അർത്ഥവിശേഷം തോന്നുന്നതു വേദത്തിൽ മാത്രമേയുള്ളു; കാവ്യത്തിലില്ല; അതുകൊണ്ട് അതിന്റെ വിഷയത്തെ ഇവിടെ ഉദാഹരിച്ചില്ല.

ചിലർ ഇതു സമ്മതിക്കാതെ,— കാകു മുതലായ രൂപത്തിലുള്ള സ്വരവും കാവ്യത്തിൽ അർത്ഥവിശേഷത്തെ തോന്നിക്കുന്നതാണ് എന്നും, ഉദാത്താദിരൂപമായ സ്വരവും മുനിയുടെ വചനം അനുസരിച്ചു ശൃംഗാരാദിരസവിശേഷത്തെ തോന്നിക്കുന്നതാണ് എന്നും, അതിനാൽ സ്വരവിശേഷംനിമിത്തം അർത്ഥവിശേഷം ഉണ്ടാകുന്നതിന്നും ഉദാഹരണം കാണിക്കേണ്ടതായിരുന്നു എന്നും പറയുന്നു. അതു ശരിയല്ല. എന്തെന്നാൽ— കാകു മുതലായ സ്വരങ്ങളും ഉദാത്താദികളായ സ്വരങ്ങളും വ്യംഗ്യരൂപമായ വിശേഷത്തെ മാത്രമേ തോന്നിക്കുന്നുള്ളൂ. പ്രകൃതത്തിൽ പറയപ്പെട്ടിട്ടുള്ളതായ പല അർത്ഥങ്ങളുള്ള ശബ്ദത്തിന് പ്രത്യേകം ഒരർത്ഥത്തെ നിയമിക്കുക എന്ന വിശേഷത്തെ തോന്നിക്കുന്നില്ല. അതുമല്ല, എവിടെയെങ്കിലും ഒരിക്കൽ പല അർത്ഥങ്ങളുള്ള ശബ്ദങ്ങൾക്ക് പ്രകരണാദികളായ നിയാമകങ്ങളില്ലാത്തതിനാൽ അനിയന്ത്രിതങ്ങളായ രണ്ടർത്ഥങ്ങളിൽവച്ച്, അനുരൂപമായ സ്വരത്തിന്റെ ശക്തികൊണ്ട് ഒരർത്ഥത്തിൽ നിയമനം ഉണ്ടെന്നു പറയുന്നപക്ഷം അപ്പോൾ അങ്ങനെയുള്ളതിനെ ശ്ലേഷം സ്വീകരിക്കുന്നവർ എന്നു പറയേണ്ടിവരും. അങ്ങനെ വരുവാൻ പാടില്ല. അതുകൊണ്ടുതന്നെയാണ്, ശ്ലേഷനിരൂപണാവസരത്തിൽ— 'കാവ്യമാർഗ്ഗേ സ്വരോ ന ഗണ്യതേ— കാവ്യപദ്ധതിയിൽ സ്വരത്തെ വകവെക്കാറില്ല.' എന്നു പറയപ്പെട്ടിരിക്കുന്നതു എന്നു സിദ്ധാന്തം. അതുകൊണ്ട് ഉപജീവ്യന്മാരായ ഭരതാദികളുടെ വ്യാഖ്യാനങ്ങളിൽ ചുഴിഞ്ഞു നോക്കീട്ടാവശ്യമില്ലെന്നു വിചാരിച്ച് അതു തിരിയേണ്ടതാണ്. 'സ്വരാദികൾ' എന്നതിലെ ആദിശബ്ദംകൊണ്ട് 'ഏതാവന്മാത്രസ്തനി— ഇത്ര വലിപ്പമുള്ള മുലയോടുകൂടിയ സ്ത്രീ' എന്നിത്യാദികളിൽ കയ്യാംഗ്യം മു

ജലാശയങ്ങളെക്കൊണ്ടു സ്നാനാദികളും, താമരക്കെട്ടു മുതലായവയോടു തു-ല്യമായ ആകൃതി സിദ്ധമാകുന്നു.

ഇങ്ങനെ ഉപമേയം അലങ്കാരംകൊണ്ടു തിരസ്കൃതമായിരിക്കെ, ആ ഔപമ്യത്തിന് വേറെ ഒരർത്ഥം തോന്നുവാൻ ഹേതുവായിത്തീരുന്നതായ ശക്തിയെക്കുന്ന അലങ്കാരമായ വ്യഞ്ജനം,

ഉദാഹരണം:—

'ഉത്തുംഗാംബിതവിഗ്രഹോ മനസ്വിനാം
സംഭൃതലാവണ്യസ്യ
തപ്രാപ്ത്യുൽജ്ജകയോ ഗൃഹീതശരീരാ
വിഭാഗപുരുഷോ മഹാനിധിഃ
നക്ഷത്രേശകൃതപ്രവേശഗിരിഗുഹാ
ഗാഢം വഹതി ധാരയൻ
ഗാഢാക്രാന്ത വിഭൂതിഭൂഷിതതനു
രാജത്യസാവല്ലഭഃ.'

ഉത്തുംഗാംബിതവിഗ്രഹൻ മഹനനാ-
തേജസ്സിനാൽ വാനവൻ
തപ്രാപ്ത്യുൽജ്ജകൻ ശ്രുതപ്രകരമാൻ
സ്വർഗ്ഗാധിപസംസേവിതൻ
നക്ഷത്രാധിപനുള്ളി ശൈലഗുഹയിൽ
പാദം തപിച്ച ചേർപ്പവൻ
ഭൂമിയിൽ മേരി വിഭൂതിഭൂഷിതനാമ-
ടുത്തൻ വിളങ്ങുന്നിതേ.

(സ്വ.)

ഇവിടെ പ്രകരണബലാൽ ശ്രീമാവല്ലഭൻ ശ്വേതത്തിനു, ഉദ-യം ചെയ്തിരിക്കുന്ന പട്ടമഹിഷിയുടെ ഭർത്താവായ രാജദേവരാജനെ

ന്നു് അഭിധാസിദ്ധമായ അർത്ഥത്തിൽ വിശ്രാന്തിവന്നതിനശേഷം, ഗൌരീവല്ലഭൻ (ശിവൻ) എന്ന അർത്ഥം വ്യഞ്ജനകൊണ്ടുതന്നെ തോന്നുന്നു. ഇങ്ങനെ വേറേയും കണ്ടുകൊൾക.

ലക്ഷണാമൂലവ്യഞ്ജനയെ പറയുന്നു:—

ഫലം ലക്ഷണയെക്കൊണ്ടാ-
ലെന്തുണ്ടാ, മതു തോന്നുവാൻ ൧൪
ഹേതുവാം വ്യഞ്ജനാവൃത്തി
ലക്ഷണാമൂലമായതു്.

ഗംഗായാം ഘോഷഃ ഗംഗയിലാണു തൊഴുത്തു്. ഇത്യാദികളിൽ ജലമയാദ്യർത്ഥത്തെ ബോധിപ്പിച്ചിട്ട് അഭിധയും, തടാദ്യർത്ഥത്തെ ബോധിപ്പിച്ചിട്ട് ലക്ഷണയും അവസാനിച്ചതിനുശേഷം യാതൊന്നു ശൈത്യപാവനത്വാദികളുടെ ആധിക്യാദികളെ തോന്നിക്കുന്നുവോ അതു ലക്ഷണാമൂലവ്യഞ്ജനയാകുന്നു.

ഇങ്ങനെ ശബ്ദത്തിൽനിന്നുണ്ടാകുന്ന വ്യഞ്ജനയെ പറഞ്ഞിട്ട് ഇനി അർത്ഥത്തിൽനിന്നുണ്ടാകുന്നതിനെ പറയുന്നു—

വക്താ, ശ്രോതാ, വാക്യ, മന്തി-
കസ്ഥൻ, വാച്യപദാർത്ഥവും, ൧൫

പ്രസ്താവം, ദേശവും, കാലം,
കാകു, ചേഷ്ടാദിയും തഥാ
ഇവറ്റുള്ള വിശേഷത്താൽ
യാതൊന്നന്യാർത്ഥബോധകം ൧൬

ആർത്ഥിയാം വ്യഞ്ജനായതാ-
ണർത്ഥസംഭവയാകയാൽ

അതിൽ വക്താവു്, വാക്യം, ദേശം, കാലം ഇവയുടെ വൈശിഷ്ട്യംകൊണ്ടുള്ളതിനു് ഉദാഹരണം:—

'കാലേ മധുഃ കുപിത ഏഷ ച പുഷ്പധന്വാ
ധീരാ വഹന്തി രതിഖേദഹരാഃ സമീരാഃ
കേളീവനീയമപി വഞ്ജുളകുഞ്ജമഞ്ജുർ-
ദൂരേ പതിഃ കഥയ കിം കരണീയമദ്യ.'

കാലം പാർത്താൽ വസന്തം, മലർശരനാരിതാ
 വാച്ചു വല്ലാതിരിപ്പൂ,
വാരല വീശുന്നു മന്ദാനിലനിഹ രതിക്കേ-
 ഖേദം തീരും പ്രകാരം,
കേളിപ്പൂങ്കാവശോകക്കുടിലുകളിതാ-
 ണ്ടീടു കണ്ടാൽ മനോജ്ഞം,
നീളെദ്ദൂരത്തിലല്ലോ പതി, പറയുക ഞാ-
 നെന്തു ചെയ്യേണ്ടതിപ്പോൾ.
(സാ. ദ.)

ഇതിൽ, നീ വേഗത്തിൽ ഈ സമയത്തെക്കു പ്രച്ഛന്നകാമുകനെ കൊണ്ടുവരണമെന്നു് ഒരു നായിക സഖിയെ വ്യഞ്ജനകൊണ്ടു മനസ്സിലാക്കുന്നു.

ബോദ്ധവ്യവൈശിഷ്ട്യംകൊണ്ടുള്ളതിനു് ഉദാഹരണം:—

'നിശ്ശേഷച്യുതചന്ദനം സ്തനതടം നിർമൃഷ്ടരാഗോ/ധരോ
നേത്രേ ദൂരമനഞ്ജനേ പുളകിതാ തന്വീ തവേയം തനുഃ
മിഥ്യാവാദിനി ദൂതി ബാന്ധവജനസ്യാജ്ഞാതപീഡാഗമേ
വാപീം സ്നാതുമിതോ ഗതാസി ന പുനസ്തസ്യാധമസ്യാന്തികം'

നഷ്ടം നിശ്ശേഷമായ് പോർമുലയിൽ കളഭം,
 ചുണ്ടിലെച്ചോപ്പശേഷം
മൃഷ്ടം, പൂർണ്ണാഞ്ജനം കണ്ണിനു, തവ പുളകി-
 ക്കോൾമയിർക്കൊണ്ടിതു ദേഹം,

കഷ്ടം പൊയ്പ്പോയതുവോളം സ്വജനമത്ര യദി-
ക്കെന്തു ദൂതി! കളിപ്പാൻ.
നിഷ്ഠംപോലങ്ങു നീ പോയ്ക്കുളമതിൽ നാഹി ത-
സ്യാധമസ്യാന്തികത്തിൽ.'

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

ഇതിൽ, 'കളിപ്പാനായിട്ട് അവന്റെ അടുക്കലേക്കുതന്നെയാണ് നീ പോയതു്' എന്നു വിപരീതലക്ഷണകൊണ്ടു ലക്ഷിക്കപ്പെടുന്നു. ആ ലക്ഷ്യാർത്ഥത്തിൽനിന്നു ദൂതിയുടെ വിശേഷംകൊണ്ടു 'കളിപ്പാനായി പോയതു്' എന്നുള്ള വ്യംഗ്യം പ്രതിപാദ്യമായിട്ടു സിദ്ധിക്കുന്നു.

അന്യസന്നിധിവിശേഷംകൊണ്ടുള്ളതിനു് ഉദാഹരണം:—

'ഉഅ ണിച്ചല ണിപ്പന്ദാ
ഭിസിണീപത്തമ്മി രേഹഇ ബലാഅ
ണിമ്മലമരഗഅഭാഅണ
പരിട്ഠിആ(ഓ)സംഖസുത്തിവ്വ'
പശ്യ നിശ്ചലനിഷ്പന്ദാ,
വിസിനീപത്രേ രാജതേ ബലാകാ
നിർമ്മലമരകതഭാജന-
പരിസ്ഥിതാ ശംഖശുക്തിരിവ.' (ഗാഥാ)

കാൺക കാന്ത വെള്ളക്കിളിയിതു,
താമരയിലതനിലനങ്ങാതെ
പച്ചസ്ഫടികപ്പാത്രത്തു,
വെച്ചൊരു ശംഖിനെപ്പോലെ വിലസുന്നു.

(സ്വ.)

ഇതിൽ വെള്ളിപ്പക്ഷി അനങ്ങാതിരിക്കുന്നതുകൊണ്ടു വിശ്വസ്തതയുണ്ടെന്നും, അതുകൊണ്ട് ഈ സ്ഥലം വിജനമാണെന്നും, അതിനാൽ ഇതു സങ്കേതസ്ഥാനമാണെന്നും, അടുത്തു നില്ക്കുന്ന പ്രച്ഛന്നകാമുകനെ ഉദ്ദേശിച്ച് ഒരു സ്ത്രീ പറയുന്നു. ഇതിൽതന്നെ സ്ഥാനത്തിന്റെ വിജനത എന്ന വ്യംഗ്യാർത്ഥവിശേഷം പ്രയോജനമാകുന്നു.

'ഭിന്നകണ്ഠധ്വനിർധീരൈഃ കാകുരിത്യഭിധീയതേ' = ധീരന്മാർ സ്വരഭേദത്തെ കാകുവെന്നു ചൊല്‌വിതു' എന്നു പറഞ്ഞപ്രകാരമുള്ള കാകുവിന്റെ ഭേദങ്ങളെ പ്രമാണഗ്രന്ഥങ്ങളിൽനിന്ന് അറിഞ്ഞുകൊള്ളേണ്ടതാകുന്നു. കാകുവിന്റെ വിശേഷംകൊണ്ടുണ്ടാകുന്ന വ്യഞ്ജനയ്ക്ക് ഉദാഹരണം:—

'ഗുരുപരതന്ത്രതയാ ബത!
ദൂരതരം ദേശമുദ്യതോ ഗന്തും
അളികുലകോകിലലളിതേ,
നൈഷ്യതി സഖി സുരഭിസമയേऽസൗ'
ഗുരുപാരതന്ത്ര്യതയാ സഖി!,
പെരുതകലത്തേക്കുപോകുകിലിദ്ദേഹം,
അളികലകോകിലകളമാം,
വസന്തകാലേ വരില്ലയോ തോഴീ!

(സ.പ.)

ഇതിൽ, വരില്ല, നിശ്ചയമായിട്ടു വരും എന്നു കാകുകൊണ്ടു (സ്വരഭേദംകൊണ്ട്) തോന്നുന്നു.

ചേഷ്ടാവിശേഷംകൊണ്ടുണ്ടാകുന്നതിന് ഉദാഹരണം:—

'സങ്കേതകാലമനസം, വിടം ജ്ഞാത്വാ വിദഗ്ദ്ധയാ
ഹസന്നേത്രാർപ്പിതാകൂതം, ലീലാപദ്മം നിമീലിതം.'

സങ്കേതകാലമറിവാനുഴറും വിടന്നു
സാമർത്ഥ്യമുള്ളവൾ ചിരിച്ചു നിജാശയത്തെ
കൺകൊണ്ടുഗൂഢമറിയിച്ചു കരത്തിലേറ്റും
ലീലാസരോജദളമുടൻ മുകുളീകരിച്ചാൾ.

സ. ദ.

ഇതിൽ പദ്മാസ്തമയമാകുന്ന സങ്കേതകാലത്തെ പത്മമുകുളീകരണാദിചേഷ്ടകൊണ്ടു സൂചിപ്പിക്കപ്പെടുന്നു.

ഇങ്ങനെ വക്താവു ശ്രോതാവു മുതലായ എല്ലാറ്റിന്റെയുമോ ചിലതിന്റെ മാത്രമോ വിശേഷംകൊണ്ടുള്ള വ്യഞ്ജനകൾക്ക് ഉദാഹരണങ്ങളെ അറിഞ്ഞുകൊൾക.

വാച്യം ലക്ഷ്യം വ്യംഗ്യമെന്നാ-
യർത്ഥം ത്രിവിധമാകയാൽ ൨൭
ത്രൈവിധ്യമീവ്യഞ്ജനക്കും
പ്രത്യേകമുളവായ്‌വരും.

അർത്ഥങ്ങൾക്കു വാച്യം, ലക്ഷ്യം, വ്യംഗ്യം എന്നു മൂന്നുപ്രകാരം ഭേദമുള്ളതുകൊണ്ട് ഇപ്രകാരം വ്യഞ്ജനകളെല്ലാം മൂന്നുപ്രകാരമായിത്തീരുന്നു. അതിൽ വാച്യാർത്ഥവ്യഞ്ജനക്ക് ഉദാഹരണം:— 'കാലം പാർത്താൽ വസന്തം'— ഇത്യാദി. ലക്ഷ്യാർത്ഥവ്യഞ്ജനയ്ക്കു്— 'നേരും നിശ്ശേഷം'— ഇത്യാദി. വ്യംഗ്യാർത്ഥവ്യഞ്ജനയ്ക്കു്— 'പോരേകാന്ത വെള്ളിക്കിളി'— ഇത്യാദി. പ്രകൃതിപ്രത്യയാദികളെക്കൊണ്ടുണ്ടാകുന്ന വ്യഞ്ജനയെ വിസ്തരിച്ചു മുകളിൽ പറയുന്നതാണ്.

ശബ്ദാർത്ഥവും വ്യഞ്ജകമാ-
മന്യാർത്ഥാശ്രയശബ്ദവും. ൨൮

ഒന്നു വ്യഞ്ജകമാകുമ്പോൾ
മറ്റേതു സഹകാരിയാം

വ്യഞ്ജകമായിരിക്കുമ്പോഴും ശബ്ദം അർത്ഥാന്തരത്തെയും, അർത്ഥം ശബ്ദത്തെയും അപേക്ഷിക്കുന്നതിനാൽ, ഒന്നു വ്യഞ്ജകമായിരിക്കുമ്പോൾ മറ്റേതു സഹകാരിയായിരിക്കും എന്നുള്ള സംഗതി അവശ്യം അംഗീകരിക്കപ്പെടേണ്ടതായി വരുന്നു.

അഭിധാദികളായുള്ള
ത്രിവിധോപാധിമൂലമായ് ൨൯

ത്രൈവിധ്യം മതമാകുന്നു
ശബ്ദത്തിന്നും യഥായഥം.
അഭിധോപാധികം ശബ്ദം
വാചകം, ലക്ഷകം പുനഃ ൩൦

ലക്ഷണോപാധികം, വ്യഞ്ജ-
നാശ്രയം വ്യഞ്ജകം തഥാ

അഭിധാവൃത്തിയോടുകൂടിയ ശബ്ദം വാചകം. ലക്ഷണാവൃത്തിയോടുകൂടിയതു ലക്ഷകം. വ്യഞ്ജനാവൃത്തിയോടുകൂടിയതു വ്യഞ്ജകം.

അതുമാത്രമല്ല—

പദാർത്ഥങ്ങൾക്കന്വയത്തെ
ബോധിപ്പിക്കുന്നതായിഹ ൩൧

താല്പൎയ്യവൃത്തിയെന്നൊന്നു
കല്പിക്കുന്നിതു കേചന
അതിനുള്ളൎത്ഥമാകുന്നു
താല്പൎയ്യാൎത്ഥമതായതു്. ൩൨

തൽബോധമുള്ളവാക്കിന്നു
വാക്യമെന്നവർ ചൊല്‌വിതു്.

ഓരോ പദങ്ങളുടെ അൎത്ഥത്തെ ബോധിപ്പിച്ചാൽ അഭിധ അവസാനിച്ചുപോകുന്നതിനാൽ വാക്യാൎത്ഥരൂപമായ പദാൎത്ഥാന്വയത്തെ ബോധിപ്പിക്കുന്നതായ വൃത്തി താല്പൎയ്യവൃത്തിയാകുന്നു. അതിന്റെ അൎത്ഥം താല്പൎയ്യാൎത്ഥവുമാകുന്നു. അതിനെ ബോധിപ്പിക്കുന്നതു വാക്യവുമാകുന്നു. എന്നാണ് അഭിഹിതാന്വയവാദികളുടെ മതം.

ഇപ്രകാരം സാഹിത്യദൎപ്പണത്തിൽ വാക്യസ്വരൂപനിരൂപണം
എന്ന ദ്വിതീയ പരിച്ഛേദം കഴിഞ്ഞു.

തൃതീയപരിച്ഛേദം.

അനന്തരം രസങ്ങളെന്താണെന്ന് എന്നു പറയുന്നു:—

വിഭാവാനുഭാവം, ച
സഞ്ചാരിയിവയാൽ സ്ഫുടം
രത്യാദിയാം സ്ഥായിഭാവം
രസം സഹൃദയൎക്കിഹ. ൧

വിഭാവാദികളെ വഴിയേ പറയുന്നതാണ്. സാത്വികങ്ങൾ അനുഭാവവിശേഷങ്ങളാകയാൽ അവയെ വേറെ പറഞ്ഞിട്ടില്ല. സ്ഫുടം=വ്യക്തം. പാൽ തയിരായിട്ടു തീരുന്നതുപോലെ രത്യാദി സ്ഥായിഭാവം സ്പഷ്ടമായ രൂപാന്തരത്തെ പ്രാപിച്ചതുതന്നെയാണു രസം. ഇരുട്ടത്തിരിക്കുന്ന കുടം വിളക്കുകൊണ്ടു തെളിഞ്ഞു കാണപ്പെടുന്നതുപോലെ മുമ്പേതന്നെയുള്ളതു പ്രകാശിക്കുകയല്ല.

'രസങ്ങൾ തോന്നുന്നു' എന്നു പറയുന്നതു 'ചോറു വെയ്ക്കുന്നു' എന്നു പറയുന്നതുപോലെയാണെന്നു ലോചനകാരൻ പറഞ്ഞിരിക്കുന്നു. ഇവിടെ 'രത്യാദി' എന്ന പദംകൊണ്ടുതന്നെ സ്ഥായിത്വം സിദ്ധമായിരിക്കെ വീണ്ടും സ്ഥായി എന്ന പദം ചേൎത്തതു്, രത്യാദികൾതന്നെ മറ്റു രസങ്ങളിൽ സ്ഥായിത്വമില്ലാതെ വരുമെന്നു കാണിപ്പാനായിട്ടാകുന്നു. അതിനാൽ ഹാസം, ക്രോധം മുതലായവ ശൃംഗാരവീരാദികളിൽ വ്യഭിചാരികൾതന്നെ.

അതു പറയപ്പെട്ടിട്ടുണ്ടു്—

'രസത്തിലുന്മീലിതമാകി നിൽക്കും ഭാവം സ്ഥായിതയേന്തിടും' എന്ന്. രസസംഖ്യയെയും രസാസ്വാദനപ്രകാരത്തെയും പറയുന്നു:—

സത്വോദ്ര്യാലഖണ്ഡസ്വ-
പ്രകാശാനന്ദരൂപമായ്
അന്യബോധം വിനാ ബ്രഹ്മാ-
നന്ദതുല്യസ്വരൂപമായ്. ൨

ലോകോത്തരചമൽക്കാര-
സാരമായുള്ളോരീരസം
സഹൃദയരാസ്വദിക്കുന്നു
തന്മയത്വേന കേചന. ൩

'രജസ്സും തമസ്സും
ഇവ രണ്ടു ഗുണങ്ങളാൽ
അസ്പൃഷ്ടമാം മനസ്സത്രേ
സത്വമെന്നിഹ ചൊൽവതു്.'

എന്നു പറയപ്പെട്ടപ്രകാരത്തിലുള്ളതും പുറമെയുള്ള മറ്റൊരു വിഷയത്തിലേക്കും മനസ്സിന് ഔത്സുക്യം നൽകാത്തതുമായി ആഭ്യന്തരമായ മനോധർമ്മമാകുന്ന സത്വം എന്നു പറയപ്പെടുന്നതു്. അതിന്റെ ആധിക്യമെന്നാൽ രജസ്തമോഗുണങ്ങളെക്കാൾ മുന്തലായിട്ടുള്ള സ്ഥിതി. അതിന്റെ കാരണം അപ്രകാരമുള്ള അലൌകികകാവ്യാർത്ഥങ്ങളെ പരിശീലിക്കുകയാകുന്നു. അഖണ്ഡം എന്നാൽ, ഒന്നായിട്ടുള്ള ഇതു രസം തന്നെ വിഭാവാദിയായും രത്യാദിയായും ഉള്ള പ്രകാരം (ബോധം) കൊണ്ടു സുഖചമൽക്കാരസ്വരൂപമായിരിക്കുകതന്നെ. ഇതിന്റെ കാരണത്തെ വഴിയെ പറയും. സ്വപ്രകാശത്വം മുതലായവയും മേൽ പറയാൻപോകുന്ന രീതിയിൽ തന്നെ. ചിന്മയം എന്നതിനു ചിത്സ്വരൂപം എന്നർത്ഥം. ചമൽക്കാരം, ചിത്തവിസ്താരരൂപമായും വിസ്മയം എന്നു പേർ പറയുന്നതായും ഇരിക്കുന്ന ഒന്നാകുന്നു. അതാണു രസത്തിന്റെ സാരമെന്നു് എന്റെ പ്രപിതാമഹനും സഹൃദയഗോഷ്ഠീഗരിഷ്ഠകവിപണ്ഡിതമുഖ്യനുമായ ശ്രീമന്നാരായണപാദ

രാൽ പറയപ്പെട്ടിരിക്കുന്നു. അതിനെ 'ധർമ്മദത്തൻ' തന്റെ ഗ്രന്ഥത്തിൽ പാഠത്തിരിച്ചിരുന്നു—

'രസസാരത്വമിയിൽ സാരം
ചമൽക്കാരതയാകയാൽ
അത്ഭുതം തന്നെ സർവ്വത്ര
സാരമായുള്ളതാം രസം.

എന്നോതിടുന്നു സുധിയാം
നാരായണകവീശ്വരൻ.' എന്ന്.

കേചന, എന്നതിന്നു പൂർവ്വപുണ്യശാലികളായ ചിലർ എന്നു താൽപര്യം.

'പുണ്യവാന്മാരനുഭവിപ്പൂ
രസം യോഗികളെന്നപോൽ.'

എന്നു വിദ്വാന്മാരാൽ പറയപ്പെട്ടിട്ടുമുണ്ട്. 'കാവ്യസാരമറിഞ്ഞവർ ആനന്ദാസ്വാദമാം രസം' എന്നു പറയപ്പെട്ടിരിക്കുന്നപ്രകാരം ആസ്വാദം തന്നെയാണു രസം; അല്ലാതെ വേറെ ഒന്നല്ല, എന്നു പറയാം എങ്കിലും 'രസഃ സ്വാദ്യതേ—രസം ആസ്വദിക്കപ്പെടുന്നു.' എന്നു കല്പിതമായ ഭേദത്തെ അംഗീകരിച്ചിട്ടു കർമ്മകർത്തരിപ്രയോഗവുമുണ്ട്. അതിന്നു പ്രമാണം—'സ്വപ്രകാശാനന്ദസ്വരൂപത്വാൽ പ്രകാശശരീരാദനന്യ എവ ഹി രസഃ—ആസ്വാദത്തിൽ പ്രധാനമാകയാൽ പ്രകാശസ്വരൂപത്തിൽനിന്ന് അഭിന്നമായിട്ടുള്ളതുതന്നെയാണു രസം' എന്ന വചനമാകുന്നു. ഇതുപോലെയുള്ള മററു സ്ഥലങ്ങളിലും ഇങ്ങനെ ഉപചാരേണ പ്രയോഗമുണ്ടെന്നറിയേണ്ടതാകുന്നു.

എന്നാൽ ഇതുകൊണ്ടെല്ലാംകൊണ്ട്, അറിവാൻ കഴിയാത്തതാണ രസം എന്നു പറയപ്പെട്ടതായി വന്നിരിക്കുന്നു. വ്യഞ്ജന എന്നുള്ള ജ്ഞാനവിശേഷങ്ങൾകൊണ്ട് അവ തമ്മിലുള്ള (വ്യംഗ്യത്തിനും വ്യഞ്ജകത്തിനും) ഐക്യം വന്നുകൂടി. അതു ഹേതുവായിട്ട്—

'വ്യംഗ്യപ്രതീതിയുണ്ടാവാൻ
സ്വജ്ഞാനം ഹേതുവാകിലാ
കാര്യസിദ്ധിക്കുവിഷയോ-
ളുള്ളതാം വ്യഞ്ജകം മതം.

ഘടവും ദീപവും പോലെ
വ്യംഗ്യ വ്യഞ്ജകരീതിയും
കാര്യകാരിയിതെന്നുള്ള
വിശേഷം കാരകത്തിലും.'

എന്ന വചനപ്രകാരം ഘടവും ദീപവുംപോലെ വ്യംഗ്യവ്യഞ്ജകങ്ങൾ രണ്ടും രണ്ടുതന്നെ എന്നു വരുന്നതിനാൽ രസത്തിനു വ്യംഗ്യത്വം സിദ്ധിക്കുന്നതെങ്ങനെ എന്നാണെങ്കിൽ, പറഞ്ഞതു ശരിതന്നെ. ഇതു ഹേതുവായിട്ടുതന്നെയാണ്, (മുമ്പു ഇല്ലാത്ത വസ്തുവിനെ ഉണ്ടാക്കുക എന്ന) 'കൃതിയിൽനിന്നും, (മുമ്പേതന്നെയുള്ള വസ്തുവിനെ അറിയിക്കുക എന്ന) ജ്ഞപ്തിഭേദങ്ങളിൽനിന്നും ഭിന്നമായിട്ടുള്ള ഒന്നാണു സ്വാദനം എന്ന വ്യാപാരം' എന്നു പറഞ്ഞിരിക്കുന്നതു്. ഇതു ഹേതുവായിട്ടുതന്നെ രസനം, ആസ്വാദനം, ചമൽകരണം മുതലായ വ്യവഹാരങ്ങളും വേറെ വേറെ തന്നെയെന്നു വരുവല്ലോ. അഭിധാദിഭിന്നമായ വ്യാപാരത്തെ മാത്രം സാധിപ്പാൻ യത്നം ചെയ്യുന്ന ഞങ്ങൾ രസാദികൾ വ്യംഗ്യങ്ങളാണെന്നു പറഞ്ഞിട്ടുണ്ട്.

എന്നാൽ കരുണാദികളായ രസങ്ങൾ ദുഃഖമയങ്ങളാകയാൽ അവയ്ക്കു രസത്വം സംഭവിക്കയില്ല, എന്നു ശങ്കിച്ചു പറയുന്നു:—

സുഖം തന്നെ ഭവിക്കുന്നു
കരുണാദി രസത്തിലും
ധീമാന്മാർക്കുള്ളനുഭവം
പ്രമാണമതിൽ നിശ്ചിതം. ൪

കരുണാദി എന്നതിലെ ആദിശബ്ദംകൊണ്ടു ബീഭത്സഭയാന കാദികളും ഗ്രാഹ്യങ്ങളാകുന്നു. അപ്രകാരമാണെങ്കിലും സഹൃദയന്മാ രല്ലാത്തവരുടെ വാദത്തെപ്പൂർവ്വമാക്കി പക്ഷാന്തരത്തെ പറയുന്നു:—

എന്നല്ല, ദുഃഖകാരണങ്ങൾ
പാരമാനന്ദമാകുമോ?

ലൗകികങ്ങളായവയെപ്പോലെ അലൗകികങ്ങൾ ദുഃഖമുളവാക്കുവാൻ ഇരിക്കുന്നതല്ലല്ലോ. കരുണാദികളിലും എല്ലാവരും താൽപര്യത്തോ ടുകൂടി പ്രവർത്തിച്ചു കാണുന്നതിനാൽ അവയും സുഖമയങ്ങൾ തന്നെ.
ഇനി വേറെ ഒരു അനുപപത്തിയെ പറയുന്നു:—

ദുഃഖഹേതുക്കളാമവ-
ട്ടായാൽ രാമായണാദികൾ. ൭

കരുണരസം ദുഃഖജനകമാണെന്നു വന്നാൽ കരുണരസപ്രധാ നങ്ങളായ രാമായണാദി പ്രബന്ധങ്ങളും ദുഃഖകാരണങ്ങളാണെന്നു പറയേണ്ടിവരും.

എന്നാൽ പിന്നെ എങ്ങനെയാണ് ദുഃഖകാരണങ്ങളിൽനിന്നു സുഖമുണ്ടാകുന്നതെന്നു പറയുന്നു:—

ലോകസംശ്രിതമായുള്ള
ശോകഹർഷാദി കാരണം
ലോകത്തിലുളവാകട്ടെ
ശോകഹർഷാദിയൊക്കെയും. ൮

അലൗകികവിഭാവത്വാൽ
കാവ്യത്തിലവയൊക്കെയും

സുഖത്തെയുളവാക്കീടിൽ
ദോഷമെന്തിതിലുള്ളതു് ? ൧

'വനവാസാദികളായ ഇതെല്ലാം സംഗതികൾ ലോകത്തിൽ ദുഃഖകാരണങ്ങളാണെ'ന്നു പറയപ്പെടുന്നുവോ അവ തന്നെ കാവ്യത്തിലും നാട്യത്തിലും പ്രയുക്തങ്ങളായിരിക്കുമ്പോൾ അലൌകികമായ വിഭാവനവ്യാപാരം നിമിത്തം കാരണശബ്ദവാച്യതയെ വിട്ട് അലൌകികവിഭാവശബ്ദവാച്യതയെ പ്രാപിക്കുന്നു. അവയിൽനിന്നാകട്ടെ സുരതത്തിൽ ദന്താഘാതനഖപീഡനാദികളിൽനിന്നെന്നപോലെ സുഖം മാത്രമേ ഉണ്ടാകുന്നുള്ളൂ. ഇതു ഹേതുവായിട്ടു 'ലൌകികങ്ങളായ ശോകഹർഷാദികാരണങ്ങളിൽനിന്നു ലൌകികങ്ങളായ ശോകഹർഷാദികളുണ്ടാകുന്നു' എന്നുള്ള പ്രത്യേകനിയമം ലോകത്തിൽ മാത്രമേയുള്ളൂ. 'കാവ്യത്തിലാകട്ടെ എല്ലാ വിഭാവാദികളിൽനിന്നും സുഖമേ ഉണ്ടാകുന്നുള്ളൂ' എന്ന നിയമത്താൽ ഒരു ദോഷവുമില്ല. എന്നാൽ പിന്നെ കാവ്യത്തിലും നാട്യത്തിലും ഹരിശ്ചന്ദ്രാദികളുടെ കഥ കേൾക്കുമ്പോഴും കാണുമ്പോഴും കണ്ണീരൊഴുകുക മുതലായതു് എങ്ങനെ സംഭവിക്കുന്നു എന്നു പറയുന്നു:—

'സുഖത്താലുള്ളലിഞ്ഞശ്രു-
പാതാദികൾ ഭവിപ്പതും

എന്നാൽ കാവ്യത്തിൽനിന്നു് എല്ലാവർക്കും ഇത്തരം രസാസ്വാദം ഉണ്ടാകാത്തതെന്തുകൊണ്ടാണു് എന്നുള്ളതിനെപ്പറ്റി പറയുന്നു --

രസാനുഭവമുണ്ടാകാ
രസവാസനയെന്നിയേ. ൨

വാസനയെന്നതു് ഇജ്ജന്മത്തിലും പൂർവജന്മത്തിലും ഉള്ളതും രസാസ്വാദകാരണവും ആയിട്ടുള്ളതാകുന്നു. അതിൽ ഇജ്ജന്മത്തിലെ വാസനയില്ലെങ്കിൽ വലിയ ഓത്തന്മാർക്കും മൂത്തുമുരച്ച മീമാംസക

ദർശനം കൊണ്ടു രസാസ്വാദനം ഉണ്ടാകേണ്ടതാണ്. രസജ്ഞവാസനയില്ലെങ്കിൽ, രസികന്മാരാണെങ്കിലും ചിലർക്കു രസാനുഭവം കാണപ്പെടുന്നില്ല; അതു വരുവാൻ സംഗതിയില്ല.

അങ്ങനെ 'ധർമ്മദത്തൻ' പറഞ്ഞിട്ടുണ്ട്—

'സ്വദന്ത്യരാം വാസനാക്കാ-
രാസ്വാദിക്കും ഗുണങ്ങളെ;
അല്ലാത്തവരരങ്ങത്തെ-
കല്ലും മരവുമെന്നപോൽ.'

എന്നാൽ ലൗകികങ്ങളായ രത്യാദികളെ ജനിപ്പിക്കുന്ന കാരണങ്ങളെക്കൊണ്ടു സാമാജികന്മാർക്കു രത്യാദികളുണ്ടാകുന്നതു എങ്ങനെയെന്നാണെങ്കിൽ അതു പറയുന്നു:—

സാധാരണീകരണമെ-
ന്നൊരു വ്യാപാരമെന്നിഹ
വിഭാവാദികൾക്കതിൻ ശക്ത്യാ
സമുദ്രതരണാദിയാം ൯

നേതൃകാര്യം സദസ്യന്നും
തദ്ദേശോപപന്നമാം.

എന്നാൽ കേവലമനുഷ്യനായ സാമാജികന്നു സമുദ്രലംഘനാദികളിൽ ഉത്സാഹം ജനിക്കുന്നതെങ്ങനെയാണെന്നു ശങ്കിക്കുന്നുവെങ്കിൽ പറയുന്നു:—

സാധാരണ്യാഭിമാനത്താൽ
സമുദ്രതരണാദിയിൽ. ൧൦

ഉത്ഭവാദികൾ മർത്ത്യർക്കു-
മുണ്ടാകാം ദോഷമില്ലതിൽ

വിഭാവാദികൾക്കു നേതൃസഭ്യസാധാരണ്യമുള്ളതുകൊണ്ടുതന്നെയാണ രത്യാദികളും തോന്നുന്നതു് എന്നു പറയുന്നു:—

സാധാരണ്യതയാൽ തോന്നും
രത്യാദികളുമാവിധം. ൫൫

രത്യാദികൾ തന്നിൽ ഉള്ളതാണെന്നുള്ള പ്രതീതിയുണ്ടാകുന്നതിനാൽ സഭ്യന്മാർക്കു ലജ്ജാശങ്കാദികളുണ്ടാകും. അവ നായകനിൽ മാത്രമുള്ളവയാണെന്നു തോന്നിയാൽ സഭ്യന്മാർ രസിക്കുന്നതാകയില്ലെന്നു വരും.

വിഭാവാദികൾ അന്യരുടേതെന്നും, നായകന്റേതുപോലെയെന്നും തനിക്കുള്ളതെന്നും തോന്നും എന്നു പറയുന്നു:—

പരന്റെയാണെന്നല്ലെന്നും
എന്റെയാണെന്നല്ലെന്നും
വിഭാവാദിപരിച്ഛേദം
രസാസ്വാദത്തിൽ വന്നിടാ. ൫൬

അപ്രകാരമാണെങ്കിലും ഈ വിഭാവാദികൾക്കു് അലൗകികത്വം എങ്ങിനെയുണ്ടാകുന്നു എന്നാണെങ്കിൽ പറയുന്നു:—

വിഭാവനാദി വ്യാപാര-
മലൗകികമിരിക്കയാൽ
അലൗകികത്വമിവയിൽ
ഉണ്ടെന്താൻ ദോഷമറ്റതാം. ൫൭

വിഭാവനാദി എന്ന ശക്തിത്രയംകൊണ്ടു് അനുഭാവനം, സഞ്ചാരണം എന്നിവയെ ഗ്രഹിക്കേണ്ടതാകുന്നു. അതിൽ വിഭാവനം എന്നതു് രത്യാദികളെ വിശേഷേണ ആസ്വാദിപ്പാൻ തക്കവണ്ണം അനുഭാവസ്ഥയെ പ്രാപിപ്പിക്കുകയാകുന്നു. അനുഭാവനം എന്നതു് ഇങ്ങനെ ഉദ്ബുദ്ധങ്ങളായ രത്യാദികളെ ഉണർക്കുന്ന ആസ്വാദ്യരൂപമായി ഭവിപ്പിക്കുകയാകുന്നു. സഞ്ചാരണം എന്നതു് അങ്ങനെ ആസ്വാദ്യരൂപത്തെ പ്രാപിച്ചിരിക്കുന്ന അതിനെ നല്ലവണ്ണം സഞ്ചരിപ്പിക്കുക (ആസ്വാദനയോഗ്യമാക്കിത്തീർക്കുക) ആകുന്നു.

വിഭാവാദികൾ യഥാക്രമം കാരണങ്ങളും കാര്യങ്ങളും സഹകാരികളുമായിരിക്കയാൽ അവ മൂന്നും രസോല്പത്തിയ്ക്കു കാരണങ്ങളാകുന്നതെങ്ങനെയെന്നു പറയുന്നു:—

കാര്യകാരണസഞ്ചാരി-
രൂപം കൈക്കൊണ്ടിരിക്കിലും
രസോൽബോധേ കാരണതാം
വിഭാവാദികളേകമായ്. ൫൪

എന്നാൽ പിന്നെ രസാസ്വാദത്തിൽ അവയ്ക്കു് ഏകരൂപമായ പരിണാമം ഉണ്ടാകുന്നതെങ്ങനെയെന്നു പറയുന്നു:—

വിഭാവാദികൾ വെവ്വേറെ
മുമ്പേ തോന്നാതെയാകയും
ഐകരൂപ്യമവയൊന്നി-
ച്ചൊന്നായുളവാം രസം. ൫൫

സമൂഹമാലംബിക്കുന്ന
പ്രപാണകരസത്താൽ

ഖണ്ഡമരിചാദി (കൽക്കണ്ടം, കുരുമുളക മുതലായവ) കളുടെ സംയോജനംകൊണ്ടു രുചിവിശേഷത്തെപ്പോലെയുള്ള ഒരു സ്വാദു പ്രപാനകരസത്തിൽ യാതൊരുപ്രകാരം ഉണ്ടാകുന്നുവോ അപ്രകാരമുള്ള ഒരു സ്വാദ്, വിഭാവാദികളുടെ സംയോജനം നിമിത്തം രസത്തിലും ഉണ്ടാകുന്നു എന്നു താൽപര്യം.

എന്നാൽ വിഭാവാനുഭാവവ്യഭിചാരികളെല്ലാം കൂടി യോജിച്ചാൽ മാത്രമേ രസമാകയുള്ളു എങ്കിൽ പിന്നെ അവയിൽ ഒന്നോ രണ്ടോ ഉണ്ടായാലും രസമുണ്ടാകുന്നതെങ്ങനെ എന്നതിനെ പറയുന്നു:—

വിഭാവാദികളിലൊന്നോ
രണ്ടോ ചേർന്നുവെങ്കിലും ൧൩
അന്യത്തിൻ ബോധമുടനേ
വരുമ്പോൾ ദോഷമില്ലതിൽ

'അന്യത്തിൻ ബോധം' പ്രകരണാദി വൈശിഷ്ട്യംകൊണ്ടു വരുന്നതാണ്.

ഉദാഹരണം:—

'ദീർഘാക്ഷം ശരദിന്ദുകാന്തി വദനം
ബാഹൂ നതാവംസയോഃ
സംക്ഷിപ്തം നിബിഡോന്നതസ്തനമുരഃ
പാർശ്വേ പ്രമൃഷ്ടേ ഇവ
മദ്ധ്യഃ പാണിമിതോ നിതംബി ജഘനം
പാദാവുദഗ്രാംഗുലി
ഛന്ദോ നർത്തയിതുര്യഥൈവ മനസഃ
സൃഷ്ടം തഥാസ്യാ വപുഃ.

വക്ത്രം ചന്ദ്രാഭിരാമം, നീണ്ടിയ മിഴി, ഉരം
തോളിൽനിന്നൊട്ടു താണി,
ഉത്തുംഗം പൊങ്ങി മാർ തിങ്ങിന മുലകളുമി-
രണ്ടുമൊരേപോലുള്ള തുടകൾ
മധ്യം മുഷ്ടിഗ്രാഹ്യമാണിന്നു, പൃഥു ജഘനം, മൃദു-
ക്രമോന്നത പാദയുഗ്മം,
എന്നാലിപ്പോൾ നിനയ്ക്കുംവിധമിവളുടെ
രൂപമതി സൃഷ്ടിച്ചിരിപ്പൂ. (സ്ര.)

ഇപ്പദ്യം, മാളവികയെ കാമിക്കുന്ന അഗ്നിമിത്രൻ മാളവികയുടെ രൂപവിഭാവനം ചെയ്യുന്നതിനെ മാത്രം വർണ്ണിക്കുന്നതാണെങ്കിലും ഇവിടെ സഞ്ചാരികളായ ഔത്സുക്യാദികളും അനുഭാവങ്ങളായ നേത്രവിസ്ഫാരാദികളും ഔചിത്യത്താൽ തന്നെ ആക്ഷേപിക്കപ്പെടുന്നു. ഇപ്രകാരം വിഭാവത്തെ ഉന്നയിച്ചതിനും ഉദാഹരണം ഊഹ്യമാകുന്നു.

രസം അനുകാര്യഗതം (നായകനിഷ്ഠം) ആകുന്നു എന്നു പറയുന്നവരുടെ മതം ശരിയല്ലെന്നു പറയുന്നു:—

അല്പമായ് ലൗകികവുമാ-
യന്തരായാവഹമാകയാൽ (൨൭)

നായകൻ തന്റെ രത്യാദി-
ബോധം രസമതാവല്ലാ.

സീതാദിവിഷയമായിട്ടുള്ളതാകുന്ന രാമാദികളുടെ രത്യാദിബോധം, പരിമിതവും ലൗകികവും ആകയാലും കാവ്യങ്ങളും കാണുകയും കേൾക്കുകയും ചെയ്യുന്നതിനു വിഘ്നമുണ്ടാക്കുന്നതും ആകയാൽ എങ്ങനെ രസമായിത്തീരും. ഈ മൂന്നു ധർമ്മങ്ങളിൽ നിന്നും വിലക്ഷണ (ഭിന്ന) മായ മറ്റൊരു ധർമ്മമാണു രസത്തിനുള്ളത്.

അതുകൊണ്ടു് (൩൭) ശ്ലോകത്തെ ഭാഷാന്തരപ്പെടുത്തിയും നിര സിക്കുന്നു:—

രത്യാദിഭാവമഭ്യാസ-
പാടവാദികൾ കൊണ്ടുതാൻ. ൧൫
കെട്ടിയാടുന്ന നടനം
ഒന്നാമതായി കാണാവൂ.

അതുകൊണ്ടു്,

കാവ്യാർത്ഥഭാവനാം മൂല-
മിവനാം സഹൃദയനാം ൧൬

എന്നാൽ പിന്നെ നടനും കാവ്യാർത്ഥഭാവനകൊണ്ടു രസം രത്യാദിസ്ഥായിഭാവങ്ങളെ അഭിനയത്തിൽ അഭിപ്രായം അറിയുകയും സഹൃദയർ കൂട്ടത്തിൽ കണക്കാക്കാവുന്നതാകുന്നു.

രസം പ്രതീതിയില്ലാതി-
ല്ലതിനാൽ ജ്ഞേയമല്ലിതു്

ഘടാദിയായ ഏതെങ്കിലും ഒരു ജ്ഞേയപദാർത്ഥം ഉണ്ടെങ്കിലും ചിലപ്പോൾ അറിയപ്പെടാതെ വരുന്നതാം. എന്നാൽ ഇതു് (രസം) അങ്ങനെയല്ല; പ്രതീതി കൂടാതെ ഇതുണ്ടാകുന്നതല്ല.

വിഭാവാദിസമൂഹാലം-
ബനമാകയാൽ കാര്യമല്ലിതു്. ൨൦

രസം കാര്യമാണെങ്കിൽ, വിഭാവാദിജ്ഞാനമാകുന്ന കാരണത്തിന്റെ കാര്യമായിട്ടുതന്നെ ഇരിക്കേണ്ടതാണല്ലോ. അങ്ങനെയാണെങ്കിൽ രസപ്രതീതിയുണ്ടാകുന്ന സമയത്തു വിഭാവാദികളുടെ പ്രതീതിയുണ്ടാകുന്നതല്ല. കാരണജ്ഞാനവും അതിൽനിന്നുണ്ടാകുന്ന

കാൎയ്യങ്ങളൊന്നും ഒരു സഹൃദയന്നു രസിപ്പിക്കുന്നതായിരിക്കയില്ല. ചന്ദനസ്പൎശനാദിയും അതുകൊണ്ടുണ്ടാകുന്ന സുഖങ്ങളൊന്നും രസമായുള്ളതാകുന്നതല്ല. രസത്തിന്റെ പ്രതീതി, വിഭാവാദിസമൂഹാലംബനാസ്വാദകരായിട്ടുതന്നെയിരിക്കുന്നതിനാൽ വിഭാവാദികളൊന്നും അതിനു കാരണമല്ലെന്നഭിപ്രായം.

നിത്യമല്ലിതു, തൽപൂൎവ്വ
മാകില്ലാത്തതാകയാൽ
രസബോധം വരാത്തപ്പോ-
ളില്ലല്ലോ രസസത്തയും. ൨൧

നിത്യമായ വസ്തു അറിയാത്തപ്പോൾ ഉള്ളതായിരിക്കയില്ലല്ലോ.

ഭാവിയുമല്ലിതു; സാക്ഷാ-
ദാനന്ദമയപ്രകാശമാകയാൽ
കാൎയ്യത്തൊടുവിലക്ഷണ-
മാകയാലില്ല വൎത്തമാനതയും. ൨൨

വിഭാവാദിപരാമൎശാൽ
സ്പഷ്ടമായി രസങ്ങളാൽ
പരമാനന്ദസമ്പൂൎണ്ണം
രസം സംവേദ്യമാകയാൽ. ൨൩

രസജ്ഞാനകമാം ജ്ഞാനം
നിൎവ്വികല്പകമല്ലതാ
സവികല്പകസംവേദ്യ-
മല്ലനിൎവ്വാച്യമാകയാൽ. ൨൪

ഈ നാനാവിധത്തിലുള്ള ജ്ഞാനങ്ങൾക്കാണ് ഇന്നതു ഗ്രഹിക്കപ്പെടുന്നു എന്നു പറയുന്നതു. അവയാണല്ലോ നിർവ്വചനയോഗ്യങ്ങളായിരിക്കുന്നതു; രസം അങ്ങിനെയുള്ള ഒന്നല്ല.

പരോക്ഷമല്ല; സാക്ഷാൽക്കാ_
രത്തയാൽ; ശബ്ദസംഭവാൽ
രസപ്രകാശമപരോ_
ക്ഷവുമല്ലത്ര കേവലം. ൨. ൭

എന്നാൽ കീഴിൽ കേട്ടിട്ടും കണ്ടിട്ടുമില്ലാത്ത രീതിയിൽ നിരൂപണീയമായ ഇതിന്റെ തത്വം എങ്ങിനെയാണെന്നു പറയൂ, എന്നാണെങ്കിൽ പറയാം.

അതിനാൽ പരമാർത്ഥത്തി_
ലിതലൌകികമെന്നതാൻ
അറിയേണം രസത്തിൻ സ_
ത്തറിവാൻ കഴിവുള്ളവർ. ൨. ൮

എന്നാൽ അതുണ്ടെന്നുള്ളതിലേക്കു പ്രമാണമെന്തു് എന്നു പറയുന്നു:—

ചർവ്വണാഭിന്നമായോരി_
രസമുണ്ടെന്നതിന്നിഹ
വിശേഷചർവ്വണം തന്നെ
പ്രമാണം സർവ്വസമ്മതം. ൨. ൯

ചർവ്വണം = ആസ്വാദനം. അതു്, 'സ്വാദഃ കാവ്യാർത്ഥസംഭേദാദാത്മാനന്ദസമുദ്ഭവഃ = കാവ്യാർത്ഥസംഭേദത്താലുണ്ടാകുന്നതായ ആത്മാനന്ദമാണു സ്വാദമാകുന്നതു്' എന്നു പറയപ്പെട്ട പ്രകാരമുള്ളതുതന്നെ.

രസം കാൎയ്യമല്ല എന്ന പക്ഷത്തിൽ, 'വിഭാവാനുഭാവവ്യഭിചാരിസംയോഗാദ്രസനിഷ്പത്തിഃ' (വിഭാവം, അനുഭാവം, വ്യഭിചാരി ഇവയുടെ സംയോഗത്തിൽനിന്നാണു രസമുണ്ടാകുന്നതു്) എന്നിപ്രകാരം ലക്ഷണം ചെയ്തതു് എങ്ങനെയാണു് എന്നു പറയുന്നു:—

രസചൎവ്വണനിഷ്പത്തി-
യുണ്ടാകുന്നതു മൂലമായ്
ഉപചാരേണ ചൊല്ലുന്നു
രസനിഷ്പത്തിയെന്നിഹ. ൫൪

ചൎവ്വണവും രസവും ഭിന്നമല്ലാത്തതിനാൽ ചൎവ്വണത്തിനും കാൎയ്യതയില്ലെന്നിരിക്കിലും, അതിനു ചിലപ്പോൾ സംഭവിക്കുന്നതായി ലക്ഷണകൊണ്ടു തോന്നുന്ന കാൎയ്യത്വം ഹേതുവായിട്ടു കാൎയ്യത്വമുണ്ടെന്ന് ഉപചാരേണ കല്പിക്കപ്പെടുന്നു.

വ്യഞ്ജനത്തിൻ വിചാരത്തി-
ലവാച്യതാദി ചൊല്ലിടാം.

അവാച്യതാദി എന്നതിലെ ആദിശബ്ദംകൊണ്ടു് അലക്ഷ്യതാദികളെ ഗ്രഹിക്കണം.

എന്നാൽ മേല്പറഞ്ഞ രത്യാദികളാണു രസങ്ങൾ എങ്കിൽ പിന്നെയെങ്ങനെയാണു രസത്തിനു സ്വപ്രകാശത്വം സംഭവിക്കുന്നതു്? എങ്ങനെയാണു് അഖണ്ഡത്വം സംഭവിക്കുന്നതു്? എന്നുള്ളതിനെ പറയുന്നു:—

രത്യാദിജ്ഞാനതാദാത്മ്യ-
ത്തിൽനിന്നല്ലോ രസോത്ഭവം. ൫൫
രസത്തിനതിനാലുണ്ടാ-
മഖണ്ഡസ്വപ്രകാശതാ.

രത്യാദികൾ പ്രകാശശരീരത്തിൽനിന്ന ഭിന്നമാണെങ്കിൽ മാത്രമല്ലേ രസത്തിന സ്വപ്രകാശത്വം സിദ്ധിക്കാതിരിക്കയുള്ളു. രസത്തിന രത്യാദിതാദാത്മ്യമുണ്ടെന്ന സമ്മതിച്ചിരിക്കകൊണ്ട് അതങ്ങനെയല്ല.

'ചർവ്വണം എന്നതു ആസ്വാദ്യത്വം കൊണ്ടാണല്ലോ ഉണ്ടായത്. ചർവ്വണായുടെ കാര്യമല്ലെന്നതെങ്കിലും, അതിന വിഷയപ്പെട്ട കാര്യതാദൃങ്ങളെ കല്പിച്ച് ചർവ്വണാവേശവും സഹൃദയന്മാരുടെ പൂർവ്വവാസനാപരിണാമരൂപവുമായ രത്യാദിഭാവത്തിലും വ്യവഹാരമെന്ന താൽപര്യം' എന്നും—'രസത്തിന വ്യഭിചാരിതാദാത്മ്യമുണ്ടെന്ന സമ്മതിച്ചാൽ അങ്ങിനെ സിദ്ധാന്തമാക്കുന്നതിൽ വിരോധം വിഭാവാദികൾ ഉളവാക്കും ദിവ്യാവസ്ഥ സ്വപ്രകാശനിലയെ അവലംബിക്കാം' എന്നും—'തന്നിൽനിന്ന ഭിന്നമല്ലെങ്കിലും ആസ്വാദ്യമായ രത്യാദിതാദാത്മ്യത്തോടുകൂടി അതിന്റെ ഗോചരമായിട്ടാൽ അറിയപ്പെടുന്നു' എന്നും പ്രാമാണികവചനമുണ്ട്. ആനന്ദത്തിന സ്വപ്രകാശത്വമെന്നുള്ളതും അംഗീകരിക്കാവുന്നതാകുന്നു; വേദാന്തികൾ തന്നെ ആനന്ദ പ്രകാശിതമാകുന്നതാണ്. ആനന്ദതാദാത്മ്യംകൊണ്ടു തന്നെയാണ രസത്തിന അഖണ്ഡസ്വപ്രകാശത്വമുള്ളത്.

രത്യാദികളുടെ മദ്ധ്യത്തിൽ മാത്രമായിട്ട തോന്നുകയും പിന്നെ എല്ലാംകൂടി ഒന്നായിട്ട് അനുഭവപ്പെടുകയും ചെയ്യുമ്പോഴാണ രസതത്വത്തെ പ്രാപിക്കുന്നത്.

'വിഭാവാനുഭാവ-
വ്യഭിചാരിഭാവങ്ങൾ
സാത്വികങ്ങളുമായി
സ്ഥായിഭാവത്തെ...

ആസ്വാദ്യമായിട്ട്...
...

മൃതശരീരമായി-
ത്തുന്നാലുമുപേക്ഷിക്കില്ല.' എന്നും,

'പരകാര്യത്തിനായിട്ട് ഈ ദേഹം, ദേവാനാംപ്രിയനായ ശ്രവണമാത്രയാലെ അവശ്യമായിട്ടുള്ളതെന്നതിന് അറിയപ്പെടേണ്ടതാകുന്നു' എന്നും പ്രാമാണികവചനമുണ്ട്.

അനന്തരം വിഭാവാനുഭാവവ്യഭിചാരികളെന്നു് എന്തെല്ലാമെന്നു് അറിയേണ്ടതായി വന്നിരിക്കകൊണ്ടു് വിഭാവത്തെ പറയുന്നു:—

രത്യാദിജനകം ലോകത്തി-
ലുണ്ടാക്കുന്നവയേതുവോ
അവതന്നെ വിഭാവങ്ങൾ
കാവ്യനാട്യങ്ങളിൽ ചെല്ലും. ൩൦

ലോകത്തിൽ രാമാദികളിലുള്ള രത്യാദ്യവസ്ഥകളുടെ ഉത്പാദനത്തിനു കാരണങ്ങളായ സീതാദികൾതന്നെ കാവ്യത്തിലും നാട്യത്തിലും പ്രയോഗിക്കപ്പെടുമ്പോൾ വിഭാവങ്ങളെന്നു പറയപ്പെടുന്നു. 'സാമാജികന്മാരുടെ രത്യാദിഭാവങ്ങൾ ഇവയാൽ വിശേഷേണ ഭാവിപ്പിക്കപ്പെടുന്നു = ആസ്വാദനയോഗ്യങ്ങളാക്കിച്ചെയ്യപ്പെടുന്നു' എന്നു വ്യുത്പത്തി.

അതു 'ഭർത്തൃഹരി'യാൽ പറയപ്പെട്ടിട്ടുണ്ട്:—

'ശബ്ദസ്പർശാദികളുടെ
സുഖിത വിഷയങ്ങൾക്ക്
പ്രത്യക്ഷമായ്പ്പെടുമെന്നു
കല്പിപ്പൂ സാധനങ്ങളെ.' എന്ന്

ഇനി വിഭാവങ്ങൾക്കു രണ്ടുവിധം ഭേദമുള്ളതിനെ പറയുന്നു:—

ആലംബനാഖ്യമൊന്നു-
ദ്ദീപനാഖ്യമിതന്നൊ
രണ്ടുഭേദമതിന്നോതീ-
ട്ടുണ്ടു പണ്ടുള്ള പണ്ഡിതർ. ൩൧

അതിൽ—

രസോദ്ഗമത്തിന്നാലംബ-
ഭൂതമായിട്ടിരിക്കയാൽ
ആലംബനങ്ങളാകുന്നു
നായികാനായകാദികൾ. ൩൨

ആദിശബ്ദംകൊണ്ടു പ്രതിനായികാദികളെ ഗ്രഹിക്കണം. ഇവിടെ ഏതേതു രസത്തിന്റെ വിഭാവങ്ങൾ ഏതെല്ലാമാണെന്നു അതാതു രസത്തിന്റെ സ്വരൂപം വർണ്ണിക്കുമ്പോൾ പറയുന്നതാണ്.

നായകലക്ഷണത്തെ പറയുന്നു:—

ദാനശീലത വീരത്വം
ശ്രീമത്വം ച കുലീനത
സൌന്ദര്യം യൌവനം നല്ലൊ-
രുത്സാഹം ദാക്ഷ്യവും തഥാ. ൩൩

ലോകരഞ്ജനവും തേജ-
സ്സ്ഥൈര്യം വൈദഗ്ദ്ധ്യവും പുനഃ
സൌശീല്യമിവകളെന്നും
ചേർന്നവൻ നല്ല നായകൻ. ൩൪

ദാക്ഷ്യം, താൻ ചെയ്യേണ്ട കർമ്മങ്ങൾ വേഗത്തിൽ ചെയ്യുവാനുള്ള സാമർത്ഥ്യം.

ഇനി നായകഭേദങ്ങളെ പറയുന്നു:—

ധീരോദാത്തൻ ധീരോ-
　　ദ്ധതനും പിന്നീടു ധീരലളിതാഖ്യൻ
ധീരപ്രശാന്തനിങ്ങനെ
　　നാലായ്ച്ചൊല്ലുന്നു നായകന്മാരെ. ൰൭

അതിൽ ധീരോദാത്തൻ:—

ആത്മശ്ലാഘാവിമുഖൻ
　　ക്ഷമയുള്ളോനതികരുത്തു കൂടിയവൻ
ഗംഭീരൻ സ്ഥിരകർമ്മാ
　　ധീരോദാത്തൻ ദൃഢവ്രതൻ മാനി. ൰൮

ദൃഢവ്രതൻ, താൻ ഏറ്റ കാര്യം നിവൃത്തിക്കുന്നവൻ. മാനി, നിന്ദ്യകർമ്മങ്ങൾ ചെയ്യാത്തവൻ.

ശ്രീരാമൻ ധർമ്മപുത്രർ മുതലായവർ ധീരോദാത്തന്മാരാകുന്നു.

ഇനി ധീരോദ്ധതൻ:—

കപടപടു കോപശീലൻ
　　ചപലൻ ഞാൻ കേമനെന്ന ഗർവ്വുള്ളോൻ
ആത്മപ്രശംസ ചെയ്യുന്നോൻ
　　ധീരോദ്ധതനെന്നു ധീരർ ചൊല്ലുന്നു. ൰൯

ഭീമസേനാദികൾ ധീരോദ്ധതന്മാരാകുന്നു.

ഇനി ധീരലളിതൻ:—

ചിന്തകളൊന്നും കൂടാ-
തെന്നും ചാരിമൃദുലശീലനായ്ത്തന്നെ
കലകളിൽ മുഴുകിയിരിപ്പോ-
നേവനവൻ ധീരലളിതനായകനാം. ൩൭

കലകൾ, കൂത്ത്, പാട്ട്, ആട്ടം മുതലായവ.

'രത്നാവലി' മുതലായ നാടകങ്ങളിലെ വത്സരാജാദികൾ ധീരലളിതന്മാരാകുന്നു.

ധീരോദാത്താദികളുടെ
നായകരുടെ ലക്ഷണങ്ങളിൽ മുക്കാലും
ചേർന്നവനാം ദ്വിജാതിയി-
ലുൾപ്പെട്ടവർ ധീരശാന്തനായകരാം. ൩൮

'മാലതീമാധവാ'ദികളിലെ മാധവാദികൾ ധീരശാന്തന്മാരാകുന്നു.

ഇനി നായകന്മാർക്കു ശൃംഗാരാവസ്ഥയെ അനുസരിച്ചുള്ള ഭേദങ്ങളെ പറയുന്നു:—

ദക്ഷിണനും ധൃഷ്ടൻ പുന-
രനുകൂലൻ ശഠനെന്നവസ്ഥകളാൽ
ഇപ്പറഞ്ഞ നായകന്മാർ
പതിനാറുവിധത്തിലായ് ചമഞ്ഞിടും. ൪൦

ഇവിടെ ധീരോദാത്താദികളായ ഓരോ നായകന്മാരും ദക്ഷിണൻ, ധൃഷ്ടൻ, അനുകൂലൻ, ശഠൻ എന്ന നാല് അവസ്ഥാഭേദത്താൽ നായകന്മാർ പതിനാറുതരക്കാരായിത്തീരുന്നു.

പല തരുണിമാരിലൊപ്പം
രാഗമെഴുന്നോരുവനത്ര ദക്ഷിണനാം.

രണ്ടോ മൂന്നോ നാലോ അതിലധികമോ നായികമാരിൽ തുല്യപ്രേമമുള്ളവൻ ദക്ഷിണനായകനാകുന്നു.

ഉദാഹരണം:—

സ്നാതാ തിഷ്ഠതി കുന്തളേശ്വരസുതാ,
വാരോംഗരാജസ്വസുഃ.
ദ്യൂതേ രാത്രിരിയം ജിതാ കമലയാ,
ദേവീ പ്രസാദ്യാദ്യ ച
ഇത്യന്തഃപുരസുന്ദരീഃ പ്രതി മയാ
വിജ്ഞായ വിജ്ഞാപിതേ
ദേവേനാപ്രതിപത്തിമൂഢമനസാ
ദ്വിത്രാഃ സ്ഥിതം നാഡികാഃ.

അർത്ഥം:— കുന്തളരാജപുത്രി ഇന്ന് ഋതുസ്നാനം ചെയ്തിരിക്കുന്നു. അംഗരാജപുത്രിക്ക് ഇന്ന് ഊഴപ്രകാരമുള്ള ദിവസമാണ്. കമല ചൂതുകളിയിൽ ജയിച്ച് ഇന്നത്തെ രാത്രി കൈവശപ്പെടുത്തിയിരിക്കുന്നു. ഇന്ന് ദേവിയുടെ പ്രണയകലഹം തീർത്ത് പ്രസാദിപ്പിക്കയും വേണം. ഇങ്ങനെ അന്തഃപുരസ്ത്രീകളുടെ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ചു ഞാൻ അറിയിച്ചപ്പോൾ 'സ്വാമി ഇതികർത്തവ്യതാമൂഢനായിട്ട് രണ്ടുമൂന്നു നാഴിക നിന്നുപോയി.

അപരാധത്തിൽ ശങ്കാ-
തർജ്ജനപാതികൾ നാണമില്ലാതെ

തെറ്റു തെളിഞ്ഞാൽ പൊളികൊ-
ണ്ടില്ലെന്നോതുന്ന നായകൻ ധൃഷ്ടൻ.

ഉദാഹരണം:—

ശ്യാമനാം വീക്ഷ്യ കൃഷ്ണം വിദ്യുദ്ബിംബിതമേഘം
യാതസ്സമീപം തതഃ
പാദേന പ്രസൃതം തയാ സപദി തം
പ്രത്യാസന്നോസി മയി
കിംചിന്നത്യ വിപാണ്ഡുകർണ്ണതയാ
ബോദ്ധും ന്യൂനമശക്യമസ്സൌ!
ധ്യാതഃ സ്യാത്മതയാ കൗതുകം വിതനുതേ
ഗോപാംഗനാ/പി നാഥഃ.

ആദ്യം കണ്ടു പുഴനു ഞാൻ മുകിലവ—
നായിട്ടുമിന്നൽ വിയത്ത്
കാൽകൊണ്ടൊന്നു ചവിട്ടിനാളവളുടൻ
ഒട്ടി ഞാൻ ചിരിച്ചീടവേ
ഒന്നേ മെല്ലെത്തൊട്ടു നിനാല കള—
ഞ്ഞാനോ തോഴീ! പാൽക്കടലുള്ള്.
തീരുമ്പോഴും കോപവും കഴിഞ്ഞ് കേ
ട്ടാർന്ന കൊതുകലം.

(സ്വ.)

അനുകൂലനായ നായക—
നൊരുനായികതന്നിൽ മാത്രമനുരക്തൻ ദൃഢം

ഉദാഹരണം:—

അസ്മാകം സഖി! വാസസീ ന രുചിരേ,
ഗ്രൈവേയകം നോജ്ജ്വലം,
നോ വക്രാ ഗതി,രുദ്ധതം ന ഹസിതം,
നൈവാസ്തി കശ്ചിന്മദഃ,

കിന്ത്വന്യേƒപി ജനാ വദന്തി സുഭഗോƒ-
പ്യസ്യാഃ പ്രിയോ നാന്യതോ
ദൃഷ്ടിം നിക്ഷിപതീതി വിശ്വസിമഹേ
കന്യാഗസ്യ ഗതിം.

വണ്ടുകൾ മൊഴികളല്ലതിനു, നിതാന്ത-
പ്പൂന്തേൻ കണ്ടതിലില്ലിപ്പൊ-
ളിഷ്ടത്തിൽ ചിരിയില്ല, വക്രഗതിയി-
ല്ലിപ്പോളൊട്ടു കടാക്ഷവും
ഇന്നാളും സുഭഗൻ പ്രിയൻ കൈ സദാ
മനമാകില്ല മറ്റൊരാളോടാ-
ന്യഭാവമായൊപ്പം, ഭവതിയെങ്ങനാ
വിശ്വാസമുണ്ടാക്കുകയില്ലയോ?
(സ്വ.)

ഇതുപോൽ നായികമാരിലു-
മൊതുപോലെ പുറത്തുകാട്ടുമനുരാഗം
ചെറുതാം പ്രേമമൊതുക്കിയിൽ,
മറവുള്ളിൽ ശോഭിക്കുമവൻ ശാന്തം. ൪൩.

അർത്ഥം സൂക്ഷ്മം.

ഉദാഹരണം—

ശാന്തസ്യസ്യാഃ കാഞ്ചീമണികിണിതമാകർണ്ണ്യ സദ്യഃ
യദാലിംഗ്യന്നേവ പ്രശിഥിലഭുജഗ്രന്ഥിരഭവൽ
തദേതൽകാന്താ ചരിതം പ്രേതകധുകയതച്ച് വൈശ്രവചോ.
വിദഗ്ദ്ധാനാമൊന്നുന്നതി കിമപി ന ശഖീ ക ഗണയതി.

കറാവൾത്തള കാഞ്ചീഗുണമണികിണിതം
കേട്ടു പൊട്ടുന്ന കെട്ടി

കെട്ടിപ്പുണർന്നിരിക്കുമ്പൊഴുതു കാമിനി.
ച്ചിട്ടനി യിട്ടുകാഞ്ചം
പ്രേമഭാരതന്റെ ഹാ! മാധുര്യമധുരമതും
വാങ്ങിടാതെയായിതേവരാൽ
ശങ്കിപ്പാനം മനങ്ങളും മറ സംവിധാനം.
നിദ്രയിതിൽ നിശ്ചലപോലും.

(സാ.)

ഇപ്പറഞ്ഞ നായകന്മാർ-
ഉത്തമമധ്യാധമഭേദത്താൽ
ഓരോന്നു മൂന്നുവിധമായ്
നാല്പത്തെട്ടെന്നു ചൊല്ലി പണ്ടുള്ളോർ. ൪൪

ഇപ്പറഞ്ഞരീതിയിൽ പറഞ്ഞ പതിനാറുവിധങ്ങളിലുള്ള.

ഇനി പ്രസംഗവശാൽ ഈ നായകന്മാരുടെ സഹായകന്മാരെ പറയുന്നു:-

വളരെപ്പരന്നതായി
പ്രാസംഗികമായുള്ളൊരിതിവൃത്തേ
നായകനിലൊട്ടു താഴെ
സഹായനാകുന്നു പീഠമർദ്ദാഖ്യൻ. ൪൫

വളരെപ്പരപ്പുള്ളതും പ്രസംഗത്തിനനുസരിച്ചുള്ളതുമായ നായകന്റെ ചരിതത്തിൽ, മുൻപറഞ്ഞ നായകസഹായകന്മാരുടെ ഗണങ്ങളിൽ അല്പം കുറഞ്ഞവനായ ഒരു സഹായനാകുന്നു പീഠമർദ്ദൻ.

ഉദാഹരണം:— ശ്രീരാമാദികൾക്കു സുഗ്രീവാദികൾ പീഠമർദ്ദന്മാരാകുന്നു.

ഇനി ശൃംഗാരത്തിലെ സഹായന്മാരെ പറയുന്നു:—

ശൃംഗാരത്തിൽ, വിദൂഷക-
 വിടചേടാദികൾ സഹായരാകുന്നു
നായികമാരുടെ കോപം
 തീർപ്പവർ നർമ്മജ്ഞർ ശുദ്ധർ ഭക്തന്മാർ. ൯൩

നർമ്മശബ്ദംകൊണ്ടു കാലംകഴിക്കുന്നവർ, വസ്ത്രം അലക്കുന്നവർ, പൂക്കാരനെപ്പോലുള്ളവർ, കളിപ്പിക്കുന്നവർ മുതലായവരെ ഗ്രഹിക്കണം.

അതിൽ വിടന്റെ ലക്ഷണം:—

സമ്പൽസുഖമില്ലാത്തോൻ
 ധൂർത്തൻ വിടനൊട്ടു കലകളറിയുന്നോൻ
ശൃംഗാരവേഷകുശലൻ
 വാക്‌പടു സുഭഗൻ സുസമ്മതൻ സഭയിൽ.

ചേടൻ, പ്രേഷ്യജനങ്ങൾ പ്രസിദ്ധനായിട്ടുള്ളവൻ തന്നെ.

വികൃതവേഷവാക്കാ-
 ദികളാൽ ഹാസ്യൻ വിദൂഷകൻ പാരം
കലഹരതി, കർമ്മകുശലൻ
 കുസുമവസന്താദിയായ പേർ പൂണ്ടോൻ. ൯൪

കർമ്മകുശലൻ = ഭക്ഷ്യാദിയിൽ ചതുരൻ.

ഇനി അർത്ഥചിന്തനത്തിൽ സഹായനെ പറയുന്നു:—

അർത്ഥവിചാരത്തിങ്കൽ
 സഹായനായുള്ളവൻ മന്ത്രി.

അൎത്ഥങ്ങൾ, തന്ത്രാവാപാദികൾ, (സ്വരാജ്യത്തിൽ പ്രയോഗിക്കുന്ന കൎമ്മം തന്ത്രം; പരരാജ്യത്തിൽ പ്രയോഗിക്കുന്നതു് ആവാപം) ഇവിടെ സഹായന്മാരെ പറയുന്ന ഘട്ടത്തിൽ—'മന്ത്രീ സ്വം വോഭയം വാപി സഖാ തസ്യാൎത്ഥചിന്തനേ' (മന്ത്രിയോ താനോ രണ്ടുപേരുംകൂടിയോ അവന്റെ അൎത്ഥചിന്തനത്തിൽ സഹായമാകുന്നു) എന്നു് ഒരാൾ ലക്ഷണം ചെയ്തിരിക്കുന്നു. അതു രാജാവിന്റെ അൎത്ഥചിന്തനോപായങ്ങളെ നിൎദ്ദേശിക്കുന്ന പ്രകരണത്തിൽ പറയേണ്ടതാണ്. സഹായന്മാരെ പറയുന്ന പ്രകരണത്തിൽ പറയേണ്ടതല്ല. 'നായകസ്യാൎത്ഥചിന്തനേ മന്ത്രീ സഹായഃ' (നായകന്റെ അൎത്ഥചിന്തനത്തിൽ മന്ത്രി സഹായനാകുന്നു) എന്നു പറഞ്ഞിരിക്കുന്നതിലും 'നായകസ്യ' എന്നതു് അൎത്ഥസിദ്ധമാകയാൽ വേറെ പറയേണ്ടതില്ല. 'മന്ത്രിണാ ലളിതഃ ശേഷാ മന്ത്രിസ്വായത്തസിദ്ധയഃ' (ലളിതൻ മന്ത്രിയാൽ, മന്ത്ര്യായത്തസിദ്ധികൾ മറ്റവർ' എന്നിങ്ങനെയുള്ള മറ്റൊരാളുടെ വചനം; അതും യുക്തമല്ല. തന്റെ ലക്ഷണം പറയപ്പെട്ടിരിക്കുന്നതിൽ നിന്നുതന്നെ ധീരലളിതൻ അൎത്ഥചിന്ത മന്ത്രിക്കധീനമാക്കിവെച്ചിരിക്കുന്നവനാണെന്നു സിദ്ധാൎത്ഥമാകുന്നു. ധീരലളിതനു് അൎത്ഥചിന്താദികളില്ലാത്തതുകൊണ്ടു് അവനു മന്ത്രി അൎത്ഥചിന്തനത്തിൽ സഹായനല്ല. താൻതന്നെ അൎത്ഥസാധകനാണു്.

ഇനി അന്തഃപുരസഹായന്മാരെ പറയുന്നു.

അന്തഃപുരത്തിൽ വാമനർ
ഷണ്ഡന്മാരും കിരാതരും മ്ലേച്ഛർ ര്ൻ

ആഭീരശകാരന്മാർ
കുബ്ജാദികളും സഹായരാകുന്നു.
മിത്രവും ഭൂപതിയും ഭൂ–
ത്തളിമാനം പൂണ്ടവൻ കലം കെട്ടോൻ ൩൦

സമ്പന്നൻ വേൾക്കാത്തവ-
നരചന്നളിയൻ ശകാരനെന്നവനാം.

കുബ്ജാദികൾ എന്നതിലെ ആദിശബ്ദംകൊണ്ടു മൂകാദികളെ ഗ്രഹിക്കണം. ഷണ്ഡവാമനകിരാതകുബ്ജാദികൾക്കു 'രത്നാവലി'യിൽനിന്നു് ഉദാഹരണം:—

'നഷ്ടം വർഷവരൈർമ്മനുഷ്യഗണനാ-
ഭാവാദപാസ്യ ത്രപാം
അന്തഃ കഞ്ചുകികഞ്ചുകസ്യ വിശതി
ത്രാസാദയം വാമനഃ
പര്യന്താശ്രയിഭിർന്നിജസ്യ സദൃശം
നാമ്നഃ കിരാതൈഃ കൃതം
കുബ്ജാ നീചതയൈവ യാന്തി ശനകൈ-
രാത്മേക്ഷണാശങ്കിനഃ'

ഒളി വർഷവരൻ മനുഷ്യരിലെണ്ണ-
ക്കാണാതിട്ടു നാണം വിനാ,
പേടിച്ചൊരായ കഞ്ചുകത്തിനകമേ
ആഴ്ന്നിതാ വാമനൻ,
ദൂരെപ്പോയി കിരാതർ തങ്ങളുടെ നാ-
മാർത്ഥത്തിനൊപ്പിച്ചുതാ,-
നാരും കാണായ്കെന്നു കുബ്ജർ കുനി-
ഞ്ഞിഗ്ഗമിക്കുന്നിതാ.

(സ്വ.)

ശകാരൻ മൃച്ഛകടികാദികളിൽ പ്രസിദ്ധൻ. മററുള്ളവരെയും ഈവക ഗ്രന്ഥങ്ങളിൽ നോക്കിയാൽ കാണാം.

ഇനി ദണ്ഡസഹായന്മാരെ പറയുന്നു:—

ബന്ധുക്കളായിരിപ്പോർ
സാമന്തന്മാർ കുമാരകന്മാരും ൪൧

കാടന്മാർ സൈനികരും
ദണ്ഡത്തിങ്കൽ സഹായരാകുന്നു.

ദണ്ഡം = ദുഷ്ടനിഗ്രഹം.

ഇനി ധർമ്മസഹായന്മാരെ പറയുന്നു:—

ഋത്വിക്കുകളായുള്ളോർ
പുരോഹിതന്മാരുമപ്രകാരംതാൻ ൪൨

ബ്രഹ്മജ്ഞന്മാർ താപസന്മാർ
ധർമ്മത്തിങ്കൽ സഹായകന്മാരാം.

ബ്രഹ്മജ്ഞന്മാർ=വേദം അറിയുന്നവർ; അല്ലെങ്കിൽ ആത്മജ്ഞാനികൾ.

ഇവരിൽ—

പീഠമർദ്ദിയായുള്ളോൻ
ഉത്തമന്മാർകളായ്സ്മൃതം ൪൩

അതിശയംകൊണ്ടു മന്ത്രിപുരോഹിതാദികളെ ഗ്രഹിക്കണം.

വിടൻ വിദൂഷകനിവർ
മദ്ധ്യമന്മാർകളായ്സ്മൃതം

ശകാരചേടാദികളാ-
യുള്ളോരധമരായവർ. ൧൮

ഉദാഹരണങ്ങൾ കണ്ടു നായികാനായകൻമാരുടെ കവിതകളിൽനിന്നു സ്വയമായിത്തന്നെ ഗ്രഹിക്കണം.

ഇനി പ്രസംഗവശാൽ ദൂതന്മാരെ, അവരുടെ ഭേദങ്ങളെക്കൊണ്ടു തന്നെ ലക്ഷണവിഭാഗങ്ങളും സിദ്ധിക്കുന്ന വിധത്തിൽ പറയുന്നു:—

നിസൃഷ്ടാർത്ഥൻ മിതാർത്ഥൻതാൻ
സന്ദേശഹരനിങ്ങനെ
കാര്യങ്ങൾക്കയയ്ക്കപ്പെടും
ദൂതദൂതികൾ മൂവിധം. ൧൯

ഇതിൽ 'കാര്യങ്ങൾക്കയയ്ക്കപ്പെടുന്ന' എന്നതു ദൂതന്മാരുടെ ലക്ഷണം.

അതിൽ—

രണ്ടുപേരുടെയും ഭാവ-
മറിഞ്ഞുത്തരമോതിടും
കാര്യം താനായ് നടത്തിടും
'നിസൃഷ്ടാർത്ഥ'നവൻ മുഖ്യം. ൨൦

രണ്ടുപേരുടെയും എന്നതിന് ആര് അയച്ചുവോ അവന്റെയും, ആരുടെ അടുക്കൽ താൻ ചെല്ലുന്നുവോ അവന്റെയും എന്നർത്ഥം.

മിതാർത്ഥൻ കാര്യസാരത്തെ
ചുരുക്കിപ്പറയുന്നവൻ

ചൊല്ലിവിട്ടതതേമട്ടിൽ
ചൊൽവോൻ സന്ദേശഹാരകൻ. ൫൭

അനന്തരം സാത്ത്വികനായകൻ്റെ ഗുണങ്ങളെ പറയുന്നു:—

ശോഭാ വിലാസം മാധുര്യം
ഗാംഭീര്യം ദീപ്തി ധീരതാ
ലാളിത്യമൌദാര്യമെട്ടു-
ഗുണം സാത്ത്വികപൌരുഷം. ൫൮

അതിൽ—

ശൌര്യം ദക്ഷത സത്യം
വലുതാമുത്സാഹശീലമനുരാഗം
എളിയവരിൽദ്ദയ വമ്പരിൽ
മാത്സര്യം 'ശോഭ'യെന്നിതിവയെല്ലാം. ൫൯

അനുരാഗത്തിനുദാഹരണം:—

'അഹമേവ മതോ മഹീപതേ-
രിതി സർവ്വഃ പ്രകൃതിഷ്വചിന്തയത്
ഉദധേരിവ നിമ്നഗാശതേ-
ഷ്വഭവന്നാസ്യ വിമാനനാ ക്വചിത്.'

ഇവനേ ധരണീന്ദ്രനിഷ്ടനെ-
ന്നവനും തോന്നി,യൊരാൾക്കുമപ്രിയം
അവനേകിയതില്ല, നിമ്നഗാ-
നിവഹത്തിനു പയോധിമാതിരി.

(കുണ്ടൂർ നാരായണമേനോൻ.)

ഉദ്ധതന്റെ മാതൃകയും കണ്ടുകൊൾക.

ഇനി വിലാസത്തെ പറയുന്നു:—

ലക്ഷ്യത്തിങ്കലുറച്ചുള്ള
നോട്ടവും ഗതിഭംഗിയും
ചിരിച്ചുകൊണ്ടുരച്ചീടും
വാക്കും ചേർന്നാൽ 'വിലാസ'മാം. ൬൩

ഉദാഹരണം:—

'ദൃഷ്ടിസ്തൃണീകൃതജഗത്ത്രയസത്വസാരാ
ധീരോദ്ധതാ നമയതീവ ഗതിർദ്ധരിത്രീം
കൗമാരകേപി ഗിരിവദ്ഗുരുതാം ദധാനോ
വീരോ രസഃ കിമയമേത്യുത ദർപ്പ ഏവ.'

നോട്ടം പുല്ലായ്ഗണിക്കുന്നിതു സകലജഗൽ
സത്വസാരത്തെ നൂനം
ധാർഷ്ട്യംപൂണ്ടിട്ടൊപ്പുള്ളതു ഗതി ധരയെ
താഴ്ത്തുമാറെന്നു തോന്നും
കുട്ടിക്കാലത്തുപോലും ഗിരിയൊടു സമമാം
ഗൌരവത്തോടുകൂടി
പ്പെട്ടന്നിങ്ങോട്ടു പോരുന്നതു ശിശുവിവനോ
വീരമോ ഗർവ്വമാണോ?

(സി. സി. മന്നാടിയാർ.)

'മാധുര്യം', ക്ലേശമില്ലാത്ത
ആപത്തുകൾ വരുമ്പൊഴും.

ഉദാഹരണം ഊഹിച്ചുകൊൾക.

'ഗാംഭീര്യം', നിർവ്വികാരത്വം
ശോകക്രോധഭയാദിയാൽ. ൬൭

ഉദാഹരണം:—

'ആഹൂതസ്യാഭിഷേകായ
വിസൃഷ്ടസ്യ വനായ ച
ന മയാ ലക്ഷിതസ്തസ്യ
സ്വല്പോപ്യാകാരവിഭ്രമഃ.'

പട്ടം കെട്ടാൻ വിളിച്ചന്നും
കാട്ടിലേക്ക വിട്ടപ്പോഴും
ഒട്ടും വികാരഭേദം
പെട്ടതായ്ക്കണ്ടതില്ല ഞാൻ.

(സ്വ.)

വലുതായിട്ടുള്ള വിഘ്നം
വന്നു ചേരുന്നതാകിലും
[illegible]കിടാതെ
[illegible] ധൈര്യമാം. ൬൮

ഉദാഹരണം:—

'ശ്രുതാപ്സരോഗീതിരപി ക്ഷണേഽസ്മിൻ
ഹരഃ പ്രസംഖ്യാനപരോ ബഭൂവ
ആത്മേശ്വരാണാം ന ഹി ജാതു വിഘ്നാഃ
സമാധിഭേദപ്രഭവോ ഭവന്തി.'

അപ്സരഃകിന്നരഗീതികേട്ടു-
മന്നേരവുമീശനശേഷദീക്ഷൻ
തനിക്കുതാൻ നായകരാകുവോർക്കു
സമാധിവിഘ്നങ്ങളൊരിക്കലുണ്ടോ?

(എ. ആർ. തമ്പുരാൻ)

ശത്രുപ്രയുക്തമായുള്ള
നിന്ദാക്ഷേപാദിദൂഷണം
മരിച്ചാലും പൊറുക്കാത്ത
'തേജസ്സെ'ന്നോതിടുന്നതാം. ൬൩

വാഗ്വേഷങ്ങളിൽ മധുരത
'ലലിതം' ശൃംഗാരചേഷ്ടിതം തദ്വൽ
നന്മൊഴിച്ചൊല്ലിദ്ദാനം
മിത്രാദികളിൽ സമതാ'മൗദാര്യം'. ൬൪

ഇവയെല്ലാം ഉദാഹരണങ്ങളെ ഊഹിച്ചറിഞ്ഞുകൊൾക.

ഇനി നായികാഭേദങ്ങളെ പറയുന്നു.

നായകസാമാന്യഗുണം
നായികമാർക്കൊത്തവണ്ണമുള്ളവരായ്
സ്വാ,ന്യാ,സാധാരണയെ-
ന്നിങ്ങനെമൂന്നാണു നായികാഭേദം. ൬൫

നായിക, നായകന്റെ സാമാന്യഗുണങ്ങളിൽ നായികക്കു യോഗ്യങ്ങളായ ത്യാഗാദിഗുണങ്ങളോടുകൂടിയവളാകുന്നു. സ്വസ്ത്രീ,

പരസ്ത്രീ, സാധാരണസ്ത്രീ എന്നു നായികമാർ മൂന്നു വിധത്തിലാകുന്നു.

അതിൽ സ്വസ്ത്രീ—

വിനയമൃജുത്വം തൊട്ടവ,
ഗൃഹകർമ്മത്തിങ്കലേററവും ശ്രദ്ധ,
പാതിവ്രത്യത്തിലുറ—
പ്പെന്നിവയുണ്ടാം, സ്വകീയനായികയിൽ.

ഉദാഹരണം:—

ലജ്ജാപജ്ജത്തപസാഹ-
ണാഇം പരഭത്തിണിപ്പിവാസാഇം
അവിണഅദുമ്മേധാഇം
ധണ്ണാണ ഘരേ കളത്താഇം.
ലജ്ജാപര്യാപ്തപ്രസാ-
ധനാനി പരഭർത്തൃനിഷ്പിപാസാനി
അവിനയദുർമ്മേധാംസി
ധന്യാനാം ഗൃഹേ കളത്രാണി. (ഛായാ)

ലജ്ജകൊണ്ടലങ്കരിച്ചോരാഭരണരാം
ത്തുൾപ്പിപാസകളണച്ചിടാതെയും
ദുസ്ഥിതമറിയാതിടാതെയും
ധന്യഗേഹത്തിലുള്ള ഭാര്യമാർ.

(സ്വ)

മുഗ്ദ്ധയെന്നു മദ്ധ്യ പിന്നെ
പ്രഗൽഭയെന്നിസ്വകീയനായികതാൻ
തന്നെയവസ്ഥാഭേദാൽ
നിർദ്ദേശിക്കപ്പെടുന്നു മൂന്നുവിധം. ൩൬

അതിൽ—

യൌവനമദനവികാരം
　　മുളച്ചു, രതിസക്തിയധികമില്ലാതെ,
നാണം കലർന്നിരി, മാനം
　　മതിയാണെന്നാർന്നവളവൾ 'മുഗ്ദ്ധ.' ന്യവ

അതിൽ ആരൂഢയൌവനയായ നായികക്കുദാഹരണം:—

മധ്യസ്യ പ്രഥിമാനമേതി ജഘനം
　　വക്ഷോജയോർന്നമ്രതാ
ദൂരം യാത്യുദരം ച രോമലതികാ
　　നേത്രാർജ്ജവം ധാവതി
കന്ദർപ്പം പരിവീക്ഷ്യ നൂതനമനോ-
　　രാജ്യാഭിഷിക്തം ക്ഷണാ-
ദംഗാനീവ പരസ്പരം വിദധതേ
　　നിർല്ലുണ്ഠനം സുഭ്രുവഃ.'

മധ്യത്തിന്റെ വലിപ്പമാർന്നു ജഘനം,
　　വക്ഷോജകാർശ്യം തഥാ
കുക്ഷിക്കായ്, നയനാർജ്ജവത്തെ വശമാ-
　　ക്കീടുന്നു രോമാളിയും,
കാമൻ നൂതനപട്ടമേറിയ മനോ-
　　രാജ്യത്തിലന്നേരമങ്ങൾ
വാമാക്ഷിക്കെഴുമംഗസംഘമതി ഉണ്ണം
　　ഒക്കമാറിയോ തങ്ങളിൽ.

(സു)

കാമവികാരം ആരംഭിച്ച നായികക്കുദാഹരണം:—

ദത്തേ സാലസമന്ഥരം ഭുവി പദം,
    നിര്യാതി നാന്തഃപുരാ-
ന്നോദ്ദാമം ഹസതി, ക്ഷണാൽ കലയതേ
    ഹ്രീയന്ത്രണാം കാമപി
കിഞ്ചിൽ ഭാവഗഭീരവക്രിമലവ
    സ്പൃഷ്ടം മനാഗ് ഭാഷതേ
സഭ്രൂഭംഗമുദീക്ഷതേ പ്രിയകഥാ-
    മുല്ലാപയന്തീം സഖീം.[2]

മന്ദം ഭംഗിയിൽവച്ചുമയ്യവച്ചും പദം,
    മച്ചിന്നകം വിട്ടിറ-
ങ്ങില്ലുറെച്ചിരിയില്ല, ലജ്ജ പെരുതാം
    സങ്കോചമുണ്ടെപ്പൊഴും,
അല്പം ചിന്തവികാരസൂചനയൊടേ
    യെല്ലാനു മൊഴിയും വള-
ച്ചുന്നേച്ചില്ലി ചുളിച്ചു കാന്തകഥചൊ-
    ല്ലും തോഴിയെ നോക്കിടും.

(സ.പു)

രതിവാമയായ നായികക്കുദാഹരണം:—

ദൃഷ്ടാ ദൃഷ്ടിമധോ ദദാതി, കുരുതേ
    നാലാപമാഭാഷിതാ,
ശയ്യായാം പരിവൃത്യ തിഷ്ഠതി, ബലാ-
    ദാലിംഗിതാ വേപതേ,
നിര്യാന്തീഷു സഖീഷു വാസഭവനാ-
    ന്നിർഗ്ഗന്തുമേവേഹതേ
ജാതാ വാമതയൈവ സമ്പ്രതി മമ
    പ്രീത്യൈ നവോഢാ പ്രിയാ.[3]

ഞാൻ നോക്കീടിൽ നിലത്തുനോക്കു, മുരിയാ-
ടില്ലെന്നു ചോദിക്കിലും,
പിൻനോക്കീട്ടു കിടക്കു,മെന്നെ സുഖമായ്
പുണരാൻ വിറയ്ക്കും ബലാൽ,
പിന്നത്തോഴികൾ പോകിൽ വാസഭവനം
വിട്ടീടുവാൻ നോക്കു,മൊ-
ട്ടന്നാൾവക്രതകൊണ്ടുതന്നെ സുഖമേ-
കുന്നു നവോഢപ്രിയാ.

(സ.1)

പ്രണയകലഹത്തിന് ദാർഢ്യമില്ലാത്ത നായികയ്ക്കുദാഹരണം:—

'സാ പത്യുഃ പ്രഥമാപരാധസമയേ
സഖ്യോപദേശം വിനാ
നോ ജാനാതി സവിഭ്രമാംഗവലനാ
വക്രോക്തിസംസൂചനം
സ്വച്ഛൈരച്ഛകപോലമൂലഗളിതൈഃ
പര്യസ്തനേത്രോല്പലാ
ബാലാ കേവലമേവ രോദിതി ലുഠ-
ല്ലോലാളകൈരശ്രുഭിഃ.'

മുൻകാന്തൻ പിഴചെയ്കവാറു സഖിതൻ
ശ്രദ്ധോപദേശം വിനാ
വൻകോപം പ്രകടിച്ചു കുത്തുപറവാൻ
തെല്ലോർത്തറിയാൾ കേവലം,
തൻകണ്ണുന്തെല്ലുരചുട്ടിൽ കവിളകം
വ്യാകീർണ്ണാളകവീഥിയാം
വെൺകണ്ണീർകവിൾത്തടങ്ങളിലൊഴു-
കിക്കൊണ്ടു കേഴുന്നിതാൾ.

(സ.1)

ലജ്ജ അധികമായിട്ടുള്ള നായികയ്ക്കുദാഹരണം:—
'മന്ദം ഭംഗിയിൽ—' എന്നിത്യാദി ശ്ലോകം തന്നെ.

ഇവിടെ ലജ്ജ അധികമായിട്ടുള്ളവൾക്ക രതിവാമതയുണ്ടെന്നു ലഭ്യമായിരിക്കയാൽ വീണ്ടും പറഞ്ഞതിന്റെ പ്രയോജനം വൈചിത്ര്യവിശേഷമാകുന്നു.

ഇനി മദ്ധ്യനായികയെ പറയുന്നു:—

സുരതത്തിങ്കൽ വൈചിത്ര്യം
സ്മരയൌവനരൂഢ്യവും
തെല്ലുവാക്പ്രൌഢിയും നാണ—
മിവയുള്ളവൾ മദ്ധ്യമാ. ന്നൻ

സുരതവൈചിത്ര്യമുള്ളവൾക്കുദാഹരണം:—

'കാന്തേ തഥാ കഥമപി പ്രഥിതം മൃഗാക്ഷ്യാ
ചാതുര്യമുദ്ധതമനോഭവയാ രതേഷു
തൽകൂജിതാന്യനുവദദ്ഭിരനേകവാരം
ശിഷ്യായിതം ഗൃഹകപോതശതൈര്യഥാസ്യാഃ'

കാന്തം തഴച്ചോരു മൃഗാക്ഷി രതിപ്രയോഗ-
സാമർത്ഥ്യമത്ര വരനിൽ പ്രകടീകരിച്ചു
തൽകൂജിതങ്ങളുരുപോലുരവിട്ടവൾക്ക
ശിഷ്യത്വമക്കൃഹകപോതഗണം വഹിച്ചു.

(സ.ദ.)

കാമമാർദ്ധ്യമുള്ള നായികയ്ക്കും ഉദാഹരണം ഇതുതന്നെ.

യൗവനമാർദ്ദവമുള്ളവൾക്കുദാഹരണം:—

'നേത്രേ ഖഞ്ജനഗഞ്ജനേ സരസിജ-
പ്രത്യർത്ഥി പാണിദ്വയം
വക്ഷോജൗ കരികുംഭവിഭ്രമകരീ-
മത്യുന്നതിം ഗച്ഛതഃ
കാന്തിഃ കാഞ്ചനചമ്പകപ്രതിനിധി-
ർവ്വാണീ സുധാസ്യന്ദിനീ
സ്മേരേന്ദീവരദാമസോദരവപു-
സ്തസ്യാഃ കടാക്ഷച്ഛടാ.'

തോല്പിക്കും ഖഞ്ജനത്തെക്കിളിമിഴി, കരമോർ
പങ്കജത്തോടെതിർക്കും,
ചാരപ്പാറും കരിക്കുംഭങ്ങളൊടു പടപൊരുതും
പോർമുലക്കുന്നു രണ്ടും,
നല്പൊന്നും ചമ്പകപ്പൂനിറ,മമൃതൊഴുകും
വാണി,യത്തന്വിയാൾതൻ
കേൾപ്പെറ്റിടും കടാക്ഷാവലി കുവലയമാ-
ലിക്കൊടൊത്തതത്രേ.

(സ.ച.)

ഇങ്ങനെ മററുള്ളവയ്ക്കും ഉദാഹരണങ്ങളെ ഊഹിച്ചുകൊൾക.

ഇനി പ്രഗല്ഭനായികാലക്ഷണം പറയുന്നു:—

കാമത്താലന്ധയായിട്ടു
പൂർണ്ണയൗവനയുക്തയായ്
രതികർമ്മത്തിലൊക്കെയു-
മതിസാമർത്ഥ്യമുള്ളവൾ ൧൦

പ്രൗഢഭാവയായ്നാണ-
മല്പമായിട്ടിരിപ്പവൾ
'പ്രഗല്ഭനായികാ', നായ-
കങ്കൽ മേൽക്കൈ നടത്തുവോൾ. ൬൫

കാമാന്ധയായ നായികയ്ക്ക് ഉദാഹരണം:—

'ധന്യാസി, യാ കഥയസി പ്രിയസംഗമേഽപി
വിസ്രബ്ധചാടുകശതാനി രതാന്തരേഷു
നീവീം പ്രതി പ്രണിഹിതേ തു കരേ പ്രിയേണ
സഖ്യഃ ശപാമി യദി കിഞ്ചിദപി സ്മരാമി.'

പാരം നീ ധന്യയത്രേ സഖി!, കണവനു-
മൊന്നിച്ചു മരുവീടവേ
ഓരോരോ ഗാഢരാഗസ്വരമൊക്കെ ഇടയ്ക്കിടയിലും
ചാടുവാക്കോതിടുന്നു
ആരാൻ വന്നിട്ടു കാന്തൻ രഹസി മമ കണ-
ങ്കാൽ തൊട്ടു കൈകൊണ്ടു തൊട്ടാൽ
'നേരായിട്ടാണയിട്ടാലു'മതിനുമൊരക്ഷരവും
പിന്നെ ഞാനോർപ്പതില്ല.

(ഡ.പ)

പൂർണ്ണയൌവനയുക്തയായ നായികയ്ക്കുദാഹരണം:—

'അത്യുന്നതസ്തനമുരോ, നയനേ സുദീർഘേ,
വക്രേ ഭ്രുവാവതിതരാം, വചനം തതോഽപി,
മധ്യോഽധികം തനുരനൂനഗുരുർന്നിതംബോ,
മന്ദാ ഗതിഃ കിമപി ചാത്ഭുതയൌവനായാഃ.'

കാർ തിങ്ങിപ്പൊങ്ങിവന്നൂ കുചകലം, മിഴിയുഗം
നീണ്ടിടപ്പെട്ടിതേറ്റം,

ഭ്രൂയുഗ്മം വക്രമായി, മൊഴികളതിലുമേ-
റെയും വക്രമായി,
മദ്ധ്യം പാരം ചുരുങ്ങി, കഠിനതയധികം
കൂട്ടിയായിട്ടതിർന്നു,
സഞ്ചാരം മന്ദമായി, [illegible]
[illegible] പാരം വിചിത്രം.

(സം.)

[illegible] ഉദാഹരണം:—

'[illegible]
[illegible]
[illegible]
[illegible]'

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

([illegible])

[illegible] ഉദാഹരണം:—

'മധുരവചന[illegible]
[illegible]
[illegible]
[illegible]'

ഞാൻപോട്ടെന്നാദരവാക്കും, ഉളിചലനമൊടെ—
ച്ചില്ലിവില്ലാലെ, കൂട്ടിൽ
മെയ്യിട്ടും ഘർമ്മാംഭസ്സാലസക്തം—
സാംഗവിന്യാസഭേദം,
ചായിച്ചിട്ടുമിട്ടെൻകണ്ണിലിഴിയുമിഴിയോ—
ട്ടത്ര, തിരിക്കാഴ്ചകൊണ്ടോ.
മാൻപേടക്കണ്ണി മാറത്തുവീഴ്ത്തി ചാഞ്ചു രം.
ന്നെന്നെപ്പാർത്തു ജയിപ്പാൻ.

(സാ.)

ലജ്ജ കായത്തിലുള്ള നായികക്കുദാഹരണം:—
'പാരം നീ ധന്യയത്രേ'—എന്ന പദ്യം തന്നെ.

നായകന്മാർ മേൽക്കൈ നടത്തുന്ന നായികക്കുദാഹരണം:—

'സ്വാമിൻ! ഭംഗുരയാളകം, സതിലകം
ഫാലം വിലാസിൻ! കുരു
പ്രാണേശ! ത്രുടിതം പയോധരതടേ
ഹാരം പുനര്യോജയ
ഇത്യുക്ത്വാ സുരതാവസാനസുഖിതാ
സമ്പൂർണ്ണചന്ദ്രാനനാ
സ്പൃഷ്ടാ തേന തഥൈവ ജാതപുളകാ
പ്രാപ്താ പുനർമ്മോഹനം.'

നന്നാക്കു ചൂർണ്ണകേശം, തിലകമിടുക ഫാ-
ലത്തിലെൻ കാന്ത! ഭംഗ്യാ,
കണ്ണാളും കൊങ്കകൾതൻ പാർത്തുക മുറിവുകൾ തീ-
ർത്താരവും ചാരുവാക്കി,
എന്നീവണ്ണം രതാന്തേ മുഴുമതിമുഖിയാൾ
വാക്കുകേട്ടപ്രകാരം

ഉപനായകൻ തൊട്ടുനോക്കവേ പുളകിതയായ,
ശ്ലോദാഹരണമെന്ന ഇതന്നാൾ.

(സ.)

മധ്യപ്രഗല്ഭനായികമാരുടെ ഭേദങ്ങളെ പറയുന്നു:-

ധീരാ അധീരയും പിന്നെ
ധീരാധീരയുമിങ്ങനെ
മധ്യപ്രഗല്ഭമാർ രണ്ടും
പ്രത്യേകം മൂന്നുമട്ടിലാം. ൧൮.

അതിൽ—

വക്രോക്തികൊണ്ടധിക്ഷേപി-
ച്ചൊത്തും പ്രിയനെയേറവും
കോപംകൊണ്ടു ദഹിപ്പിക്കും
ധീരയാം മധ്യനായിക. ൧൯.

കരഞ്ഞു കയർത്തു നോവിക്കും
ധീരാധീരയതാമവൾ
ഉള്ളിൽ കൊള്ളുന്ന കുത്തുവാ-
ക്കധീരാ മധ്യനായിക ൨൦

മധ്യയായ ധീരനായികയ്ക്കുദാഹരണം:—

'ദയിതപദമവാപിച്ചുള്ള നീ ചൊല്ലും പ്രിയമേ!
പ്രിയജനപരിഭവം ഏറ്റുകൂടെ മയങ്ങി
മധുവിധു രതിമോഹ, കാമിനാം മനമുരുക്കി.
തൃണമിതി സാഹസത്താൽ വല്ലഭാലോകനേന.'

'പ്രിയമേവതിരയനിരക്കുന്നുള്ള നിൻ വാക്ക സത്യം
പ്രിയജനവചനത്തെ പ്പാർത്തിയതെന്തെന്നുകേൾ
സപത്നിമാരെയുള്ളതും, കവികൾക്കുള്ളതെന്തേ ചൊ.
ന്നിന്ന സ്വഭാവം കാരണങ്ങളാർക്കും കാണാമല്ലോ.

(സ്വ.)

മധ്യയായ ധീരാധീരനായികയ്ക്കുദാഹരണം:—

'ബാലേ!, നാഥ!, വിമുഞ്ച മാനിനി! രുഷം,
    രോഷാന്മയാ കിം കൃതം,
ഖേദോഽസ്മാസു, ന മേഽപരാധ്യതി ഭവാൻ
    സർവ്വേഽപരാധാ മയി,
തൽ കിം രോദിഷി ഗദ്ഗദേന വചസാ
    കസ്യാഗ്രതോ രുദ്യതേ,
നന്വേതന്മമ, കാ തവാസ്മി, ദയിതാ,
    നാസ്മീത്യതോ രുദ്യതേ'

കാന്തേ!, നാഥാ!, കയർത്തിടൊല്ല മയി, കയ-
    ർത്തിന്നു ചെയ്യുന്നതാം ഞാ,
സ്വാന്തേ ദുഃഖം, ഭവാനില്ലൊരു പിഴയുമെനി-
    ക്കുള്ളതാം പാതകല്ലാം,
എന്തേ പിന്നീവിധം തേ കരിതു,മെയോടേ
    മുമ്പിൽ, എൻ മുമ്പിലത്രെ,
എന്തെന്റേതാകയാലോ, ദയിതയതു,യതോ-
    ല്ലെന്നോ രോദിപ്പിതേന്നോ.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

മധ്യയായ അധീരനായികയ്ക്കുദാഹരണം:—

'സഖേ! ശരന്മേഘശതങ്ങളും വ ധൂർത്ത! കാന്താ
രെയും സഹിയാതെ മന്നിൽ കുളിർമഴയാവതല്ലോ

അസ്പൃഷ്ടകമസ്തി നഹി കന്തിരിവാവകാശേ.
ദൃഷ്ട്യാൽ കൃതം ചരണപാതവിഡംബനാദി.'

കിതവ! തവ മനസ്സിൽ കാമിനീവേറെയുണ്ടെ-
ന്നതു കരുതിയിഹാവജ്ഞയെയും കാന്ത വാഴ്കെ
അതിലൊരിടമിവൾക്കില്ലെന്നിരിക്കുന്നു മൂലം
മതിമതി പരിഹാസം പാദപാതപ്രയോഗം.

(സ.)

പ്രഗല്ഭയാം ധീരയെങ്കിൽ
കോപചിഹ്നം മറച്ചവൾ
പുറത്താദരവും കാട്ടി
രതിവൈമുഖ്യമാർന്നിടും. ൬൭

ഉദാഹരണം:

'ഏകത്രാസനസംസ്ഥിതിഃ പരിഹൃതാ
പ്രത്യുദ്ഗമാദ്ദൂരത-
സ്താംബൂലാനയനച്ഛലേന രഭസാ-
ശ്ലേഷോ/പി സംവിഘ്നിതഃ
ആലാപോ/പി ന മിശ്രിതഃ പരിജനം
വ്യാപാരയന്ത്യാന്തികേ
കാന്തം പ്രത്യുപചാരതശ്ചതുരയാ
കോപഃ കൃതാർത്ഥീകൃതഃ.'

ദൂരാൽ പ്രത്യുദ്ഗമത്തെ വസതി പരിഹരി-
ച്ചിടിനാളേകതല്പേ
തെരുതെരെ ശ്ലേഷമായ വീടിപ്രണയനകപട-
ത്താൽ കൊടുത്തില്ല തെല്ലും

ചോരായാക്കീടിനാളുകതികൾ സഖികളോടായ്
കൃത്യമോരോന്നു ചൊല്ലി
ധീരാ സൽക്കാരശംസ്യാ ദയിതനൊടു ഹലി.
ച്ചിച്ചു തൽപ്രേമകോപം.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

അപ്രിയം പ്രിയമാണെന്നു
തോന്നുമാറുള്ള വാക്കിനാൽ
ഖേദം നായകനുണ്ടാക്കും
ധീരാധീരയതാമവൾ. ൬൨

ഉദാഹരണം:—

‘അനലംകൃതോƒപി സുന്ദരി
ഹരസി മനോ മേ യതഃ പ്രസഭം
കിം പുനരലംകൃതസ്ത്വം
സമ്പ്രതി നഖരക്ഷതൈസ്തസ്യാഃ.’

അനലംകൃതനാകിലും
അയി സുന്ദരി! മമ മനസ്സു കവരുന്നു
അവളുടെ നഖക്ഷതത്താൽ.
അലംകൃതൻ പിന്നെയെന്തു ചൊല്ലേണ്ടു.

(സാ. ദ.)

ശാസിച്ചോതുമടിച്ചീടും
പ്രഗല്ഭാധീര കാന്തനെ

ഉദാഹരണം:— ‘ആസ്യം കണ്ടു ചുവന്നു...’ എന്ന ധൃഷ്ടനായകോദാഹരണം തന്നെ.

നായികാഭേദമിച്ചൊന്ന-
താറുമീരണ്ടു മട്ടിലാം. ൬൩

നായകപ്രണയാധിക്യ-
ന്യൂനതാഭ്യാം നിമിത്തമായ്

ഉദാഹരണം:—

'ദൃഷ്ട്വൈകാസനസംസ്ഥിതേ പ്രിയതമേ
പശ്ചാദുപേത്യാദരാ-
ദേകസ്യാ നയനേ പിധായ വിഹിത-
ക്രീഡാനുബന്ധച്ഛലഃ
ഈഷദ്വക്രിതകന്ധരഃ സപുലകഃ
പ്രേമോല്ലസന്മാനസാ-
മന്തർഹാസലസത്കപോലഫലകാം
ധൂർത്തോഽപരാം ചുംബതി.'

കണ്ടിട്ടേകാസനത്തിൽ പ്രിയകളിരുവരെ-
പ്പിന്നിലെത്തിപ്പതുക്കെ
കണ്ടിക്കാർകൂന്തലാളാമൊരുവളുടെ മിഴികളെ
മൂടി ലീലാച്ഛലേന
തൊണ്ടിക്കിണ്ടൽക്കൊരുക്കാനരയനപരയെ-
ക്കുൾപ്പൂതിക്ഷണത്തിലിച്ചും
കൊണ്ടാടിപ്പൂവാലപ്പുളിപ്പും കിതയനതിരസം
പൂണ്ടു ചുംബിച്ചിടുന്നു.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

മദ്ധ്യാപ്രഗല്ഭികൾക്കേവം
ഭേദം പന്ത്രണ്ടുമാതിരി. ൧൯

ഒന്നതാൻ മുഗ്ദ്ധ, പതിവ്ര-
ന്നതിനാൽ സ്വീയനായിക

പരോഢ, കന്യയെന്നേവം
രണ്ടുണ്ടു പരകീയയിൽ. ൯൪

അതിൽ—

ഉത്സവാദികളിൽ പോവാ—
നുത്സാഹമിയലുന്നവൾ
ലജ്ജയില്ലാത്ത കുലട—
യന്യയുള്ളവൾ പരോഢയാം. ൯൫

ഉദാഹരണം:—

'സ്വാമി നിശ്വസിതേപ്യസൂയതി, മനോ-
ജിഘ്രഃ സപത്നീജനഃ
ശ്വശ്രൂരിംഗിതദൈവതം, നയനയോ-
രീഹാലിഹോ യാതരഃ
തദ്ദൂരാദയമഞ്ജലിഃ, കിമധുനാ
ദൃഗ്ഭംഗിഭാവേന തേ
വൈദഗ്ദ്ധീമധുരപ്രബന്ധരസിക!
വ്യർത്ഥോയമത്ര ശ്രമഃ'

നിശ്വാസമാൽ കണവൻ ചൊടിക്കും, മനതാർ
നോക്കും സപത്നീജനം
ശ്വശ്രൂ ദൈവതമിംഗിതത്തിൽ, നാണായും
യാതാക്കൾക്കെന്തൊരൂഹം,
കാന്താമിൻ! തൊഴുകയ്യിതാ, മധുരമാം
നിൻനോട്ടവും ഭാവവും
സംഭാഷാചാതുര്യവും സരസ! ഫല-
മാറില്ല മേറാഴിലും.

(സ്വ.)

ഇതിൽ, 'എന്നെ വിവാഹം ചെയ്യുവൻ അനാവശ്യാദികളെ ശമനാവനാകകൊണ്ട് എന്റെ സ്വാമി തന്നെ; എന്നാൽ വല്ലഭനല്ല. അദ്ദേഹനാകട്ടെ വൈദഗ്ദ്ധ്യമധുരപ്രേമരസികനാകകൊണ്ട് എന്റെ വല്ലഭനാകുന്നു' എന്നിത്യാദി വ്യംഗ്യാർത്ഥവശാൽ നായികക്ക് അന്യനായകന്റെ മേലുള്ള രതി തോന്നുന്നു.

കല്യാണം കഴിയാത്തെയും
നാഥനെ പ്രാപിക്കയായ്
രക്ഷയുള്ളവളാകുന്ന
കന്യയായുള്ള നായികാ. വൃ.

ഇവർ മാതാപിതാക്കന്മാർ മുതലായവർക്ക് അധീനയാകകൊണ്ടാണ് പരകീയയാകുന്നത്. 'മാലതീമാധവാ'ദികളിലെ മാലതി മുതലായവർ ഉദാഹരണം.

നൃത്തഗീതാദികലയിൽ
വൈദഗ്ദ്ധ്യം, മതിചാതുരി
ഇവയുള്ളോരു വേശ്യാസ്ത്രീ-
യിഹ സാമാന്യനായികാ. വൃ.

പണമില്ലാത്തവന്മാരോ-
ടിണങ്ങില്ല ഗുണാഢ്യരിൽ
പണമാത്രം നോക്കി രാഗം
നടിച്ചിടും പുറത്തവൾ. വൃ.

പ്രൗഢാംഗികൾക്കിപ്പോലെ
പണം തീർന്നവനെ ത്യജം

പിന്നൊല്ലുന്ന കരിച്ചുമ–
യെക്കൊണ്ടൊട്ടിച്ചുവച്ചിടും. ൨൪

ചോരർ, പണ്ഡകർ, മൂർഖന്മാർ
യതികാതത്മമാന്നവർ
കള്ളയോഗികൾ കാമത്തെ
മറപ്പോരിവർ മിക്കതും. ൨൫

ഇവർക്കൊരാം പ്രിയപ്പെട്ടോ-
രെങ്കിലും കാരണാധയാൽ
ചിലപ്പോൾ ചിലരിൽ പ്രേമം
നേരായിട്ടിവളുണ്ടായിടും. ൨൬

രാഗമുണ്ടാകിലും പക്ഷേ
തീരെയില്ലാതിരിക്കിലും
രതസംസിദ്ധിയിവളി-
ലതിദുർല്ലഭമാം ദൃഢം. ൨൭

പണ്ഡകർ=ഷണ്ഡന്മാർ മുതലായ നപുംസകങ്ങളുള്ളവർ. രാഗരഹിതയ്ക്ക്, 'ലടകമേളകാദി'കളിലെ 'മദനമഞ്ജരി' മുതലായവർ ഉദാഹരണങ്ങൾ. അനുരക്തയ്ക്ക്, 'മൃച്ഛകടികാ'ദികളിലെ 'വസന്തസേനാ'ദികൾ ഉദാഹരണങ്ങൾ.

പിന്നെ—

സ്വീയാദി നായികാഭേദം
പതിനാറെണ്ണമായതു്

എട്ടുമട്ടിൽ തിരിഞ്ഞീട-
മവസ്ഥാഭേദമൂലമായ്. ൮൮

സ്വാധീനഭർത്തൃകാ, ഖണ്ഡി-
താ, പിന്നെ യഭിസാരികാ,
കലഹാന്തരിതാ, വിപ്ര-
ലബ്ധാ, പ്രോഷിതഭർത്തൃകാ. ൮൯

പിന്നെ വാസകസജ്ജാഖ്യാ,
വിരഹോൽക്കണ്ഠിതാ, തഥാ.

അതിൽ—

രതിചാതുര്യവശനായ്
പതി പാട്ടിൽ കിടപ്പവൾ ൯൦

പലമോടിപ്പകിട്ടുള്ളോൾ
'സ്വാധീനപതികാ'ഖ്യയാം.

ഉദാഹരണം:— 'വസ്ത്രങ്ങൾ മഴകിളുന്നിക്ക്' —ഇത്യാദി.

അന്യസ്ത്രീസംഗചിഹ്നങ്ങ-
ളറികിൽക്കാന്തനോടവേ ൯൧

ഈർഷ്യയാലിടയുന്നോൾതാൻ
'ഖണ്ഡിതാ' ഖണ്ഡിതരതാ.

ഉദാഹരണം:— 'പ്രിയതരമതിമഹിതം' — ഇത്യാദി.

കാമന്നു വശയായിട്ടു
കാന്തനെത്താൻ വരുത്തുവോളോ   ൾവ

അങ്ങോട്ടു താനേ ചെല്ലുന്നോ-
ളിവളാമഭിസാരികാ.'

രണ്ടിനും ക്രമത്തിൽ ഉദാഹരണങ്ങൾ:—

'നവമദ്യവശപ്പുതി യപാലന്യതാം
കലരാം യപാ ശകന്നയസ്സുകയി
നിപുണം ത്വരയാനുകരിഗമ്യ വര-
ക്കലിതുമി കാമിനിതി സംഭ്രിതിതം.'

എൻ ചൊടുമൊഴ്ച്ചു വെള്ളിപ്പുരത്തെ കണിവാ-
നെന്നുമെന്നെ വരുന്നതു-
ഞങ്ങൾക്കപാരിൽ കനിവായതിനെ വരുവാൻ
വേണ്ടുന്നതെന്തെന്നായുള്ളം
കുമ്പയുമൊന്നു നിനച്ചു ശൈംഭവിയെ-
ത്തുമനതയാമാരംശമാരെ-
ന്നാലിൽ ക്ഷണിക്കാതെനാലൊന്നായ്വഴി തൻ
സമരാംഗതിതിലുമെ.

(സ. 1)

'ഉൽക്കണ്ഠിപ്പും കരകന്താട്ടയകിലം,
ഭയമോ ദ്രൗപ ദോലാ
യത്നാ പ്രതിപാദിതാ കുമാരയാ-
ലംബിതമായാശ്ശുകയാ

ഇതല്ലേ മഹാസാഹസം പ്രിയസഖി!
  ക്രീഡാഭിസാരമാസ്മര
വിലാസവാസ്പിതിതമനുള്ളത്താപം.
  ശീതാപം വിധമിതു വിധം.

ഒരു കരങ്ങളിൽ കൊറിവച്ചുള്ള വളകളെ, കൂകെ
  കെട്ടിനാറിപ്പൂതിയതാം.
ശൃംഗാരം ബുദ്ധിരുട്ടിത്തളകൾ കിലു-
  ക്കാതെയും നിർത്തിവച്ചുൾ,
ദൂതിയുക്തം തോഴി! ഞാനിയകിസരണായിതാ.
  ദേവാലയവാതംകൊണ്ടു
ശാന്തം കൂടം കടക്കുകിന പുടവയോടു.
  കണം നീലനീ വസ്ത്രങ്ങൾ.

(സ.)

ഭൂഷണങ്ങൾ കിലുക്കാതെ-
യംഗങ്ങളെയൊതുക്കിയും ൯൬

കൂടിപ്പുതപ്പുകിസരി-
ച്ചീടുന്നിതു കലാംഗനാർ.
വേഷപ്പകിട്ട മിന്നിയും
ചിലമ്പൊലി മുഴക്കിയും ൯൭

തോഴനാൽ പുഞ്ചിരി തൂകിക്കൊണ്ടും
വേശ്യയാമഭിസാരിക.
കരാൽ മൊഴി പിഴപ്പോതി
മിഴിച്ചു മിഴി, വിഭ്രമാൽ ൯൮

കാലിടറി നടന്നീടും
പ്രൗഢയാമഭിസാരിക.

അതിൽ ആദ്യത്തതിന്, 'ഒരു കൈത്തണ്ടിൽ കോറിവെച്ചൻ—' ഇത്യാദി ഉദാഹരണം; മറ്റെവ രണ്ടിനും ഉദാഹരണങ്ങളെ ഊഹിച്ചുകൊൾക. ഇനി പ്രസംഗവശാൽ അഭിസരിപ്പാനുള്ള സ്ഥലങ്ങളെ പറയുന്നു:—

വയൽ, തോട്ടം, ജീർണ്ണദേവാ-
ലയം, ദൂതീഗൃഹം, വനം, ൩൬

മാലാപാലയം, ശ്മശാനം ച,
പുഴവക്കുകളിത്തരം.
അഭിസാരികമാർക്കുള്ള
വിനോദസ്ഥാനമെട്ടിവ. ൩൭

ഇതിൽകൊണ്ടു മറ്റതുകളെല്ലാ-
മിടമൊന്നിതിലേതുമാം.

ഇഷ്ടമൊത്തീടിലും പ്രാണേ-
ശനെ കോപാൽ ത്യജിച്ചവൾ ൩൮

പശ്ചാത്തപിക്കുന്നിതവൾ
'കലഹാന്തരിതാ'ഖ്യയാം.

ഉദാഹരണം:—

'നോ ചാടുശ്രവണം കൃതം, ന ച ദൃശൗ
ഹാരേഽന്തികേ വീക്ഷിതേ,
കാന്തസ്യ പ്രിയഹേതവോ നിജസഖീ-
വാചോഽപി ദൂരീകൃതാഃ

പാദാന്തേ വിനിപത്യ തല്ക്ഷണമസൗ
 ശപ്പുന്നയാ മൂഢയാ
പാണിഭ്യാമവധൂയ്യ ഹന്ത! സഹസാ
 കണ്ഠേ കഥം നാപ്പിതഃ.'

കേട്ടില ചാടുവാക്യം, മിഴിയിണകൾ മിഴി-
 ച്ചൊന്നു നോക്കില ഹാരം,
കാന്തന്റെ പ്രീതിപേക്ഷം സഖിയുടെ മൊഴി കൂ-
 ട്ടുള്ളു തള്ളിക്കളഞ്ഞു,
കാക്കൽ ചവിട്ടിപ്പോകുമ്പൊഴുതവനെ ബലാൽ
 കൈകളാൽ മാട്ടിനിർത്തി.
കഷ്ടത്തോടെന്തിനാണാതതു ചിന്ത പാരമി-
 ഞാനഹോ മൂഢതന്നെ.

(സ്വ)

സങ്കേതത്തെ കുറിച്ചിട്ടു-
ണ്ണായാതരികിൽ പ്രിയൻ ൯൯

ഖിന്നയാമവളായെന്നാൽ
'വിപ്രലബ്ധാ'ഖ്യനായികാ.

ഉദാഹരണം:—

'ഉത്തിഷ്ഠ ദൂതി!, യാമോ,
 യാമോ യാതസ്തഥാപി നായാതഃ
യാതഃ പരമപി ജീവേ-
 ജ്ജീവിതനാഥോ ഭവേത്തസ്യാഃ'

എഴുന്നേൽക്കൂ ദൂതി! പോവുക,
 സങ്കേതപ്രദേശത്തിലവനാഗമിച്ചില്ല

ജീവിപ്പവരെയഖിലിനിയും,
ജീവേശ! ഭവാനെ വേർപെടുവാൻ നിയതം.

(സ്വ.)

ഓരോരോ കാര്യവശാൽ കാന്തൻ
ദൂരദേശത്തു പോകയാൽ ൧൦൦

ചിത്തതാപാർത്തി മുഴുത്തുള്ളോ-
ളത്രേ 'പ്രോഷിതഭർത്തൃക.'

ഉദാഹരണം:—

'താം ജാനീയാഃ പരിമിതകഥാം ജീവിതം മേ ദ്വിതീയം
ദൂരീഭൂതേ മയി സഹചരേ ചക്രവാകീമിവൈകാം
ഗാഢോൽകണ്ഠാം ഗുരുഷു ദിവസേഷ്വേഷു ഗച്ഛത്സു ബാലാം
ജാതാം മന്യേ ശിശിരമഥിതാം പത്മിനീം വാന്യരൂപാം.'

മിണ്ടാതെ കണ്ണിണയകലയും കോകിപോലെയൊരേയൊരുവൾ,
രണ്ടാം ജീവൻ സഹചരനിവൻ വിട്ടകന്നേക മാറി
ഉണ്ടായേറി നെടിയ വിരഹത്താലെ മഞ്ഞേറ്റു മാഴ്കും
അബ്ജാർപ്പൂവ്വള്ളയെ വടിവാർന്നീടുമെന്നോർത്തിടുന്നേൻ.

(കണ്ടൂർ നാരായണമേനോൻ.)

കാന്താഗമമറിഞ്ഞിട്ടു
വീട്ടിൽ വേണ്ടുന്നതൊക്കെയും ൧൦൧

ഒരുക്കി മെയ്യണിഞ്ഞിട്ടു-
ള്ളവൾ 'വാസകസജ്ജിക.'

ഉദാഹരണം:—

'വിദൂരേ കേയൂരേ കുരു, കരയുഗേ രത്നവലയൈ-
രലം, ഗുർവ്വീ ഗ്രീവാഭരണലതികേയം കിമനയാ,
നവാമേകാമേകാവലികയി മയി ത്വം വിരചയേ-
ർന്ന നേപഥ്യം പഥ്യം ബഹുതരമനംഗോത്സവവിധൌ.'

കേയൂരം ദൂരെ മാറ്റൂ, മണിവളകളും കര-
    ത്തിനിപ്പം വേണ്ട പോരും,
ഗ്രീവാലങ്കാരമെന്നുള്ളൊരു പുകടിളുമികൊ-
    ണ്ടെന്തൊരാവശ്യമിപ്പോൾ,
ഒന്നേ താൻ പോരുമേകാവലി പുതിയതെന്നി-
    ല്ലായ്കിൽ നീ തന്നെ ചാർത്തൂ,
നന്നല്ലാഭൂരിഭൂഷാമദനവിലസിതോത്സവത്തിന്നു
    മനോത്സവമതു നടത്താൻ.

(സ്വ.)

വരൻ വരാനാച്ചിട്ടും
ദൈവഗത്യാ വരാഞ്ഞതാൽ ൧൦൨

പരിതപിക്കുമെന്നവൾ
'വിരഹോൽക്കണ്ഠിതാ'ഖ്യയാം.

ഉദാഹരണം:—

'കിം രുദ്ധഃ പ്രിയയാ കയാചിദഥവാ
    സഖ്യാ മമോദ്വേജിതഃ,
കിം വാ കാരണഗൌരവം കിമപി യ-
    ന്നാദ്യാഗതോ വല്ലഭഃ
ഇത്യാലോച്യ മൃഗീദൃശാ കരതലേ
    വിന്യസ്യ വക്ത്രാംബുജം

ദീർഘം നിശ്വസിതം, ചിരം ച രുദിതം,
ക്ഷിപ്താഃ പുഷ്പസ്രജഃ.

മാധവിച്ചാ പ്രിയസമാഗമത്തിൽ, സഖി ഞാ-
ൻ മാർദ്ദവമുണ്ടാക്കിയോ,
ബാധിച്ചാ വല്ലതായ ലജ്ജ, ഞാനിന്ന്
വാരാമത്തരത്തിലപ്പോഴും
അറിഞ്ഞിട്ടില്ലയെന്തു കാമിയിൽ ഭ്രമം
ചൊരുകരകങ്ങളെ താങ്ങിക്കൊ-
ണ്ടതയിപ്പോഴതും നിശ്വസിച്ചു കലർന്നാ-
ല്ലാതെ കല്പനമിടിന്നാൾ.

(സ.)

ഉത്തമമധ്യാധമത്വ-
പാത്രാലിമ്മൂന്നു നായികാഭേദം ൧൦൩

എതദ്ഭേദങ്ങളെക്കൂട്ടിഹ,
മൂന്നൂറൊന്നുള്ളനായികാവിധമാകും.

'ഇവിടെ പരസ്ത്രീകളായ കന്യകയും പരോഢയും സങ്കേതത്തിനു മുമ്പിൽ വിരഹോൽകണ്ഠിതകളായിരിക്കാം. പിന്നെ വിദൂഷകാദികളോടുകൂടി അഭിസരിക്കുന്നതുകൊണ്ട് അഭിസാരികമാരാകും. ഏതെങ്കിലും കാരണത്താൽ സങ്കേതസ്ഥാനത്തിൽ നായകൻ എത്താതിരിക്കുമ്പോൾ വിപ്രലബ്ധകളാകും. ഇവയ്ക്ക് ഇതുമാത്രമേ അവസ്ഥാഭേദം വരികയുള്ളൂ. പ്രിയൻ സ്വാധീനനല്ലാത്തതുകൊണ്ട് മറ്റുള്ള അവസ്ഥകൾ സംഭവിപ്പാൻ തരമില്ല' എന്ന് ഒരാചാര്യൻ പറയുന്നു.

ഇവറ്റയ്ക്കന്യോന്യസാങ്കര്യം
കാണിക്കും ലക്ഷ്യങ്ങളിൽ ക്വചിൽ ൧൦൪

ഉദാഹരണം:—

* (1) ഹേ മധുപ വരതൃഷ്ണ ദ്വാരയോഗ്യാ!
ഫലിതമിവ ഫലമിവ [illegible]
വിട! വിടപമിദം [illegible]
ഭവതി യത: സുരഭോഗ്യ[illegible].

(2) തവ കിതവ! കിമാഭിരത്ര ദൃഗ്ഭ്യാം
കലിതനവപല്ലവപുഷ്പകർണ്ണപൂരൈ:
സത ജനവിധിരേതൽഗാത്രപുഷ്ടിരേകേ
[illegible] കർണ്ണപൂരം.

(3) [illegible]
[illegible]
[illegible]
[illegible]

* (1) ഹേ വിട! ഈ വിടപത്തിന്റെ ഉന്നതിയ്ക്ക് ഭവാൻ യോഗ്യനല്ല. [illegible] (വിടനായ) നിന്നെ [illegible] എന്നാൽ [illegible] യോഗ്യങ്ങളാകം.

(2) ഹേ ധൂർത്ത! വൃക്ഷങ്ങളുടെ തളിരുകളെക്കൊണ്ടും പുഷ്പങ്ങളെക്കൊണ്ടും ഭവാൻ ഉണ്ടാക്കിത്തീർത്ത കർണ്ണപൂരങ്ങളെക്കൊണ്ട് എനിക്കെന്തു പ്രയോജനമാണുള്ളത്? അവ നവങ്ങൾ തന്നെ. സൃഷ്ടിവിധിയാൽ [illegible] കർണ്ണപൂരങ്ങളെക്കൊണ്ട് എന്റെ കണ്ണുകൾ രണ്ടും [illegible] ഉണ്ടായിട്ടിരിക്കുന്നതല്ലോ.

(3) ഹേ ശഠ! വണ്ടുകളുടെ [illegible] കൊണ്ട് എന്നെ [illegible] ഈ കലികയെ (മൊട്ടിനെ) എനിക്ക് എന്തിനു തരുന്നു? [illegible] (അങ്ങേക്കു പ്രിയപ്പെട്ട) അന്യനായികയുടെ ഗൃഹത്തിൽ വാസം ചെയ്യുന്ന അങ്ങേയ്ക്ക് എനിക്ക [illegible] കലിയെ (കലഹത്തെ) തരേണ്ടതല്ലോ.

(4) ഇതി ഗദിതവതീ രുഷാ ജഘാന
സ്ഫുരിതമനോരമപക്ഷ്മകേസരേണ
ശ്രവണനിയമിതേന കാന്തമന്യാ
സമമസിതാംബുജതേന ലോചനേന ച.[1]

ഇവിടെ, വക്രോക്തികൊണ്ടും പക്ഷ്മതാഡനംകൊണ്ടും കണ്ണീർപ്രവാഹംകൊണ്ടും ധീരമധ്യാ, അധീരമധ്യാ, ധീരപ്രഗല്ഭ എന്ന മൂന്നു ലക്ഷണങ്ങളും ധ്വനിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ മറ്റുള്ളവയിലും ഊഹിച്ചുകൊൾക.

പലതുണ്ടിനിയും ചൊല്ലി-
ലവ വിസ്തരഭീതിയാൽ.

അവ - നായികാഭേദങ്ങൾ.

അനന്തരം ഈ നായികമാരുടെ അലങ്കാരങ്ങളെ പറയുന്നു:-

യൌവനത്തിൽ സത്വജങ്ങ-
ളായവർക്കുള്ളതാം ൧൦൩

ഇരുപത്തെട്ടലങ്കാര-
മതിൽ മൂന്നംഗജങ്ങളാം.
ഭാവം, ഹാവം, ഹേല പിന്നെ-
യേഴയത്നജങ്ങളാം ൧൦൪

(4) ഇങ്ങനെ പറഞ്ഞുകൊണ്ടു കോപത്താൽ സ്ഫുരിക്കുന്നവയും മനോഹരങ്ങളുമായ പക്ഷ്മ (കേസരത്തോടു) കൂടിയതും കർണ്ണങ്ങളിൽ നിയമിതവുമായ നീലോല്പലംകൊണ്ടും നേത്രംകൊണ്ടും ഒരു സമയത്തുതന്നെ മറ്റൊരുത്തി കാന്തനെ താഡിച്ചു.

ശോഭയും, കാന്തിയും, ദീപ്തി,
മാധുര്യം, ച പ്രഗത്ഭതാ,
ഔദാര്യം, ധൈര്യമിവയു-
മിനിയെല്ലാം സ്വഭാവജം ൧൦൭

ലീലാ, വിലാസം, വിച്ഛിത്തി,
വിബ്ബോകം, കിലികിഞ്ചിതം.
മോട്ടായിതം, കുട്ടമിതം,
വിഭ്രമം, ലളിതം, മദം, ൧൦൮

വിഹൃതം, തപനം, മൌഗ്ദ്ധ്യം,
വിക്ഷേപം, ച കുതൂഹലം,
ഹസിതം, ചകിതം, കേളി,
പതിനെട്ടെണ്ണമിങ്ങനെ ൧൦൯

ഭാവാദിയായ പത്തെണ്ണം
പുമാന്മാർക്കും ഭവിപ്പതാം.

ആദ്യം പറഞ്ഞവയായ 'ഭാവം' മുതൽ 'ധൈര്യം' വരെയുള്ള പത്തലങ്കാരങ്ങളും നായകന്മാർക്കും ഉണ്ടാകുന്നവയാണ്. എന്നാൽ ഇവയെല്ലാം നായികമാരിലുണ്ടായാൽ മാത്രമേ ശോഭാവിശേഷത്തെ വഹിപ്പിക്കയുള്ളൂ.

അതിൽ ഭാവം:—

'ഭാവം' ചിത്തത്തിലൊന്നാമ-
തുണ്ടാകുന്ന വികാരമാം. ൧൧൦

ജനനം മുതൽ നിർവ്വികാരമായ മനസ്സിൽ ഉൽഭവമാത്രമായ വികാരമാകുന്നു ഭാവം.

ഉദാഹരണം:

'സ ഏവ സുരഭിഃ കാലഃ
സ ഏവ മലയാനിലഃ
സൈവേയമബലാ കിന്തു
മനോഽന്യദിവ ദൃശ്യതേ.'

വസന്തകാലമതുതാൻ —
അതുതാൻ മലയാനിലൻ
ഇപ്പെണ്ണുമവൾതാനെന്നാൽ
മനം മറ്റൊന്നുപോലെയായ്.

(സ. 1)

ഹാവഃ—

ഭ്രൂനേത്രാദി വികാരത്താൽ
സംഭോഗേച്ഛാപ്രകാശകം
വികാരമല്പം കാണിക്കും
ഭാവംതാൻ 'ഹാവ'സംജ്ഞിതം. ൧൧൧

ഉദാഹരണം:—

'വിവൃണ്വതീ ശൈലസുതാപി ഭാവ-
മംഗൈഃ സ്ഫുരദ്ബാലകദംബകല്പൈഃ
സാചീകൃതാ ചാരുതരേണ തസ്ഥൗ
മുഖേന പര്യസ്തവിലോചനേന.'

മൊട്ടിട്ടു നിൽക്കുന്നൊരു പൂങ്കടമ്പിൻ
മട്ടുള്ള മെയ്യോടു ഗൗരിതാനും

[illegible]
[illegible] നിന്നാലും.

(സാ.)

ഉദാ:—

വികാരമേറെ തെളിവാം
ഭാവംതാൻ 'ഹേല'യായതു്

ഉദാഹരണം:—

[illegible]

(സാ.)

ഉദാ:—

സൌന്ദര്യം, യൌവനം, സൌകു-
മാര്യം, മാല്യാനുലേപനം

ഇത്യാദിദേഹാലങ്കാരം
'ശോഭ'യെന്നു വ്യപദേശിതം. ൧൧൨

അതിൽ യൌവനശോഭയ്ക്കുദാഹരണം:—

'അസംഭൃതം മണ്ഡനമംഗയഷ്ടേ-
രനാസവാഖ്യം കരണം മദസ്യ
കാമസ്യ പുഷ്പവ്യതിരിക്തമസ്ത്രം
ബാല്യാൽ പരം സാഥ വയഃ പ്രപേദേ.'

അംഗത്തിനൊരുകൃത്രിമമല്ലാത്ത ഭൂഷണം താൻ
മദ്യാഖ്യയെന്നിയെ മദത്തിനുള്ളൊരു കാരണം താൻ
കാമനു പുഷ്പമൊഴിഞ്ഞുള്ള സായകം താൻ
ബാല്യം കഴിഞ്ഞുള്ള വയസ്സവളാശ്രയിച്ചാൾ.

(ഏ. ആർ. കോയിത്തമ്പുരാൻ)

ഇങ്ങനെ മറ്റവസ്ഥകളും കണ്ടുകൊൾക.

കാന്തി:—

കാമപ്രസരണാൽ ദീപ്തി
പൂണ്ടിടും ശോഭ 'കാന്തി'യാം

കാമാവേശംകൊണ്ട് ഒരു നിറപ്പകിട്ടുള്ളതുപോലെ തോന്നുന്ന ശോഭതന്നെ കാന്തിയെന്നു പറയപ്പെടുന്നു.

ഉദാഹരണം:—

'തെല്ലിളം മഞ്ഞനിറമേ—' ഇത്യാദി.

ദീപ്തി:—

വ്യാപ്തി വലിപ്പമാം കാന്തി
'ദീപ്തി'യെന്നാഖ്യസമ്മതം. ൧൧൩

ഉദാഹരണം:—

'ചന്ദ്രകല' എന്ന നാടികയിൽ ചന്ദ്രകലാവർണ്ണനം—

'താരുണ്യസ്യ വിലാസഃ
        സമധികലാവണ്യസമ്പദോ ഹാസഃ
ധരണിതലസ്യാഭരണം
        യുവജനമനസോ വശീകരണം.'
താരുണ്യത്തിൻവിലാസം
        ശോഭനം ലാവണ്യലക്ഷ്മിതൻ ഹാസം
പാരിതിന്നാഭരണം
        പാരാതെ യുവാക്കൾതൻ വശീകരണം.

(സ്വ.)

മാധുര്യം:—

'മാധുര്യം', രമണീയത്വം
സർവ്വാവസ്ഥാന്തരത്തിലും

ഉദാഹരണം:—

'സരസിജമനുവിദ്ധം ശൈവലേനാപി രമ്യം
മലിനമപി ഹിമാംശോർല്ലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം.'

പുല്ലാമ്പലുണ്ടിന്നു ഭംഗി കാഴ്ചയാ
        ഏറ്റം കരിമ്പായലിനാൽ
ചെല്ലുന്നു തിങ്കൾ കളങ്കമോ പാതിയായി.
        ശുഭ്രം കറുത്തതാകിലും
മല്ലാക്ഷീമണിയാൾക്കു വല്ക്കലത്തിലും
        ഉയിർക്കുശോഭവാനം

നല്ലാകാരമതിന്നലങ്കരണമാ-
ണെല്ലാപ്പുരാതനങ്ങളും.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

പ്രഗല്ഭതാ:—

സാധ്വസം തീരെയില്ലാത്ത-
യെന്നതത്രേ 'പ്രഗല്ഭതാ'. ഫഭ്

ഉദാഹരണം:—

'സമാശ്ലിഷ്ടാസ്സമാശ്ലേഷൈ-
ശ്ചുംബിതാശ്ചുംബിതൈരപി
ദഷ്ടാശ്ച ദംശനൈഃ കാന്തം
ദാസീകുർവന്തി യോഷിതഃ'.

ആശ്ലേഷിക്കിലാശ്ലേഷമാൽ
ചുംബിച്ചാൽ ചുംബനങ്ങളാൽ
ദംശിക്കിൽ ദംശനാൽ സ്ത്രീകൾ
ദാസനാക്കുന്നു കാന്തനെ.

(സാ.ദ)

ഔദാര്യം:—

എപ്പോഴും നല്ല വിനയ-
'മൌദാര്യം' സാധുസമ്മതം

ഉദാഹരണം:—

'ന ബ്രൂതേ പരുഷാം ഗിരം, വിതനുതേ
ന ഭ്രൂയുഗം ഭംഗുരം
നോത്തംസം ക്ഷിപതി ക്ഷിതൗ ശ്രവണതഃ,
സാ മേ സ്ഫുടേഽപ്യാഗസി

കാന്താ ശശ്വദ്ഗവാക്ഷവിവര-
വ്യാപാരിതാക്ഷ്യാ ബഹിഃ
സഖ്യം വക്ത്രകരി പ്രയച്ഛതി പരം
പശ്യന്തീ ലോചനേ.'

കൂടെയാളുന്നതുമില്ല, ചില്ലികൾ വക്രി-
ച്ചീടാ, ചെവിപ്പൂക്കളെ
തല്ലുന്നില്ല നിലത്തു തൊഴു, തെളിവാ-
യെൻപേരിലെന്നാകിലും
പുഞ്ചിരിപ്പുതുഗാഢിയാളുമായിൽ വാ-
ണെങ്ങാലമാർഗ്ഗണ ക-
ള്ളത്തിൽ വെച്ചുസ്ത്രീയ കൊള്ളിതുന്നിതുവഃ
നോക്കുന്ന കണ്ണീരാർ.

(സ്വ.)

ധൈര്യം:—

'ധൈര്യം', മാത്സര്യപ്പെട്ടു-
മാത്സര്യാഭാവമെന്നിയേ ൧൧൭

ഉദാഹരണം:—

'ജലധൗ ഗഗനേ ദാരിദ്ര്യ ദാരും-
വദനകലാ ശശീ
ദഹതു മദനഃ, കിം വാ മൃത്യുഃ
പരേണ വിധാസ്യതി
മമ തു ദയിതഃ ശ്ലാഘ്യസ്താതാ
ജനന്യമലാന്വയാ
കലമമലിനം ന ചൈവായം
ജനോ ന ച ജീവിതം.'

ശോഭിക്കുന്ന സോമൻ സകലക-
ലനായ് ഭ്രൂവിലിരിക്കിൽ
ദഹിക്കട്ടെ കാമൻ, മതിയില-
തിയായെന്തു കഴിയും,
ഇലോകം ഭയഗ്രസ്തരാർ തക വരജന-
കർ, മായാ സുഖമതാം,
കലാ ശ്രവ്യം, മകരളിപ്പിലാളികി-
യാണെൻ ജീവിതമിതും.

(സ്വ.)

ലീലാ:—

വേഷഭൂഷണസപ്രേമ-
ഭാഷണാംഗക്രിയാദിയാൽ
പ്രിയാനുകരണം പ്രീതി
കൊണ്ടു ചെയ്യുന്നു 'ലീല'യാം ൧൧൫

ഉദാഹരണം:—

'മന്ദാരമാലയണിഞ്ഞു ശശാങ്കകലാധരമാണിതു
ഹരവേഷമണിഞ്ഞു പാർവ്വതി ലീലയാ പാർവ്വതി ഭഗൾ.'

മന്ദാരമാലകളും ചന്ദ്രികകളണിഞ്ഞും,
ഗന്ധവാഹിവേണിയിലും, കളിച്ചുവാൻ
ഇന്ദുമൗലിയാകൃതി പൂണ്ട പാർവ്വതി
ഇന്നു രസിപ്പിക്ക ശോകരതപ്പുറവും.

(സ്വ.)

വിലാസം:—

നടപ്പ്, നില്പിരിപ്പാസ്യ-
നേത്രാദിക്രിയയെന്നതിൽ

ഇഷ്ടസന്ദർശനാദ്യങ്ങളാം
വികാരം താൻ 'വിലാസ'മാം (൧൧൭)

ഉദാഹരണം:—

'അത്രാന്തരേ കിമപി വാഗ്വിഭവാതിവൃത്ത-
വൈചിത്ര്യമുല്ലസിതവിഭ്രമമായതാക്ഷ്യാഃ
തദ്ഭൂരിസാത്ത്വികവികാരമപാസ്തധൈര്യ-
മാചാര്യകം വിജയി മാന്മഥമാവിരാസീത്.'

ചൊല്ലിയാലൊതുങ്ങാതെ വന്നിടാതവിധമപ്പോ-
ളായതാക്ഷിയ്ക്കുളവായ്
ഉല്ലസിതപ്രഭയിലെത്ര വിഭ്രമവും
തെളിഞ്ഞ പുഞ്ചിരിയിൽ
ബഹുസാത്ത്വികവികാരമാർന്നതു ധൈര്യ-
മൊഴിക്കുന്നതാം
മന്മഥാചാര്യകം വിജയമതിന്നാവിര-
ദൃശ്യമായ്വന്നു.
(സ്വ.)

വിച്ഛിത്തി:—

'വിച്ഛിത്തി', അല്പമാം വേഷ-
മഴകേറ്റം വരുത്തുകിൽ

ഉദാഹരണം:—

'സ്വച്ഛാംഭഃസ്നപനവിധൗതമംഗമോഷ്ഠ-
സ്താംബൂലദ്യുതിവിശദോ വിലാസിനീനാം
വാസസ്തു പ്രതനു വിവിക്തമസ്ത്വിതീയാ-
നാകല്പോ യദി കുസുമേഷുണാ ന ശൂന്യഃ.'

തെന്നൊഴുക്കും കലശം ജലത്തിൽ മുഴുകി-
　　സ്സംക്രാന്തമാം ഗാത്രവും,
താംബൂലപ്രതികൊണ്ടു രാഗമധികം
　　ചേരുന്ന ബിംബോഷ്ഠവും,
നന്നേനിപ്പുതുവെള്ളവസ്ത്രവുമിതു-
　　ണ്ടായീടിലാരസ്ത്രണ.
പ്പെണ്ണാൾ നേർമിഴിമാർക്കു, തമ്പലർശരൻ
　　മാറാതെമന്നീടുകില്.

(സ. ച)

വിശ്ലേഷകം:—

ഉൽകൃഷ്ടവസ്തുവിലും പുഷ്ടം
'വിശ്ലേഷക'മതിശയ്പ്പിനാൽ. ചന്ദ്രി

ഉദാഹരണം:—

'യസ്യാ: സത്യപി സദ്ഗുണാനുസരണേ
　　ദോഷാനുവൃത്തി: പരാ
യാ: പ്രാണാൻ വരമർപ്പയന്തി, ന പുന:
　　സമ്പൂർണ്ണദൃഷ്ടിം പ്രിയേ
അത്യന്താഭിമതേഽപി വസ്തുനി വിധി-
　　ശ്ചക്രേ നിഷേധാത്മക-
സ്താസ്ത്രൈലോക്യവിലക്ഷണപ്രകൃതയോ
　　വാമാ: പ്രസീദന്തു തേ.'

നേരായ് സദ്ഗുണമേറിയാലുമതിനെ-
　　ദ്ദോഷോന്നതിയെന്നോതിടും
തിരെ പ്രാണനെ നൽകിലും മിഴി തുറ-
　　ന്നീക്ഷിച്ചിടാ കാന്തനെ
പാരാതിഷ്ടവുമൊട്ടനിഷ്ടവിധിയിൽ
　　രചിച്ചീടു, മാ വാമകൾ

പാരിന്നധീര വിലക്ഷണപ്രകൃതിമാ-
രങ്ങുള്ളിനങ്ങളെങ്ങനെ.

(സ ൧)

കിലകിഞ്ചിതം:—

സ്മിതരുദിതഹർഷശോക-
ത്രാസക്രോധാദിമിശ്രഭാവം താൻ
'കിലകിഞ്ചിത'മഭിമതസം-
ഗമാദിഹർഷം നിമിത്തമുള്ളവാകിൽ. ൧൧൯

ഉദാഹരണം:—

'പാണിരോധമവിരോധിതവാഞ്ഛം
ഭർത്സനാശ്ച മധുരസ്മിതഗർഭാഃ
കാമിനഃ സ്മ കുരുതേ കരഭോരു-
ർഹാരിശുഷ്കരുദിതം ച സുഖേƒപി'

വിരോധമിച്ഛക്കു വരാതെ കാമിതൻ
കരം തടുത്താൾ കരഭോരു, ഭംഗിയിൽ
ചിരിച്ചു ഭർത്സിച്ചു, സുഖത്തിലും മനം
ഹരിച്ചിടുംമാറു കരഞ്ഞു ശുഷ്കമായ്.

(സ ൨)

മോട്ടായിതം:—

കരളിൽ കാന്തനെക്കാൺകെ-
ത്തൽകഥാദികൾ കേൾക്കവേ
കർണ്ണകണ്ഡൂയനാദ്യം താൻ
'മോട്ടായിത'മിതി സ്മൃതം. ൧൨൦

ഉദാഹരണം:—

'സുഭഗ! ത്വത്കഥാരംഭേ കർണ്ണകണ്ഡൂതിലാലസാ
ഉജ്ജൃംഭവദനാംഭോജാ ഭിനത്ത്യംഗാനി സാംഗനാ.'
ആരെങ്കിലും സുഭഗ! നിൻകഥ ചൊല്ലുമാറാ-
യാരംഭമിട്ടിടുകിലായവളുമ്പരാതാൻ
തന്നൊപ്പമാം ചൊറിഞ്ഞു ചെവി, വായ്ക്കമലം വിടർത്തി.
ഗാത്രത്തെ അങ്ങനെ ഞെളിച്ചു കടത്തിടുന്നു.

(സ.ച)

കുട്ടമിതം:—

ഹർഷമുണ്ടെങ്കിലും കേശ-
സ്തനാദികൾ പിടിക്കവേ
സംഭ്രമാൽ കരശീർഷാദി-
കമ്പം 'കുട്ടമിതാ'ഹ്വയം ൧൨൧

ഉദാഹരണം:—

'പല്ലവോപമിതിസാമ്യസപക്ഷം
ദഷ്ടവത്യധരബിംബമഭീഷ്ടേ
പര്യകൂജി സരുജേവ തരുണ്യാ-
സ്താരലോലവലയേന കരേണ.'

തളിരൊത്തുപമയാകാവും ദ്യുതിയാർന്നവന്റെ സമ്യ-
കനമേറുമധരബിംബം കാമുകൻ താൻ കടിക്കെ
വളകളിളകി വാച്ചുലയുന്നതാൽ കരത്തെ
കിളിമൊഴിയുടെ തകരാറായിച്ചിരിത്തുന്നപോലെ.

(സ.ച)

വിഭ്രമം:—

ഹർഷരാഗാദിയാൽ കാന്താ-
ഗമാദിത്വരയുളവായ്
തിലകാദികളസ്ഥാനാ-
ത്തിങ്കൽ ചേർപ്പതു 'വിഭ്രമം'. ഫ.ഫ

ഉദാഹരണം:—

'ശ്രുത്വായാന്തം ബഹിഃ കാന്തമസമാപ്തവിഭൂഷയാ
ഫാലേഽഞ്ജനം ദൃശോർല്ലാക്ഷാ കപോലേ തിലകഃ കൃതഃ'

കാറൊക്കരിങ്കുഴലി മെയ്യണിയുന്ന മദ്ധ്യേ
ആരോമൽ കാമുകനണഞ്ഞതറിഞ്ഞു വേഗം
ഫാലത്തിലഞ്ജനമെഴുതി, ലാക്ഷ മിഴിയിലണിഞ്ഞു,
ഏറും കവിൾത്തടത്തിൽ തിലകം ധരിച്ചു.

(സ.)

ലളിതം:—

ഭംഗിയായ് ചെയ്‌വതാമംഗ-
വിന്യാസം 'ലളിതാ'ഹ്വയം

ഉദാഹരണം:—

'ഗുരുതരകലനൂപുരാനുനാദം
സലളിതനർത്തിതവാമപാദപത്മാ
ഇതരദനതിലോലമാദധാനാ
പദമഥ മന്മഥമന്ഥരം ജഗാമ.'

മേഖലയിൽ കിലുങ്ങിന കിങ്ങിണിമാലയോടൊത്തു
കാലടിരണ്ടും ലളിതരീതിയിൽ വിന്യസിച്ച്
സവിലാസമന്യപദവും മുന്നായിവച്ചു
ലോലാംഗിയാളവൾ കതനാഗതകായ് ഗമിച്ചാൾ.

(സ.ച)

മദം:—

'മദം', യൗവനസൗഭാഗ്യാ-
ദ്യവലേപവികാരമാം. ഹേമ

ഉദാഹരണം:—

'മാ ഗർവ്വമുദ്വഹ കപോലതലേ ചകാസ്തി
കാന്തസ്വഹസ്തലിഖിതാ മമ മഞ്ജരീതി
അന്യാപി കിം ന ഖലു ഭാജനമീദൃശീനാം
വൈരീ ന ചേത് ഭവതി വേപഥുരന്തരായഃ.'

കാന്തന്റെ കൈപ്പടയിലെൻ കവിളത്തു പൂങ്കൊ-
ഞ്ചെത്തുന്നുവെന്ന നിനവാൽ ഞെളിയേണ്ടെടോ നീ
ഏതൊരംഗനയുമിതിനു പാത്രമല്ലേ
ചിന്തിക്ക വേപഥു വിരോധിതയായിടാതാൾ.

(സ.ച)

വിഹൃതം:—

നാണംകൊണ്ടുരിയാടാത്തു
'വിഹൃതം' വേണ്ടപ്പോതിലും

ഉദാഹരണം:—

'ദൂരാഗതേന കുശലം
പൃഷ്ടാ നോവാച സാ മയാ കിഞ്ചിത്

പശ്ചാദുന്നിദ്രനായകനെ
തസ്യാഃ കഥയാമ്യവസ്ഥാഃ സഖ്യം.'
അകലന്നാഗതനാം തോഴൻ
കരളം ചോദിച്ചതവൾ പാദത്തിലോ
സലിലം നിറഞ്ഞ കണ്ണുകൾ
സകലമവൾക്കുള്ളവസ്ഥയുരചെയ്തു.

(സ.)

തപനം:—

'താപനം' വിരഹത്തിങ്കൽ
മന്ദനോദ്വേഗചേഷ്ടിതം. ഫവർ

ഉദാഹരണം:—

'ശ്വാസാന്മുഞ്ചതി ഭൂതലേ വിലുഠതി
ത്വന്മാർഗ്ഗമാലോകതേ
ദീർഘം രോദിതി വിക്ഷിപത്യത ഇതഃ
ക്ഷാമാം ഭുജാവല്ലരീം
കിഞ്ച പ്രാണസമാന! കാംക്ഷിതവതീ
സ്വപ്നേപി തേ സംഗമം
നിദ്രാം വാഞ്ഛതി ന പ്രയച്ഛതി പുന-
ർദ്ദഗ്ദ്ധോ വിധിസ്താമപി.'

വീർക്കുന്നു ദീർഘമായ് ഭൂതലമതിലുരുളു-
ന്നു ഭവാൻ പോയമാർഗ്ഗം
നോക്കുന്നു കേണിടുന്നു പുനരവിടെയിട-
ക്കൈകളാൽ തല്ലിടുന്നു
കാംക്ഷിക്കുന്നു നിദ്രയെ ജീവിതസദൃശ! ഭവ-
ത്സംഗമം സ്വപ്നകാലേ

പാൎത്ഥന്നുണ്ടാകുവാനായ്, ഹതവിധിയരുളു നാൾ.
കുന്നതൊട്ടില്ലതാനം.

(സ-ച)

മൌഗ്ദ്ധ്യം:—

അറിയുന്ന പദാൎത്ഥത്തെ-
യറിയാത്തതുപോലവേ
പ്രിയന്റെ മുമ്പിൽ വച്ചിട്ടു
ചോദിക്കുന്നതു 'മൌഗ്ദ്ധ്യ'മാം. ഫ.വ.ഭ

ഉദാഹരണം:—

'കേ ശുകാസ്സ്യുഃ ക്വ വാ ഗ്രാമേ
സന്തി കേന പ്രരോപിതാഃ
നാഥ! മൽകങ്കണന്യസ്തം
യേഷാം മുക്താഫലം ഫലം.'

ആ മരമേതു വള്ളിയാം
ഗ്രാമമതെവിടത്തിലാരു വളൎത്തും
ഹേ മൽപ്രിയ! കങ്കണമിതി-
ലീമുക്താഫലമവയെല്ലാം ഫലമോ?

(സ-ച)

വിക്ഷേപം:—

പാതി ചാൎത്തുക പണ്ടത്തെ,
ച്ചാറും പാഴായി നോക്കുക,
രഹസ്യം പ്രിയനോടൊപ്പം
ചൊൽക, 'വിക്ഷേപ'മാമതു്. ഫ.വ.ന

ഉദാഹരണം:—

'ധമ്മില്ലമഴിച്ചും
കലയതി, തിലകം തഥാസകലം
കിഞ്ചിദുപരി രഹസ്യം
ചകിതം വിക്ഷിപതി ലോകനതന്വി.'

കെട്ടഴിച്ചു ചികരം പകുതിച്ചു.
ഞൊറിഞ്ഞു, പൊട്ടുതൊട്ടൊന്നു കുറിച്ചു
ഒട്ടൊളിച്ചിതു രഹസ്യമിടങ്ങൾ.
ദൃഷ്ടി ഭീതിയൊടു ചുററുമയച്ചു.

(സ്വ.)

കുതൂഹലം:—

രമ്യവസ്തുക്കളോരോന്നേ
കാണ്മാൻ മോഹം 'കുതൂഹലം'

ഉദാഹരണം:—

'പ്രസാധികാലംബിതമഗ്രപാദ-
മാക്ഷിപ്യ കാചിദ്ദ്രവരാഗമേവ
ഉത്സൃഷ്ടലീലാഗതിരാ ഗവാക്ഷാ-
ദലക്തകാങ്കാം പദവീം തതാന.'

ഒരുത്തി, ചെഞ്ചായമുഴിച്ചിരുന്നൊരെ
വലിച്ചെടുത്തുള്ള പദാഗ്രയുഗ്മങ്ങൾ
ജനാലയോളം വഴിനീളെ യാവകം
നിലത്തൊഴിപ്പിച്ചു കുതൂഹലത്തിനാൽ.

(എ. ആർ. കോയിത്തമ്പുരാൻ.)

ഹസിതം:—

താരുണ്യത്താലല്ലലാൽ പാഴ്പ്പു-
ങ്കിരിയാം 'ഹസിതാ'ഖ്യം. (ഫേമ)

ഉദാഹരണം:—

'അകസ്മാദേവ തന്വംഗീ
ജഹാസ യദിയം പുനഃ
നൂനം പ്രസൂനബാണോഽസ്യാം
സ്വാരാജ്യമധിതിഷ്ഠതി.'
കാരണം ചൊവ്വേയില്ലാതെ-
ത്തങ്ഗാത്രി ചിരിക്കയാൽ
മാരനിന്നിവളിൽ കേറി
സ്വാരാജ്യം വാണിരിക്കയാം.

(സ്വ.)

ചകിതം:—

'ചകിതം' ഭയിതന്നുമ്പി-
ലെന്തോ പേടിപ്പതങ്ങൽതാൻ

ഉദാഹരണം:—

'ത്രസ്യന്തീ ചലശഫരീവിഘട്ടിതോരൂ-
ർവാമോരുരതിശയമാപ വിഭ്രമസ്യ
ക്ഷുഭ്യന്തി പ്രസഭമഹോ വിനാപി ഹേതോർ-
ലീലാഭിഃ കിമു സതി കാരണേ തരുണ്യഃ.'
ഓടുന്ന മത്സ്യം ഉടമേൽപ്പെടുകിലെ-
ഞ്ഞെട്ടിത്തരിക്കലാം പ്രഥമോരുകന്യ

യേറ്റും ഭയം സ്ത്രീകൾക്കൊളുവാം, സ്ത്രീ-
ന്നിടെന്തഹോ കാരണമനുഭവിച്ചാൽ.

(൯൧)

കേളി:—

കാന്തനൊത്തു രമിക്കുമ്പോഴും
കളിക്കുന്നതു 'കേളി'യാം. ൧൨൭

ഉദാഹരണം:—

'വ്യൂഢപാഠിന്നും ലോചനാന്താ മുഖാന്തിലെ-
ളപാരയെന്തം കിഴ പൂണ്ടും ഭജെ
പാദായതൊണോത്തസി കാമിനെന്നാൽ
പ്രിയം ജയാഭനാനന്തപീവരസ്തനി.'
തന്നോടുകൂടെയാമലകപ്പുറമിട്ടെതി സീമാൻ
നാണമകന്നിട്ടും പതി തന്റെ മാറിൽ
കണ്ണാരത്തിലും കപമെഴുന്നവളുന്നസ്സാ-
യുന്നതമിന്നൊളുമുലകമെന്നോടു കരുതി.

(൯൨)

അനന്തരം മുഗ്ദ്ധാകന്യകമാരുടെ നാനാരാഗചേഷ്ടിതങ്ങളെ പറയുന്നു:—

നാണം കണ്ടും കാണുമ്പോഴും
നേരിട്ടിങ്ങോട്ടു നോക്കിടാ
പ്രിയൻ കടന്നു പോയീടി-
ലൊളിച്ചായിട്ടു നോക്കിടും; ൧൨൮

പല ചോദ്യങ്ങൾ ചോദിച്ചാൽ
മുഖം താഴ്ത്തിപ്പുലക്കവേ
കൈച്ചുരുട്ടിടച്ചുയോടൊട്ടൊ-
ട്ടായി പ്രിയനൊടോതിടും. ൯൰൧

അന്യർ തൽക്കഥ ചൊല്ലുമ്പോ-
ളന്യത്ര മിഴിവച്ചുതാൻ
ശ്രദ്ധിച്ചതെല്ലാം കേട്ടിടും
ബാലപ്പെണ്ണനുരാഗിണി. ൯൰൨

ഇനി വല്ലും നായികമാരുടെയും അനുരാഗചേഷ്ടിതങ്ങളെ പറയുന്നു:—

പ്രിയനരികത്തെപ്പോഴും പാർപ്പാൻ
പ്രിയമേറെയുമാണ്ടിടും
അവൻ കാണുന്നിടത്തെങ്ങും
മോടി കൂട്ടാതെ ചെന്നിടാ. ൯൰൩

തലകെട്ടൽ, പുതപ്പെന്നി
കല്ലവാൽ കക്ഷദേശവും,
മുലയും നാഭിയും വ്യക്ത-
മാർത്തുന്നങ്ങു കാട്ടിടും. ൯൰൪

പ്രിയൻെറ പററിലുള്ളോരെ
വാഗാർത്ഥ്യത്താൽ മയക്കിടും

തന്മിത്രങ്ങളിൽ വിശ്വാസ-
ബഹുമാനങ്ങളാർന്നിടും. ൧൩൪

തൽഗുണം തോഴിമാരോടു
ചൊല്ലും സാധനമേകിടും
ഉറങ്ങിയേ താനാവൂ
സുഖദുഃഖങ്ങൾ പങ്കിടും. ൧൩൫

പ്രിയന്റെ ദൃഷ്ടിമാർഗ്ഗത്തിൽ
നിൽക്കും ദൂരത്തിലെപ്പൊഴും
തോഴിമാരുടെ മുമ്പാകെ
കാമബാധയുരപ്പിടും. ൧൩൬

വല്ല വസ്തുക്കളും കണ്ടാൽ
വെറുതേ താൻ ചിരിച്ചിടും
ചൊറിയും ചെകിടവ്വണ്ണ-
മഴിക്കും തല, കെട്ടിടും. ൧൩൭

കോട്ടുവായിടും മെയ്ഞെളിക്കും
പുൽകിച്ചുംബിക്കുമുണ്ണിയെ
തരമൊത്തൊരു തോഴിക്ക
കുത്തിക്കും പൊട്ടു നെറ്റിയിൽ. ൧൩൮

പാദാംഗുഷ്ഠത്താൽ വരക്കു-
മൊട്ടുകണ്ണിട്ടു നോക്കിടും
കടിക്കും ചുണ്ടു, കീഴ്പ്പെട്ടു
നോക്കി പ്രിയനൊടോതിടും. ൧൩൯

എവിടെ പ്രിയനെക്കാണു-
മവിടം വിട്ടു പോയിടാ
കാൎയ്യത്തിന്നൊന്നു കല്പവാൻ
തൽഗൃഹത്തിലണഞ്ഞിടും. ൧൪൦

കാന്തൻ കൊടുപ്പതും വാങ്ങി
ധരിക്കും പേൎത്തു നോക്കിടും
തദ്യോഗത്തിൽ തെളിഞ്ഞീടും
പിരിഞ്ഞാൽ മങ്ങിമാഴ്കിടും. ൧൪൧

തച്ഛീലങ്ങൾ പ്രശംസിക്കും
തൽപ്രിയം പ്രിയമാക്കിടും
നിസ്സാരവസ്തു യാചിക്കു-
മുടക്കത്തിലനങ്ങിടാ. ൧൪൨

സാത്വികാദ്യവികാരങ്ങൾ
തേടുകില്ല തദന്തികേ
സൂനൃതം തോഴിയോടേറ്റു-
മന്ദരാഗമെഴുന്നവൾ ൧൪൩

ഇച്ചേഷ്ടിതങ്ങൾ നാണത്തിൽ
മൂടിക്കാണും നവോഢയിൽ
നാണത്തോടൊപ്പം മദ്ധ്യക്കും
നാണം താനവധത്തിലായ്. ൧൪൪

അന്യസ്ത്രീക്കും പ്രഗല്ഭക്കും
വേശ്യക്കും കാണുമങ്ങനെ.

ഏതാനും ചിലതിന് ഉദാഹരണം:—

'അന്തികഗതമപി മാമിയ-
മനാലോകയന്തിവ ഹന്ത ദൃഷ്ട്വാപി
സരസനഖക്ഷതലക്ഷിത-
മാവിഷ്കുരുതേ ഭുജാമൂലം.'

അരികിലണഞ്ഞിട്ടുമെന്നെ-
നോക്കിലുമറിയാത്ത മട്ടിലിവളിതഹോ!
അരിയ നഖക്ഷതമേററ
കരമൂലത്തെ ഇന്നു കാട്ടുന്നു.

(സ.1)

കത്തയച്ചും കടാക്ഷിച്ചും
നല്ല വാക്കുകൾ ചൊല്ലിയും
ദൂതീമുഖേനയും ഭാവം
വെളിവാക്കുന്നു നായിമാർ. ൧൪൫

ദൂതികളെ പറയുന്നു:—

സഖിയും, നടിയും, ദാസി,
ധാത്രേയി, അയൽവാസിനി,
പെൺകിടാവും, പാലേടത്തും
സഞ്ചാരം ചെയ്തിടുന്നവൾ. ൧൪൬

കാരുസ്ത്രീകളു,മല്ലെന്നും
ശില്പിന്യാദികളും, തഥാ
ദൂതിമാരാവരും; താനും
ചിലപ്പോളപ്രകാരമാം. ൧൪൭

കാരുസ്ത്രീകൾ, അലക്കുകാരത്തി മുതലായവർ, ശില്പിനി, ചിത്രകാരാദിസ്ത്രീ, ആധിക്യംകൊണ്ടു വെവ്വേറെ ഉപയോഗിക്കുന്നവരും, കവിതകളുണ്ടാക്കുന്നവരും മുതലായവരെ ഗ്രഹിച്ചുകൊള്ളുക.

അതിൽ സഖി ദൂതിയായിട്ടുള്ളതിന് ഉദാഹരണം:—

'വിഷണ്ണ ദീനമായ്'—ഇത്യാദി.

താൻ തന്നെ ദൂതിയായിട്ടുള്ളതിന്:—

'പാന്ഥ പിതൃസി വിശ
ലപ്സ്യസി അസി താ ഗിരേ
ന മനം വിവാദ ഇവ
അതമി ഘര ഘനരസം പിബന്തു ഖനം.'
പാന്ഥ! പിപാസിത ഇവ
ലക്ഷ്യസ യാസി തത് കിമന്യത്ര
ന മനാഗപി വാരക ഇഹ
ഗ്ലി ഘടെ ഘനരസം പിബന്തം.

(ഹരയാ)

പാന്ഥ! പിപാസിതനെപ്പോൾ
ഭയന്നെന്നില്ല, പോവതെന്തിനന്യത്ര?
കട്ടം താഴില്ലെന്നാൽ
വിളിച്ച് ഘനരസമശിച്ചിടാമല്ലോ.

(സ്വ.)

ഇവർ തന്നെ നായികമാരുടെ അടുക്കലേക്കു നായകന്മാരെ ദൂതികളായിരിക്കാവുന്നതാണ്.

ഇനി ദൂതികളുടെ ഗുണങ്ങളെ പറയുന്നു:—

കലാനൈപുണ്യമുത്സാഹം,
ഭക്തി, ചിത്തജ്ഞതാ, സ്മൃതി,
മാധുര്യം, നർമ്മവിജ്ഞാനം,
വാഗ്മിതാദിയിവ തൽഗുണം. ൧൪൮

ഉത്തമാധമമദ്ധ്യത്വാൽ
മൂന്നായിത്തരമേവും
ഇച്ചൊന്ന ദൂതിമാരെല്ലാം—
വൈചിത്ര്യംപോലെ വന്നിടും. ൧൪൯

ഇനി പ്രതിനായകനെ പറയുന്നു:—

പാപം ചെയ്യുന്നവൻ സപ്ത-
വ്യസനാധീനനായവൻ
ധീരോദ്ധതനമാകുന്ന
പ്രതിനായകനായവൻ. ൧൫൦

ഉദാഹരണം:— രാമനു രാവണൻ.

അനന്തരം സ്ത്രീപാത്രവിശേഷങ്ങളെ പറയുന്നു:—

സ്വാതന്ത്ര്യ പുഷ്പമാകലാ:—
ഇസ്ത്രീപാത്രവിശേഷമാം

അവയെങ്ങനെന്നാൽ:—

ആലംബനത്തിൻ ചേഷ്ടാദി,
ദേശകാലാദിയെന്നിവ. ൧൩൭

'ചേഷ്ടാദി' എന്നതിലെ ആദിശബ്ദംകൊണ്ട് ആകാരം സംഭാഷണം മുതലായതും, 'കാലാദി' എന്നതിലെ ആദിശബ്ദംകൊണ്ടു ചന്ദ്രൻ, ചന്ദനം, കുയിൽനാദം, വണ്ടുകളുടെ ഝങ്കാരം മുതലായതും ഗ്രാഹ്യമാകുന്നു.

ചന്ദ്രോദയത്തിന് ഉദാഹരണം:—

'കരമുദയമഹീധരസ്തനാഗ്ര-
ഗളിതതമഃപടലാംശുകേ നിവേശ്യ
വികസിതകുമുദേക്ഷണം വിചുംബ-
ത്യയമമരേശദിശോ മുഖം സുധാംശുഃ.'

കരമുദയഗിരിസ്തനാഗ്രഭാഗ-
ത്തിരുൾവസനത്തെയകറ്റിവച്ചു, മന്ദം
കുമുദമിഴി വിടർന്നുതന്നൊരൈന്ദ്രി-
മുഖമമൃതാംശുവിതാ മുകർന്നിടുന്നു.

(സ്വ.)

ഓരോ രസത്തിന്റെ ഉദ്ദീപനവിഭാവങ്ങളെ അതാതു രസത്തിന്റെ സ്വരൂപവർണ്ണനയിൽ പറയുന്നതാണ്.

ഇനി അനുഭാവങ്ങളെ പറയുന്നു:—

ഭാവത്തിൻ കാരണാദ്യുള്ളി-
പ്രദീപ്തം ഭാവമാവിഷ്കരം

പുറമേ കാണ്മൂരൂപത്തിൽ
കാട്ടുന്നതനുഭാവമാം. ൧൩൨

ലോകത്തിലെന്നപോലേ താൻ
കാവ്യനാട്യങ്ങൾ രണ്ടിലും

ലോകത്തിൽ, സീതാദികളായ ആലംബനകാരണങ്ങളെക്കൊണ്ടും ചന്ദ്രാദികളായ ഉദ്ദീപനകാരണങ്ങളെക്കൊണ്ടും രാമാദികളുടെ ഉള്ളിൽ ഉദിക്കുന്ന രത്യാദിഭാവങ്ങളെ പുറമേ പ്രകാശിപ്പിക്കുന്നതായ യാതൊന്നിനെ കാര്യമെന്നു പറയുന്നുവോ, അതിനെത്തന്നെയാണു കാവ്യനാട്യങ്ങളിൽ അനുഭാവമെന്നു പറയുന്നതു്.

അവയേതെന്നു പറയുന്നു:—

സ്ത്രീകൾക്കുള്ളോരലങ്കാരം
ചൊല്ലിനോരംഗജങ്ങളും
സ്വഭാവജങ്ങളും രണ്ടാ-
യനുഭാവങ്ങളാമവ. ൧൩൩

പിന്നെസ്സാത്ത്വികഭാവങ്ങൾ
വേറേ ചേഷ്ടകളും തഥാ

'തഥാ' എന്നാൽ അനുഭാവങ്ങൾ എന്നർത്ഥം. ഇതിൽ അതാതു രസത്തിന്റെ അനുഭാവമേതെന്നു ആ രസത്തിന്റെ സ്വരൂപവർണ്ണനത്തിൽ പറയുന്നതാകുന്നു.

ഇനി സാത്ത്വികങ്ങളെ പറയുന്നു:—

സത്ത്വാദ്ഭൂതവികാരങ്ങൾ
സാത്ത്വികാഖ്യങ്ങളായവ. ൧൩൪

സത്ത്വമെന്നുള്ള തന്റെ ചിത്തവൃത്തികളായ വികാരങ്ങളെ (ഭാവാദികളെ) പ്രകാശിപ്പിക്കുന്ന ഒരു മാനസികധർമ്മങ്ങളാകുന്നു.

സത്ത്വമാത്രോത്ഭവത്വത്താ-
ലവ ഭിന്നങ്ങളാകിലും,
അനുഭാവത്വമവയിൽ
ഗോബലീവർദ്ദനീതിയിൽ. ൧൬൩

അവയെ പറയുന്നു:—

സ്തംഭം, സ്വേദം, ച രോമാഞ്ചം,
വൈസ്വര്യം, പിന്നെ വേപഥു
വൈവർണ്ണ്യ,മശ്രു, പ്രലയം,
സാത്ത്വികങ്ങളിതെട്ടു താൻ. ൧൬൪

അവയുടെ സ്വരൂപത്തെ വിവരിക്കുന്നു:—

'സ്തംഭം' നിശ്ചേഷ്ടതാ; ഭീതി-
ഹർഷശോകാദിമൂലമായ്;
ദേഹം വിയർക്കയാം 'സ്വേദം'
രതിഘർമ്മശ്രമാദിയാൽ. ൧൬൫

'രോമാഞ്ചം' കോൾമയിർക്കൊൾക
ഹർഷാത്ഭുതഭയാദിയാൽ
വാക്കിനിടർച്ച 'വൈസ്വര്യം'
പീഡാമോദമദാദിയാൽ. ൧൬൬

രാഗദ്വേഷശ്രമാദ്യത്താൽ
മെയ് വിറയ്ക്കുക 'വേപഥു'

നിറം മാറുക 'വൈവർണ്ണ്യം'
ശബ്ദഭിന്നതയാകിയാൽ. ൧൫൮

'അശ്രു' കണ്ണീർ, ശോകരോഷ-
ഹർഷാദികൾ നിമിത്തമായ്;
'പ്രലയം', സുഖദുഃഖങ്ങ-
ളാൽ ചേഷ്ടാജ്ഞാനഹാനിയാം. ൧൫൯

ഉദാഹരണം:—

'തന്വസ്വേദസ്യാ ഗദ്ഗദകളിതേ ഹന്ത നയനേ
സഖേദ്യൈർല്ലോലാക്ഷ്യാഃ സ്ഫുരതി പുളകാങ്കുരകളിലം
കപോലശ്രീ വൈവർണ്ണ്യം ദ്യുവതുപരതാശേഷവിഷയം
മനസ്സാരൂഢന്താം സ്ഫുരതി ദയിതി പ്രമ പാരകം.'

ചിത്തിട്ടനിലു കണ്ണുനീരുമിവളെ-
സ്പർശിച്ചുവല്ലോ മെയ്
നന്മെയ് കോൾമയിർകാരിയായകലവും
തൊട്ടനാശോകവും പാരം
വൈകുന്നേരം കവിളുൾക്കുകയ്, ദയിതി സര-
സ്ഥാനമാകം പര-
സ്പരമത്താക്കണ്ണുനീതന്യവിഷ.
യജ്ഞാനം വിനാ മാനസം.

(സ.ച)

ഇങ്ങനെ മറ്റുള്ളവയും കണ്ടുകൊൾക.
ഇനി വ്യഭിചാരികളെ പറയുന്നു:—

വിശേഷിച്ചാഭിമുഖ്യേന
ചരിപ്പൂ വ്യഭിചാരികൾ

മുങ്ങിയും പൊങ്ങിയും സ്ഥായി-
തന്നിൽ മുപ്പത്തുമൂന്നിവ. ൧൱൧

സ്ഥിരമായി നിൽക്കുന്ന രത്യാദികളിൽ നിർവ്വേദാദികൾ അതതു രസങ്ങൾക്ക് അഭിമുഖ (അനുഗുണ) മാകുംവണ്ണം ഒളിഞ്ഞും തെളിഞ്ഞും സഞ്ചരിക്കുന്നതിനാൽ അവയെ വ്യഭിചാരികളെന്നു പറയുന്നു.

അവ ഏതെല്ലാമെന്നു പറയുന്നു:—

നിർവ്വേദം, പുനരാവേഗം,
ദൈന്യവും, ശ്രമവും, മദം,
ജഡതാ, ചൌഗ്ര്യവും, മോഹം,
വിബോധം, സ്വപ്നവും തഥാ. ൧൱൨

അപസ്മാരം, തഥാ ഗർവ്വം,
മരണം, ചാലസതാവും,
അമർഷം, നിദ്രയവഹി-
ത്ഥയു, മൌൽസുക്യവും പുനഃ. ൧൱൩

ഉന്മാദ, ശങ്കാ, സ്മൃതികൾ,
മതി, വ്യാധികളും, തഥാ
സന്ത്രാസം, ലജ്ജയും, ഹർഷ-
മസൂയാ, ച വിഷാദവും. ൧൱൪

ധൃതി, ചാപല്യവും പിന്നെ
ഗ്ലാനി, ചിന്ത, വിതർക്കവും
വ്യഭിചാരികളിവ്വണ്ണ-
മെണ്ണം മുപ്പത്തുമൂന്നതാൻ. ൧൱൫

അഥ നിർവ്വേദഃ—

തത്ത്വജ്ഞാനോദയം വിപത്തീർഷ്യാ-
യിത്യാദികൾ നിമിത്തമായ്
ആത്മാവമാനനം ചെയ്യു-
ന്നതു 'നിർവ്വേദ'മെന്നതാം. ൧൩൩

ദൈന്യവും ചിന്തയും കണ്ണീർ
റൊടുവീർപ്പു വിവർണ്ണതാ
ഇടയ്ക്കിടയ്ക്കുച്ഛ്വാസിക-
യിത്യാദിയുളവാമതിൽ. ൧൩൪

തത്ത്വജ്ഞാനംകൊണ്ടുള്ള നിർവ്വേദത്തിനുദാഹരണം:—

'മൃൽകുംഭവാലുകാരന്ധ്രപിധാനരചനാർത്ഥിനാ
ദക്ഷിണാവർത്തശംഖോ/യം ഹന്ത ചൂർണ്ണീകൃതോ മയാ.'
മൺകുടത്തിൻ മണൽച്ചോരുമടപ്പാനായ്മുതിർന്നു ഞാൻ
വലമ്പിരിശ്ശംഖിനെയോ കഷ്ടമേ പൊടിയാക്കിനേൻ.

(സു.ച)

ആവേഗഃ—

ആവേഗം സംഭ്രമം ഹർഷാ-
ലംഗസങ്കോച,മായതിൽ
ഉൽപാതജേ മെയ്തളർച്ച
ആഗ്നേയേ പുകയേൽക്കയാൽ. ൧൩൫

രാജാക്രമാദിയാൽ വാഹ-
നായുധാദിയൊരുക്കുക

ഗജാദിഭീതിയാൽ സ്തംഭ-
കമ്പാദികൾ ഭവിച്ചിടും. ൧൩൯

കൊടുങ്കാറ്റാൽ പൊടികളാൽ
പാരവശ്യം; പ്രഹൃഷ്ടതാ
ഇഷ്ടാൽ; ദുഃഖമനിഷ്ടത്താൽ
മറ്റെല്ലാം കാൺകിതേവിധം. ൧൪൦

അതിൽ ശത്രുഭയം നിമിത്തമുള്ള ആവേഗത്തിനുദാഹരണം:—

'അർഘ്യമർഘ്യമിതി വാദിനം നൃപം
സോനവേക്ഷ്യ ഭരതാഗ്രജോ യതഃ
ക്ഷത്രകോപദഹനാർച്ചിഷം തതഃ
സന്ദധേ ദൃശമുദഗ്രതാരകാം.'

അർഘ്യമർഘ്യമിതി ചൊല്ലിടും നൃപനെ ലക്ഷ്യ-
മാക്കീടാതെ നൽ-
ക്ഷത്രജാതിയെയൊടുക്കുന്ന കോപമാകിയ വഹ്നി-
ക്കനലിനെത്തുല്യവിധം
ഉഗ്രമാകുമുഗ്രതാരകളുള്ളൊരു
കണ്ണു ഭരതാഗ്രജൻ
നിർത്തുകയവിടെയാഭൃഗുപതിയുടെ നേർക്കു
വാക്കിനു കൊടുത്തതേ.

(സു.)

ഇങ്ങനെ മറ്റുള്ളവയേയും ഊഹിച്ചുകൊൾക.

ദൈന്യം:—

'ദൈന്യം' ദാരിദ്ര്യാദിമൂല-
മോജസ്സറ്റൊരവസ്ഥതാൻ

മാലിന്യാദികളാം ദോഷ-
മതിനാലുള്ളവാസ്തവം. ൧൭

ഉദാഹരണം:—

'വൃദ്ധോഽന്ധഃ പതിരേഷ മഞ്ചകഗതഃ
സ്ഥൂണാവശേഷം ഗൃഹം,
കാലോഽഭ്യർണ്ണജലാഗമഃ, കുശലിനീ
വത്സസ്യ വാർത്താപി നോ,
യത്നാൽ സഞ്ചിതതൈലബിന്ദുഘടികാ
ഭഗ്നേതി പര്യാകുലാ
ദൃഷ്ട്വാ ഗർഭഭരാലസാം നിജവധൂം
ശ്വശ്രൂശ്ചിരം രോദിതി.'

കാലെ കട്ടിലിലായി വൃദ്ധപതിയന്ധൻ,
നാലു തൂണായ് ഗൃഹം,
കാലം വർഷമടുത്തു, വത്സചരിതം
പോലും ശ്രവിപ്പീലഹോ,
കാപ്പാനായൊരു തൈലകുംഭവുമുട-
ഞ്ഞെന്നാർത്തയാം ശ്വശ്രു, ഗ-
ർഭാലസ്യത്തൊടു കണ്ടു തൻ വധുവിനെ,
വാവിട്ടു കേഴുന്നിതാം.

(സ്വ.)

ശ്രമം:—

അതിയാത്രാദികൊണ്ടുണ്ടാം
ഖേദം താൻ 'ശ്രമ'മെന്നതു്
കിതപ്പുറക്കമിത്യാദി-
യതിനാലുള്ളവാസ്തവം. ൧൮

ഉദാഹരണം:—

'സദ്യഃ പുരീപരിസരേഽപി ശിരീഷമൃദ്വീ
സീതാ ജവാത് ത്രിചതുരാണി പദാനി ഗത്വാ
ഗന്തവ്യമദ്യ കിയദിത്യസകൃദ് ബ്രുവാണാ
രാമാശ്രുണഃ കൃതവതീ പ്രഥമാവതാരം.'

അന്നശ്ശിരീഷമൃദുഗാത്രി, പുരീസമീപേ
മൂന്നാലു ചോടുകിടകൾക്കു നടന്നശേഷം
'ഇനിയെത്ര പോണമിനി'യെന്നു ഇടയ്ക്കു ചോദി-
ച്ചന്നാദ്യമായൊഴുകി രാമനു സീത കണ്ണീർ.

(സ്വ.)

മദം:—

സമ്മോഹാനന്ദങ്ങളുടെ
സമ്മിശ്രാവസ്ഥയാം മദം
മൂന്നുണ്ടതു മദ്യപാനത്താൽ
ത്രിവിധം പ്രകൃതിക്രമാൽ. ൧൭൨

ഉറങ്ങുമുത്തമൻ, പാടും
ചിരിക്കും മധ്യമൻ തുലോം,
അധമപ്രകൃതിക്കാരൻ
ചീത്തയോതും കരഞ്ഞിടും. ൧൭൩

ഉദാഹരണം:—

'പ്രാതിഭം ത്രിസരകേണ ഗതാനാം
വക്രവാക്യരചനാരമണീയഃ

ഗൂഢസ്മിതരഹസ്യസഹാസഃ
സപ്ലവം പ്രവവൃതേ പരിഹാസഃ'.

മദ്യപാനമദമത്തകളായ്, വ-
ക്രോക്തിസംഗിരമണീയകളായി
ഗൂഢസ്മിതവുമൊത്തു ചിരിച്ചു
പ്രൌഢനാരികൾ രസിച്ചുതുടങ്ങി.

(സ.ച)

ജഡതാ:—

ഇഷ്ടാനിഷ്ടങ്ങളേതാനും
കണ്ടും കേട്ടുമിരിക്കയാൽ
വേണ്ടതെന്തെന്നറിയാതെ
കുഴങ്ങൽ 'ജഡതാ'ഹ്വയം. ൧൬

മിഴിച്ചകണ്ണിമയ്ക്കാതെ
നോക്കിക്കൊണ്ടു വസിക്കുക,
ഒന്നും താനറിയാതുള്ള-
യെന്നിത്യാദികളാമതിൽ. ൧൭

ഉദാഹരണം:—

'നവരിതം തം ഇതത്തലേ
അങ്ങോന്നോന്നും നിഹിതസജലകമലദലദീപ്തി
ആലേഖ്യമാം പിതാം വിതാ
ബന്ധമെന്നും തന്നെ സംഭ്രമിത്തം ക്ഷണസന്നം.'
കേവലം തദ്രൂപത്വശശി
അന്യോന്യം നിഹിതസജലമന്ദദൃഷ്ടി

ഒട്ടുലേഖ്യാർപ്പിതമിവ കണ്ണേ-
കാന്തം തത്ര സംസ്ഥിതം മൃഗശാബസംഘം.

(ഛായാ)

കണ്ണീർ നിറഞ്ഞൊരാ മനോജ്ഞനേത്ര-
മന്യോന്യമർപ്പിച്ചു കാമുകരാരം
അന്യാർത്ഥസംഗം കലരാതെ നിന്നു
ചിത്രം കണക്കായവരൽപ്പമാറേ.

(സ്വ.)

ഔഗ്ര്യം:—

ശൌര്യാപരാധാദികളാ-
ലേററക്കോപിപ്പ്‘ഔഗ്ര്യ’മതു
തർജ്ജനം താഡനം സ്വേദം
ശിരഃകമ്പാദിയാമതിൽ. ൫൯

ഉദാഹരണം:—

‘പ്രണയിസഖീസലീലപരിഹാസരസാധിഗതൈർ-
ല്ലളിതശിരീഷപുഷ്പഹനനൈരപി താമ്യതി യത്
വപുഷി വധായ തത്ര തവ ശസ്ത്രമുപക്ഷിപതഃ
പതതു ശിരസ്യകാണ്ഡയമദണ്ഡ ഇവൈഷ ഭുജഃ.’

നേരംപോക്കായ് ചിലപ്പോൾ പ്രിയസഖികൾ കളി-
ച്ചാശു നേരേ നിവാക-
ആരിൻ മൈനോലെടിച്ചീടിലുമധികതരം
വാട്ടമി കൈക്കൊള്ളുമേതോ
ക്രൂരം കുടിട്ടും വാങ്ങമിഹ പതി-
ച്ചീട്ടും നിൻ ശിരസ്സിൽ

പാരായിന്നുവേറുമണിയം യമുനയിൽ കൂടെ-
ണയം കണക്കപ്പുതിയതം.

(ശാകുന്തളത്തിൽ നിന്നു)

മോഹം:—

‘മോഹം’ തന്റേടമില്ലായ്ക
ശോകാവേശഭയങ്ങളാൽ
കണ്ണു കാണാഞ്ഞു ബോധക്കേ-
ടെങ്ങും തലതിരിച്ചിലും. [illegible]

ഉന്മാദം:—

‘ചിത്രാരിഷ്ടപ്രവേശം വ്യതിരം
മോഹം സമ്പ്രയോഗമറിയാതെ
അരങ്ങത്തെവ്യസനം മൂലം
പ്രകാശകമായ് തീർന്നു.’

സർവ്വേന്ദ്രിയം പ്രീയമിച്ചു പെട്ടെ-
ന്നടിച്ചതാം മാമണുകൾക്കു ചുറ്റും
വൈവശ്യമേറുന്നതു മൂലിക്കുന്ന
തങ്ങളിലൊക്കെയും പ്രകാശകമായി.

(ഏ. ആർ. കോയിത്തമ്പുരാൻ.

വിഷാദം:—

‘വിഷാദം’ വെളിവുണ്ടാക
ഗിരിതീർക്കുന്ന കാരണാൽ

കോട്ടുവായ്ക്കുരിനിവിര-
പ്പുണ്ടാം കണ്ണു തിരുമ്മലും. ൧൬൯

ഉദാഹരണം:—

'ചിരരതിപരിഖേദപ്രാപ്തനിദ്രാസുഖാനാം
ചരമപി ശയിത്വാ പൂർവ്വമേവ പ്രബുദ്ധാഃ
അപരിചലിതഗാത്രാഃ കുർവ്വതേ ന പ്രിയാണാ-
മശിഥിലഭുജചക്രാശ്ലേഷഭേദം തരുണ്യഃ.'

പിറകിലുറങ്ങീട്ടൊട്ടു മുമ്പിട്ടുണർന്ന-
തരുണികൾ തിരുമേനി ചെറ്റനങ്ങാതെവണ്ണം
ചിരരതിപരിഖേദാൽ സൌഖ്യമാർന്നുറങ്ങും
വരരുടെ കരബന്ധം വേർപെടുത്തുന്നതില്ല.

(സ്വ.)

സ്വപ്നം:—

'സ്വപ്ന'മെന്നാലുറക്കത്തി-
ലുണ്ടാകും വിഷയാപ്തിയാം
സുഖദുഃഖഭയക്രോധ-
ഗ്ലാന്ത്യാവേശാദി തോന്നിടും. ൧൭൦

ഉദാഹരണം:—

'മാമാകാശപ്രണിഹിതഭുജം
നിർദ്ദയാശ്ലേഷഹേതോ-
ല്ലബ്ധായാസ്തേ കഥമപി മയാ
സ്വപ്നസന്ദർശനേഷു

പശ്യന്തീനാം ന ഖലു ബഹുശോ
ന സ്ഥലീദേവതാനാം
മുക്താസ്ഥൂലാസ്തരുകിസലയേ-
ഷ്വശ്രുലേശാഃ പതന്തി.'

നിന്നെക്കണ്ടു കിനാവിലന്നൊട്ടുടനെ
മാറത്തണയ്പ്പാൻ കൊതി-
ച്ചാകാശത്തിലിരണ്ടു കയ്യുമിഹ ഞാ-
നന്നായങ്ങു വീശും വിധൌ
ഒട്ടല്ല വനദേവിമാരരികെ നി-
ന്നാലോലനേത്രങ്ങളിൽ
മുക്താഭം തളിർപ്പാളിയിൽ ഉടനെഴു-
ന്നീർത്തുള്ളി നടുങ്ങുമ്പോൾ.

(എ. ആർ. കോയിത്തമ്പുരാൻ)

അപസ്മാരം:—

'അപസ്മാരം' സ്മൃതിഭ്രംശം
ഭൂതാവേശാദിജന്യമായ്
നിലത്തു വീഴ്ക കൈകാലി-
ട്ടടിക്ക നുര തുപ്പുക ൧൯൧

കണ്ണുരുട്ടി മിഴിച്ചംഗം
വിയർക്കയിവയാണതിൽ.

ഉദാഹരണം:—

'പരിസ്ഫുരന്മീനവിഘട്ടിതോരവഃ-
[illegible]
ഉപായയുഃ കമ്പിതപാണിപല്ലവാഃ-
സഖീജനസ്യാപി വിലോകനീയതാം.'

[illegible]
[illegible]
[illegible]
[illegible]

(സാ.)

ഗർവ്വം:—

'ഗർവ്വം' സമ്പൽപ്രഭുതാദി-
ജാത്യവിദ്യാദിജം മദം
[illegible]
വിലാസാദികളാമതിൽ. ഫലം

ഉദാഹരണം:—

'ധൃതായുധോ യാവദഹം താവദന്യൈഃ കിമായുധൈഃ
യദ്വാ ന സിദ്ധമസ്ത്രേണ മമ തത്കേന സാധ്യതാം.'

അസ്ത്രം ധരിച്ചു വസിക്കവേ ഞാ-
[illegible]
[illegible]
[illegible]

(സാ.)

ലക്ഷണം:—

'മരണം' ശബ്ദമദ്ധ്യഗാമി-
യൊന്നുണ്ടാം പ്രാണഹാനിയാം
ശരീരപാതമൂർച്ഛാദി-
യതിനാലുളവായതാം. ഛന്ദ്വ

ഉദാഹരണം:—

'രാമമന്മഥശരേണ താഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ.'

നിശിചരിയവളും രാമമന്മഥൻതൻ
നിശിതശരം ഹൃദയത്തിലേറ്റു കാഴ്കി
കനമിയലിന രക്തചന്ദനം പോ-
ലൂഴകൊണ്ടണഞ്ഞിതു ജീവിതേശഗേഹം.

(സ.പ.)

ആലസ്യം:—

'ആലസ്യം' ശ്രമധൃതി-
ഗർഭനിദ്രാദി മൂലമായ്
തളർച്ച, കോട്ടുവായ്, വല്ലാ-
തിരിപ്പി,ത്യാദിയാമതിൽ. ഛന്ദ്വ

ഉദാഹരണം:—

'ന തഥാ ശ്രീയത്യംഗം ന തഥാ ബാധതേ സഖീം
ജൃംഭതേ മന്ദരാസീനാ ബാലാ ശർക്കരാലസാ.'

ചേലാൻ കൃശാനിയും പടിയ്ക്കുടലണി-
ഞ്ഞീടുന്നതില്ലാട്ടകം-
ബാലാപിപ്പുളകില്ല തോഴിയൊടു ചെ-
ന്നാരോ വെടിഞ്ഞൊക്കവേ
ബാലപ്പൂന്തണി ശർക്കരവഹനാൽ
ക്ഷീണിച്ചൊരാടത്തിരു-
നാലസ്യത്തോടു കോട്ടുവായിടുകയാ-
ണെല്ലാന്നെല്ലു സഖേ.

(സ.)

അമർഷം:

നിന്ദാക്ഷേപാപമാനാദി
കൊണ്ടുള്ളക്ഷോഭ'മർഷ'മാം
കൺ ചുമപ്പിക്ക തർജ്ജിക്ക
ഭ്രൂഭംഗാദികളാമതിൽ. വൃത്ത

ഉദാഹരണം:—

'പ്രായശ്ചിത്തം ചരിഷ്യാമി
പൂജ്യാനാം വോ വ്യതിക്രമാൽ
ന ത്വേവ ദൂഷയിഷ്യാമി
ശസ്ത്രഗ്രഹമഹാവ്രതം.'

പ്രതിക്രിയയൊക്കെ വഴിയേ നടത്തിടാം
വ്യതിക്രമത്തിന്നതിപൂജ്യർ നിങ്ങളിൽ.
ശരിക്കു ശുശ്രൂഷകമാം വ്രതത്തിനി-
ന്നൊരിക്കലും ഭംഗം വരുത്തുകില്ല ഞാൻ.

(ന.ച)

നിദ്രാ:—

ചിത്തസമ്മീലനം 'നിദ്രാ'-
ശ്രമക്ലമമദാദിയാൽ
ജൃംഭോച്ഛ്വാസാംഗഭംഗാക്ഷി-
മീലനാദികളാമതിൽ. ഫലന്ന

ഉദാഹരണം:—

'സാർത്ഥകാനർത്ഥകപദം
ബ്രുവതീ മധുരാക്ഷരം
നിദ്രാർദ്ധമീലിതാക്ഷീ സാ
ലിഖിതേവാസ്തി മേ ഹൃദി.'

മൊഴി ചിലതുരചെയ്തും സാർത്ഥമായിട്ടുമല്ലാ-
തഴകൊടു പൊരുളില്ലാതെയുമോരോന്നു ചൊല്ലും
മിഴി പകുതിയടച്ചും നിദ്രയാലേവമപ്പെ-
ണ്ണഴകിയൊരു പടംപോലെന്മനസ്സിൽ കിടപ്പൂ.

(ന.ച)

അവഹിത്ഥം:—

ഭയലജ്ജാദികൾ മൂലം
ഹർഷാദ്യാകാരഗുപ്തി 'യവഹിത്ഥ'
മറ്റൊന്നത്രേ ചെയ്യുക,
മറ്റൊരിടത്തത്രേ നോക്കുകിവ ചിഹ്നം.

ഉദാഹരണം:—

'ഏവം വാദിനി ദേവർഷൗ
പാർശ്വേ പിതുരധോമുഖീ
ലീലാകമലപത്രാണി
ഗണയാമാസ പാർവ്വതീ.'

ഇത്തരമമ്മുനി കഥിക്കുന്നേരത്തും
താതന്റെയരികിലുള്ള കുമാരി
ഗൌരി നിന്നു തലതാഴ്ത്തിയാദരമോടായ്
കേളിതാമരയിതളുകളെണ്ണി.

(ഏ. ആർ. കോയിത്തമ്പുരാൻ)

ഔത്സുക്യം:—

'ഔത്സുക്യ'മിഷ്ടസിദ്ധിക്ക
വൈകിയെന്നുള്ള ചിന്തനം
താപസ്വേദത്വരാദീർഘ-
ശ്വാസാദിയുളവാമതിൽ

ഉദാഹരണം:—

'എൻ കൗമാരം ഹരിച്ചോൻ വരൻ'— എന്നിത്യാദി ശ്ലോകം.

ഇതിൽ 'കാവ്യപ്രകാശകാരൻ' രസപ്രാധാന്യം പറഞ്ഞിരിക്കുന്നു. എന്നാൽ രസിപ്പിക്കുക എന്ന ധർമ്മമുള്ളതുകൊണ്ടു വ്യഭിചാരിശബ്ദത്തിനും രസശബ്ദവാച്യതയുള്ളതിനാൽ അതും സിദ്ധാന്തമായിരിക്കുന്നു എന്നു ധരിക്കേണ്ടതാകുന്നു.

ഉന്മാദം:—

'ഉന്മാദം' ചിത്തസമ്മോഹം
കാമശോകഭയാദിയാൽ
പാഴിൽ ചിരിക്കും, കരയും,
പേയാളും, പാട്ടുമായതിൽ. ഫവ്വൻ

ഉദാഹരണം:—

'ഭ്രാതർദ്വിരേഫ! ഭവതാ ഭ്രമതാ സമന്താൽ
പ്രാണാധികാ പ്രിയതമാ മമ വീക്ഷിതാ കിം?

(ഝങ്കാരമനുഭൂയ സാനന്ദം)

ബ്രൂഷേ കിമോമിതി സഖേ! കഥയാശു തന്മേ
കിം കിം വ്യവസ്യതി കുതോഽസ്തി ച കീദൃശീയം.'

വണ്ടേ! സോദര! നീ പാറും പലേടം.
ചുറ്റും നടക്കും വിധൗ

വാണാർകേശിനിയാകുമെൻ ദയിതയെ
വല്ലേടവും കണ്ടിതോ?
(മൂളൽ കേട്ടതായി നടിച്ചു സന്തോഷത്തോടെ)
'ഓ'മെന്നോ പറയുന്നു തോഴി, പാരക-
ന്നാലെന്തു നീയായതെ-
ന്നോമൽപ്രേയസി ചെയ്തതെന്തു, വിരഹ-
ത്തെമ്മട്ടിലെന്നുള്ളതും.

(ന.ച)

ശങ്ക:—

അനിഷ്ടാശങ്കയാം 'ശങ്ക'
പരക്രൗര്യാദി മൂലമായ്
വൈവർണ്ണ്യം, വിറ, വൈസ്വര്യം,
പാർശ്വാലോകാദിയാമതിൽ. ൧൬൦

ഉദാഹരണം:—

'പ്രാണേശനെ പ്രഹിതനാക്കി-
ച്ചാപലേയകന്നു ദീപാർത്ത
[illegible] രചയതി ചിരം
ചന്ദ്രനാലേപനാന്തി
ശ്രാന്തേ [illegible]
[illegible]
[illegible] ചകിതമിത-
[illegible] വിലപിപതി.'

കാന്തൻ ചേർത്ത നഖവ്രണങ്ങളിലവ-
ന്നംഗങ്ങളിൽ ചാരണം

താൻ തന്നെ പുലർകാലമായുളവെന്നി-
    ണെന്നിട്ടനു ശങ്കിച്ചഹോ
എന്തോ പേടി പിടിച്ചു നാലു പുറവും
    നോക്കീട്ടു തന്വംഗിയാൾ
മന്ദാഘാതമെഴുന്ന ചുണ്ടിലതിയായ്
    തേയ്ക്കുന്നു ലാക്ഷാരസം.

(സ.ച)

സ്മൃതി:—

സംബന്ധിസദൃശജ്ഞാന-
സംസ്കാരാദി നിമിത്തമായ്
പൂർവ്വാനുഭൂതകാര്യത്തെ-
യോർക്ക താൻ 'സ്മൃതി'യെന്നതു്. ൨൱൨

ദൃഷ്ടിയൊന്നിലുറപ്പിക്കൽ,
മുഖം കൈകൊണ്ടു താങ്ങുക;
പുരികം പൊക്കലിത്യാദി-
യതിൻ ചിഹ്നങ്ങളാമതും. ൨൱൩

ഉദാഹരണം:—

'മയി സകപടം കിഞ്ചിൽ ക്വാപി
    പ്രണീതവിലോചനേ
കിമപി നയനം പ്രാപ്തേ തിര്യ-
    ഗ്വിജൃംഭിതതാരകം

'സ്മിതരുചാഗതാമാലീം ദൃഷ്ട്വാ
സലജ്ജമവാഞ്ചിതം
കചലതയോഃ സ്വേദം സ്വേദം
സ്മരാമി തമാനനം.'

നേരംപോക്കായൊരെന്നതാളിവോട്ട മിഴിയെ-
ല്ലാനും ഞാനങ്ങതെല്ലു
മനസപരം നേത്രം തിരിച്ചിട്ടവളിയനെന്നക്കാ-
ന്നഖിലസഖീകരിക്കെ
നേരെ നോക്കിച്ചിരിക്കുന്നോരു സഖിയെ നിരീ-
ക്ഷിച്ചു നാണിച്ചു കവി-
ളാരാൽ സ്വേദോദകമതരുണിയുടെ മുഖം
പോല്ലുമിന്നോർത്തിടുന്നേൻ.

(സ.പു)

മതി:—

നീതിശാസ്ത്രാദിയോത്തത്വ-
നിർദ്ധാരണമതാം 'മതി.'
സ്മിതസന്തോഷധൈര്യാത്മ-
ബഹുമാനാദിതദ്ഭവം. ഫൽബ

'അസംശയം ക്ഷത്രപരിഗ്രഹക്ഷമാ
യദാര്യമസ്യാമഭിലാഷി മേ മനഃ
സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ.'

ക്ഷത്രിയഗ്രാഹ്യയിവളാശ്ശമാം മനം.
സുഷ്ഠു സക്തമതുമാകയാൽ,
സജ്ജനർക്കു വിചികിത്സിതങ്ങളിൽ
ചിത്തവൃത്തിയതുതാൻ പ്രമാണമാം.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

വ്യാധി:—

വ്യാധി വാതാദികോപത്താൽ
സംഭവിക്കും ജ്വരാദിയാം
വിയർപ്പ്, ചൂട്, വിറയൽ,
കിടപ്പിത്യാദിയാമതിൽ ൬൪

ഇവിടെ ജ്വരം ദാഹാദിയാണെങ്കിൽ വിയർത്തു കിടക്കുക മുതലായതും, ശീതാദിയാണെങ്കിൽ വിറയൽ മുതലായതും ഉണ്ടാകുമെന്നറിഞ്ഞുകൊള്ളുക. ഉദാഹരണം സ്പഷ്ടം.

ത്രാസം:—

'ത്രാസം', നിർഘാതതൽകമ്പ-
വിദ്യുദുൽകാദിമൂലമായ്
ഉണ്ടാകും ചിത്തവിക്ഷോഭം,
ദേഹകമ്പാദിയായതിൽ. ൬൫

ഉദാഹരണം:—

'പരിസ്ഫുരന്മീനവിഘട്ടിതോരവഃ
സുരാംഗനാസ്ത്രാസവിലോലദൃഷ്ടയഃ
ഉപായയുഃ കമ്പിതപാണിപല്ലവാഃ
സഖീജനസ്യാപി വിലോകനീയതാം.'

കൊള്ളുന്ന മത്സ്യങ്ങളും ഉരസ്സിടിക്കയാൽ
പേടിച്ചു കൈ വീശി മിഴിച്ചു നോക്കിയും
ആടൽപ്പെട്ടും ദേവവധുക്കൾ തോഴികൾ
ക്കുടെക്കൊതിക്കുന്നൊരു കാന്തിയേന്തിനാർ.

(സ.ച)

വ്രീഡ:—

പ്രൌഢിക്കുറവുതാൻ 'വ്രീഡ'
ദുരാചാരാദി മൂലമായ്
അധോമുഖത്വം, വൈവർണ്ണ്യ-
മിത്യാദിയുളവാമതിൽ.

ഫൻന്ന

ഉദാഹരണം:—

'നേരേപോക്കാരായതെടുത്തു —' ഇത്യാദിയായ സ്മൃതിയുടെ ഉദാഹരണം തന്നെ.

ഹർഷം:—

ഇഷ്ടം സിദ്ധിക്കയാ-
ലുണ്ടാവുംതെളിവു 'ഹർഷ'മാകുന്നു

ആസ്യവികാസം, ഗദ്ഗദം,–
മശ്രുപ്രസരാദിയായതിന്നനുഭാവം.

ഉദാഹരണം:—

'സമീക്ഷ്യ പുത്രസ്യ ചിരാൽ പിതാ മുഖം
നിധാനകുംഭസ്യ യഥൈവ ദുർഗ്ഗതഃ
മുദാ ശരീരേ പ്രബഭൂവ നാത്മനഃ
പയോധിരിന്ദൂദയമൂർച്ഛിതോ യഥാ.'

നിധികുംഭമുഖമതുകണ്ടാൽ ദരിദ്രൻ–
വിധമച്ഛൻ തനയാസ്യദർശനത്താൽ
അധികമോദമൊടുല്ലസിച്ചു, ചന്ദ്രോ–
ദയമേറ്റാർത്തിളകുന്നൊരാഴിപോലെ.

(സ്വ.)

അസൂയാ:—

'അസൂയാ', ന്യഗുണോൽക്കർഷ–
ത്തിങ്കലോരസഹ്യതാ
ദോഷോദ്ഘാടനം, നിന്ദാഭ്രൂ–
ഭംഗം, കോപാദിയാമതിൽ. ൧൯൭

ഉദാഹരണം:—

'അഥ തത്ര പാണ്ഡുതനയേന
സദസി വിഹിതം മധുദ്വിഷഃ
മാനമസഹത ന ചേദിപതിഃ
പരവൃദ്ധിമത്സരി മനോ ഹി മാനിനാം.'

മുരരിപുവിനു പാണ്ഡവൻ സദസ്സിൽ
പരമിഹ ചെയ്തൊരു പൂജ ചേദിരാജൻ
കരളിലഹ സഹിച്ചതില്ല; മന്നം
പെരിയവരന്യഗുണം സഹിപ്പുവല്ലോ.

(സ. ച.)

വിഷാദം:—

ഉപായമില്ലാത്തതുള്ളക
നശിപ്പതു 'വിഷാദ'മാം
ഉണ്ടാം നിശ്വാസമുൾത്താപ,-
സഹായാന്വേഷണാദിയായതിൽ. ഫൻവ്യ

ഉദാഹരണം:—

എന്താ കവിളിലൂടെന്നെ
ചികുരകദംബപ്പെണ്ണ ഇതാ നിരാധാരാ വേണി
മമ സഖി മാരുടെ ഡംസമു
രുതസംഭജിപ്പു കാലമുറപ്പു ഹിതമതം
എന്താ കവിളിലൂടെന്നാ
ചികുരകലാപേന തവ നിരാധാരാ വേണി
മമ സഖി! മാരയതി മൾ-
ത്യായസായകളിലിവ കാർമേഘരശ്മിയ ഹൃദയം.

(ഫലയൂ)

നീണ്ടിരുണ്ടിഴ ചുരുണ്ട നിൻ കചം
കണ്ടു കെട്ടിയൊരു വേണിയിവിധം

കാരിരുമ്പുവടി കാളസർപ്പവും
പോരില ഭീരു! കരം കീറിടുന്നു മേ.

ധൃതി:—

'ധൃതി', യാഗ്രഹനാശാദ്യുത്ഥ
സന്തോഷാതിരേകമായതിൽ
തൃപ്തി, വാഗ്ഭംഗി, യുല്ലാസം,
സന്തോഷാതിരേകമാണതിൽ. ഫലൻ

ഉദാഹരണം:—

'കൃത്വാ ദീനനിപീഡനാം നിജജനേ
ബദ്ധ്വാ വചോവിഗ്രഹം
നൈവാലോച്യ ഗരീയസീരപി ചിരാ-
ദാമുഷ്മികീര്യാതനാഃ
ദ്രവ്യൗഘാഃ പരിസഞ്ചിതാഃ ഖലു മയാ
യസ്യാഃ കൃതേ സാമ്പ്രതം
നീവാരാഞ്ജലിനാപി കേവലമഹോ
സേയം കൃതാർത്ഥാ തനുഃ.'

ദീനന്മാരെ വലച്ചും സ്വജനതതിയിൽ വാ-
ഗ്യുദ്ധം ചെയ്തിട്ടും
നാനാദുഃഖങ്ങൾ ലോകാന്തരമതിലതിയാ-
ണുള്ളതോരാതെ കണ്ടും
[illegible]
[illegible]
ആ ദേഹം തൃപ്തിപ്പെട്ടിന്നഹഹ വരി ച-
ട്ടിടിലും തൃപ്തിയായി.

[illegible]

ചാപല്യം:—

'ചാപല്യം' നിലതെറ്റായ്ക
രാഗദ്വേഷാദി മൂലമായ്
പാരുഷ്യ,നിന്ദാ,സ്വച്ഛന്ദാ-
ചാരാദികളുമതിൽ. ൧൦൦

ഉദാഹരണം:—

'അന്യാസു താവദുപമർദ്ദസഹാസു ഭൃംഗ!
ലോലം വിനോദയ മനഃ സുമനോലതാസു
മുഗ്ദ്ധാമജാതരജസം കലികാമകാലേ
വ്യർത്ഥം കദർത്ഥയസി കിം നവമാലികായാഃ.'

കേളിയിലുപമർദ്ദസഹങ്ങളാകും
പൂവല്ലിക്കൂട്ടങ്ങളിൽ നീ
ലോലമാം കൗതുകമനസ്സിനെ വിനോദി-
പ്പിക്കുക ഭൃംഗമേ!
നവമുള്ളതാമൊരു മൊട്ടു വിടരാതുള്ളതാ-
യിരിക്കുന്ന രൗദ്ര്യം വിടാ.
മാമിതു നവമാലികാകലികയെ-
പ്പീഡിപ്പിക്കുന്നതെന്തു വൃഥാ.

(സ.ദ.)

ഗ്ലാനി:—

രത്യായാസക്ഷുൽപിപാസാ-
ദിയാൽ 'ഗ്ലാനി' ബലക്ഷയം

കാർശ്യ,വൈവർണ്ണ്യ,കമ്പാദ്യ-
ന്തസ്താപാദിയുമുപാധിയതിൽ. ൨൦൯

ഉദാഹരണം:—

കിസലയമിവ മുഗ്ദ്ധം ബന്ധനാദ്വിപ്ലൂനം
ഹൃദയകുസുമശോഷീ ദാരുണോ ദീർഘശോകഃ
ഗ്ലപയതി പരിപാണ്ഡുക്ഷാമമസ്യാശ്ശരീരം
ശരദിജ ഇവ ഘർമ്മഃ കേതകീഗർഭപത്രം.

തൈത്തൂറ്റിളന്തളിരുപോലെ വിളർത്തു തേഞ്ഞ്
ഞെട്ടറ്റുവാടിയവൾതൻ തുടരാർന്ന ദാരം
പൊട്ടുന്ന ഹൃത്കുസുമശോഷണതീവ്രശോകം
വാട്ടുന്നു കന്നിവെയിലിൽ കൈതയിലയ്ക്കു തുല്യം.

(സ്വ.)

ചിന്ത:—

താനിച്ഛിച്ചതു കിട്ടാഞ്ഞുള്ളൊ-
ധ്യാനം താൻ 'ചിന്ത'യായത്
സന്താപ,ദീർഘനിശ്വാസാ-
ദ്യുണ്ടാകും ശൂന്യഭാവവും. ൨൧൦

ഉദാഹരണം:—

കമലേണ വികസിഏണ
 സംജോഏന്തീ വിരോഹിണം സസിബിംബം
കണഅലആ ലദാമുഹി
 കിം ചിന്തസി ദൃഷ്ടാ അന്നമാഹിത്മാഹിത്ത.
കമലേന വികസിതേന
 സംയോജയന്തീ വിരോധിനം ശശിബിംബം
കനകലതാസ്തബകിനി
 കിം ചിന്തയസി ദൃഷ്ടാ അനന്തരാഹിതമുഖയാ.

(ഛായ)

വിരോധിയാകും വിധുവിന്റെ മണ്ഡലം
വിടർന്ന പങ്കജമൊട്ടു ചേർത്തുകൊണ്ടയേ!
പകിട്ടു കൈകളിൽ മുഖം, ഗൃഹാന്തരേ
നിമഗ്നമാത്രയിൽ മനസ്സു വച്ചു നീ.

(സ.ദ.)

വിഷമം:—

സമാഗമം ഭൂപമാരുതന്നാം
വിഭാഗം താൻ 'വിനക'ത്താം
ദൃശ്യമോഹളിനകാല-
നാമവിളങ്ങിയതിൽ.

ഭാ.ഭൂ.

ഉദാഹരണം:—

'ഭാമിനിയുടെ പ്രിയരാജ്യത്തിൽ —' ഇത്യാദി.

ഇങ്ങനെ വ്യഭിചാരിഭാവങ്ങൾ മുപ്പത്തിമൂന്നാണെന്നു പറഞ്ഞിട്ടുള്ളത് ഉപലക്ഷണമായിട്ടാണെന്നു പറയുന്നു:—

രസത്തിൽ സ്ഥായിയല്ലാതെ
വന്നുപോകുന്ന കേവലം
വ്യഭിചാരികളായ്ത്തീരും
രത്യാദികളുമിങ്ങനെ. ൨൦൭

എങ്ങനെയെന്നാൽ— ശൃംഗാരത്തിൽ ഇടമുറിയാതെ (സ്ഥായിയായി) നിൽക്കുന്നതിനാൽ രതി തന്നെ സ്ഥായിയാകുന്നു. ഹാസം പിന്നെയുണ്ടാകുന്നതിനാൽ, വ്യഭിചാരിലക്ഷണമുള്ളതുകൊണ്ടു വ്യഭിചാരി തന്നെ. അതു പറയപ്പെട്ടിട്ടുണ്ട്.

'രസത്തിലുന്നതനായ് നിൽക്കും ഭാവം സ്ഥായിതയാർന്നിടും' എന്ന്. അതിനാൽ ഏതു സ്ഥായിക്ക് ഏതു രസത്തിൽ സഞ്ചാരിതയുണ്ടാകുമെന്നു പറയുന്നു:—

ശൃംഗാരത്തിങ്കലും വീര-
ത്തിങ്കലും ഹാസമങ്ങനെ
ക്രോധം വീരത്തിലും പിന്നെ-
ശ്ശാന്തത്തിങ്കൽ ജുഗുപ്സയും. ൨൦൮

വ്യഭിചാരികളാണെന്നു
പറയുന്നിതു പണ്ഡിതർ
മറ്റുള്ളവയുമൂഹിക്ക
യൗചിത്യാനുസാരമീവിധം. ൨൦൯

ഇനി സ്ഥായിഭാവത്തെ പറയുന്നു—

അവിരുദ്ധവിരുദ്ധങ്ങ-
ളാൽ മറയ്ക്കാനശക്യമായ്
രസത്തിന്റെ കിഴങ്ങായ
ഭാവമാം സ്ഥായിയെന്നത്. ൨൦൭

അങ്ങനെ പറയപ്പെട്ടിട്ടുണ്ട്—

'അന്യഭാവങ്ങളെയൊക്കെ ആത്മഭാവത്തിൽ ലയിപ്പിച്ചുകൊണ്ട്,
ലവണാകരംപോലെ നിലനില്ക്കുന്നത് സ്ഥായിഭാവമത്രേ'
[illegible].

ഇനി അവയുടെ ഭേദങ്ങളെ പറയുന്നു—

രതിയും, ഹാസവും, ശോകം,
ക്രോധ,മുത്സാഹവും, ഭയം,
ജുഗുപ്സ, വിസ്മയവു,മെ-
ന്നെട്ടു,വം ശമ,മെന്നും. ൨൦൮

അതിൽ,

ചിത്തത്തിനിഷ്ടമാം വസ്തു-
വിങ്കലാസക്തിയാം 'രതി'
വാഗാദിവൈകൃതാൽ ചേതോ-
വികാസം 'ഹാസ'മായത്. ൨൦൯

ഇഷ്ടനാശാദികളാൽ ചിത്ത-
വൈക്ലബ്യം 'ശോക'സംജ്ഞിതം.
വിരോധികളോടുള്ള ചിത്ത-
ജ്വലനാഖ്യം 'ക്രോധ'മാകുന്നു. ൧൫൦

'ഉത്സാഹം' സ്ഥിരമാം കാര്യാ-
രംഭസംരംഭമായതാം.
രൌദ്രശക്തികളാൽ ചിത്താ-
വൈക്ലബ്യപ്രദമാം 'ഭയം.' ൧൫൧

നിന്ദ്യമായതു കണ്ടിട്ടാം
വെറുപ്പിനു 'ജുഗുപ്സ'യാം.
സാമാന്യത്തിൽ കവിഞ്ഞുള്ള
വസ്തുവൊന്നിനെ കാൺകയാൽ. ൧൫൨

ചിത്തവിസ്താരമാകുന്ന
വിസ്തരം 'വിസ്മയ'മിദം.
നിസ്പൃഹത്വത്തിനാലാത്മാ-
വിശ്രാന്തി സുഖമാം 'ശമം.' ൧൫൩

ഉദാഹരണം:— 'മാലതീമാധവ'ത്തിൽ രതിയും, 'വേണീസംഹാര-ക'ത്തിൽ ഹാസവും, രാമായണത്തിൽ ശോകവും, മഹാഭാരതത്തിൽ ശമവും ആകുന്നു. ഇങ്ങനെ മറ്റുള്ളവയിലും കണ്ടുകൊൾക. ഈ ര-സ്ഥായിഭാവങ്ങളെക്കൂടെ ഇളക്കിവിടുന്ന വിഭാവങ്ങളും അവിന-ഭാവങ്ങളായ ഭാവങ്ങളെക്കൊണ്ടു തിരോഹിതങ്ങളാകാതെ എന്നല്ല, ഒന്നുകൂടി പരിപുഷ്ടങ്ങളായിട്ടുതന്നെ സഹൃദയന്മാർക്ക് അനുഭവ-വിഷയങ്ങളായി ഭവിക്കണം.

ഘ്നം കാരണമല്ലു,—

നാനാപ്രകാരമാമിന്നയത്തിലൊക്കം
രസങ്ങളെ ഭാവന ചെയ്കമൂലം
സ്ഥായ്യാദിയായുള്ളിവ തന്നിലൊക്കും
ഭാവങ്ങളെന്നോതി പുരാതനന്മാർ. പ. ൧൮

അങ്ങനെ പ്രാകരണികവചനവുമുണ്ട്:—

‘സുഖദുഃഖാദിചിത്തഭാവ-
വികാരങ്ങളെയൊക്കയും,
അന്തർഗ്ഗതമാക്കുന്ന രസമായ
ഭാവിപ്പിപ്പതു ഭാവമാം’ ഇതി.

അനന്തരം രസത്തിന്റെ ഭേദങ്ങളെ പറയുന്നു:—

ശൃംഗാരം, ഹാസ്യവും, പിന്നെ
കരുണം, രൌദ്രവും, തഥാ
വീരം, ഭയാനകം, ബീഭ-
ത്സാദ്ഭുതങ്ങളുമിങ്ങനെ. പ. ൧൯

രസമെട്ടുമപോലെ താൻ
സമ്മതം ‘ശാന്ത’,മെന്നതും

അതിൽ ശൃംഗാരം:—

കാമമങ്കുരിതമാം ശൃംഗ-
മതിൽനിന്നുളവാകയാൽ,

ആരസത്തിനു ശൃംഗാര-
മെന്നുണ്ടായിതു നാമവും. ൨൱൩

ഉത്തമപ്രകൃതിക്കാദി-
ലതുണ്ടാകുന്നു മിക്കതും,
പരോഢ, വേശ്യ, നിജഗ-
യെന്ന്യേ നായികമാർക്കുളും, ൨൱൪

നായകന്മാർ ദക്ഷിണാദ്യ-
ന്നാലംബനങ്ങളാം.
ഉദ്ദീപനങ്ങളാം, ചന്ദ്ര-
നോദ്യാനംഗീതമാദികൾ. ൨൱൫

ഭ്രൂവിക്ഷേപകടാക്ഷാദി-
യനുഭാവങ്ങളായിടും
ഔഗ്ര്യം, മരണ,മാലസ്യം,
ജുഗുപ്സയിവയെന്നിയേ. ൨൱൬

വ്യഭിചാരികളാകുന്നു.
സ്ഥായിഭാവമതാം 'രതി'
ശ്യാമമാം വർണ്ണമിതിനു
വിഷ്ണുവാകുന്നു ദേവത. ൨൱൭

ഉദാഹരണം:— 'ശൂന്യം വാസഗൃഹം — ഇത്യാദി. (11-ാം ലക്കം)

ഇതിൽ പറയപ്പെട്ട പ്രകാരത്തിലുള്ള 'പതി'യും 'ജായ'യും ആലംബനങ്ങളായിരിക്കുന്നു, ശൂന്യമായ വാസഗൃഹം ഉദ്ദീപനവിഭാവ

ഢ്യം, ഭ്രൂക്ഷേപം അനുഭാവവും, ലജ്ജയും മന്ദഹാസവും വ്യഭിചാരികളാകുന്നു. ഇവയാൽ അഭിവ്യക്ത (പ്രകാശിത) മായി സഹൃദയവിഷയമായ രതിഭാവം ശൃംഗാരരസസ്വരൂപമായിത്തീരുന്നു.

ഇനി അതിന്റെ ഭേദങ്ങളെ പറയുന്നു:—

ഇതു രണ്ടുവിധം, 'വിപ്ര-
ലംഭം', 'സംഭോഗ'മിങ്ങനെ.

അതിൽ,

പ്രകൃഷ്ടരതി യാതൊന്നി-
ലഭീഷ്ടപ്രാപ്തിയെന്നിയേ ൨൨൭

ഉണ്ടാവുന്നിതവിടെ-
ശൃംഗാരം വിപ്രലംഭമാം
'പൂർവ്വരാഗം', തഥാ 'മാന'-
'പ്രവാസ' 'കരുണ'ങ്ങളും. ൨൨൮

ഇവ്വണ്ണമാം വിപ്രലംഭം
നാലുരൂപത്തിലായുള്ളതാം.

അതിൽ,

കേട്ടോ കണ്ടോ രണ്ടുപേർക്കും
രാഗമുണ്ടായ്‌വരുന്നവേ ൨൨൯

യോഗസിദ്ധി വരാത്തുള്ള
ദശതാൻ 'പൂർവ്വരാഗ'മാം.
ശ്രവണം ദൂതവന്ദ്യാദി-
യായവർ ചൊല്ലീട്ടു കേൾക്കയാം. ൨൨൮

ദർശനം കാൺക നേരിട്ടു
ചിത്രസ്വപ്നാദി മൂലവും.

അഭിലാഷം, ചിന്താ, സ്മൃതി,-
ഗുണകഥനോദ്വേഗ,സംപ്രലാപങ്ങൾ,
ഉന്മാദ,രോഗ,ജാഡ്യ-
ങ്ങളും, മൃതിയു,മിതു പത്തു കാമദശ. ൨൨൯

'അഭിലാഷ'മാഗ്രഹം താൻ
'ചിന്ത' ലഭിപ്പാനുപായമോർക്കയാം
ചേതന, മചേതനമിതെ-
ന്നറിവില്ലാതായ്‌വരിക 'യുന്മാദം.' ൨൩൦

പേച്ചൊല്ലുതാൻ 'പ്രലാപം'
ചിന്തയുമധികമായ് വരികയാൽ
നെടുവീർപ്പുമുടൽ വിളർപ്പും
ചടപ്പുമിത്യാദി പലതരം 'രോഗം.' ൨൩൧

'ജാഡ്യം' നിശ്ചേഷ്ടതയാം
കരചരണാദിക്കുമനസ്പന്ദനം.

അവയുടെ ഉദാഹരണങ്ങളെ ക്രമത്തിൽ പറയുന്നു:

'പ്രേമാർദ്രാഃ പ്രണയസ്പൃശഃ പരിചയാ-
ദുദ്ഗാഢരാഗോദയാ-
സ്താസ്താ മുഗ്ദ്ധദൃശോ നിസർഗ്ഗമധുരാ-
ശ്ചേഷ്ടാ ഭവേയുർമ്മയി
യാസ്വന്തഃകരണസ്യ ബാഹ്യകരണ-
വ്യാപാരരോധീ ക്ഷണാ-
ദാശംസാപരികല്പിതാസ്വപി ഭവ-
ത്യാനന്ദസാന്ദ്രോ ലയഃ.'

പ്രേമം പാരം പ്രണയിനിയിലുണ്ടായ് പരിച-
യമുള്ളൊരാഗമിയലു-
ന്നാകർണ്ണാന്തായതമിഴിയുടെ മാധുര്യമേറുന്ന നാനാ-
ച്ചേഷ്ടകളെന്നിലെന്നാൽ
പാർത്തീടേണമല്ലാശയാലുമവ-
യേതാലുമുളവാകുന്നേരം
ചേതസ്സാന്നിദ്ധ്യം വെടിഞ്ഞു ചേരുന്ന സാന്ദ്രാന-
ന്ദാനന്ദത്തിൽ മുഴുകും.

(കൊട്ടാരത്തിൽ ശങ്കുണ്ണി)

ഇവിടെ മാലതിയെ ഒന്നു കണ്ടിട്ട് അവളിൽ ഉണ്ടായ-
ന്നായ മാധവന്റെ അഭിലാഷമാകുന്നു.

'കഥമീക്ഷേ കുരംഗാക്ഷീം സാക്ഷാല്ലക്ഷ്മീം മനോഭുവഃ
ഇതി ചിന്താകുലഃ കാന്താം നിദ്രാം നൈതി നിശീഥിനീം.'

ഹരിണമിഴിയാളാമനംഗലക്ഷ്മിയാം
പാരമിനിക്കിവളിനി ലക്ഷ്യമാകുമോ?

ഇരവൊക്കെയിങ്ങനെ നിനച്ചു കാന്തനെ-
ങ്ങോർത്തു കണ്ണുകളിപ്പതില്ലഹോ.

(സ.ച)

ഇവിടെ ഇന്ദ്രജാലത്തിൽ കണ്ട ഒരു നായികയിൽ അനുരക്തനായ നായകന്റെ ചിന്തയാകുന്നു; '[illegible]—' ഇത്യാദി ശ്ലോകത്തിൽ നായകന്റെ സ്മൃതിയും, '[illegible]—' എന്നിത്യാദി ശ്ലോകത്തിൽ ഗുണകഥനവും, 'വിടരുന്ന [illegible]—' എന്നിത്യാദിയിൽ ഉദ്വേഗവുമാകുന്നു.

[illegible]
നിമിഷം [illegible]
[illegible]
[illegible].

[illegible]
കണ്ണുകൾ [illegible]
[illegible]
[illegible].

(സ.ച)

ഇതിൽ പ്രലാപം.

'[illegible]—' എന്നതിൽ [illegible].

1 ദ്രുതമദ്ധ്യമ വൃത്തം
[illegible]
[illegible]
[illegible].

വിളറി മെലിഞ്ഞൊരു വദനം,
തളരും തനു, സരസഹൃദയമെന്നിവ തേ
കളമൊഴി! മാനസമഴലും
നാളവരാണെന്നു തെളിവു നൽകുന്നു.

(സ. 1)

ഇതിൽ വ്യാധി:—

'ബിസിണീദലസഅണിജ്ജം
ണിഹിദം സവ്വം സുണിച്ചലം അംഗം
ദീഹോ ണീസാസഹരോ
ഏസോ സാഹേഇ ജീഅഇത്തി പരം.'

ബിസിനീദലശയനീയം
നിഹിതം സർവ്വം സുനിശ്ചലമംഗം
ദീർഘോ നിശ്വാസഭര
ഏഷ സാധയതി ജീവതീതി പരം.

(ഛായ)

സർവ്വാംഗനിശ്ചലതയോ
താമരയിലമെത്തമേൽ കിടപ്പിതവൾ
കേവലനിശ്വാസഭരം
ജീവിച്ചിരിക്കുന്നുവെന്നു കാട്ടുന്നു.

(സ. 1)

ഇതിൽ ജാഡ്യം:—

വന്നിക്കാറില്ല മരണം
സേവിച്ചുപ്പൊട്ടലമാർ
ചത്തപോലായി; ചാവാനോ—
ഴുകെപ്പൂന്നൊരാക്കെന്നൊന്തിടും. ഭ. ഭ. ച

വീണ്ടും ജീവിക്കയുണ്ടോ-
യുണ്ടെന്നാൽ പറയാം മൃതി.

അതിൽ ആദ്യത്തതിന് ഉദാഹരണം:—

'ദേഹാദാലികം വിദലിതാമവലോക്യ തന്വീ
പ്രാണാൻ കഥഞ്ചിദപി ധാരയിതും പ്രവൃത്താ
ആകർണ്യ സമ്പ്രതി ഗതം മരണായുധം താം
കിം വാ ഭവിഷ്യതി ന വേദ്മി, തപസ്വിനീ സാ.'

ദേഹത്തിൻ നൊമ്പിയെന്നു വിടൻ കണ്ടുകെ-
പ്രാണൻ ധരിപ്പതിന്നു തന്വി തുടങ്ങിയോരം
പൂങ്കോഴി കൂകലുമിപ്പോഴുതിൽ ശ്രവിച്ചും-
പെണ്ണോ വരുന്നതറിവില്ലവൾ പാവമല്ലോ?

(സ. 1)

രണ്ടാമത്തതിന്—

'ഉദ്വേലയോഃ പരിപൂതമല്ല ഖലിതാ
ത്വൽപ്രത്യർത്ഥികഥാഗളെ.
ശ്ലാഘ്യം മന്ദമതെപ്പോളു പാദനാവന്തി-
ഷ്ഠന്തോ നരസമാനാപി
ശാസ്ത്രതഃ കലയുള്ള പൂതശിഖരേ
രേഖീപികാഃ പഞ്ചമ
പ്രാണാസ്ത്യ്യതാപരലപ്യസാരകഗിരാ
ഗച്ഛന്തു ഗച്ഛന്തുമി.'

വിണ്ണും ഭൂമിയെന്നലതയധഃസ്ഥാനങ്ങളിലെല്ലാ-
ന്നതിലും ചൊരിഞ്ഞിടട്ടെ
ശത്രുക്കളെ മനമതും കലയവനാക്കനാം
വാക്യവും വീഴിക്കട്ടെ

പൊങ്ങിയും തേന്മാവുതോറും കുയിലുകൾ സതതം
പാടുമക്കുളിരേകും
അങ്ങേതു കാമിനിയിൽ കറിയാതെപ്പാർ—
പ്രാണനും പൊന്തുർപ്പോരു.

(൧൧)

പൂർവരാഗത്തിന്— കാമശാസ്ത്രത്തിൽ പറഞ്ഞ പത്തവസ്ഥ തികഞ്ഞവരുടെ കഥ ഉദാഹരണം. ഈ പൂർവരാഗമായി പ്രത്യേകം പ്രകാരം തന്നെ വിപ്രലംഭവിഷയമാണെന്ന് ഗ്രഹിപ്പാനും.

വേറെ ചിലർ:—

'ചക്ഷുഃപ്രീതി, മനസ്സംഗം, സങ്കല്പം, ജാഗരം, കൃശ
കാർശ്യം, വിഷയവൈരാഗ്യം, ലജ്ജയില്ലാതെയാവുക,
ഉന്മാദം, മൂർച്ഛയും, പിന്നെ മരണമവസാനം ഇതി.
ഇവയത്രേ ക്രമത്താലുള്ള കാമാവസ്ഥകൾ.'

എന്നു പറയുന്നു.

അതിൽ:—

സ്ത്രീരാഗവർണ്ണനം മുമ്പിൽ
തച്ചേഷ്ടകൾവഴിക്കതാൻ
പിന്നെപ്പുമാന്റെ രാഗത്തെ
വർണ്ണിച്ചീടേണമിങ്ങനെ

പ. വ. ൾ

ചേഷ്ടകൾ മുമ്പേ പറയപ്പെട്ടിട്ടുണ്ട്. ഉദാഹരണം:— രത്നാവലിയിൽ സാഗരികാവത്സരാജന്മാരുടെ രാഗവർണ്ണനത്തിൽ; ആദ്യം അനുരാഗം സംഭവിച്ചതു പുരുഷനാണെങ്കിലും സ്ത്രീയുടെ അനുരാഗത്തെ മുമ്പേ വർണ്ണിക്കുന്നതു് അധികം ഹൃദയംഗമമായിരിക്കും.

നീലീ, കുസുംഭം, മഞ്ജിഷ്ഠാ,
മൂന്നേവം പൂർവ്വരാഗവും.

അതിൽ:—

പ്രേമമേറെ പ്രകാശിക്കാ
മാഞ്ഞുപോകാ മനോഗതം
നീലീരാഗമതാം; സീതാ-
രാമപ്രേമം നിദർശനം. ൧൩൦

കുസുംഭരാഗം മാഞ്ഞിടും
തെളിഞ്ഞിടും വിളങ്ങിടും
മായാതെയാം വിളങ്ങിട-
നാളു മാഞ്ജിഷ്ഠരാഗമാം. ൧൩൨

ഇനി മാനത്തെ പറയുന്നു:—

മാനമെന്നുള്ള കോപം താൻ
പ്രണയേർഷ്യാത്മകം, ദ്വിധാ
പ്രണയാത്മകമാം മാനം
രണ്ടാൾക്കുമുളവാസ്വതം. ൧൩൧

പ്രേമം പെരുത്തിരുന്നാലും
നേർവഴിക്കല്ലതെങ്കിലാ
കാരണം ചെറുതില്ലാതെ-
യുണ്ടാകും കോപമാമതു്. ൧൩൩

രണ്ടാമത്തേതു വ്യസനാൽ നായകനോ നായികയോ രണ്ടാളും കൂടിയോ പ്രണയമാനം വഹിക്കപ്പെടുന്നതാണ്.

അതിൽ നായകന്റേതിന് ഉദാഹരണം:—

'അലിഅപസുത്തഅണിമീ-
ലിഅച്ഛ ദേസു സുഹഅ മജ്ഝ ഓആസം
ഗണ്ഡപരിഉംബണാപുല-
ഇഅംഗ ണ പുണോ ചിരാഇസ്സം.'[1]

അലീകപ്രസുപ്തകനിമീലിതാക്ഷ ദേഹി സുഭ-
ഗ ശയ്യാവകാശം
ഗണ്ഡപരിചുംബനപുളകിതാംഗ ന
പുനശ്ചിരയിഷ്യാമി.

(ഛായ)

പള്ളിയിൽ മിഴികളെച്ചിമ്മിക്കള്ളയുറക്കം നടിക്കു-
ന്നോരു സുഭഗ! നമുക്കും തെല്ലിടം നൽകിടേണം
കവിളിണ ചുംബനത്താൽ കോൾമയിർക്കൊള്ളുമോമനേ!
ഞ്ഞാനിനിമേലിൽ താമസിക്കയില്ലേ.

(സാ.)

നായികയുടെ പ്രണയകലഹത്തിനു കുമാരസംഭവത്തിൽ (എട്ടാം സർഗ്ഗത്തിൽ) സന്ധ്യാവർണ്ണനത്തിൽ 'മുഞ്ച കോപമനിമിത്തകോപനേ—'[3] ഇത്യാദി.

രണ്ടുപേർക്കുമുള്ളതിന്:—

പണയകുവിആണ ദോണ്ഹ വി
അലിഅപസുത്താണ മാണഇല്ലാണ
ണിച്ചലണിരുദ്ധണീസാ-
സദിണ്ണഅണ്ണാണ കോ മല്ലോ.[2]

പ്രണയകുപിതയോഷാപാദസമ്പൃക്തിഭീക-
സ്പൃശ്യേയാൽ നവദന്താഃ
നിയമനിരതചേതോനിശ്ചലാത്മ-
ന കലുഷിതയോഃ കേശമല്ലൂ?

(മാലാ)

ഇവയുടെ കാതുകൂട്ടിൽ പ്രേമരകാമേഷപാന മന്നം
പൈശികഹൃദയനിരുദ്ധമേധോടെയുകിലും
പരിചൊടു പെയ്വിരഞ്ഞിരശ്ശാസനമെല്ലാമകറ്റി.
ഉരികിലിവ കിടപ്പുണ്ടാരിതിരുള്ളാറിൽ വിരൻ?

(സാ.)

ഈ മാനം, അന്യോന്യം നിശ്ചയിക്കാതെ ഇടയിൽവ ച്ചുതന്നെ അവസാനിക്കുന്നതാണെങ്കിൽ അതു വിപ്രലംഭമാകുന്നതു എന്നാൽ സംഭോഗസഭാവം— അനുസൂയ— മാത്രമേ തരുകയുള്ളൂ.

ഉദാഹരണം:—

'ഉജ്ജംഭേ രചിതേഽപി ഉഷ്ണിരധികം
സോൽകണ്ഠമുദ്ഭിന്നമേ
അന്യോന്യമപി വാചി സന്നിഹിതം
മുഗ്ദ്ധാനനം മായതേ
കാർശ്യം ഗമിതേഽപി ചേതസി തനു
ർമാനോന്മുഖാലംബതേ
ഉഷ്ണനിർഘ്നംഗം ഭവിഷ്യതി കഥം
മാനസ്യ തസ്മിൻ ജനേ.'

വല്ലാതാക്കിത്തുള്ളിക്കാം പുരികക്കൊടി ഇക്ക.
    ള്ളാസമയാ നോക്കിടുന്നു
സല്ലാപത്തിനൊത്തക്കാം മധുപൊഴിയെങ്കിലും
    ദസ്സ്മരകാരണം വഴിത്തും
ഉല്ലാസാക്കാം ഉതുമ്പം ഏതി പുളകിതമാം
    കന്നിമണ്ണാലുമല്ലോ
ചൊല്ലാർന്നോരാളിനെക്കാണാകിലതിവിഷമം
    തന്നെ മാനം നടിപ്പാൻ.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

മറ്റൊരു ഉദാഹരണം:—

'ഏകസ്മിന്നാസനത്തിൽ ഭടർ മുഖമതാ
    യിരുന്നാലും മന്ത്രരോ-
ടന്യോന്യസ്യ ഏതി സമീരതപ്പൂണ്ടണ
    സമക്ഷമായാർജ്ജവം
ചാപത്ത്യാഗ്ഗ്രമകാലപമേവലയാ-
    മിളത്തിമേവുകന്ദ്രകാ-
ന്ദേഹാ മാനകലിസ്സഹാസരസ-
    വ്യാസക്തകണ്ഠഗ്രഹാ'

ഉടനേതാപത്തേതോദേരം കൈതയിലനാദിരുചം
    തകിൽ മിണ്ടാതെ മാഴ്കു-
മന്നാക്കന്നായ തൻഗേഹവാക്കിനെ വിട്ടു-
    മതെ പാണിപ്പെട്ടിരിക്ക
മിതമാസംഭോഗമോ മരം മിഴികളിട്ടകല-
    ന്നായമനോരം കണ്ണന്താൻ.
വൃന്ദതാമതിൽ ത്തിൻ കേളികലഹം,മിഥവത്തം
    മേന്ന കേട്ടിപ്പുണർന്നാർ.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

കാന്തനന്യപ്രിയാസംഗം
ചെയ്തതായനുമിക്കയോ
കാൺകയോ കേൾക്കയോ ചെയ്കിൽ
സ്ത്രീകൾക്കു മാനം നടിച്ചിടും. ൨൩൮

സംഭോഗലക്ഷണം, തന്റെ
ഗോത്രം തെററി വിളിക്കുക;
ഗാഢനിദ്രയുമിമ്മൂന്നു-
മന്യമാനനിമിത്തമാം. ൨൩൯

അതിൽ കണ്ടിട്ടുള്ളതിനുദാഹരണം:—

'വിനയതി സുദൃശോ ദൃശോഃ പരാഗം
പ്രണയിനി കൗസുമമാനനാനിലേന
തദഹിതയുവതേരഭീക്ഷ്ണമക്ഷ്ണോ-
ർദ്വയമപി രോഷരജോഭിരാപുപൂരേ.'

പ്രണയമെഴുമൊരുത്തനോമലാൾതൻ ക-
ണ്ണിണയിലണഞ്ഞ പരാഗമൂതിടുമ്പോൾ
ചുണയെഴുമിവളുടെ സപത്നി കാഴ്ചയാർന്നാൾ
ക്ഷണമക്ഷിയുഗങ്ങളതിൽ നിറഞ്ഞു കോപരാഗം.

(മാഘ)

സംഭോഗചിഹ്നംകൊണ്ടു പരസ്ത്രീസംഗം അനുമിക്കപ്പെട്ടി-
രിക്കുന്നതിന് ഉദാഹരണം:—

'നവനഖപദമംഗം ഗോപയസ്യംശുകേന
സ്ഥഗയസി പുനരോഷ്ഠം പാണിനാ ദന്തദഷ്ടം

പ്രതിദിശമപരസ്ത്രീസംഗശംസീ വിസർപ്പ-
ന്നവപരിമളഗന്ധഃ കേന ശക്യോ വരീതും.'

പുതുനവപരിമളമെന്നും മേനി തന്നിട്ടു തൂകും
മദനമുറിവെപ്പെട്ടും നഖക്ഷതങ്ങളിൽ വാരണക്ക പുതുള്ളും
പ്രതിദിശമിതരസ്ത്രീസംഗമം ചൊല്ലിയാട്ടും
പുതുമണമിതു മൂടാൻ കൂടുമോ വല്ലപാടും.

(സച)

ഇതിനെ മാറ്റാനുള്ളതും കണ്ടുകൊൾക.

സാമവും, ഭേദവും, ദാനം,
നമനോ,പേക്ഷണങ്ങളും;
രസാന്തരമതും, മാനം
പോക്കുവാൻ പതി ചെയ്യണം. വ.ബ.൩

'സാമം' പ്രിയോക്തിതാൻ, 'ഭേദം'
തോഴിയെക്കൊണ്ടിണക്കുക
ഉപായത്തിൽ ഭൂഷണാദി
നൽകീടുന്നതു 'ദാന'മാം. വ.ബ.൪

അപരാധം പൊറുപ്പാനായ്
'നമനം' കാൽക്കൽ വീഴ്കയാം
സാമാദികൊണ്ടുമാവാഞ്ഞാൽ
ധിക്കരിപ്പു 'ഉപേക്ഷ'യാം. വ.ബ.൫

പെട്ടന്നു ഭയഹർഷാദി-
യുണ്ടാക്കുന്നതുമൂലമായ്

മാനഭംഗം വരുത്തീട്ടു
കോപം തീൎക്ക 'രസാന്തരം.' ൨൩൯

ഉദാഹരണം:—

'കേട്ടീലാ ചാരുവാക്യം—' എന്നിത്യാദി.

ഇതിൽ സാമാദികളായ അഞ്ചെണ്ണവും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. രസാന്തരത്തിനുദാഹരണം ഊഹിച്ചുകൊൾക.

ഇനി പ്രവാസം:—

'പ്രവാസം' ദൂരവാസം താൻ
കാൎയ്യശാപാദിമൂലമായ്
മുഷിഞ്ഞ മെയ്യാടകളും
ചട കെട്ടിയ കുന്തളം. ൨൪൦

തേങ്ങിക്കരച്ചിലും മണ്ണിൽ
വീഴ്ചയും വരുമായതിൽ

അത്രയല്ല,

അംഗാസൌഷ്ഠവവും, താപം,
വിളൎപ്പ്, അരുചി, കാൎശ്യവും. ൨൪൧

ധൃത്യഭാവവുമനാലംബം,
തന്മയോന്മാദമൂൎച്ഛകൾ
മൃതിയും, മദനാവസ്ഥ
പത്തിങ്ങനെ വരും ക്രമാൽ. ൨൪൨

'അസൌഷ്ഠവം' മലിനത
'താപം' വിരഹജാഡ്യം
ഒന്നും വേണ്ടാത്തു 'ശുചി'
'പൂർത്ത്യഭാവ'മരാഗിതാ. വർമ്മ

ഹൃദ്യധീതം 'മനോലംബം,' –
മുള്ളിലും പുറമേയുമേ
തത്സാരൂപ്യപ്രകാശം താൻ
'തന്മയത്വ'മതായതു്. വർമ്മ

ദോഷം ദൃഷ്ടം

പൂർവ്വാപരവിരുദ്ധതയ്ക്കുദാഹരണം:—

'ചിന്താഭിസ്തിമിതം മനഃ, കരതലേ
ലീനാ കപോലസ്ഥലീ
പ്രത്യൂഷക്ഷണദേശപാണ്ഡു വദനം,
ശ്വാസൈസ്സകമ്പോഽധരഃ
അന്തസ്സ്ഥം കഥം തഥാപി കിസലയ –
ന്യായേന ചാപഗ്രഹം
കാര്യസ്ഥാഃ പ്രതിഭാന്തി കാര്യസിദ്ധ്യൈ
മീനാഞ്ച ശരമീലിതം.'

ചിത്തം ചിന്തകളാൽ പരം സ്തിമിതമായ്,
കൈത്തട്ടിലായ് ഗണ്ഡവും,
പ്രത്യൂഷേന്ദുവിപാണ്ഡുവായ് മുഖ, മുണ
ങ്ങീ ശ്വാസങ്ങളാലോഷ്ഠവും;

നീലക്കാറിൻ തളിർക്കൈകളേറ്റുമിപ്പൂങ്കാവനം
താപത്തിന്നാരിവിധം
പ്രാന്തത്തിലുല്ലസിക്കുമിക്കല്യാണവല്ലി.
കട്ടിൽ സഹിക്കുമോ?

([illegible])

ഉണ്ടായതും ഉള്ളതും ഉണ്ടാവാൻ
ഭാവിച്ചീടുന്നതുമെന്നോ
കാര്യം നിമിത്തമുണ്ടാകും
പ്രവാസം മൂന്നു ജാതിയാം. ([illegible])

കാര്യം സംഭവിച്ചുകഴിഞ്ഞാൽ അതിനെ ത്രിവിധമാകുന്നു
[illegible] അതിൽ ഭാവികാലോദാഹരണം:—

[illegible]

പോകേണ്ട സുന്ദരി!, പോക പാന്ഥ!, ഭയിനേ!
വ്യർത്ഥം വിഷാദിക്കൊല്ലേ,
ശോകം നിശ്ശബ്ദമാക്കിടുക എന്നെന്നും,
[illegible] കേണിടുവോൻ;

[illegible] നീ [illegible] വിര-
ക്കെന്നിതു [illegible]പ്പൂക്കൾ,
നിന്നോടൊത്തുള്ള പൂക്കൾ [illegible],
ജീവൻ തളിർപ്പിപ്പൂ [illegible].

([illegible])

വർത്തമാനാതിശയോക്തി:—

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

ശ്രമത്തിനുദാഹരണം:—

'ചിത്തം ചിന്തകളാൽ—' എന്നിത്യാദി.

ശാപം നിമിത്തമുള്ള പ്രവാസത്തിനുദാഹരണം:—
'മീനാക്ഷി കണ്ണിണക്കമലയാം—' എന്നിത്യാദി.

സംഭ്രമം:— ഇടിമിന്നൽ, കൊള്ളിമീൻ, ഭൂകമ്പം മുതലായി ദിവ്യങ്ങളും ഭൌമങ്ങളുമായ ഉത്പാതാദികളാലുണ്ടാകുന്ന പരിഭ്രമം തന്നെ. ഉദാഹരണം:— 'വിക്രമോർവ്വശീനാടകത്തിൽ ഉർവ്വശീപുരൂരവസ്സുകൾക്കുണ്ടായതു്'.

ഇതിൽ, പൂർവ്വരാഗത്തിൽ പറയപ്പെട്ടിട്ടുള്ള അഭിലാഷാദികളും, ഇവിടെ പറയപ്പെട്ടിട്ടുള്ള അംഗമാലിന്യാദികളുമായ രണ്ടു ദശകളും രണ്ടിടത്തും സംഭവിക്കാവുന്നതാണെങ്കിലും ഓരോന്നിലുള്ള പ്രസിദ്ധിനിമിത്തമാണു് വെവ്വേറെ പ്രതിപാദിച്ചതു്.

ഇനി കരുണവിപ്രലംഭത്തെ പറയുന്നു:—

ദമ്പതിമാരിലൊരാളിനി—
യലഭ്യനായന്യലോകമണയുകയാൽ
മറ്റുള്ളയാൾ ഖേദം പൂ—
ണ്ടിരിക്കുകിൽ കരുണവിപ്രലംഭമതാം. ൨൯

ഉദാഹരണം:—

കാദംബരിയിൽ പുണ്ഡരീകമഹാശ്വേതാവൃത്താന്തം, രഘു

യിൽ ജീവിക്കയില്ലയോ, ജീവിക്കയാണെങ്കിൽ ശരീരം മറ്റൊന്നായിട്ടു ജീവിക്കയോ ചെയ്യുന്നതാണെങ്കിൽ കരുണരസംതന്നെ. വിപ്രലംഭമല്ല.

ഇതിലെ ആകാശഭാഷിതമുണ്ടായതിനു ശേഷം മാത്രം, പുനസ്സംഗമത്തെക്കുറിച്ചുള്ള പ്രത്യാശകൊണ്ടു രതിയുണ്ടാകുന്നതിനാൽ ശൃംഗാരമാകുന്നു. ആദ്യത്തിൽ കരുണംതന്നെ' എന്നുകൂടി അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഇവിടെ—'സംഗമം വീണ്ടുമുണ്ടാകുമെന്നുള്ള പ്രത്യാശ ജനിച്ചതിനു ശേഷമുള്ള പ്രവാസമെന്ന വിപ്രലംഭശൃംഗാരമേ തന്നെയാണ്'—എന്നു ചിലർ പറയുന്നു, അങ്ങനെയല്ല—'മരണമെന്ന വിശേഷസംഭവം ഹേതുവായിട്ട് അതു വേറെ ഒന്നു തന്നെയാണ്' എന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു.

ഇനി സംഭോഗത്തെ പറയുന്നു:—

അന്യോന്യാനുരാഗമുള്ളോർ
വിലാസികൾ പരസ്പരം,
ദർശനസ്പർശനാദ്യങ്ങൾ
ചെയ്വു സംഭോഗമായതു. ൨൪൭

ആദ്യശബ്ദംകൊണ്ടു അധരപാനചുംബനാദികളെ ഗ്രഹിച്ചുകൊൾക.

ഉദാഹരണം:—

'ശൂന്യം വാസഗൃഹം—' ഇത്യാദി.

എണ്ണാനാകാത്തതിനാൽ
ചുംബനപരിരംഭണാദിഭേദവശാൽ

ധീരരിതാനാൎത്തനാരോ-
ചൊന്നാർ സംഭോഗശൃംഗാരം. ൧൪൨

ഋതുവാൎക്കൻ, ചന്ദ്രനു-
മുദയാസ്തമയങ്ങളും, തോയവനലീലാ
മധുപാനം, രാത്രിയുമ-
സ്സുന്ദലേപന, ഭൂഷണാദിയായവയും. ൧൪൩

ശുചിയും മേധ്യവുമായി-
ട്ടിനിയും പലതുവന്നാംചെയ്യാം

അങ്ങനെ ഭരതാചാൎയ്യവചനമുണ്ട്:—'യത് കിഞ്ചിത് ലോകേ ശുചിമേധ്യമുജ്ജ്വലം ദൎശനീയം വാ തത്സൎവ്വം ശൃംഗാരേണോപമീയതേ (ഉപയുജ്യതേ)ച'=ലോകത്തിൽ ശുചിയായിട്ടോ, മേധ്യമായിട്ടോ, പ്രകാശിക്കുന്നതായിട്ടോ ഉള്ള പദാൎത്ഥങ്ങളെല്ലാം അതെല്ലാം ശൃംഗാരത്തോടുപമിക്ക (ഉപയോഗിക്ക)പ്പെടുന്നു'—എന്ന്.

എന്നു മാത്രമല്ല,

ഇതു പൂൎവ്വരാഗമാനാ-
ദികളുടെ പിമ്പേ ചതുൎവ്വിധം ചൊൽവൂ. ൧൫൦

അങ്ങനെ പറയപ്പെട്ടിട്ടുണ്ട്:—

'ന വിനാ വിപ്രലംഭേന
സംഭോഗഃ പുഷ്ടിമശ്നുതേ.
കഷായിതേ ഹി വസ്ത്രാദൌ
ഭൂയാൻ രാഗോ വിവൎദ്ധതേ.' ഇതി

> സന്ദേഹോ വിപ്രലംഭത്തെ-
> യുളവാക്കും പൂർവ്വരാഗമോ
> [illegible] വസ്ത്യാദി.
> കവികൾ [illegible] കയറിയാൽ. എന്ന്

അതിൽ പൂർവ്വരാഗത്തിലുള്ള സന്ദേഹത്തിനുദാഹരണം, [illegible] — 'പറഞ്ഞിടുവിടുന്ന വിശ്വത്തെ —' ഇത്യാദി.

പ്രവാസാനന്തരമുള്ള സന്ദേഹത്തിനുദാഹരണം:—

> '[illegible] കിസലയം
> [illegible],
> [illegible]
> [illegible]
> [illegible] പ്രിയ! [illegible]
> [illegible],
> [illegible]
> [illegible].'

> അപ്പ [illegible]! [illegible]
> [illegible],
> [illegible]
> [illegible]
> [illegible] പ്രിയതമേ?
> [illegible]
> [illegible], [illegible]
> [illegible]. (സ. [illegible])

ഇങ്ങനെ [illegible] ഉദാഹരണം കണ്ടുകൊൾക.

———

അനന്തരം ഹാസ്യരസത്തെ പറയുന്നു—

വികൃതാകാരവാഗ്വേഷചേഷ്ടാ-
ദികളാലുളവാമതു
ഹാസ്യം, ഹാസസ്ഥായിഭാവം
ശ്വേതം പ്രമഥദൈവതം. ൨൭൧

ഏവന്റെ വികൃതാകാര-
മിയാൽ കാണ്മോർ ചിരിപ്പിതോ
ആലംബനമവൻ; തച്ചേ-
ഷ്ടാദിയുദ്ദീപനം മതം. ൨൭൨

നേത്രാസ്യതാക്ഷിസങ്കോചാ-
ദ്യനുഭാവങ്ങളങ്ങിനെ
നിദ്രാലസ്യാവഹിത്ഥാദി
വ്യഭിചാരികളാമിതിൽ. ൨൭൩

സ്മിതഹസിതങ്ങളുത്തമ-
മല മധ്യമം വിഹസിതാവഹസിതങ്ങൾ
നീചമപഹസിതമതി-
ഹസിതവുമെന്നാകിലതാമാറുവിധം. ൨൭൪

കണ്ണുകളൊന്നു വിടരും
'സ്മിത'ത്തിലധരം തുടിക്കുമൊരല്പം
തെല്ലു തെളിഞ്ഞിഹ കാണാം
പല്ലുകളെന്നാകിലായതാം 'ഹസിതം'. ൨൭൫

മധുരസ്വനം 'വിഹസിതം'
　　തോളും തലയും ചലിക്കി'ലവഹസിതം.'
കണ്ണിൽജ്ജലം പൊഴിഞ്ഞാ-
　　'ലപഹസിതം' കൈയ്യിളക്കി'ലതിഹസിതം.'

ഉദാഹരണം:—

'ഗുരോർഗ്ഗിരഃ പഞ്ചദിനാന്യധീത്യ
വേദാന്തശാസ്ത്രാണി ദിനത്രയം ച
അമീസമാഘ്രായ ച തർക്കവാദാൻ
സമാഗതാഃ കുക്കുടമിശ്രപാദാഃ.'

മീമാംസയഞ്ചുദിനം പഠിച്ചു
വേദാന്തശാസ്ത്രങ്ങളെ മൂന്നുനാളും
തർക്കാതിവാദങ്ങളെ കണ്ടുനോക്കി
വന്നാരിതാ കുക്കുടമിശ്രപാദർ.

(സ്വ.)

ഈ രസത്തിന്റെ പരിപുഷ്ടി ഹാസകാവ്യങ്ങളിൽ കണ്ടുകൊൾക.

മതിയാക്കട്ടേ;

ഹാസമുള്ളവരെ സ്സ്വയം-
മായ്ച്ചൊല്ലീലെങ്കിലും കപ്പചിൽ
സിദ്ധമാകും വിരാമമി-
സ്സാഹിത്യത്തിൽ സന്തോഷവാദൻ.

അശേഷമായ് വിഭാവാദി
സാധാരണ്യാൽ പ്രതീതമാം
രതിനാലീ ഹാസ്യരസം
ബോധിച്ചീടുന്നു സഭ്യരാം. ൨൭൭

മററുള്ള രസങ്ങളിലും യോഗ്യപ്രകാരം ഇങ്ങനെതന്നെയെന്നറിഞ്ഞുകൊള്ളേണ്ടതാകുന്നു.

ഇനി കരുണരസത്തെ പറയുന്നു—

ഇഷ്ടനാശോത്ഥിതാനിഷ്ടാ-
പ്ത്യുണ്ടാം കരുണമാം രസം
കപോതവർണ്ണമാകുന്നു
യമദൈവതമായിതു്. ൨൭൮

ഇതിൽ ശോകം സ്ഥായിഭാവം
ശോച്യമാലംബനം മതം
ദാഹാദ്യവസ്ഥയാകുന്നി-
തിനുദ്ദീപനം പുനഃ. ൨൭൯

അനുഭാവം ദൈവനിന്ദാ
ഭൂപാതരുദിതാദികൾ
വൈവർണ്ണ്യോച്ഛ്വാസനിശ്വാസ-
സ്തംഭപ്രലപനങ്ങളും. ൨൮൦

നിർവ്വേദമോഹാപസ്മാര-
വ്യാധിഗ്ലാനിസ്മൃതിശ്രമം
വിഷാദം ജാഡ്യമുന്മാദ-
ചിന്താദി വ്യഭിചാരികൾ. മമ്മട

ഔത്സുക്യം, നഷ്ടമായ ബന്ധുക്കൾ മുതലായവയും.

ഉദാഹരണം:—

'വിപിനേ ക്വ ജടാനിബന്ധനം
തവ ചേദം ക്വ മനോഹരം വപുഃ
അനയോർഘടനാ വിധേഃ സ്ഫുടം
നനു ഖഡ്ഗേന ശിരീഷകർത്തനം.'

വനത്തിൽ ജടാനിബന്ധമെങ്ങുമങ്ങഹോ
മനോജ്ഞമാകിയ തവ ദേഹമെങ്ങഹോ
നിനക്കിതിങ്ങിണക്കിയിട്ടതൻ
നരുന്തരെന്നറിയുക ഈ വാളിനാൽ.

(സ. ച.)

ഇതിൽ രാമന്റെ വനവാസത്താലുണ്ടായ ശോകംകൊണ്ട് ആർത്തനായ ദശരഥന്റെ ദൈവനിന്ദയാകുന്നു. ഇങ്ങനെ ബന്ധുവിയോഗം, അർത്ഥനാശം മുതലായവയെയും ഉദാഹരിക്കാവുന്നതാണ്. ഇതിന്റെ പരിപോഷണം മഹാഭാരതത്തിൽ സ്ത്രീപർവ്വത്തിൽ കണ്ടുകൊള്ളുക.

ഇതിനു കരുണവിപ്രലംഭത്തിൽനിന്നുള്ള ഭേദത്തെ പറയുന്നു:

സ്ഥായിഭാവം ശോകമാകു-
ന്നുലമില്ലാകമാം രസം
വിപ്രലംഭത്തിങ്കൽനിന്നു
ഭിന്നമാകുന്നു കേവലം. ൧൩൮

പുനസ്സംയോഗമാകുന്ന
ഹേതുവുണ്ടാകകാരണം
രതിയല്ലോ സ്ഥായിഭാവം
വിപ്രലംഭാഖ്യമായതിൽ. ൧൩൯

ഇനി രൌദ്രരസത്തെ പറയുന്നു:—

ക്രോധസ്ഥായികമാം രൌദ്രം
രക്തമാം രുദ്രദൈവതം
ആലംബനം ശത്രു; തച്ചേ-
ഷ്ടകളുദ്ദീപനങ്ങളാം. ൧൪൦

മുഷ്ടി ചുരുട്ടിയിടിക്കുക
വീഴ്ത്തുക, കുത്തിപ്പിളർക്കു, വെട്ടുകയും
യുദ്ധോദ്യോഗാദികളും
രൌദ്രരസോദ്ദീപ്തിയിങ്കലുണ്ടാകും. ൧൪൧

ഭ്രൂഭംഗമോഷ്ഠം ദംശിക്ക
കയ്യോങ്ങുക ഞെരിക്കയും

തന്റെ വീഴ്ചം പാകുമ്പ-
മാന്യധാമങ്ങളിളകുന്നു. ഹന്ത

ഐശ്വര്യവേഗങ്ങളാം ഭോഗങ്ങളും
സോദരം രോഗപൂർവ്വം ഭദ്രം
ഐശ്വര്യത്തിലനശ്വരങ്ങൾ-
ഉദയഗിരിമേൽ ഭൃത്യരാം. ഹന്ത

മോഹാന്ധകാരദിവ്യമതിൽ
വ്യഭിചാരികളായ്തം

ഉദാഹരണം:—

'[illegible]
[illegible]
[illegible]
[illegible].'

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
ഭവികടാക്ഷങ്ങളവൻ ഞാൻ.

(കിളിമാനൂർ രാമവർമ്മ കോയിത്തമ്പുരാൻ.)

൨൭ രസത്തിൽ യുദ്ധവീരരസത്തിനുള്ള ലക്ഷണത്തെ പറയുന്നു:—

രൌദ്രത്തിൽ മുഖവും കണ്ണു-
മധികം രക്തമാസ്തൃതം. ൨൩൭

യുദ്ധവീരരസത്തെക്കാൾ
ഉദ്ധതാനിഹ ഭേദമാം.

ഇനി വീരരസത്തെ പറയുന്നു.

ഉത്സാഹസ്ഥായിഭാവാഢ്യ-
മുത്തമം വീരമാം രസം. ൨൩൮

മഹേന്ദ്രദൈവതം, സ്വർണ്ണ-
വർണ്ണമെന്നു ബുധോദിതം.
ആലംബനവിഭാവങ്ങൾ
ജേതവ്യാദികളാമിതിൽ. ൨൩൯

ജേതവ്യാദികൾതൻ ചേഷ്ടാ-
ദികളുദ്ദീപനങ്ങളാം.
സഹായാന്വേഷണാദ്യങ്ങ-
ളനുഭാവങ്ങളാമിഹ ൨൪൦

സഞ്ചാരികൾ—ധൃതി, ഗർവ്വം,
മതി, തർക്കം, രോമഹർഷണം, സ്മൃതിയും
ദാനം ധർമ്മം യുദ്ധം
ദയയെന്നിവ ചേർന്നുണ്ടീ നാലുവിധം. ൨൪൧

ആ വീരനാകട്ടെ ദാനവീരൻ, ധർമ്മവീരൻ, യുദ്ധവീരൻ, ദയാവീരൻ എന്നു നാലു വിധമാകുന്നു.

അതിൽ ദാനവീരനു പരശുരാമൻ ഉദാഹരണം:—

'ത്യാഗഃ സപ്തസമുദ്രമുദ്രിതമഹീ നിർവ്യാജദാനാവധിഃ'—
ത്യാഗം നിർവ്യാജമേഴാഴികൾ ചൂഴലിന്നദാനപര്യന്തമല്ലോ..എന്നു"

ഇവിടെ പരശുരാമന്റെ ത്യാഗത്തിൽ ഉത്സാഹമാകുന്ന സ്ഥായിഭാവം, സമ്പ്രദാനഭൂതന്മാരായ (ദാനത്തെ പ്രതിഗ്രഹിക്കുന്നവരായ) ബ്രാഹ്മണരാകുന്ന ആലംബനവിഭാവങ്ങളാലും സത്തോപാത്തസാഹാദികളായ ഉദ്ദീപനവിഭാവങ്ങളാലും വ്യക്തീകരിക്കപ്പെട്ടതായി, സർവ്വസ്വത്യാഗാദികളായ അനുഭാവങ്ങളാൽ പ്രകാശിതമായി, ഹർഷധൈര്യാദിസഞ്ചാരികളാൽ പുഷ്ടമായിട്ടു ദാനവീരരസാവസ്ഥയെ പ്രാപിക്കുന്നു.

ധർമ്മവീരനു യുധിഷ്ഠിരൻ ഉദാഹരണം:—

'രാജ്യം ച വസു ദേഹശ്ച
ഭാര്യാ ഭ്രാതൃസുതാശ്ച യേ
യച്ച ലോകേ മമായത്തം
തദ്ധർമ്മായ സദോദ്യതം.'

രാജ്യവും ധനവും ദേഹം
ഭാര്യ സോദരർ മക്കളും
എനിക്കിനിയുമെന്തൊന്നു-
ണ്ടതെല്ലാം ധർമ്മസ്വമാകും.

(ന. 1)

യുദ്ധവീരനു ശ്രീരാമൻ ഉദാഹരണം:—

'ഭോ ലങ്കേശ്വര! ദീയതാം ജനകജാ
        രാമഃ സ്വയം യാചതേ
കോഽയം തേ മതിവിഭ്രമഃ സ്മര നയം
        നാദ്യാപി കിഞ്ചിദ് ഗതം
നൈവം ചേൽ ഖരദൂഷണത്രിശിരസാം
        കണ്ഠാസൃജാ പങ്കിലഃ
പത്രീ നൈഷ സഹിഷ്യതേ മമ ധനു-
        ർജ്യാബന്ധബന്ധൂകൃതഃ.'

ഹേ ലങ്കേശ്വര! സീതയെത്തരികു രാ-
        മൻ താനിരക്കുന്നിതാ-
ണോർമ്മക്കേടു ഭവാനു? നല്ല നയമോ-
        ർക്കാവുന്നു കഴിഞ്ഞതില്ലൊരു
അല്ലെങ്കിൽ ഖരദൂഷണാദികളിനിന്നിന്നാ-
        ാടിട്ടുണങ്ങാത്തൊരീ
മിതെന്നമ്പു സഹിക്കയില്ല; ചിലയും
        മൊന്നും ഞാണൊലിയും.

(൧൫൨)

ധർമ്മവീരനു ജീമൂതവാഹനൻ ഉദാഹരണം:—

'ശിരാമുഖൈഃ സ്യന്ദത ഏവ രക്ത-
മദ്യാപി ദേഹേ മമ മാംസമസ്തി
തൃപ്തിം ന പശ്യാമി തവാപി താവൽ
കിം ഭക്ഷണാത്ത്വം വിരതോ ഗരുത്മൻ!'

ശിരാമുഖങ്ങളൂടൊഴുകുന്നു രക്തം
[illegible]

കാണില്ല സംതൃപ്തി നിനക്കുതെന്തേ
യിന്നാതിരിക്കുന്നു ഭവാൻ ഗജേന്ദ്ര!

(സ. ദ.)

ഇവയിലും പൂർവ്വോദാഹരണങ്ങളിലെപ്പോലെ വിഭാവാദികളെ ഊഹിച്ചുകൊൾക.

ഇനി ഭയാനകരസത്തെ പറയുന്നു:—

ഭയാനകരസത്തിനു
ഭയത്താൻ സ്ഥായിഭാവമാം
സ്ത്രീകൾ നീചപ്രകൃതിക-
ളിവർക്കുള്ളവരാശ്രയം ൨൩൮

ഭൂതദൈവതമായ്ക്കൃഷ്ണ-
വർണ്ണമായുള്ളതാമതു്.
ഭയം യാതൊന്നിൽ നിന്നുണ്ടാ-
മതാലംബനമായതിൽ. ൨൩൯

ഘോരചേഷ്ടകളെല്ലാം തച്ചേ-
ഷ്ടകളുദ്ദീപനങ്ങളാം
അനുഭാവങ്ങൾ, വൈവർണ്ണ്യം
ഗദ്ഗദസ്വരഭാഷണം. ൨൪൦

നിശ്ചേഷ്ടത വിയർപ്പംഗ-
കമ്പം രോമാഞ്ചവും തഥാ
പകച്ചു നാലുഭാഗത്തും
വല്ലാതെ കണ്ണുനോക്കുക. ൱൬൭

ജുഗുപ്സാവേഗസമ്മോഹ-
സന്ത്രാസഗ്ലാനിദീനതാ
ശങ്കാപസ്മാരസംഭ്രാന്തി-
മൃത്യ്വാദി വ്യഭിചാരികൾ. ൱൬൮

ഉദാഹരണം:—

'ഒരി വകയലർ—' ഇത്യാദി.

അനന്തരം ബീഭത്സരസത്തെ പറയുന്നു:—

ബീഭത്സമാം രസത്തിന്റെ
സ്ഥായിഭാവം ജുഗുപ്സയാം
നിറം നീലം, മഹാകാല-
നാകുന്നിതധിദൈവതം. ൱൬൯

ദുർഗ്ഗന്ധമാംസമേദോസൃ-
ങ്മൂത്രാലംബനമാമതിൽ
അതിൽത്താൻ കൃമിപാതാദി-
യായുദ്ദീപനം സ്മൃതം. ൱൭൦

മുഖം തിരിക്കൽ, കാർക്കിച്ചു
തുപ്പൽ, കൺചിമ്മലിവക
അനുഭാവങ്ങളിതിനും,
വ്യഭിചാരികൾ, മോഹവും ൨൩൭

അപസ്മാരവുമാവേഗം
വ്യാധിയും മരണാദിയും

ഉദാഹരണം:—

"ഉൽകൃത്യോൽകൃത്യ കൃത്തിം പ്രഥമമഥ പൃഥൂ-
ച്ഛോഫഭൂയാംസി മാംസാ-
ന്യംസസ്ഫിക്പൃഷ്ഠപിണ്ഡാദ്യവയവസുലഭാ-
ന്യുഗ്രപൂതീനി ജഗ്ധ്വാ
ആർത്തഃ പര്യസ്തനേത്രഃ പ്രകടിതദശനഃ
പ്രേതരങ്കഃ കരങ്കാ-
ദങ്കസ്ഥാദസ്ഥിസംസ്ഥം സ്ഥപുടഗതമപി
ക്രവ്യമവ്യഗ്രമത്തി."

ചീന്തിച്ചീന്തിത്തൊലിപ്പൊളിച്ചുടനെ തടിച്ചിട്ടു നാറ-
പ്പിന്നെ വൻപൂതിഗന്ധം
ചന്തിത്തോളാസനാദ്യാവയവകളിൽ വളരും
മാംസവും തിന്നശേഷം
ഒന്നും വല്ലാതിളിച്ചുൾക്കടമിഴികൾ ചുഴി-
ച്ചുന്തിപ്രേതമങ്കേ
സന്ധിക്കും കങ്കാളയോടൊട്ടിയ പിശിതമശി-
ക്കുന്നിതത്യാശയോടെ.
(൩൮)

ഇനി അത്ഭുതരസത്തെ പറയുന്നു:—

അത്ഭുതാഖ്യരസത്തിനു
വിസ്മയം സ്ഥായിഭാവമാം ൨൯൨

ഗന്ധർവ്വദൈവതമതു
പീതവർണ്ണവുമാണ്ടതാം.
ലോകാതിശായിവസ്തുക്ക-
ളതിനാലംബനങ്ങളാം ൨൯൩

തൽഗുണാധിക്യമതിനു-
ദ്ദീപനവിഭാവമാം.
സ്തംഭം, വിയർപ്പ്, രോമാഞ്ചം,
സംഭ്രമം, ഗദ്ഗദസ്വരം, ൨൯൪

കണ്ണിൻവിടർച്ചയിത്യാദി-
യനുഭാവങ്ങളാമതിൽ.
വിതർക്കാവേഗസംഭ്രാന്തി-
ഹർഷാദി വ്യഭിചാരികൾ. ൨൯൫

ഉദാഹരണം:—

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

ഗാത്രൈർഗ്ഗിരന്ധ്രിതചണ്ഡികാ കപാലകോട
നാദ്യാപി വിശ്രാമ്യതി.'

അപ്പൂതനാട്ടന്റെ കട്ടിക്കൈകളി ലുടനെ
ക്കളിരകോരുന്നകളിൽ
ആപാട്ടിച്ചുരുട്ടുമുഷ്ടൻ തിരുവടിയുടെ വി-
ല്ലിന്റെ ടങ്കാരശബ്ദം
കൂട്ടി ബ്രഹ്മാണ്ഡഭാണ്ഡത്തിനു പുറമതിലും
വക്കപാലന്തരത്തിൽ
തട്ടിത്തിങ്ങും മുഴക്കം മുഴുവനതൊഴിവായ്
നില്പതില്ലിപ്പൊഴും ഹാ!

(സ.1)

ഇനിശ്ശാന്തരസത്തെ പറയുന്നു:—

ശമസ്ഥായികമാം ശാന്ത-
മുത്തമപ്രകൃതിസ്ഥിതം
കുന്ദേന്ദുസുന്ദരച്ഛായം
ശ്രീനാരായണദൈവതം. [illegible]

അനിത്യതാദിയാൽ സർവ്വ-
വസ്തുനിസ്സാരതാബുദ്ധിതാൻ
പരമാത്മസ്വരൂപം താ-
നതിന്നാലംബനം മതം. [illegible]

പുണ്യാശ്രമഹരിക്ഷേത്ര-
തീർത്ഥരമ്യവനാദികൾ

മഹാപുരുഷസംഗാദി-
യതിസന്ദീപനങ്ങളാം. ൨൨

രോമാഞ്ചാദ്യനുഭാവങ്ങൾ;
നിർവ്വേദം ഹർഷം സ്മൃതി
മതിയും ധൃതികാരുണ്യ-
മിത്യാദി വ്യഭിചാരികൾ. ൨൩

ഉദാഹരണം:—

'അദ്ധ്യാത്മ[illegible]
കനാലയ[illegible]
[illegible]
[illegible]
നിഷ്പ്രയാസീകൃത[illegible]
നിഷ്കാമമാണസ്യ [illegible]
നിഷ്ഠുരം [illegible]
[illegible] വില്ലപ്പിക്കുന്നതി.'

[illegible] ഭേദങ്ങളിലും
പാറി ഉദ്യാനത്തിൽ
[illegible]
[illegible] നില്ക്കെ
[illegible]
[illegible]
[illegible]
[illegible]

ഇതിന്റെ പുഷ്ടി മഹാഭാരതാദികളിൽ കണ്ടുകൊൾക.

നിരഹങ്കാരരൂപതാൽ
ദയാവീരാദിയല്ലിത്.

ദയാവീരാദിയായ നാഗാനന്ദം മുതലായവയിൽ ജീമൂതവാഹനാദികൾക്ക് ഇടയിൽ മലയവത്യാദികളിൽ അനുരാഗവും, അവസാനത്തിൽ വിദ്യാധരചക്രവർത്തിതാദിപ്രാപ്തിയും കാണുന്നതുകൊണ്ട് അഹങ്കാരശാന്തി വന്നതായി കാണുന്നില്ല. ശാന്തരസമാകട്ടെ എല്ലാ പ്രകാരത്തിലും അഹങ്കാരപ്രശമപ്രധാനരൂപമാകകൊണ്ട് ദയാവീരാദികളിൽ അന്തർഭവിക്കുന്നതല്ല. അതു ഹേതുവായിട്ട് നാഗാനന്ദാദികളിൽ ശാന്തരസപ്രാധാന്യം നിരസിക്കപ്പെടുകയും ചെയ്തു.

എന്നാൽ,

'യാതൊന്നിലില്ലാ, സുഖദുഃഖചിന്താ-
ദ്വേഷങ്ങളും രാഗമതിച്ഛയേതും
ഭാവങ്ങളെല്ലാം സമമാവതേതി-
ലതാം മുനീന്ദ്രോദിതമായ ശാന്തം.'

എന്നിപ്രകാരത്തിലുള്ള ശാന്തരസം, ആത്മസാക്ഷാൽപ്രാപ്തിരൂപമായ മോക്ഷാവസ്ഥയിൽ മാത്രമേ സംഭവിക്കയുള്ളുവെന്നു വരുന്നതുകൊണ്ട് അതിൽ സഞ്ചാരിഭാവാദികളുണ്ടാകുന്നതല്ലാത്തതിനാൽ അതു രസമായി ഭവിക്കുന്നതെങ്ങിനെ എന്നു പറയുന്നു:—

യുക്തവിയുക്തദശാവസ്ഥയി-
ലുള്ള ശമത്തിന്നു രസതാകയാൽ

ഇതിനാൽ സഞ്ചാര്യാദികൾ-
ക്കിതിലുണ്ടാവാൻ വിരോധമില്ലെന്നും. ൨൯

ഇതിൽ സ്വഭാവം പറയപ്പെട്ടിട്ടുള്ളതും വൈഷയികങ്ങളെ പരമാകയാൽ അതിനും വിരോധമില്ല.

അതിനു ദൃഷ്ടാന്തം:

'ലൌകികം കാമസുഖവും
മഹത്താം ദിവ്യസൌഖ്യവും
തൃഷ്ണാക്ഷയസുഖത്തിൻറെ
കലയ്ക്കും സമമല്ലാ'.

'ഇല്ലാവിലമഹങ്കാര-
മില്ലാതാകുന്നതാകിലോ
ദയാവീരാദികളിതിൽ
അന്തർഭവിച്ചുകൊള്ളണം.'

ദയാവീരാദികൾ എന്നതിലെ ആദിശബ്ദംകൊണ്ടു ധർമ്മവീരം, ദാനവീരം, ദേവതാവിഷയരതി മുതലായവകൾ ഗ്രാഹ്യങ്ങളാകുന്നു.

അതിൽ ദേവതാവിഷയരതിക്കുദാഹരണം:—

'കദാ വാരാണസ്യാമമരതടിനീരോധസി വസൻ
വസാനഃ കൌപീനം ശിരസി നിദധാനോഞ്ജലിപുടം
അയേ ഗൌരീനാഥ! ത്രിപുരഹര! ശംഭോ! ത്രിനയന!
പ്രസീദേതി ക്രോശൻ നിമിഷമിവ നേഷ്യാമി ദിവസാൻ.'

വൃദ്ധനാം, ശ്രീകാശിയിൽച്ചെന്നമരതടിനിതൻ
വക്കിൽ വാണീടുകയും
കൌപീനം മാത്രമേന്തിത്തലയിലിരുകരം
ചേൎത്തു ബന്ധിച്ചുകൂപ്പി
ഹര ഗൌരീനാഥ! ശങ്കര! ത്രിപുരമഥന! കൃ-
പാലോ! നന്നായ് പ്രസാദി-
ച്ചീടെന്നായ് ക്രോശിച്ചനേകം ദിനമൊരുനിമിഷം
പോലെ പോക്കുന്നതും മേ.

(സം.)

അനന്തരം മുനിപ്രസക്തമായ വത്സലരസത്തെ പറയുന്നു:—

സ്ഫുടമായ ചമൽക്കാര-
മുണ്ടെന്നുള്ളതു മൂലമായ്
രസമാണെന്നു വിദ്വാന്മാർ
ചൊല്ലുന്നു വത്സലത്തെയും. ൨൫൪

വാത്സല്യസ്നേഹമാം സ്ഥായി
പുത്രാദ്യാലംബനം മതം
ഉദ്ദീപനങ്ങളാം തച്ചേഷ്ടാ-
വിദ്യാശൌൎയ്യദയാദികൾ. ൨൫൫

ശിരസ്പൎശനമാഘ്രാണ-
ചുംബനാലിംഗനങ്ങളും
രോമാഞ്ചബാഷ്പാദികളു-
മനുഭാവങ്ങളാമതിൽ. ൨൫൬

സഞ്ചാരികളുന്നിരുപത്തി-
ശങ്കാമർഷാദിയായവ
നിർവേദാദികളിലെ നിരം.
ശ്രീമഹാലക്ഷ്മി ദേവതാ. ചേർ

ഉദാഹരണം:—

ഉവാച ധാത്ര്യാ പ്രഥമോദിതം വചോ
യയൗ തദീയാമവലംബ്യ ചാംഗുലിം
അഭൂച്ച നമ്രഃ പ്രണിപാതശിക്ഷയാ
പിതുർമ്മുദം തേന തതാന സോ/ർഭകഃ.

ഭൂപാലനാ ധാത്രിയുരച്ച വചസ്സു ചൊല്ലി
താൽക്കൈവിരൽപ്പിടി വിടാതെ നടന്നുപോയി
വമ്പിച്ചിടും മുറ പഠിച്ചുവിധം വണങ്ങി-
യച്ഛന്നു പുത്രനിതിനാൽ മുദമേകിയേറ്റം.
(ര.വ.)

ഇനി ചില രസങ്ങളുടെ പരസ്പരവിരോധത്തെ പറയുന്നു:—

ശൃംഗാരം, കരുണത്തോട്ടു-
ള്ളബീഭാദൃ വിരോധമാം.
ഹാസ്യം, ഭയാനകത്തോടും
കരുണത്തോടുമങ്ങനെ. ചേർ

കരുണം, ഹാസ്യശൃംഗാര-
രൗദ്രോടുമതുപോലെതാൻ

രൌദ്രം, ശൃംഗാരഹാസ്യങ്ങൾ
ഭയാനകമിവയൊടും. ൨൯൩

വീരം, ഭയാനകം ശാന്ത-
മിവയോടു വിരോധമാം.
ഭയാനകം, വീരരൌദ്ര-
ഹാസ്യശാന്തങ്ങളോടപി ൨൯൪

ശൃംഗാരത്തോടു കരുണം
വിരോധപ്പെട്ടിരിപ്പതാം.
ശാന്തമാം രസത്തിനു,
ശൃംഗാരമഥ ഹാസ്യവും ൨൯൫

വീരം ഭയാനകം രൌദ്ര-
മിവയോടു വിരോധമാം.
ശൃംഗാരത്തോടു ബീഭത്സം,
രസവൈരുദ്ധ്യമിങ്ങനെ. ൨൯൬

ഇവയുടെ സമ്മേളനം യുക്തമായെല്ലാമെന്നു മേലിൽ പറയുന്നതാണ്.

ചിലതിൽ കാരണവശാൽ
സ്ഥിരമായുള്ളതെങ്കിലും
ഉത്സാഹാദികൾ, പാത്രാന്തര-
ഭേദത്താൽ സഞ്ചാരികളാമഹോ ൩൦൦

വിക്രമോർവശീയത്തിൽ നാലാമങ്കത്തിൽ പുരൂരവസ്സിന്റെ ഉന്മാദം ഉദാഹരണം.

രസം, ഭാവ,മിവറ്റിന്റെ-
യാഭാസങ്ങ,ളതേവിധം
ഭാവത്തിൻ ശാന്തി,യുദയം,
സന്ധിയും, ശബളത്വവും. ൩൦൭

ഇവയെല്ലാം രസിപ്പിക്ക-
ന്നതുമൂലം രസങ്ങളാം

രസിപ്പിക്കുക എന്നു ധർമ്മമുണ്ടാകകൊണ്ടു ഭാവാദികളിലും രസത്വം ലക്ഷണാസിദ്ധമാണെന്നു താൽപര്യം.

ഇനി ഭാവാദികളെ പറയുന്നു:—

പ്രധാനസഞ്ചാരികളും
ദേവാദിരതിയും പുനഃ. ൩൦൮

ഉൽബുദ്ധമാത്രമാം സ്ഥായി-
യിവ ഭാവങ്ങളായ് സ്മൃതം.

'ഭാവമില്ലാതെ രസമി-
ല്ലില്ല ഭാവം രസം വിനാ
രസഭാവങ്ങൾ തൻ സിദ്ധി-
യന്യോന്യകൃതമിങ്ങനെ.'

എന്നു പറയപ്പെട്ടിരിക്കുന്ന രീതിയിൽ സ്ഥായിഭാവങ്ങളിൽ പരമ വിശ്രാന്തിസ്ഥാനമായ രസത്തോടുകൂടിത്തന്നെ വർത്തിക്കുന്നവയാണെങ്കിലും, രാജാവു നടത്തുന്ന വിവാഹത്തിൽ ഓരോ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ഭൃത്യന്മാർക്കെപ്പോലെ ആകപ്പാടെ യാതൊന്നിൽ (രസത്തിൽ) പ്രാധാന്യം അഭിവ്യക്തങ്ങളായ വ്യഭിചാരികളും, ദേവന്മാർ മുനികൾ ഗുരുക്കന്മാർ രാജാക്കന്മാർ മുതലായവരെ വിഷയീകരിച്ചുള്ള രതിയും, ഉൽബുദ്ധമാത്രങ്ങളും വിഭാവാദികളാൽ പരിപുഷ്ടങ്ങളല്ലാത്തതിനാൽ രസസ്വരൂപത്തെ പ്രാപിക്കാത്തവയും ആയ സ്ഥായിഭാവങ്ങളും ഭാവം എന്ന ശബ്ദംകൊണ്ടു പറയപ്പെടുവാൻ യോഗ്യങ്ങളാകുന്നു.

അതിൽ വ്യഭിചാരിഭാവത്തിനുദാഹരണം:—

'ഇത്ഥം മുനികൾ ചൊല്ലവെ'—ഇത്യാദി. ഇതിൽ 'അവഹിത്ഥം' എന്ന വ്യഭിചാരിഭാവമാകുന്നു.

ദേവവിഷയരതിക്കുദാഹരണം:—

'ദിവി വാ ഭുവി വാ മമാസ്തു വാസോ
നരകേ വാ നരകാന്തക! പ്രകാമം
അവധീരിതശാരദാരവിന്ദൗ
ചരണൗ തേ മരണേഽപി ചിന്തയാമി'

നരസുരലോകങ്ങളിലോ
നരകത്തിലെന്നാലോ വസിച്ചാലും
നരകരിപോ! നിൻ ചരണം
സ്മരണം മരണേഽപി ഞാൻ ചെയ്യുന്നേൻ.

(സ്വ.)

മുനിവിഷയരതിക്കുദാഹരണം:—

'വിലോകനേനൈവ തവാമുനാ മുനേ!
കൃതഃ കൃതാർത്ഥോഽസ്മി നിബർഹിതാംഹസാ
തഥാപി ശുശ്രൂഷുരഹം ഗരീയസീ-
ർഗ്ഗിരോഽഥവാ ശ്രേയസി കേന തൃപ്യതേ.'

[illegible] ദർശനത്താൽ
ഞാനോ മുനേ! ഞാൻ ചരിതാർത്ഥനായി
എന്നാകിലും കല്പന കേൾപ്പതിന്നു-
ണ്ടിന്നാശ; നന്മയ്ക്കുവനെങ്ങു തൃപ്തി.

(സ.1)

രാജവിഷയരതിക്കുദാഹരണം:—

[illegible]
[illegible]
ന ശക്നോ ശിരസാ ശംഭോ
[illegible]

നിന്നടിപ്പൂട പൊടിയും
പൊടിപ്പോൽത്താൽ ചളിപ്പെടും
ഗംഗയണിത്തലയിൽച്ചൂടു-
ന്നില്ലയൻ [illegible].

(സ.1)

ഇതിനെ ഗാംഭീര്യവും കണ്ടുകൊള്ളുക.

ഉൽക്കണ്ഠാമാത്രമായ സഞ്ചാരിഭാവത്തിനുദാഹരണം:—

'ഹരസ്തു കിഞ്ചിൽ പരിവൃത്തധൈര്യ-
ശ്ചന്ദ്രോദയാരംഭ ഇവാംബുരാശിഃ
ഉമാമുഖേ ബിംബഫലാധരോഷ്ഠേ
വ്യാപാരയാമാസ വിലോചനാനി.'

ചന്ദ്രോദയം പാർത്തുഴകാഴിപോലെ-
യന്നേരമൊന്നുള്ളിളകീട്ടു ദേവൻ
പാരിച്ച ബിംബാധരകാന്തിയോലും
ഗൌരീമുഖം കണ്ണുകളാൽ നുകർന്നാൻ.

(ഏ. ആർ. ഗോവിന്ദവാര്യരാൻ.)

ഇതിൽ പാർവ്വതീവിഷയമായ പരമേശ്വരന്റെ രതിയാണു.

എന്നാൽ, പ്രധാനകരസംപോലെ വിഭാവാദികളിൽ ഒന്നു മാത്രമുണ്ടായാൽ ആസ്വാദ്യമായ രസമാണെന്നു പറയപ്പെട്ടിട്ടുണ്ടല്ലോ. അവിടെ സഞ്ചാരിഭാവത്തെ പ്രത്യേകം വേർതിരിച്ചിട്ടില്ലാത്തതിനാൽ അതിനു പ്രാധാന്യം അഭിവ്യക്തിയുണ്ടാകുന്നതെങ്ങനെയെന്നു പറയുന്നു:—

കർപ്പൂരം മുതലായിട്ടു
പലതും ചേർത്തു തീർത്തിടും. ൨൦൨.

പ്രധാനകത്തിൽ ചിലതു
ചിലപ്പോളേറിടുംവിധം
സ്വാഭാവികരസത്തിങ്കൽ
പ്രാധാന്യമുള്ളവാസ്തവം. ൩൦൪

ഇനി രസാഭാസത്തെയും ഭാവാഭാസത്തെയും പറയുന്നു.

ആഭാസം രസഭാവങ്ങൾ-
ക്കനൌചിത്യത്തിനാൽ വരും.

ഇവിടെ അനൌചിത്യമെന്നു പറഞ്ഞതു്, രസങ്ങൾക്കു ഭരതാദികളാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ലക്ഷണങ്ങൾ മുഴുവനില്ലാതെ ഏതാനും ചിലതുമാത്രമായിരിക്കുക എന്നുള്ളതും കൂടി ഉപലക്ഷണമായി ഗ്രഹിക്കേണ്ടതാകുന്നു. ആ അനൌചിത്യത്തെ ബോധ്യമാക്കുവാനായിട്ടു് ഏതാനും ചിലതിവിടെ കാണിക്കുന്നു.

ഉപനായകനിലുള്ളപോൽ
ബഹുനായകർതന്നിലും വരും രതിയും
മുനിഗുരുപത്നികൾ തന്നിലു-
മിഥുനത്തിലൊരിടത്തു മാത്രമാം രതിയും. ൩൦൫

തിര്യഗ്ഗതമാകരതിയും
പ്രതിനായകനീചപാത്രഗതരതിയും
അനുചിതമാം ശൃംഗാരേ;
കോപം ഗുർവ്വാദിവിഷയകം രൌദ്രേ. ൩൦൬

ഹീനരിലുളവാം ശോകം;
ഗുൎവ്വാദികളെക്കുറിച്ചെഴും ഹാസ്യം;
ബ്രാഹ്മണവധാദ്യുത്സാഹേ
വീരരസം; നീചപാത്രഗതമപി ച. ൩൦൬

ഉത്തമപാത്രങ്ങളിൽ വ-
ന്നുളവായീടുന്നതാം ഭയാനകവും,
അനുചിതമാമീവണ്ണം
മറ്റുള്ളവയും ഗ്രഹിച്ചുകൊള്ളേണം. ൩൦൭

ഉചിതമായ കവിവിഷയമായ രതിക്കുദാഹരണം:—

'[illegible]
[illegible]
[illegible]
[illegible]
[illegible] കൃഷ്ണ! [illegible]
[illegible]
[illegible]
[illegible].'

[illegible]
[illegible]
[illegible]
[illegible]
[illegible] കൃഷ്ണ! [illegible]
[illegible]

മാനിച്ചനവളുമായ് രമിച്ചു രസികൻ
കണ്ണൻ നവ്യകാരുണ്യം.

(സാ.)

സപത്നീനായകന്മാരിലുണ്ടാകുന്ന രതിക്കുദാഹരണം:—

'കണ്ഠാഗ്ര ഏവ ഭവനത്രിതയേ/പി ദൃഷ്ട്യ
യേഷാം ദൃശാ സ്വയമഭൂത് പ്രാണേശ്വരം കപോലഃ'

അല്ലേ സുന്ദരി! നിന്റെ ഗണ്ഡമേയോ
ചൊല്ലിടേണ്ട പാണ്ഡ്യമേ?
കില്ലില്ലായതിൽ ത്രിലോകപുരം-
ദരനെപ്പോലുമങ്ങാൻ.

(സാ.)

ഒരാൾപ്രതിയൊരാൾക്കുമുള്ള രതിക്കുദാഹരണം — മാലതീമാധവത്തിൽ മാധവന്നു മാലതിയിൽ.

'ഒരുവിൽ ഒരാൾക്കുമാത്രം രതിയുണ്ടാകുന്നതായാലും രണ്ടും ഒരുമിച്ചുണ്ടാകാൻ രതിയുണ്ടാകുന്നില്ലെങ്കിൽ അതും രസാഭാസമാണ്' എന്നാകുന്നു 'ലോചനകാര'ന്റെ മതം.

അതിന് — രത്നാവലിയിൽ അന്യോന്യസന്ദർശനത്തിനു മുമ്പിൽ സാഗരികക്ക് വത്സരാജനിലുണ്ടായ രതി ഉദാഹരണം.

പ്രതിനായകനിലുണ്ടാകുന്ന രതിക്കുദാഹരണം — ഹയഗ്രീവവധത്തിൽ ഹയഗ്രീവന്റെ ജലക്രീഡാവർണ്ണനയിൽ.

അധമപാദത്തിലുള്ളതിന്നുദാഹരണം:—

'കേകാസന്ദലനാശപത്രവല്ലീ
ഗിരിമല്ലികാഗ്രമാനി കാപി ലില്ലീ
അവചിത്യ ഗിരൌ പുരോ നിഷണ്ണാ
സ്വകചാനാൎകചയാഞ്ചകാര ഭൎത്തുഃ.'

തളിർവല്ലിയൊരുള്ള വല്ലകെട്ടി
ഗിരിമല്ലികലനം പറിച്ചുകൂട്ടി
ഒരു ചില്ലിയൂരാത്തിയനാൾ കെട്ടി.
തിരുകിപ്പാൾ ചികരം വരന്റെ കയ്യാൽ.

(സ്വ.)

തിൎയ്യക്കുകളും മുതലായവയിൽ (മൃഗപക്ഷ്യാദികളിൽ) ഉള്ള രതിക്കുദാഹരണം:—

'മല്ലീമതല്ലീഷു വനാന്തരേഷു
വല്ല്യന്തരേ വല്ലഭമാഹ്വയന്തീ
ചഞ്ചൽപുടീപഞ്ചമനാദഭംഗി.
സംഗീതമംഗീകുരുതേ സ്മ ഭൃംഗീ.'

നല്ലോരു മുല്ലയുടെ വല്ലിയിൽ വന്ന കാട്ടിൽ
വല്ല്യന്തരത്തിൽ മരുവും വരനെ വരുത്താൻ
ചൊല്ലാൻ വീണയുടെ നൽക്വണനാദമൊപ്പി.
ഉല്ലാസമോടുമൊരു ഭൃംഗി മുരണ്ടുകൊണ്ടാൾ.

(സ്വ.)

'മൃഗപക്ഷ്യാദികളിൽ' എന്നതിലെ ആദിശബ്ദംകൊണ്ടു താപസാദികളെ ഗ്രഹിക്കേണ്ടതാകുന്നു.

രൌദ്രരസത്തിനുദാഹരണം:—

'ഉൽക്കടാൽപ്പല്ലവിശാലഘോരനാദഃ
കർണ്ണാന്തരംഗമവശാ ക്ഷുദ്ര-
ശ്ശതശ കണ്ണുകൾ പാശകീർഘൃതായന
ദ്ഗ്രഹണോ വീര പശ്യത!
അദ്യ മത്തഃ കുരുകുലത്തിലിഃ സമരാസു-
മിദ്രാച്ഛ്രീകൃതം കീർത്തയ-
ന്നാസ്യാദസൃക്പ്രപേയശ്ചരിതമെഡം
ഹന്തും പ്രവിഷ്ടോ/ഭീമഃ.'

ഏറാവും ഇരുളിരുണ്ട കണ്ണുകൾ,
മിഴിച്ചുമട്ടിരുപുറവും വിറ-
ച്ചേറെ കണ്ണുനീർ വെടിഞ്ഞു കണ്ണുനീ-
യനാശരിച്ചു ഭുജശസ്ത്രനായ്
വീരമാനി നിജവിക്രമോന്നതികൾ
തകർന്നു തൻ പുകഴടിച്ചു വ-
ന്നോരടിനിന്നു വിധിപ്പതിന്നിഹ
മുതിർന്ന ധർമ്മജനായനന്തരൻ.

(സ.ച)

ഭയാനകരസത്തിനുദാഹരണം:—

'അശക്തനാവാൻ തസാദ്ധ്യമയിതശ്ചലാന്മ
സഹസ്രശശ്ശ്രീവ ഘ്നസ്യ മർന്നം

പ്രവിശ്യ ഹൈമാലിഗൃഹാദ്ഗൃഹാന്തരം
നിനായ ബിഭ്യദ്ദിവസാനി കൗശികഃ.[2]

അക്കൗശികൻ വെളിയിലെന്ന കാക്കകൾ
ഉപദ്രവിക്കുമെന്നുള്ള ഭയംനിമിത്തം
ഹിമംകൊണ്ടു നിർമ്മിച്ച ഗൃഹാന്തരത്തിൽ
പകൽ ഒളിച്ചു ദിവസങ്ങൾ കഴിച്ചിടുന്നു.

(൨൨.൧)

സ്ത്രീകളിലും നീചപാത്രങ്ങളിലുമുണ്ടാകുന്ന ഭയമാണല്ലോ ഭയാനകരസത്തിന്റെ പ്രകൃതി. ഇങ്ങനെ മറ്റുള്ളവയിലും കണ്ടുകൊൾക.

നിർവ്വേദാദിവ്യഭിചാരികളും
വേശ്യാദികളിൽ ഭവിച്ചീടുന്നാകിൽ
ലജ്ജാദിത്യാദികളിവ
ഭാവാഭാസങ്ങളായിവന്നീടും. ൨൬൪

സൂത്രം.

ഭാവത്തിൻ ശാന്തി, യുദയം
സന്ധി, മിശ്രതയെന്നിവ
ഉണ്ടാകുമ്പോൾ ഭാവശാന്ത്യാ-
ദികളുണ്ടാം യഥാക്രമം. ൨൬൫

ക്രമത്തിൽ ഉദാഹരണം:—

'സുതനു ജഹിഹി മൌനം പശ്യ പാദാനതം മാം
ന ഖലു തവ കദാചിത് കോപ ഏവംവിധോഽഭൂത്
ഇതി നിഗദതി നാഥേ തിര്യഗാമീലിതാക്ഷ്യാ
നയനജലമനല്പം മുക്തമുക്തം ന കിഞ്ചിത്.'

മതി മതിമുഖി! മൌനം കണ്ടു ഞാൻ കാൽക്കൽവീണേൻ
മതിയതിലിതുപോൽ തേ ജാതു ജാതം ന കോപം
ഇതി പതി പറയുമ്പോഴം സാ തിരിഞ്ഞൊന്നു ചിമ്മി.
മിഴിവഴി കരഞ്ഞാളേറെയൊന്നോതിടാതെ.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

ഇവിടെ കണ്ണീർ പൊഴിക്കുന്നതുകൊണ്ട് ഈർഷ്യയെന്ന സഞ്ചാരിഭാവത്തിന്റെ ശാന്തിയാകുന്നു.

'ചരണപതനപ്രത്യാഖ്യാനാത്
പ്രസാദപരാങ്മുഖേ
നിഭൃതകിതവാചാരേത്യുക്ത്വാ
രുഷാ പരുഷീകൃതേ
വ്രജതി രമണേ നിശ്വസ്യോച്ചൈഃ
സ്തനസ്ഥിതഹസ്തയാ
നയനസലിലച്ഛന്നാ ദൃഷ്ടിഃ
സഖീഷു നിവേശിതാ.'

കള്ളില്ലാതെ നമസ്കരിച്ചുള്ളപ്പോ.
തിരികെ പ്രസാദമേകയെ

തള്ളിന്നൻ ദയിതൻ നിർദ്ദയകിതവാ-
പാരമതി ദുഃഖാക്കിനാൽ
ഉള്ളിൽക്കോപമിയന്ന പോകമലിവിൽ
കൈവച്ചു പോർകൊങ്കയിൽ
പള്ളിപ്പൂമ്പൂഗശാഖി നോക്കി നെടുവീ-
ർപ്പോടുൽക്കണ്ഠയോടാ സഖീ,

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ)

ഇവിടെ വിഷാദമെന്ന ഭാവത്തിന്റെ ഉദയമാകുന്നു.

'നയനയുഗാസേചനകം
മാനസവൃത്ത്യാപി ദുഷ്പ്രാപം
രൂപമിദം മദിരാക്ഷ്യാ
മദയതി ഹൃദയം ദുനോതി ച മേ.'
നേത്രങ്ങൾക്ക രസായന-
മെത്തിടാത്തതൊന്നു ചിത്തവൃത്തിക്കും
മദിരാക്ഷിതന്റെ രൂപം
ഏകി മോദം ഖേദവും തരുന്നിതു മേ.

(സ.)

ഇവിടെ ഹർഷവിഷാദങ്ങളുടെ സന്ധിയാകുന്നു.

'ക്വാകാര്യം, ശശലക്ഷ്മണഃ ക്വ ച കുലം,
ഭൂയോഽപി ദൃശ്യേത സാ,
ദോഷാണാം പ്രശമായ മേ ശ്രുതമഹോ,
കോപേഽപി കാന്തം മുഖം,

കിം വക്ഷ്യന്ത്യപകല്മഷാഃ കൃതധിയഃ,
സ്വപ്നേ/പി സാ ദുർല്ലഭാ,
ചേതഃ സ്വാസ്ഥ്യമുപൈഹി, കഃ ഖലു യുവാ
ധന്യോ/ധരം പാസ്യതി,.'

* എങ്ങബ്ജാന്വയമെങ്ങകാര്യ,മവളെ-
ക്കാണില്ലയോ വീണ്ടുമേ;
ഞാനും ദോഷശമത്തിനുണ്ടറിവി,ട-
ഞ്ഞാലും മനോജ്ഞം മുഖം,
എങ്ങും സജ്ജനമെന്തു ചൊല്ലു,മവളെ-
ക്കിട്ടാ കിനാവിങ്കലും,

---

* ഉർവ്വശീവിരഹത്താൽ മരിപ്പാൻ തീർച്ചയാക്കീട്ട് അതിൽനിന്നു പിന്തിരിച്ച പുരൂരവസ്സിന്റെ വിചാരമാണിതു്. അബ്ജാന്വയം=ചന്ദ്രവംശം. അകാര്യം=പ്രിയാവിരഹം നിമിത്തം ആത്മഹത്യക്കൊരുമ്പെടുക. 'എങ്ങബ്ജാന്വയം? എങ്ങകാര്യം?' ചന്ദ്രകുലീനനായ തനിക്ക് ഈ അനാത്മകർമ്മം യുക്തമാണോ? എന്നു 'വിതർക്കം'; 'അവളെ വീണ്ടും കാണാൻ സംഗതി വരികയില്ലേ?' എന്നു 'ഔത്സുക്യം'; 'ഞാനും ദോഷശമത്തിനാണറിവ്', എന്നു 'മതി'; 'ഇടഞ്ഞാലും മനോജ്ഞം മുഖം', എന്നു 'സ്മൃതി'; 'എങ്ങും സജ്ജനമെന്തു ചൊല്ലും?' എന്നു 'ശങ്ക'; 'അവളെ കിട്ടാ കിനാവിങ്കലും' എന്നു 'ദൈന്യം'; 'ഞെട്ടാതെല്ലൻ മനമേ!' എന്നു 'ധൃതി'; 'അധരോഷ്ഠമെവനോ ധന്യൻ നുകർന്നീടുവോൻ' എന്നു 'ചിന്ത'; ഇങ്ങനെ ഇതിൽ വിതർക്കം മുതലായ എട്ടു ഭാവങ്ങളുടെ ശബളതയാകുന്നു.

കണ്ടാലെത്തുൻ കനമേ!, തരോത്തമയവനോ
ധന്യൻ സകന്റീടുമവൻ.

(കുണ്ടൂർ നാരായണമേനോൻ.)

ഇവിടെ വിതർക്കം, ഔത്സുക്യം, മതി, സ്മൃതി, ശങ്ക, ദൈന്യം, ധൃതി, ചിന്ത ഇവയുടെ ശബളതയാകുന്നു.

ഇപ്രകാരം സാഹിത്യദർപ്പണത്തിൽ രസാദിനിരൂപണം
എന്ന തൃതീയപരിച്ഛേദം കഴിഞ്ഞു.

ചതുൎത്ഥപരിച്ഛേദം.

അനന്തരം കാവ്യഭേദങ്ങളെ പറയുന്നു:—

ധ്വനിയെന്നും ഗുണീഭൂത-
വ്യംഗ്യമെന്നും വിഭിന്നമായ്
കാവ്യം രണ്ടു പ്രകാരത്തി-
ലെന്നു ചൊല്ലുന്നു കോവിദർ. ൧

അതിൽ,

വ്യംഗ്യം വാച്യത്തിനെക്കാളും
മെച്ചമായിട്ടിരിക്കിലോ
ധ്വനിയെന്നതിനെച്ചൊല്ലു-
മുത്തമം കാവ്യമുത്തമർ. ൨

വാച്യാൎത്ഥത്തെക്കാൾ അധികം ചമൽക്കാരം വ്യംഗ്യാൎത്ഥത്തിനുണ്ടായിരിക്കുമ്പോൾ ആ കാവ്യത്തിനു ധ്വനിയെന്നു പേരാകുന്നു. അതു് ഉത്തമമായ കാവ്യവുമാകുന്നു. (ധ്വന്യതേ അസ്മിന്നിതി ധ്വനി; ധ്വനിക്കുന്നു എന്നു് അതിന്റെ വ്യുൽപത്തി.)

ലക്ഷണാമൂലമഭിധാ-
മൂലമെന്നിപ്രകാരമായ്
ധ്വനിക്കും പറയപ്പെട്ടി-
ട്ടുണ്ടു ഭേദങ്ങൾ രണ്ടിഹ. ൩

ലക്ഷണാമൂലമായുള്ള
തവിവക്ഷിതവാച്യമാം
വിവക്ഷിതാന്യപരവാ
ച്യമായതഭിധാത്മകം. ൪

അതിൽ ലക്ഷണാമൂലമായ ധ്വനി അവിവക്ഷിതവാച്യമെന്ന പേരോടുകൂടിയതാകുന്നു. ലക്ഷണാമൂലമാകകൊണ്ടുതന്നെ ഇവിടെ വാച്യം അവിവക്ഷിതം (ബാധിതം) ആകുന്നു. അഭിധാമൂലമായ ധ്വനി വിവക്ഷിതാന്യപരവാച്യമാകുന്നു. അഭിധാമൂലമാകകൊണ്ടുതന്നെ ഇതിൽ വാച്യം വിവക്ഷിതമാകുന്നു. അന്യപരം = അന്യത്തിൽ (വ്യംഗ്യത്തിൽ) പര്യവസിക്കുന്നതു് എന്നർത്ഥം.

ഇതിലെ വാച്യമായ അർത്ഥം, സ്വന്തരൂപത്തെ പ്രസ്പഷ്ടമാക്കിക്കൊണ്ടുതന്നെ വ്യംഗ്യാർത്ഥത്തെ പ്രകാശിപ്പിക്കുന്നു. ദീപം സ്വരൂപത്തെ പ്രകാശിപ്പിച്ചുകൊണ്ടുതന്നെ അന്യപദാർത്ഥങ്ങളെ പ്രകാശിപ്പിക്കുന്നതുപോലെ എന്നു താല്പര്യം. അഭിധാമൂലമായ ധ്വനി പല വിഷയങ്ങളിലുള്ളതാകയാൽ – സൂചീകടാഹന്യായേന – അതിനെ ഒടുവിലായിട്ടു പറയുന്നതു്.

ഇനി അവിവക്ഷിതവാച്യധ്വനിയുടെ ഭേദങ്ങളെ പറയുന്നു:—

വാച്യമർത്ഥാന്തരത്തിങ്കൽ
സംക്രമിക്കുന്നതാകിലും
അത്യന്തതിരസ്കാരം
പ്രാപിച്ചിടുന്നതാകിലും ൫

അവിവക്ഷിതവാച്യാഖ്യ-
ധ്വനി രണ്ടുവിധത്തിലാം

അവിവക്ഷിതവാച്യമെന്ന ധ്വനി '**അര്‍ത്ഥാന്തരസംക്രമിത**വാച്യം' എന്നും 'അത്യന്തതിരസ്കൃതവാച്യം' എന്നും രണ്ടുവിധത്തിലാകുന്നു. എവിടെ മുഖ്യാര്‍ത്ഥം **അ**തേ പ്രകാരത്തില്‍ത്തന്നെ ഉപയോഗിക്കപ്പെടാതെ സ്വവിശേഷരൂപമായ അര്‍ത്ഥാന്തരത്തിലേയ്ക്കു പരിണമിക്കുന്നുവോ **അവി**ടെ മുഖ്യാര്‍ത്ഥം, സ്വവിശേഷരൂപമായ അര്‍ത്ഥാന്തരസംക്രമിതവാച്യമായി ഭവിക്കുന്നു.

ഉദാഹരണം:—

'കദളീ കദളീ കരഭഃ കരഭഃ
കരിരാജകരഃ കരിരാജകരഃ
ഭുവനത്രിതയേ/പി ബിഭര്‍ത്തി തുലാ-
മിദമൂരുയുഗം ന ചമൂരുദൃശഃ'

കരഭം കരഭം കദളീ കദളീ
കരിരാജകരം കരിരാജകരം
കടിലോളകള്‍തന്‍ തുടകള്‍ക്കുപമ
കിടയാ ചില ഭുവനത്രിതയേ.

(സി. ആര്‍. കേശവന്‍വൈദ്യര്‍)

ഇവിടെ രണ്ടാമതു പറഞ്ഞ കദള്യാദിശബ്ദങ്ങള്‍, കേവലമായ അത്യന്തമായ് സാമാന്യ കദളി മുതലായവ എന്ന മുഖ്യാര്‍ത്ഥത്തെക്കുറിച്ച് ബാധിതങ്ങളായിട്ട് മാധുര്യാദിഗുണവിശിഷ്ടങ്ങളായ കദള്യാ

ദികം എന്ന അർത്ഥത്തെ ബോധിപ്പിക്കുന്നു. ഇവിടെ ഭാഗ്യാദികളുടെ ആധിക്യം വ്യംഗ്യമാകുന്നു.

എവിടെ സ്വാർത്ഥത്തെ തീരെ കൈവിട്ട് മുഖ്യാർത്ഥം ഭിന്നമായ മറ്റൊരർത്ഥത്തിൽ പരിണമിക്കുന്നുവോ അവിടെ മുഖ്യാർത്ഥം അത്യന്തതിരസ്കൃതമായിത്തീരുന്നതിനാൽ അത് അത്യന്തതിരസ്കൃതവാച്യമാകുന്നു.

ഉദാഹരണം:—

നിശ്വാസാന്ധ ഇവാദർശ-
ശ്ചന്ദ്രമാ ന പ്രകാശതേ,

നിശ്വാസമേറ്റ കണ്ണാടിപ്പോലന്ധമായ
ഒട്ടും ചന്ദ്രനൊന്നു തെളിയുന്നതില്ല.
(രാ.)

ഇവിടെ അന്ധശബ്ദം, 'അന്ധൻ' എന്ന മുഖ്യാർത്ഥം ചേരാത്തതുകൊണ്ട് പ്രകാശരഹിതനെന്ന മറ്റൊരർത്ഥത്തെ ബോധിപ്പിക്കുന്നു. അപ്രകാശാതിശയം വ്യംഗ്യവുമാകുന്നു. അന്ധത്വം എന്നും അപ്രകാശത്വം എന്നും ഉള്ള അർത്ഥങ്ങൾക്ക് സാമാന്യവിശേഷഭാവമില്ലാത്തതിനാൽ ഇത് അർത്ഥാന്തരസംക്രമിതവാച്യമാകുന്നതല്ല.

ഉദാഹരണം:—

കഃ ധനീ ന വിസ്മയതേ,
ഭോഗ ലുബ്ധാ അജ്ഞ മാതിരേ ഭവന്തി
ഭോഗലമ്പടകൃപണധനം.
ഭാഗ്യഹീന ഭവിതാ സീതയേ

ഭ്രമ ധാർമ്മിക വിശ്രബ്ധഃ
സ ശുനകോƒദ്യ മാരിതസ്തേന
ഗോദാവരീകച്ഛകുഞ്ജ-
വാസിനാ ദൃപ്തസിംഹേന.

(ആർയ്യ)

* പൊയ്ക്കൊൾക നീ ധാർമ്മിക! വിശ്വസിച്ചു-
ശ്ശ്വാവിപ്പോളില്ലായതിനെ വധിച്ചു
ഗോദാവരീതീരവനത്തിൽ വാഴും
ഗർവിഷ്ഠനായുള്ളൊരു കേസരീന്ദ്രൻ.

ഇവിടെ ഭ്രമ ധാർമ്മിക—പൊയ്ക്കൊൾക നീ ധാർമ്മിക:— എന്നതിൽനിന്നു സിദ്ധിക്കുന്ന ഭ്രമണ (ഗമന) ക്രിയയുടെ വിധി, (വിധിരൂപം) പ്രകൃതത്തിൽ ഉപയോഗമില്ലാത്തതായിത്തീരുന്നതുകൊണ്ടു ഭ്രമണ (ഗമന) നിഷേധത്തിൽ പർയ്യവസാനിക്കുന്നതിനാൽ വിപരീതലക്ഷണയാണെന്നു ശങ്കിപ്പാനവകാശമില്ല. യാതൊരേടത്ത് ഇളവ വിധിയും നിഷേധവും ഉണ്ടാകുന്ന സമയം തന്നെ വിധി, നിഷേധത്തിലും നിഷേധം, വിധിയിലും പർയ്യവസാനിക്കുന്നുവോ അവി

---

* ഇതു്, ഗോദാവരീതീരത്തിലുള്ള വള്ളിക്കുടിലിൽ പതിവായി ജാരസംഗമത്തിനു സങ്കേതം കല്പിച്ചിരുന്ന ഒരു യുവതി, അവിടെ ദിവസംപ്രതി പൂവറുക്കുവാൻ വന്നു തന്റെ സങ്കേതഭംഗം ചെയ്തിരുന്ന ഒരു ധാർമ്മികനോടു പറയുന്നതാണു്. ഇയ്യാളെ അവിടെ പ്രവേശിപ്പിക്കാതിരിപ്പാൻ അവൾ ഒരു നായിനെ വിട്ടിരുന്നുവെങ്കിലും അതിനെ ഭയപ്പെട്ടു് അയാൾ സ്വകൃത്യത്തിൽനിന്നു പിൻവലിച്ചിരുന്നില്ല. അതിനാൽ ആ നായിനെക്കൊന്ന സിംഹം അവിടെയുണ്ടെന്നു കേട്ടാൽ ഭയപ്പെട്ടു പിൻതിരിച്ചുപോകാതിരിക്കയില്ലല്ലോ എന്നായിരിക്കാം ഉദ്ദേശം.

ടെ മാത്രമേ വിപരീതലക്ഷണയ്ക്കു് അവസരമുള്ളു. യത്തതാദിരൂപ പ്രകരണാദികളെക്കൊണ്ടു പര്യാലോചിച്ചതിനുശേഷം വിധിയിൽനിന്നു നിഷേധവും, നിഷേധത്തിൽനിന്നു വിധിയും അറിയപ്പെടുന്നവോ അവിടെ ധ്വനിതന്നെ.

അതു പറയപ്പെട്ടിട്ടുണ്ടു്.

'ക്വചിത് ബാധ്യതയാ ഖ്യാതിഃ
ക്വചിത് ഖ്യാതസ്യ ബാധനം
പൂർവ്വത്ര ലക്ഷണൈവ സ്യാ-
ദുത്തരത്രാഭിധൈവ തു.'

അതിൽ ചിലേടത്തു വാച്യാർത്ഥത്തിന്റെ ബാധം (വിരോധം) നിമിത്തം വിപരീതാർത്ഥത്തിൽ പര്യവസാനം വന്നിട്ടു അന്വയബോധമുണ്ടാകുന്നു. ചിലേടത്തു് അന്വയബോധം വന്നതിനു ശേഷമാണു ബാധംകൊണ്ടു് വിപരീതാർത്ഥപര്യവസാനമുണ്ടാകുന്നതു്. ഇവയിൽ ആദ്യത്തേതിൽ ലക്ഷണയും (ലക്ഷണാമൂലധ്വനിയും) രണ്ടാമത്തേതിൽ അഭിധയും (അഭിധാമൂലധ്വനിയും) ആകുന്നു.

ഇവിടെ ആദ്യത്തേതിൽ (ലക്ഷണാമൂലധ്വനിയിൽ) മുഖ്യാർത്ഥത്തിന്റെ (വാച്യാർത്ഥത്തിന്റെ) അർത്ഥാന്തരത്തിൽ സംക്രമണം (പ്രവേശം) മാത്രമേയുള്ളു; തിരോഭാവമില്ല. അതിനാൽ ഇതു് അജഹത്സ്വാർത്ഥയായ ലക്ഷണയാകുന്നു. രണ്ടാമത്തേതിലാകട്ടെ സ്വാർത്ഥം, അത്യന്തതിരസ്കൃതമാകുന്നതുകൊണ്ടു് അതു ജഹത്സ്വാർത്ഥയായ ലക്ഷണയാകുന്നു.

വിവക്ഷിതാന്യപരവാച്യ-
ധ്വനിയും രണ്ടുമട്ടിലാം. (1)

അസംലക്ഷ്യക്രമം വ്യംഗ്യം
സംലക്ഷ്യക്രമമിതരം

വിവക്ഷിതാന്യപരവാച്യമായ ധ്വനിയും അസംലക്ഷ്യക്രമവ്യംഗ്യം, സംലക്ഷ്യക്രമവ്യംഗ്യം എന്നിങ്ങനെ രണ്ടുപ്രകാരമാകുന്നു.

രസഭാവാദിയാമർത്ഥ-
മാദ്യമെന്നത്രേ ഗണിപ്പതു്. ൫

തൽഭേദമന്തമില്ലാത്ത-
താകയാൽ ഗണ്യമല്ലതു്

ആദ്യം എന്നതു് അസംലക്ഷ്യക്രമവ്യംഗ്യവും അതു രസാദിസ്വരൂപവുമാകുന്നു. ഇവിടെ വ്യംഗ്യപ്രതീതിക്കു വിഭാവാദിപ്രതീതി കാരണമാകകൊണ്ടു് അതിനു് ഒരു ക്രമം നിശ്ചയമായും ഉണ്ടായിരിക്കേണ്ടതാകുന്നു. എന്നാൽ ആ ക്രമം, ശതപത്രപത്രശതഭേദന്യായേന (നൂറു താമരയില ഒന്നിന്മേൽ ഒന്നായി അടുക്കി വച്ചിട്ടു്, ഒരു സൂചികൊണ്ടു കുത്തിയാൽ ഒന്നു തുളഞ്ഞതിന്റെ ശേഷമാണു മറ്റൊന്നു തുളഞ്ഞതു എന്നറിയാത്തതുപോലെ) ലാഘവംനിമിത്തം അറിയപ്പെടുന്നില്ല. ഈ രസാദികളിലും ഓരോന്നിനും അസംഖ്യം ഭേദങ്ങളുള്ളതിനാൽ എത്രയെന്നു തിട്ടപ്പെടുത്തുവാൻ സാധിക്കാത്തതുകൊണ്ടു് 'അസംലക്ഷ്യക്രമവ്യംഗ്യധ്വനി' എന്ന കാവ്യവും ഒരു പ്രകാരമായിട്ടുമാത്രമേ പറയപ്പെടുന്നുള്ളൂ. അതെങ്ങനെയെന്നു വിവരിക്കാം.— ശൃംഗാരമെന്ന ഒരു രസത്തിന്റെ, സംഭോഗം എന്ന ഒരു ഭേദം തന്നെ പരസ്പരാലിംഗനാധരപാനചുംബനാദികളെക്കൊണ്ടും, പ്രത്യേകമുള്ള വിഭാവാദിവൈചിത്ര്യത്താലും, ഇത്ര വിധത്തിലുണ്ടെന്നു് എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിയാത്തതാകുന്നു. പിന്നെ ഒട്ടാകെയുള്ള കണക്കു പറയാനുണ്ടോ?

ശബ്ദശക്തിവശാ,ലർത്ഥ-
ശക്തിയാ,ലുഭയത്തിനാൽ. ൮

ലക്ഷ്യക്രമവ്യംഗ്യമെന്നാ
ധ്വനി മൂന്നു വിധത്തിലായ്
അനുസ്വാനംപോലെയുള്ളൊ-
ന്നെന്നു ചൊല്ലുന്നു കോവിദർ. ൯

വ്യംഗ്യപ്രതീതിയുടെ പൌർവ്വാപര്യക്രമം സ്പഷ്ടമായി അറിയപ്പെടാവുന്നതുകൊണ്ട് അനുരണനം (പ്രതിധ്വനി—മാറൊലി) പോലെയുള്ള വ്യംഗ്യത്തിനു ശബ്ദശക്ത്യുത്ഭവം, അർത്ഥശക്ത്യുത്ഭവം, ശബ്ദാർത്ഥോഭയശക്ത്യുത്ഭവം എന്നു മൂന്നു ഭേദങ്ങൾ വരുന്നതിനാൽ സംലക്ഷ്യക്രമവ്യംഗ്യധ്വനിയെന്ന കാവ്യവും മൂന്നു വിധത്തിലായിത്തീരുന്നു.

അതിൽ,

വസ്തുധ്വനിയലങ്കാര-
ധ്വനിയെന്നിപ്രകാരമായ്
ശബ്ദശക്തിവശാലുണ്ടാം
ധ്വനി രണ്ടു വിധത്തിലാം. ൧൦

ഇവിടെ അലങ്കാരത്തെ വേറെ എടുത്തിരിക്കകൊണ്ട് അലങ്കാരംകൂടാതെ വസ്തു മാത്രം ഗ്രഹിക്കപ്പെടുന്നു. അതിൽ ശബ്ദശക്ത്യുത്ഭവമായ വസ്തുവ്യംഗ്യത്തിനുദാഹരണം:—

* പന്ഥിഅ ണ എത്ഥ സത്ഥരമ-
ത്ഥി മണം പത്ഥരത്ഥലേ ഗാമേ
ഉണ്ണഅപഓഹരം പേ-
ക്ഖിഊണ ജഇ വസസി താ വസസു.

പഥിക നാത്ര സ്രസ്തര-
മസ്തി മനാക് പ്രസ്തരസ്ഥലേ ഗ്രാമേ
ഉന്നതപയോധരം പ്രേക്ഷ്യ
യദി വസസി തദാ വസ. (ഛായ)

പാറപ്പുറത്തീ ഗ്രാമത്തിൽ
പാന്ഥ! പായൊന്നുമില്ലെടോ!
പൊങ്ങും പയോധരം പാർത്തു
വേണമെങ്കിൽ വസിച്ചിടാം. (സ്വ.)

---

* ഈ വഴിപോക്കന് ഒരു ദിവസം സന്ധ്യയോടടുത്ത സമയം ഒരു കുഗ്രാമത്തിലുള്ള ഒരു ഗൃഹത്തിൽ ചെന്ന വഴിയാത്രക്കാരനോട് യുവതിയായ ഗൃഹനായിക പറയുന്നതാണിത്. കേവലം ശിലാപ്രായമായ ഈ ഗ്രാമത്തിൽ ശയനോപകരണങ്ങളൊന്നുമില്ല. മഴക്കാറു പൊങ്ങുന്നതു കണ്ടിട്ടു യാത്രയ്ക്കു ഭയമുണ്ടെങ്കിൽ ഇന്നു രാത്രി ഇവിടെ തന്നെ കഴിക്കാം. അതിനു വിരോധമില്ല, എന്നു വാച്യാർത്ഥം. ഇതിൽ, ഈ ഗ്രാമം പ്രസ്തരപ്രായമാണെന്ന പദങ്ങളെക്കൊണ്ട് ഇവിടെ വസിക്കുന്നവർ വിശേഷജ്ഞന്മാരല്ലെന്നും, ശയ്യോപകരണങ്ങൾ പ്രതിബന്ധങ്ങളാണെന്നും, പൊങ്ങും പയോധരം പാർത്ത് എന്നതിന് ആകാശത്തിൽ വരുന്ന മഴക്കാർ കണ്ടിട്ട് എന്നും, ഉന്നതസ്തനം കണ്ടിട്ട് എന്നും അർത്ഥം തോന്നുന്നതിനാൽ കാമോദ്ദീപകങ്ങളായ ഈ സ്സംഗതികളെക്കൊണ്ട് സംഭോഗേച്ഛയുണ്ടെങ്കിൽ ഇന്നിവിടെ താമസിച്ചാൽ ഇഷ്ടസിദ്ധി വരുത്താമെന്നും, വ്യംഗ്യാർത്ഥം. ഈ 'പ്രസ്തരപയോധര'ശബ്ദങ്ങളുടെ ശക്തിമൂലമായിട്ട് തോന്നിക്കുകയാൽ ശബ്ദശക്തിമൂലമായ ധ്വനിയാണിതു.

ഇവിടെ 'സ്തനം', 'പ്രസൃതം', 'പയോധരം', ഇത്യാദിശബ്ദ ങ്ങളെ ശക്തികൊണ്ട് 'അംബു' ഉപാദേയകങ്ങളായെങ്കിൽ ഇവിടെ വസിഷ്ഠപാഠകം' എന്നുള്ള വസ്തു വ്യഞ്ജിക്കുന്നു.

ശബ്ദശക്ത്യുത്ഭവമായ അലങ്കാരവ്യംഗ്യത്തിനുദാഹരണം:—

'ഉച്ഛ്വസിതവിഗ്രഹൻ......' ഇത്യാദി (33-ാം ഭാഗം)

ഇവിടെ 'ഉമ'യെന്ന പേരായ പട്ടമഹിഷിയുടെ വല്ലഭനായ ഭാനുദേവരാജാവിനെ വർണ്ണിക്കുന്ന പ്രകരണത്തിൽ, ദ്വയാർത്ഥമായ ശബ്ദംകൊണ്ടു സൂചിപ്പിക്കപ്പെടുന്ന പ്രസ്താവവിഷയമല്ലാത്തതുമായ പാർവ്വതീവല്ലഭാർത്ഥം അസംബന്ധമാകയാൽ പ്രസക്തമായിത്തീരുവാൻ തരമില്ല. അതിനാൽ ശിവനും ഭാനുദേവരാജാവിനും തമ്മിൽ ഉപമാനോപമേയഭാവം കല്പിക്കപ്പെടുന്നു. അതുകൊണ്ട് ഇവിടെ 'ഉമാവല്ലഭൻ (ഉമാവല്ലഭനായ രാജാവ്) ഉമാവല്ലഭനെപ്പോലെ (ശിവനെപ്പോലെ)യാകുന്നു' എന്ന ഉപമാലങ്കാരം വ്യംഗ്യമാകുന്നു.

വേറെ ഉദാഹരണം:—

* അമിതഃ സമിതഃ പ്രാപ്തൈ-
രുത്കർഷൈർഹർഷദ! പ്രഭോ
അഹിതഃ സഹിതഃ സാധു-
യശോഭിരസതാമസി.

---

* ഹേ പ്രഭോ=(അല്ലയോ രാജാവേ!) ത്വം=(അങ്ങുന്ന്) അസതാം=(ദുർജ്ജനങ്ങൾക്ക്) അഹിതഃ=(ശത്രുവും) സമിതഃ=(യുദ്ധത്തിൽനിന്ന്) പ്രാപ്തൈഃ=(സിദ്ധിച്ച) ഉത്കർഷൈഃ=(ഉന്നതികളെക്കൊണ്ട്) ഹർഷദ=(സന്തോഷത്തെ കൊടുക്കുന്നവനും, നശിപ്പിക്കുന്നവനും) (ഹൃതി=ഖണ്ഡിക്കുന്നു, ദോതി=ദാനംചെയ്യുന്നു, എന്ന ധാതുവിന്റെ അർത്ഥഭേദം അനുസരിച്ച വിഗ്രഹം) സാധുയശോഭിഃ സഹിതഃ=(നല്ല യശസ്സുകളോടുകൂടിയവനും) അസി=(ആകുന്നു) എന്നു യോജന.

ഇതിൽ 'അമിതഃ' എന്നിത്യാദികളിൽ അപിശബ്ദമില്ലാത്തതുകൊണ്ടു വിരോധാഭാസം എന്ന അലങ്കാരം വ്യംഗ്യമാകുന്നു. എന്നാൽ വ്യംഗ്യത്തിനു് അലങ്കാര്യതയല്ലാതെ അലങ്കാരതയില്ലെങ്കിലും, ബ്രാഹ്മണൻ സന്യാസിയായാലും അദ്ദേഹത്തെ ബ്രാഹ്മണൻ എന്ന പറയാറുള്ളതുപോലെ വ്യംഗ്യത്തെയും അലങ്കാരമെന്നു വ്യവഹരിക്കുന്നു.

സ്വതസ്സംസിദ്ധമോ പിന്നെ
വക്തൃപ്രൗഢോക്തിസിദ്ധമോ
കവികല്പിതവക്തൃപ്രൗ-
ഢോക്തിയാൽ സിദ്ധമായതോ. ൧൧

ഏവം മൂന്നു പ്രകാരത്തിൽ
വസ്ത്വലങ്കാരരൂപമാം
അർത്ഥങ്ങൾ രണ്ടിനെക്കൂട്ടി-
ട്ടാറുഭേദങ്ങൾ വന്നിടും. ൧൨

ഇവയാറുകളേക്കൊണ്ടും
വസ്ത്വലങ്കാരരൂപമായ്
വ്യഞ്ജിക്കുമർത്ഥഭേദത്താൽ-
വ്യംഗ്യം പന്ത്രണ്ടു മട്ടിലാം. ൧൩

സ്വതസ്സംസിദ്ധം, ഔചിത്യത്താൽ പുറമേയും തോന്നുന്നതു്. പ്രൗഢോക്തിസിദ്ധം, വർണ്ണനകൊണ്ടു മാത്രം സിദ്ധം (ഉള്ളതുപോലെ തോന്നുന്നതു്). ഔചിത്യത്താൽ തോന്നുന്നതല്ലെന്നു സിദ്ധാന്തം.

ക്രമത്താലുദാഹരണങ്ങൾ:—

'ദൃഷ്ടിം ഹേ പ്രതിവേശിനി! ക്ഷണമിഹാ-
പ്യസ്മദ്ഗൃഹേ ദാസ്യസി
പ്രായേണാസ്യ ശിശോഃ പിതാ ന വിരസാഃ
കൌപീരപഃ പാസ്യതി
ഏകാകിന്യപി യാമി സത്വരമിതഃ
സ്രോതസ്തമാലാകുലം
നീരന്ധ്രാസ്തനുമാലിഖന്തു ജരഠ-
ച്ഛേദാ നളഗ്രന്ഥയഃ.'

ഉരയൊന്നയൽക്കാരി! മിഴിയൊന്നൊക്കുമിട-
യ്ക്കെന്റെ വീട്ടിൽക്കൂടെ
ചൊല്ലാം കുട്ടിയിതിൻ പിതാവിഹ കുടി-
ക്കാറില്ല കൂപജലം
ഒറ്റയ്ക്കിപ്പൊഴുതു ചെല്ലുമിതാ
ചെല്ലയ്ക്കു പോകുന്നു ഞാൻ
ആറ്റിൻ വക്കത്തിൽ മുനമീറ്റക്കുറിയേ-
റ്റാൽ മെയ് മുറിപ്പെട്ടിടാം.

(സ്വ)

ഇതിൽ സംഭോഗത്തെ വിലക്കുന്നതായ വസ്തുവിനെക്കൊണ്ട് അതു പറയുന്നവൾക്കു, മേൽ സംഭവിപ്പാൻ പോകുന്ന പരപുരുഷസംഭോഗജന്യമായ നഖക്ഷതാദികളെ മറയ്ക്കുക എന്ന വസ്തുമാത്രം വ്യഞ്ജിക്കുന്നു.

'ദിശി മന്ദായതേ തേജോ
ദക്ഷിണസ്യാം രവേരപി
തസ്യാമേവ രഘോഃ പാണ്ഡ്യാഃ
പ്രതാപം ന വിഷേഹിരേ.'

ചെമ്മകലർന്നു പൊങ്ങുന്ന
തൊണ്ടിക്കിളികലമ്പലും
ഉരുക്കാൻ, പാണ്ഡ്യർ സഹിച്ചില്ല-
ട്ടിക്കിളിയും രവിയുതം.

(സ. ഭ)

ഇവിടെ സൂര്യനോടു സംബന്ധിച്ചതായ വസ്തുകൊണ്ടു രാജാവിന്റെ പ്രതാപം രവിയുടെ തേജസ്സിനേക്കാളും അധികമാണെന്നുള്ള വ്യതിരേകാലങ്കാരം വ്യംഗ്യമായി ഭവിക്കുന്നു.

നൃപപിതൃണമഗൃഹം ഉദാ-
ഹരിതപരാക്രമഃ
ബാലോऽപി ചക്രമാക്രമ
മാതംഗമിവ കേസരീ.

ശരിയായകലത്തിനു നേരി-
ട്ടരികത്തെത്തുന്ന * ദ്യുമാവന്റെ നേരെ
അതിശയത്തോടു സിംഹിയെന്നു നോക്കി
ഹരിയേക്കേസരിവീരനെന്നപോലെ.

ഇതിൽ ഉപമാലങ്കാരത്തെക്കൊണ്ടു സ്വതസ്സിദ്ധമായ വ്യഞ്ജകാർത്ഥത്താൽ 'ബലഭദ്രൻ വേണാമാരിയെന്ന അസ്ഥാനേ ക്ഷണത്തിൽ നിഗ്രഹിക്കും' എന്നുള്ള വസ്തു വ്യഞ്ജിക്കുന്നു.

---

* അവൻ വേണാമാരിയെന്ന പേരായ ബാണപുത്രൻ.

'ഗാഢകാന്തദശനക്ഷതവ്യഥാ-
സങ്കടാദരിവധൂജനസ്യ യഃ
ഓഷ്ഠവിദ്രുമദലാന്യമോചയൻ
നിർദ്ദശൻ യുധി രുഷാ നിജാധരം.'

കാന്തന്റെ ദന്തപദഘോരരുജയറിഞ്ഞു വൈരി-
കാന്താജനങ്ങളുടെ ചെമ്പവിഴാധരത്തിൽ
ഏറ്റുന്ന സങ്കടമൊഴിച്ചിതവൻ, രണത്തിൽ
താൻതന്നെ തൻചൊടികടിച്ചു തടിച്ചു കോപാൽ.

ഇതിൽ സ്വതസ്സംഭവിയായ * വിരോധാലങ്കാരംകൊണ്ടു, ചുണ്ടു കടിക്കപ്പെടുകയും ശത്രുക്കൾ വധിക്കപ്പെടുകയും ചെയ്തുവെന്നുള്ള സമുച്ചയാലങ്കാരം വ്യംഗ്യം.

'സജ്ജേഹി സുരഹിമാസോ
ണ ദാവ അപ്പേഇ ജുഅഇജണലക്ഖമുഹേ
അഹിണവസഹആരമുഹേ
ണവപല്ലവപത്തലേ അണംഗസ്സ സരേ.'

---

* 'അധരദംശനസങ്കടത്തെ അധരദംശനംകൊണ്ടു' ഇല്ലാതെയാക്കി' എന്നതിൽ വിരോധം. പ്രസ്തുത നായകൻ രണമധ്യത്തിൽ കോപാധിക്യംകൊണ്ടു തന്റെ അധരദംശനം ചെയ്തതിനാൽ ശത്രുക്കളെല്ലാം ഹതരായി; അതു നിമിത്തം ശത്രുകാന്തമാർക്കു ഭർത്തൃസംഭോഗഹാനിയാൽ അധരദംശനമില്ലാതെയായി എന്നു പരിഹാരം.

സജ്ജയതി സുരഭിമാസോ
　　നതാവദർപ്പയതി യുവതിജനലക്ഷ്യമുഖാൻ
അഭിനവസഹകാരമുഖാൻ
　　നവപല്ലവപത്രലാനനംഗസ്യ ശരാൻ.
(ധ്വന്യാ)

പ്രത്യഗ്രചൂതകനകമൊട്ടുകളാമെ നല്ല
പുത്തൻതളിർച്ചിറകെഴും മദനാശുഗങ്ങൾ
നിത്യം വസന്തമിഹ തീർത്തു നിരത്തിടുന്നു
നൽത്തരുണിമാരെയവനേൾ തൊടുപ്പതില്ല.
(ന്യ. 1)

ഇതിൽ വസന്തം ശരകാരനും, കാമൻ വില്ലാളിയും, യുവതികൾ ലക്ഷ്യവും, പുഷ്പങ്ങൾ ശരങ്ങളും ആകുന്നു എന്നുള്ള കവിപ്രൌഢോക്തിസിദ്ധമായ വസ്തു, പ്രസ്തുതമായിരിക്കുന്ന കാമോദ്ദീപനരൂപമായ വസ്തുവിനെ വ്യഞ്ജിപ്പിക്കുന്നു.

'രജനിഷു വിമലഭാനോഃ
　　കരജാലേന പ്രകാശിതം വീര!
ധവളയതി ഭുവനമണ്ഡല-
　　മഖിലം തവ കീർത്തിസന്തതിഃ സതതം.'

രാവിൽ കലേശന്റെ കരങ്ങളാലേ
ഭൂവിൽ പ്രകാശം കലരുന്നിതല്പം
ഹേ വീര! നിൻകീർത്തിയോ പകലും
ധാവള്യമേകുന്നു ജഗത്തിലെന്നും. (സാ.)

ഇതിൽ കവിപ്രൗഢോക്തിസിദ്ധമായ, കീർത്തിജാലത്തിന്റെ ഹംസശ്രീസമൂഹങ്ങളെക്കാൾ അധികശോഭം പ്രകാശിക്കുമെന്നുള്ള വസ്തുകൊണ്ടു വ്യതിരേകാലങ്കാരം വ്യംഗ്യമാകുന്നു.

'ദശാനനകിരീടേഭ്യ-
സ്തൽക്ഷണം രാക്ഷസശ്രിയഃ
മണിവ്യാജേന പര്യസ്താഃ
പൃഥിവ്യാമശ്രുബിന്ദവഃ.'

ദശാനനകിരീടങ്ങൾ
തന്നിൽനിന്നു മണിച്ഛലാൽ
തൽക്ഷണം രാക്ഷസശ്രീതൻ
കണ്ണീർത്തുള്ളികൾ വീണിതേ.
(സ.)

ഇതിൽ കവിപ്രൗഢോക്തിസിദ്ധമായ അപഹ്നുത്യലങ്കാരം കൊണ്ടു, മേൽ ഉണ്ടാവാൻപോകുന്ന രാക്ഷസശ്രീവിനാശരൂപമായ വസ്തു വ്യഞ്ജിക്കുന്നു.

'ധമ്മില്ലേ നവമല്ലികാസമുദയോ
ഹസ്തേ സിതാംഭോരുഹം
ഹാരഃ കണ്ഠതടേ പയോധരയുഗേ
ശ്രീഖണ്ഡലേപോ ഘനഃ
ഏകോഽപി ത്രികലിംഗഭൂമിതിലക!
ത്വത്കീർത്തിരാശിർയ്യയൗ
നാനാമണ്ഡനതാം പുരന്ദരപുരീ-
വാമഭ്രുവാം വിഗ്രഹേ.'

നീലക്കുന്തളത്തിൽ മുല്ലമാല, സിതമാം
ചന്ദനം കരങ്ങളിൽ, ശംഖു
ചേലൊക്കെന്നൊരു മുത്തുമാല, മുലമേൽ
മാമലയജലേപം ഘനം,
ഒരുപിംഗക്ഷിതിപാല! നിന്റെ യശ-
സ്സൊന്നാകിലും വിണ്ണിലെ-
ശ്രീലപ്പെൺകൊടിമാർക്കു ലക്ഷണമതാ-
ത്തേയുന്നിതംഗങ്ങളിൽ.

(സ.പ്ര)

ഇതിൽ കവിപ്രൗഢോക്തിസിദ്ധമായ രൂപകാലങ്കാരംകൊണ്ടു, ദരിദ്രനായിരിക്കുന്നവനാണെങ്കിലും അവിടുന്നു സമ്പത്തില്ലാതിരിക്കുന്നവർക്ക് ഉപകാരം ചെയ്യുന്നു എന്നുള്ള വിഷമാലങ്കാരം ധ്വനിക്കുന്നു.

'ശിഖരിണി ക്വ നു നാമ കിയച്ചിരം
കിമഭിധാനമസാവകരോത്തപഃ
സുമുഖി! യേന തവാധരപാടലം
ദശതി ബിംബഫലം ശുകശാവകഃ'

അത്യന്തസുന്ദരമുഖി! യാതൊരു പച്ചത്തത്തി-
എത്രയ്ക്കുകാലമിവനേതു തപസ്സു ചെയ്തു?
തത്തക്കിടാവിതു തവാധരപാടലമാം
ഒത്തുള്ള ബിംബഫലമിങ്ങനെ കൊത്തുവാനായ്.

(സ.പ്ര.)

ഇതിൽ കവികല്പിതനായ കാമിയുടെ പ്രൗഢോക്തിസിദ്ധമായ വസ്തുകൊണ്ടു, നിന്റെ അധരം പുണ്യാതിശയലഭ്യമാണ്, എന്നുള്ള വസ്തു വ്യഞ്ജിക്കുന്നു.

'ശൃംഗാഗ്രാഃ കോടിസംഖ്യാകാ-
കൃപേത്യ മന്മഥാങ്കുരാഃ
വസന്തേ പഞ്ചതാ ഭൃത്യാ
പഞ്ചതാസിദ്ധിവിയോഗിനാം.'

എൻ ചന്ദ്രമുഖി! വരുന്ന വസന്തകാലം
പാന്ഥന്മാരിൽ കണക്കറ്റു കോടി കണക്കിലായി
അനവധി അത്യുഗ്രമായ പഞ്ചത്വം ചെയ്തുകൊടുത്തു
പഞ്ചബാണനെന്നു വിയോഗികൾക്കതിലുള്ളി.

(സം.)

ഇതിൽ കവികല്പിതനായ വക്താവിന്റെ പ്രൗഢോക്തിസിദ്ധമായ, 'കോരകങ്ങളുടെ ഏത്തും കോടികണക്കായിത്തീർന്നിരിക്കുന്നു' എന്നതിനാൽ സകലവിയോഗികളെയും പ്രാപിക്കുന്ന വസ്തുകൊണ്ടു 'ശൈത്യമുള്ള പഞ്ചത അവസ്ഥ വിട്ടു വിയോഗികളെ പ്രാപിച്ചുവോ എന്നു തോന്നും' എന്നുള്ള ഉത്പ്രേക്ഷാലങ്കാരം വ്യഞ്ജിക്കുന്നു.

'മല്ലികാമുകുളേ ചണ്ഡി!
ഭാതി ഗുഞ്ജൻ മധുവ്രതഃ
പ്രയാണേ പഞ്ചബാണസ്യ
ശംഖമാപൂരയന്നിവ.'

മുല്ലമൊട്ടിൽ മുരളുന്ന വണ്ടിതാ
നല്ല മട്ടിൽ വിളംബുന്ന കോകിലേ!
അല്ല ശംഖമിവയൂതിടുന്നതോ
മല്ലബാണന്റെ ഘോഷയാത്രയിൽ.

(സ.)

ഇതിൽ കവികല്പിതനായ വക്താവിന്റെ പ്രേരണോക്തി കൊണ്ടു സിദ്ധമായ ഉൽപ്രേക്ഷാലങ്കാരത്താൽ 'ഇതാ കാമപ്രവർദ്ധകമായ കാലം വന്നിരിക്കുന്നു. എന്നിട്ടും ഹേ മാനിനി! നീയെന്തുകൊണ്ടു മാനത്തെ കൈവിടാതിരിക്കുന്നു?' എന്നുള്ള വസ്തു വ്യഞ്ജിക്കുന്നു.

'മഹിലാസഹസ്സഭരിഏ
തുഹ ഹിഅഏ സുഹഅ സാ അമാഅന്തീ
അണുദിണമണണ്ണകമ്മാ
അംഗം തണുഅം പി തണുഏഇ.'

മഹിളാസഹസ്രഭരിതേ
തവ ഹൃദയേ സുഭഗ! സാ അമാന്തീ
അനുദിനമനന്യകർമ്മാ
അംഗം തനുകമപി തനയതി.

(ഗാഥാ)

ഹേ സുന്ദരാംഗ! ആയിരം നാരികൾ തിങ്ങി വാഴ്കെ
നിന്നുള്ളിലല്പമൊഴിവിടം കിട്ടായ്കമൂലം
അന്യപ്രവൃത്തികൾ വെടിഞ്ഞനവാരമിന്നാ–
തന്വംഗി, തന്നുടൽ തനുതയണച്ചിടുന്നു.

(സ.)

ഇതിൽ 'നിനക്കുള്ളിൽ ഭേദം കിടയാത്തമൂലം' എന്ന കവികല്പിതമായ വക്തൃപ്രൗഢോക്തികൊണ്ടു സിദ്ധമായ കാവ്യലിംഗാലങ്കാരത്താൽ, 'അനവധി അനർത്ഥം വരുത്തീട്ടും നിന്റെ ഹൃദയത്തിൽ അവർ വസിക്കുന്നില്ല' എന്നുള്ള വിശേഷോക്ത്യലങ്കാരം വ്യഞ്ജിക്കുന്നു.

കവിക്കു, കവിനിബദ്ധനായ വക്താവിന്നുണ്ടാകുന്നതുപോലെ രാഗദ്വേഷാദികളുണ്ടാകാത്തതിനാൽ കവിനിബദ്ധനായ വക്താവിന്റെ പ്രൗഢോക്തി, കവിപ്രൗഢോക്തിയെക്കാളധികം സഹൃദയന്മാർക്കു ചമൽക്കാരമുണ്ടാക്കുന്നതാകകൊണ്ടാണ് അതിനെ വേറെ തന്നെ പറഞ്ഞതു്. ഇവയിൽ (മുമ്പിൽ പറഞ്ഞ പന്ത്രണ്ടു ഭേദങ്ങളിൽ) അലങ്കാരവ്യഞ്ജനം പറഞ്ഞ സ്ഥലത്തു രൂപണം, ഉൽപ്രേക്ഷണം, വ്യതിരേചനം മുതലായവയ്ക്കു മാത്രമേ സഹൃദയസംവേദ്യമായ പ്രാധാന്യമുള്ളു. അല്ലാതെ രൂപ്യമോ ഉൽപ്രേക്ഷണീയമോ വ്യതിരേചനീയമോ ആയ വസ്തുക്കൾക്കു പ്രാധാന്യമില്ല. അതുകൊണ്ട് അലങ്കാരത്തിനു തന്നെയാണു പ്രാധാന്യം; അലങ്കാര്യമായ വസ്തുവിനല്ല എന്നു താൽപര്യം.

ശബ്ദാർത്ഥശക്തികൊണ്ടുണ്ടാം
വ്യംഗ്യത്തിൽ ധ്വനിയൊന്നതാൻ

ശബ്ദാർത്ഥങ്ങളുടെ രണ്ടിന്റെയും കൂടിയുള്ള ശക്തികൊണ്ടുണ്ടാകുന്ന ധ്വനി ഒരു പ്രകാരത്തിൽ മാത്രമേയുള്ളു.

ഉദാഹരണം:—

'ഹിമമുക്തചന്ദ്രരുചിരഃ സപത്മകോ
മദയൻ ദ്വിജാൻ ജനിതമീനകേതനഃ

അലവൽ പ്രസാദിതസ്വരോ മദോത്സവാ
പ്രമദാജനസ്യ സ ചിരായ മാധവഃ.'

കാർകൊണ്ടുതികരൻ ഹിമശ്രുതപിരൻ
നിത്യം മലിജോഷിതനി-
ത്യാർക്കാമത്തെ വളർപ്പവൻ സരസപ-
ക്ഷമാദപാതനായുള്ളവൻ
സാരംഗമം ബാല്യ സൽപ്രസന്നസുരതനായ്
വർത്തിക്കുമീ മാധവൻ
പ്രേമോദ്രേകമിയന്നൊഴു പ്രമദമാ-
ർക്കത്യന്തനിത്യോത്സവം.

(സ.ച)

ഇതിൽ മാധവനായ കൃഷ്ണൻ മാധവമായ വസന്തംപോലെയാകുന്നു എന്നുള്ള ഉപമാലങ്കാരം വ്യംഗ്യമാകുന്നു.

ഇപ്രകാരമാകയാൽ വ്യംഗ്യങ്ങളുടെ ഭേദംകൊണ്ടുതന്നെ വ്യഞ്ജകങ്ങളായ കാവ്യങ്ങൾക്കും ഭേദമുണ്ടാകുന്നു എന്നു സിദ്ധമായി.

അതിനാൽ ധ്വനിയീവണ്ണം
പതിനെട്ടു വിധത്തിലാം. ൧൪

അതെങ്ങനെയെന്നു വിവരിച്ചു കാണിക്കാം.

അവിവക്ഷിതവാച്യധ്വനി, അർത്ഥാന്തരസംക്രമിതവാച്യമെന്നും അത്യന്തതിരസ്കൃതവാച്യമെന്നും രണ്ടുവിധം. വിവക്ഷിതാന്യപരവാച്യമാകട്ടെ അസംലക്ഷ്യക്രമം, സംലക്ഷ്യക്രമം എന്നു രണ്ടു ഉ

പതിവുള്ളതിൽ അസംലക്ഷ്യക്രമവ്യംഗ്യത്തിന് ഒന്ന്. സംലക്ഷ്യക്രമവ്യംഗ്യമാകട്ടെ, ശബ്ദശക്തിമൂലമായിട്ടും, അർത്ഥശക്തിമൂലമായിട്ടും, ശബ്ദാർത്ഥോഭയശക്തിമൂലമായിട്ടുംകൂടി പതിനഞ്ചു പ്രകാരം. ഇങ്ങനെ ധ്വനി പതിനെട്ടുപ്രകാരമാകുന്നു.

ഇവയിൽ—

ശബ്ദാർത്ഥോഭയശക്ത്യുത്ഥ-
ധ്വനി വാക്യത്തിലേ വരൂ
മററുള്ളവകൾ വന്നീടും
പദവാക്യങ്ങളിൽ രണ്ടിലും. ൧൭

അതിൽ പദഗതമായ അർത്ഥാന്തരസംക്രമിതവാച്യധ്വനിക്കുദാഹരണം:—

'ധന്യസ്സ ഏവ തരുണോ
നയനേ തവൈസ്യ നയനേ ച
യുവജനമോഹനവിദ്യാ
ഭവിതേയം യസ്യ സംമുഖേ സുമുഖി.'

അത്രയന്നൻതാൻ ധന്യൻ
നയനങ്ങളവന്റെ തന്നെ നയനങ്ങളും
യുവജനമോഹിനിയാമീ-
സ്സുമുഖിയെ നേരിട്ടു കാണേണ്ടതവനോ?

(സ ൧)

ഇതിൽ രണ്ടാമത്തെ നയനശബ്ദം, ഭംഗ്യാദിഗുണവിശിഷ്ടമായ നയനമെന്ന അൎത്ഥത്തിൽ പ്രയുക്തമാകുന്നു.

വാക്യത്തിൽ വചനത്തിനുദാഹരണം:—

'ഭോ മന്ത്രി വച്മി വിദ്വാംസം
സമവായേത്ര തിഷ്ഠതി
ആത്മീയാം മതിമാസ്ഥായ
സ്ഥിതിമത്ര വിധേഹി തൽ.'

നിന്നോടുഞാനുരെക്കുന്നേൻ
വിദ്വൽപ്രതിഷ്ഠ നീയല്ലയോ
അതിനാൽ തന്റെ മതത്തോടു
കൂടി നീയിഹ നില്ക്കണം.

(സ്വ.)

ഇവിടെ പ്രതിപാദ്യൻ (സംബോധ്യൻ) അഭിമുഖനായി നില്ക്കുന്നതുകൊണ്ടുതന്നെ അയാളോടാണു പറയുന്നതെന്നു സിദ്ധമായിരിക്കെ, 'നിന്നോട്' എന്നു വീണ്ടും പറയുന്നതിനാൽ മറ്റാരോടുമല്ല, നിന്നോടുതന്നെയാണ്' എന്നുള്ള അൎത്ഥവിശേഷം ലക്ഷിക്കപ്പെടുന്നു. 'ഉരെക്കുന്നേൻ' എന്നതുകൊണ്ടുതന്നെ കൎത്താവു സിദ്ധമായിരിക്കെ 'ഞാൻ' എന്നു വീണ്ടും പറഞ്ഞതും ഞാൻ തന്നെയാണു പറയുന്നതു്, മറ്റാരുമല്ല എന്ന അൎത്ഥവിശേഷത്തെ ലക്ഷിപ്പാനാകുന്നു. 'വിദ്വൽപ്രതിഷ്ഠ നീയല്ലയോ' എന്നതുകൊണ്ടുതന്നെ താനൊരു വക്താവ് എന്നു സിദ്ധിച്ചിരിക്കെ, വീണ്ടും 'ഞാനുരെക്കുന്നേൻ' എന്നു പറഞ്ഞതുകൊണ്ടു 'ഞാൻ ഉപദേശിക്കുന്നു' എന്നുള്ള വിശേഷാൎത്ഥം ലക്ഷിക്കപ്പെടുന്നു. ഇതെല്ലാം സോൽകൎഷത്തെ വ്യഞ്ജിപ്പിക്കയും ചെ

ണ്ടു്. ഇതുകൊണ്ടു് 'എന്റെ വാക്കു നിനക്കു ഏററവും ഹിതകരമാണു്; അതിനാൽ നിശ്ചയമായിട്ടു് അങ്ങനെ ചെയ്യേണ്ടതാണു്' എന്നഭിപ്രായം.

അതിനാൽ ഇങ്ങനെയെല്ലാമാകകൊണ്ടു് ഇതു വാക്യഗതമായ അർത്ഥാന്തരസംക്രമിതവാച്യധ്വനിയാകുന്നു.

പദഗതമായ അത്യന്തതിരസ്കൃതവാച്യധ്വനിക്കുദാഹരണം:

'നിശ്വാസമേററ മണിദർപ്പണം—' ഇത്യാദി. (അത്യന്തതിരസ്കൃതവാച്യധ്വനിയുടെ ഉദാഹരണം.)

വാക്യഗതമായ അത്യന്തതിരസ്കൃതവാച്യധ്വനിക്കു്:—

'പലതരമുപകാരം...' ഇത്യാദി (ഭാഗം 21)

വാക്യഗതമായി വരുന്ന മററുള്ളവയും (അസംലക്ഷ്യക്രമവ്യംഗ്യാദികൾ) മുമ്പു ഉദാഹരിച്ചു കഴിഞ്ഞിരിക്കുന്നു.

പദഗതമായ അസംലക്ഷ്യക്രമവ്യംഗ്യത്തിനുദാഹരണം:—

ലാവണ്യം തദസൌ കാന്തി-
സ്തദ്രൂപം സ വചഃക്രമഃ
തദാ സുധാസ്പദമഭൂ-
ദധുനാ തു ജ്വരോ മഹാൻ.[1]

ലാവണ്യമതു്, ഇതു് ശോഭ,
സൌന്ദര്യമതു്, ഇവാക്യരീതി,
അന്നാളതെല്ലാമമൃതകരമായ-
തിന്നാകിലൊക്കെ ജ്വരമായ് ചമഞ്ഞു.

(സ.പ)

ഇവിടെ ലാവണ്യാദികൾ, അപ്രകാരം അനന്യവൈകൎത്തവ്യങ്ങളായിരുന്നു എന്നുള്ള അവസ്ഥയെ വ്യഞ്ജിപ്പിക്കുന്ന തദാദിശബ്ദങ്ങൾക്കു തന്നെയാണു പ്രാധാന്യം. മറ്റുള്ള ശബ്ദങ്ങൾക്കൊക്കെ അവയെ സഹായിക്കുക മാത്രമേ പ്രയോജനമുള്ളു. അതിനാൽ അപ്പദങ്ങൾ (തദാദിപദങ്ങൾ) മൂലമായിട്ടു തന്നെയാണ് ഇവിടെ ധ്വനിവ്യപദേശം.

ഇതു ധ്വനികാരനാൽ പറയപ്പെട്ടിട്ടുണ്ട് —

'ഏകാവയവസംസ്ഥേന
ഭൂഷണേനേവ കാമിനീ
പദദ്യോത്യേന സുകവേ-
ൎദ്ധ്വനിനാ ഭാതി ഭാരതീ.'

അംഗത്തൊന്നിലണിഞ്ഞ വിഭൂഷകൊ-
ണ്ടംഗനാമണി വിളങ്ങിടും വിധം
വ്യംഗ്യശാലിയൊരു വാക്കിൽ നിൽക്കിലും
ഭംഗി സൽകവി വചസ്സിനേറിടും.

(സ.പ്ര)

ഇപ്രകാരം ഭാവാദികളിലും ഉദാഹരണം ഉൽപ്രേക്ഷിക്കണം.

'ഭുക്തിമുക്തികൃദേകാന്ത-
സമാദേശനതൽപരഃ
കസ്യ നാനന്ദനിസ്യന്ദം
വിദധാതി സദാഗമഃ'

ഉന്നതികൃതികളേക്കാൾ -
ഏകാന്തദേശസേവിയും
സദാഗമം, മഹാനന്ദ -
നിഷ്യന്ദമായ്ക്കാകിടും.

(സ.ച)

ഇവിടെ 'സദാഗമം' എന്ന പദം അടുത്തു നിൽക്കുന്ന ഉപമാനയകുന്ന കവിക്കു, 'നല്ലതായിട്ടുള്ള ശാസ്ത്രാഗമം' എന്ന വാച്യാർത്ഥത്തെ ബോധിപ്പിച്ചിട്ട്, സമീപത്തിരിക്കുന്ന ഒരു പുരുഷന്റെ ആഗമനം എന്ന വസ്തുവിനെ വ്യഞ്ജിപ്പിക്കുന്നു. എന്നാൽ 'സദാഗമം സദാഗമം പോലെയാകുന്നു' എന്നുള്ള ഉപമാധ്വനിയല്ലന്നു വരുന്നതെങ്ങനെ? എന്താണെങ്കിൽ സദാഗമശബ്ദങ്ങൾക്ക് (അപ്രകൃതപ്രതിപാദിതങ്ങളായ അർത്ഥങ്ങൾക്ക്) ഉപമാനോപമേയഭാവം വിവക്ഷിതമല്ലാത്തതുകൊണ്ടുതന്നെ. ഒരു സ്ത്രീ ജാരനോടാണല്ലോ രണ്ടർത്ഥമുള്ള പദങ്ങളെ പ്രയോഗിക്കുന്നത്. പ്രകരണാദികളെ നല്ലവണ്ണം ആലോചിക്കുമ്പോൾ 'സദാഗമ'പദത്തിനു 'നല്ലശാസ്ത്രം' എന്നുള്ള അർത്ഥം ഇവിടെ യോജിക്കുന്നതുമല്ല. അതിനാൽ ഇവിടെ അലങ്കാരധ്വനിയല്ല; വസ്തുധ്വനിതന്നെയാകുന്നു സിദ്ധാന്തം.

'അനന്യസാധാരണധീർ -
ധൃതാഖിലവസുന്ധരഃ
രാജതേ കോ/പി ജഗതി
സ രാജാ പുരുഷോത്തമഃ.'

അനിതരസാമാന്യധിയാ -
നഖിലം വസുധാതലം ധരിക്കുന്നോൻ,
ഉലകിതിലന്യാദൃശനായ്
പുരുഷോത്തമനാം നൃപൻ ലസിക്കുന്നു.

(സ.ച)

ഇതിൽ 'പുരുഷോത്തമൻ പുരുഷോത്തമനെപ്പോലെയാകുന്നു' എന്ന ഉപമാലങ്കാരധ്വനിയാകുന്നു. ഇവ രണ്ടിലും സംലക്ഷ്യക്രമങ്ങളും ശബ്ദശക്ത്യുത്ഭവങ്ങളുമാകുന്നു.

'സായം സ്നാനമുപാസിതം, മലയജേ-
നാംഗം സമാലേപിതം,
യാതോഽസ്താചലമൗലിമംബരമണി-
ർവിസ്രബ്ധമത്രാഗതിഃ,
ആശ്ചര്യം തവ സൗകുമാര്യമഭിതഃ
ക്ലാന്താസി യേനാധുനാ
നേത്രദ്വന്ദ്വമമീലനവ്യതികരം
ശക്നോതി തേ നാസിതും.'

അന്തിക്കുളിച്ചിട്ടും കറിക്കൂട്ടൽമെ-
യ്യപ്പടി നൽച്ചന്ദനം,
ചെന്താർമാതാവസ്തമിച്ചു, തെളി-
ഞ്ഞാതെത്ര വരുന്നതിന്നി,
മാനം തേ അഹോ വിസ്മയം, വളരെ നീ-
യിപ്പോൾ തളർന്നീടിനാ-
ലുൾത്തോഴിട്ടുമുന്നതില്ല മിഴി,യതെ-
ല്ലോണങ്ങിയന്നീടവേ.

ഇതിൽ സ്വതസ്സിദ്ധമായ വസ്തുകൊണ്ടു 'നീ പരപുരുഷസംഭോഗം ചെയ്തു സ്നാനം കഴിച്ചിരിക്കുന്നു' എന്നുള്ള വസ്തു വ്യഞ്ജിക്കുന്നു. അതു്,—'വളരെ നീയിപ്പോൾ തളർന്നീടിനാൾ'—മുതലായതിലും നിനക്കിങ്ങനെ ഒരു തളർച്ച കണ്ടിട്ടില്ല, എന്നുള്ള അർത്ഥത്തെ ബോധിപ്പിക്കുന്ന 'ഇപ്പോൾ' എന്ന പദത്തിലുമാണു് മറ്റുള്ള പദങ്ങളുടെ

അത്ഥത്തെക്കാൾ പ്രാധാന്യമുള്ളതുകൊണ്ട്, അന്യപദങ്ങളെക്കാൾ 'ഇപ്പോൾ' എന്ന പദത്തിനു തന്നെയാണു വൈശിഷ്ട്യം.

തദപ്രാപ്തിമഹാദുഃഖ-
വിലീനാശേഷപാതകാ
തച്ചിന്താവിപുലാഹ്ളാദ-
ക്ഷീണപുണ്യചയാ തഥാ.

ചിന്തയന്തീ ജഗത്സൂതിം
പരം ബ്രഹ്മസ്വരൂപിണം
നിരുച്ഛ്വാസതയാ മുക്തിം
ഗതാന്യാ ഗോപകന്യകാ.

(ശ്ലോകം)

തല്ലാഭമെത്താഞ്ഞതിദുഃഖമാർന്നി-
ട്ടശേഷപാപങ്ങൾ നശിക്കയാലും,
തച്ചിന്തയാലുൾക്കടസൌഖ്യമാർന്നു
സമസ്തപുണ്യക്ഷയമേൽക്കയാലും,

അശേഷലോകൈകനിദാനഭൂതം
സാക്ഷാൽ പരബ്രഹ്മമയസ്വരൂപം,
ഉച്ഛ്വാസമില്ലാതൊരു ഗോപകന്യ
ചിന്തിച്ചു മോക്ഷമതയടഞ്ഞുകൊണ്ടാൾ.

(സ.ച)

ഇവിടെ 'അശേഷം' എന്നും 'സമസ്തം' എന്നും ഉള്ള രണ്ടു പദങ്ങളുടെ സാമർത്ഥ്യം ഹേതുവായിട്ടു് അനേകായിരം ജന്മംകൊണ്ടു് അനുഭവിക്കേണ്ടതായ പാപപുണ്യഫലസമുദായത്തിനും, ഭഗവദചിന്താദുഃഖം ഭഗവച്ചിന്താഹ്ലാദം എന്നിവ രണ്ടിനും തമ്മിൽ താരതമ്യാധ്യവസാനത്താൽ (അഭേദപ്രതിപാദനത്താൽ) തോന്നുന്നതായ രണ്ടു് അതിശയോക്തികളും 'അശേഷ'മെന്നും 'സമസ്ത'മെന്നും ഉള്ള രണ്ടു പദങ്ങളാൽ തോന്നിക്കപ്പെടുന്നവയാകുന്നു. ഇവിടെ കവിപ്രൗഢോക്തി കൂടാതെയും വ്യഞ്ജകമായ അർത്ഥം കിട്ടുന്നതുകൊണ്ടു് ഇതു സ്വതസ്സിദ്ധമാകുന്നു.

'പശ്യന്ത്യസംഖ്യപഥഗാം
ത്വദ്ദാനജലവാഹിനീം
ദേവ! ത്രിപഥഗാത്മാനം
ഗോപയത്യുഗ്രമൂർദ്ധനി.'

രാജൻ! പലവഴിക്കൊഴും
നിൻ ദാനാംബുപ്രവാഹിനിയെ
കണ്ടു, തന്നെടൾ മൂടുന്നു
ത്രിസ്രോതസ്സുഗ്രമൂർദ്ധനി.

(സ്വ.)

ഇതിൽ 'കണ്ടു്' എന്ന കവിപ്രൗഢോക്തിസിദ്ധമായ കാവ്യലിംഗാലങ്കാരംകൊണ്ടു്, 'മററുള്ള ദാതാക്കന്മാരെല്ലാം അങ്ങയോടു തുല്യന്മാരല്ല' എന്നുള്ള വ്യതിരേകാലങ്കാരം, 'പല വഴിക്കു്' എന്ന പദംകൊണ്ടു വ്യഞ്ജിക്കുന്നു. ഇങ്ങനെ അർത്ഥശക്തിമൂലമായ സംലക്ഷ്യക്രമവ്യംഗ്യങ്ങളുടെ മററുള്ള ഭേദങ്ങളിലും ഉദാഹരിക്കാവുന്നതാകുന്നു.

അതിനാൽ ഇങ്ങനെ മുൻ പറയപ്പെട്ടിരിക്കുന്ന പതിനെട്ടുപ്രകാരമുള്ള ധ്വനിഭേദങ്ങളിൽവെച്ച് ശബ്ദാർത്ഥശക്തികൊണ്ടുണ്ടാകുന്ന വ്യംഗ്യം വാക്യത്തിൽ മാത്രം വരുന്നതായിരിക്കുന്നു; മറ്റുള്ളവ പതിനേഴും വാക്യത്തിലും പദത്തിലും വെവ്വേറെ വരുന്നതായിട്ടു മുപ്പത്തിനാലു്; എന്നിങ്ങനെ എല്ലാംകൂടി ധ്വനിയുടെ ഭേദങ്ങൾ മുപ്പത്തഞ്ചു വിധമാകുന്നു.

മഹാവാക്യങ്ങളായുള്ള
പ്രബന്ധങ്ങളിലും വരും
അർത്ഥശക്ത്യുത്ഥമാകുന്ന
ധ്വനിയെന്നു പ്രബോധിതം. എന്നു

അർത്ഥശക്ത്യുത്ഭവമായ വ്യംഗ്യം മഹാവാക്യമായ പ്രബന്ധത്തിലും പന്ത്രണ്ടു പ്രകാരത്തിലുള്ളതാകുന്നു.

ഉദാഹരണം:—

മഹാഭാരതത്തിൽ ഗൃദ്ധ്രഗോമായുസംവാദത്തിൽ—

'അലം സ്ഥിത്വാ ശ്മശാനേസ്മിൻ
ഗൃദ്ധ്രഗോമായുസങ്കുലേ
കങ്കാളബഹുളേ ഘോരേ
സർവ്വപ്രാണിഭയങ്കരേ.

ന ചേഹ ജീവിതഃ കശ്ചിത്
കാലധർമ്മമുപാഗതഃ

പ്രിയോ വാ യദി വാ ദ്വേഷ്യഃ
പ്രാണിനാം ഗതിരീദൃശീ.'

കഴുകും നരിയും തിങ്ങി-
യസ്ഥികൂടം നിറഞ്ഞതായ്
എല്ലാവർക്കും ഭീതിചേർപ്പൊരി-
ശ്മശാനത്തിൽ നിൽക്കണോ.

മരിച്ചുയിലൊരാളിനു
ജീവിച്ചിട്ടില്ലിതേവരെ
മിത്രമോ ശത്രുവോ, പ്രാണി-
കൾക്കുള്ള ഗതിയിങ്ങനെ.

(സ. ച.)

ഇങ്ങനെ പകൽ തീറ്റ സമ്പാദിപ്പാൻ സമർത്ഥനായ കഴുകൻ, മരിച്ച കുട്ടിയെ എടുത്തുകൊണ്ടു ശ്മശാനത്തിൽ വന്നിരിക്കുന്നവർ അതിനെ അവിടെ കളഞ്ഞിട്ടു പോകുന്നതു് ഉചിതമാണു് എന്നും,

'ആദിത്യോ/യം സ്ഥിതോ മൂഢാഃ!
സ്നേഹം കുരുത സാമ്പ്രതം
ബഹുവിഘ്നോ മുഹൂർത്തോ/യം
ജീവേദപി കദാചന.

അമും കനകവർണ്ണാഭം
ബാലമപ്രാപ്തയൗവനം

ഗൃധ്രവാക്യാൽ കഥം മൂഢാഃ
ത്യജധ്വമവിശങ്കിതാഃ.'

മൂഢരേ! പകലുണ്ടിപ്പോൾ
കാലം നന്നല്ല പോകുവാൻ
സ്നേഹം കാണിപ്പിനിനിയും
പക്ഷെ ജീവിക്കുവാൻ മതി.

ഇപ്പോൾനിറമേഴും കൊച്ചു-
കുട്ടിയെ ഗൃധ്രവാക്കിനാൽ,
* അല്ലയോ മൂഢരേ! നിങ്ങൾ
നിർദ്ദയം കൈവിടുന്നിതോ?'

(സ.)

ഇങ്ങനെ രാത്രിയിൽ ഭക്ഷണം തേടുവാൻ സമർത്ഥനായ കുറുക്കന്, മരിച്ച കുട്ടിയെ പകൽ ശ്മശാനത്തിലിട്ടിട്ടു പോകുന്നതു് ഇഷ്ടമല്ല, എന്നും ഈ വാക്യസമുദായംകൊണ്ടു ധ്വനിക്കുന്നു. ഇതിൽ വ്യഞ്ജകം സ്വതസ്സിദ്ധമാണ്. ഇങ്ങനെ മറ്റുള്ള പതിനൊന്നു ധ്വനിഭേദങ്ങൾക്കും ഉദാഹരിക്കാവുന്നതാണ്. ഇപ്രകാരം വാക്യാർത്ഥം വ്യഞ്ജകമായി വരുന്നതിനെ ഉദാഹരിച്ചു.

ഇനി ലക്ഷ്യാർത്ഥം വ്യഞ്ജകമായി വരുന്നതിനുദാഹരണം:—
'നിശ്ശേഷച്യുതചന്ദനം—' ഇത്യാദി (35-ാം ഭാഗം)

---

* മൂഢരേ! നിങ്ങൾ നിർദ്ദയം
കൈവിട്ടീടുന്നതെങ്ങനെ?— എന്നു പാഠാന്തരം.

വ്യംഗ്യാന്തരം വ്യഞ്ജകമായിട്ടുള്ളതിനുദാഹരണം:—

'ഉന്നമിച്ചു—' ഇത്യാദി (36-ാം ഭാഗം)

ഇവ രണ്ടിലും ലക്ഷ്യവ്യംഗ്യാർത്ഥങ്ങൾ സ്വതസ്സംഭവികളും വ്യഞ്ജകങ്ങളുമാകുന്നു. ഇങ്ങനെ ശേഷമുള്ള ഭേദങ്ങൾ പതിനൊന്നിനും ഉദാഹരിക്കേണ്ടതാകുന്നു.

പദാംശവർണ്ണരചനാ-
പ്രബന്ധങ്ങളിലേതിലും
അസംലക്ഷ്യക്രമവ്യംഗ്യ-
ധ്വനിയുണ്ടാം യഥോചിതം. ൭൦)

അസംലക്ഷ്യക്രമവ്യംഗ്യധ്വനി പദാംശമായ പ്രകൃതി, പ്രത്യയം, ഉപസർഗ്ഗം, നിപാതം മുതലായവയുടെ ഭേദങ്ങൾ അനേകപ്രകാരമായി ഭവിക്കും.

ഉദാഹരണം:—

'ചലാപാംഗാം ദൃഷ്ടിം സ്പൃശസി ബഹുശോ
വേപഥുമതീം
രഹസ്യാഖ്യായീവ സ്വനസി മൃദു കർ-
ണ്ണാന്തികചരഃ
കരം വ്യാധുന്വന്ത്യാഃ പിബസി രതിസ-
ർവ്വസ്വമധരം
വയം തത്വാന്വേഷാന്മധുകര! ഹതാ-
സ്ത്വം ഖലു കൃതീ.'

അത്യന്തം വേപമാനാം സ്പൃശസി തരളിതാ-
    പാംഗമാലോകൃതന്താ
ശ്രുത്യന്തേ ചെന്നു പിന്നെ സ്വനസി മൃദു രഹ-
    സ്യം കഥിക്കുന്നപോലെ
പീത്വാ കൈകൾ കുടഞ്ഞാവളുടെയധരം
    ചുംബസി പ്രേമസാരം
* സത്യാന്വേഷം നിമിത്തം വിഫലതരമായോ
    ഞങ്ങൾ നീതാൻ കൃതാർത്ഥൻ.

(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.)

ഇതിൽ 'ഹതരായ്' എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. 'ദുഃഖിതരായി' എന്നല്ല. അതിനാൽ 'ഹത' എന്ന പ്രകൃതിയാണു വ്യഞ്ജകം.

'മുഹുരംഗുലിസംവൃതാധരോഷ്ഠം
പ്രതിഷേധാക്ഷരവിക്ലബാഭിരാമം
മുഖമംസവിവർത്തി പക്ഷ്മളാക്ഷ്യാഃ
കഥമപ്യുന്നമിതം ന ചുംബിതം തു.'

ഇടയിടക്കു മുഹുഃ കരാംഗുലികളാൽ
    ബിംബാധരത്തെ കാ-
ത്തൊളിപ്പിച്ചുമതെന്നധികമസകൃൽ
    അരുതെന്നും വാക്കിനാൽ

---

* സത്യാന്വേഷം നിമിത്തം മധുകര! ഹതരായ്
    ഞങ്ങൾ, നീ താൻ കൃതാർത്ഥൻ.
(പാഠാന്തരം. സാ.)

ചിലയില്ലനകൊണ്ടു ഗണ്ഡഫലകം
തോളിൽ തിരിച്ചീടവേ
ചേലാളും മുഖമാമ്പുജമാകിലുമെനി-
ക്കെന്തിലു ചുംബിക്കുവാൻ.

(കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ.)

ഇതിൽ 'തു' എന്ന നിപാതത്തിനാണ് അനൎത്ഥാപദ്യകത്വം.

'നൃപാലരാ വൃദ്ധരേവ മേ യതയഃ—' ഇത്യാദി ശ്ലോകത്തിൽ (൫-ാം ഭാഗം) 'ആയഃ' എന്ന ബഹുവചനവും, 'താപസഃ' എന്ന ഏകവചനവും, 'അമൈത്രവ' എന്ന സമ്പ്രദാനവും, 'നിഹന്തി' 'ജീവതി' എന്ന രണ്ടു ക്രിയാപദങ്ങളും, 'അദ്യ' എന്ന അവ്യയവും, 'ഗ്രാമടികാ' എന്ന കകാരലുപ്തമായ ശബ്ദിതവും, 'വിലുണ്ഠന്തി' എന്നതിലെ 'വി' എന്ന ഉപസൎഗ്ഗവും, 'ഉരഗഃ' എന്ന ബഹുവചനവും വ്യൎത്ഥകങ്ങളാകുന്നു.

'ആഹാരേ വിരതിഃ, സമസ്തവിഷയ-
ഗ്രാമേ നിവൃത്തിഃ പരാ,
നാസാഗ്രേ നയനം, യദേതദപരം
യച്ചൈകതാനം മനഃ
മൌനം ചേദമിദം ച ശൂന്യമധുനാ
യദ്വിശ്വമാഭാതി തേ,
തൽ ബ്രൂയാഃ സഖി! യോഗിനീ കിമസി, ഭോഃ
കിം വാ വിയോഗിന്യസി.'

ഉണ്ണിന്നാഹാരമൊന്നു, സർവ്വവിഷയ-
ഗ്രാമത്തിൽ വൈരാഗ്യമായ്,
നാസാഗ്രത്തിലാം ദൃഷ്ടി, മനവും
നില്ക്കുന്നിതേകാഗ്രമായ്,
മൗനം പൂണ്ടു, ജഗത്തിതാകെയധുനാ
കാണുന്നു നീ ശൂന്യമായ്,
നൂനം യോഗിനിയോ വിയോഗിനിയതോ
ഏതു തോഴി! നീ ചൊൽകെടോ.

(സ.)

ഇതിൽ 'ആഹാരേ' എന്ന വിഷയസപ്തമിയും 'സമസ്ത' എന്നും 'പരാ' എന്നും ഉള്ള വിശേഷണങ്ങളും 'ഏതത് അപരം' എന്ന പ്രത്യ(ക്ഷ)തയെ സൂചിപ്പിക്കുന്ന സർവ്വനാമവും 'ആഭാതി' എന്നതിലെ ആ എന്ന ഉപസർഗ്ഗവും പ്രണയസൂചകമായ 'സഖി' എന്ന ശബ്ദവും 'അസിഭോഃ' എന്ന പരിഹാസസൂചനവും 'കിം വാ' എന്ന ഉത്തരവചനത്തെ (വിയോഗിനീ എന്ന പക്ഷത്തെ) ഉറപ്പിക്കുന്നു എന്ന സൂചിപ്പിക്കുന്ന 'വാ' ശബ്ദവും 'അസി' എന്ന വർത്തമാനപ്രയോഗവും അതാതു വിഷയങ്ങളെ വ്യഞ്ജിപ്പിക്കുന്നവയാകുന്നതു സഹൃദയന്മാർക്കറിയാവുന്നതാണ്.

വർണ്ണങ്ങളിലും രചനയിലും വരുന്നവയ്ക്ക് ഉദാഹരണം ഇനി (ഗുണപരിച്ഛേദത്തിൽ) പറയും.

പ്രബന്ധത്തിൽ വരുന്നതിനുദാഹരണം—മഹാഭാരതത്തിൽ ശാന്തരസം, രാമായണത്തിൽ കരുണം, മാലതീമാധവം രത്നാവലി മുതലായവയിൽ ശൃംഗാരം; ഇങ്ങനെ മറ്റുള്ളവയിലും കണ്ടുകൊൾക.

ഇതിനാൽ ധ്വനിഭേദങ്ങ-
ളമ്പത്തൊന്നു വിധത്തിലായ്
പണ്ടുള്ള പണ്ഡിതന്മാരാൽ
പറയപ്പെട്ടിതിങ്ങനെ. ൫൮

സങ്കരം മൂന്നു വിധവും
സംസൃഷ്ടിയൊരു ജാതിയും
കൂടിയയ്യായിരത്തിന്മേൽ
മുന്നൂറും പിന്നെ നാലുമാം. ൫൯

ശുദ്ധധ്വനികളമ്പത്തൊ-
ന്നോടു കൂട്ടുമ്പൊളാകവെ
അയ്യായിരത്തിമുന്നൂറി-
യമ്പത്തഞ്ചായിവന്നിടും. ൬൦

അവയിൽ ഏതാനും ചിലതു മാത്രം ഉദാഹരിക്കപ്പെടുന്നു:-

'[illegible]
[illegible]
[illegible]
[illegible]'

[illegible]
[illegible]
[illegible]
[illegible]

ദ്വാരത്തിൽ സ്ഥിതയായി, പൂർണ്ണകലശം,
 നൽത്തോരണത്താമര-
ത്താരാലുള്ളൊരു മാല്യമെന്നിവ ധരി-
 ച്ചായാസമെന്യേ സ്വയം.

(സ്വ.)

ഇതിൽ കുചങ്ങളാകുന്ന പൂർണ്ണകലശങ്ങളും, കണ്ണുകളാകുന്ന തോരണത്താമരത്താരാലുള്ളൊരു മാല്യവും, എന്ന രൂപകാലങ്കാരധ്വനിയും ശൃംഗാരരസധ്വനിയും ഒരിടത്തുതന്നെ ചേരുംവഴികൊണ്ടു സങ്കരമാകുന്നു.

'ധിനാപത്യുദ്ഗതി കദളൂർദ്ധരമ്ലീയമാനിനി
പൂർവ്വയാനീനാപ്പ്രഭയന്തി മരന്ദ്രിനാനി
* നിസ്ത്രപസ്രവദനാരതനാരവിന്ദ-
സൌരഭ്യസൌഹൃദസഗർവ്വസമീരണാനി.'

---

* നിസ്ത്രപൻ എന്ന പദത്തിനു മടിയില്ലാത്തവൻ എന്നർത്ഥം. ഇവിടെ ചന്ദ്രവിശേഷണമായ നിസ്ത്രപപദത്തിന് ഈ അർത്ഥം ബാധിതമാകകൊണ്ട് പ്രകാശമാനം എന്ന അർത്ഥത്തിൽ ലക്ഷണ. പ്രകാശാതിശയബോധം പ്രയോജനം. ഇങ്ങനെ പ്രേമവാചകമായ സൌഹൃദ (സൌഹാർദ്ദ) എന്ന പദത്തിനു സാദൃശ്യം എന്ന അർത്ഥത്തിൽ ലക്ഷണ. സാദൃശ്യാതിശയബോധം പ്രയോജനം. അചേതനമായ വായുവിനു ഗർവ്വം ഉണ്ടാകാത്തതുകൊണ്ട് സഗർവ്വം എന്ന പദത്തിന് ഉൽകൃഷ്ടം എന്ന അർത്ഥത്തിൽ ലക്ഷണ. സാദൃശ്യാതിശയബോധം പ്രയോജനം. ഇവയിൽ വാച്യാർത്ഥം അർത്ഥാന്തരസംക്രമിതമല്ലാത്തതുകൊണ്ട് അത്യന്തതിരസ്കൃതവാച്യമാകുന്നു.

അത്യന്തം മദമൂർച്ഛയാൽ പുണ്ഡ്രകുതികം
പ്രേമഗോപാലസംഗീതകലാ-
ലയാപന്യാസമധുരനാദത്തിനു കല-
ർത്തൊരാം പൊരുന്നുന്നതായ്
നിസ്പന്ദഭ്രൂകൃതിമുഖാംബുജലസൽ-
സ്വേദബിന്ദുസന്ദോഹാ-
ന്ദ്രൽ ഗോപ്പസമിതി കയറിനം
ചേർന്നിരുന്നിടുന്നു.

(൬൨)

ഇതിൽ 'നിസ്പന്ദ' ഇത്യാദികളിൽ ലക്ഷണാമൂലധ്വനികളുടെ സംസൃഷ്ടിയാകുന്നു.

അനന്തരം ഗുണീഭൂതവ്യംഗ്യത്തെ പറയുന്നു:—

വാച്യത്തെക്കാൾ ചമൽക്കാരം
വ്യംഗ്യത്തിനു വരാഞ്ഞിട്ടോ
ഗുണീഭൂതവ്യംഗ്യമെന്നു
പേരിട്ടൊന്നാകുമായതു്. (൨൫)

പേരിട്ടൊന്നു, പേരേ ഒരു വിധം കാവ്യം. വ്യംഗ്യത്തിനു വാച്യത്തെക്കാൾ ചമൽക്കാരം വരാഞ്ഞു, വാച്യത്തെക്കാൾ കുറഞ്ഞിട്ടും വാച്യത്തോടു സമമായിട്ടും സംഭവിക്കാം.

ഇതരാംഗവു,മവ്വണ്ണം
കാക്വാക്ഷിപ്തം, ച വാച്യസിദ്ധ്യംഗം,
സന്ദിഗ്ദ്ധപ്രാധാന്യം,
തുല്യപ്രാധാന്യ,മെന്നതും പിന്നെ. ൮൨.

അസ്ഫുടം,മഗൂഢം,മഥ പുന-
രസുന്ദരാഖ്യം,വ്യംഗ്യമേവമെട്ടുവിധം
അക്കാവ്യത്തിൻ ഭേദം
പ്രാചീനന്മാർ പറഞ്ഞിരിക്കുന്നു. ൮൩.

ഇതരാംഗം, ഇതരങ്ങളായ രസാദികളുടെ അംഗമായ രസാദികളാകുന്ന വ്യംഗ്യത്തോടുകൂടിയതു്.

ഉദാഹരണം:—

* 'അയം സ രശനോത്കർഷീ
പീനസ്തനവിമർദ്ദനഃ
നാഭ്യൂരുജഘനസ്പർശീ
നീവീവിസ്രംസനഃ കരഃ.'

പിടിച്ചരശനയെ പീനകുചമിഴിച്ചും
തടിച്ച ജഘനത്തുടകൾ തൊട്ടിരുന്നതും
ഇടക്കുമൊക്കപ്പൊക്കിൾ തലോടി, നീവിയേൾ-
പൊട്ടതഴിച്ചുന്നതുമായ കയ്യിതാ.

(സ.ച)

ഇതിൽ ശൃംഗാരം കരുണത്തിന്റെ അംഗമാകുന്നു.

---

* ഇതു ഭാരതയുദ്ധത്തിൽ അർജ്ജുനൻ മുറിച്ചിട്ട ഭൂരിശ്രവസ്സിന്റെ കൈ കണ്ടിട്ട് അവന്റെ ഭാര്യ പ്രലപിക്കുന്നതാകുന്നു.

‘മാദ്നോന്നതരം പ്രണയിനീമനസോളുകാര-
സ്വച്ഛൈശ്വര്യസാഗരതരോൽഗതകല്ലോലപാ:
ഹാ ഹാ കഥം ന ഭവതോ ദിപുരാജധാനീ-
പ്രാസാദസുന്ദതതിഷു തിഷ്ഠതി കാകിലോക:’

പാരം മദനകിയന്ന മാനിനികളെ-
 ത്തൻ പാട്ടിലാക്കീടുവാ-
നാരംഭിച്ചരിരാജധാനികളിലെ
 പ്രാസാദജാലങ്ങളിൽ
സാരസ്യം കൂടുന്ന കാകികൾ ഭവൽ-
 സൈന്യാഗ്നികാലാന്തരം
ക്രൂരം കണ്ണുപൂട്ടം പിളർത്തളയിൽ
 ഹാ ഹാ കഥം വാഴ്വവോർ.

(സ.ച.)

ഇതിൽ ഔത്സുക്യം, ത്രാസം എന്ന രണ്ടു ഭാവങ്ങളുടെ സന്ധികൊണ്ടു അംഗി കൂടിട്ടുള്ള കരുണരസം, രാജവിഷയമായ രതിയുടെ അംഗമാകുന്നു. അതിനാൽ ഇതു ‘ഉതരാംഗ’മായി.

ജനസ്ഥാനേ ഭ്രാന്തം കനകമൃഗതൃഷ്ണാന്ധിതധിയാ
വചോ വൈദേഹീതി പ്രതിപദമുദശ്രു പ്രലപിതം
കൃതാ ലങ്കാഭർത്തുർവദനപരിപാടീഷു ഘടനാ
മയാപ്തം രാമത്വം കുശലവസുതാ ന ത്വധിഗതാ.

* ജനസ്ഥാനാന്തമോടീ കനകമൃഗതൃഷ്ണാന്ധമതിയാ,
ഉരച്ചേൻ കണ്ണീർവാർത്തിടയിടയിൽ വൈദേഹിപദവും
കൃതാ ലങ്കാനാഥാനനതതിയിലമ്പിന്റെ ഘടനാ
ലഭിച്ചേൻ രാമത്വം, കുശലവസുതാവാപ്തിയായീലക.

(സ-ു)

---

* ഞാൻ, ധനം സമ്പാദിപ്പാനായിട്ട പലവിധം പരിശ്രമിച്ചിട്ടും ഫലസിദ്ധിയുണ്ടാകാതെ നിരാശനായ ഒരാളുടെ വാക്കാണ്. എനിക്ക രാമത്വം സിദ്ധിച്ചു എന്ന് അകപ്പാടെ ആദ്യം തോന്നുന്നു. പിന്നെ ഒരാളുടെ ധർമ്മം വേറെ ഒരാൾക്ക് എങ്ങനെ സിദ്ധിക്കും എന്ന അനുപപത്തിയെ ആലോചിക്കുമ്പോൾ സമാനരൂപങ്ങളായ ശബ്ദങ്ങളുടെ സാമർത്ഥ്യംകൊണ്ടു ധ്വനിക്കുന്ന സാദൃശ്യത്തെ പുരസ്കരിച്ചിട്ട രാമന്റെ സാദൃശ്യം ലഭിച്ചു എന്ന പരമാർത്ഥബോധമുണ്ടാകുന്നു. സാദൃശ്യഘടകങ്ങളായ സാധർമ്മ്യങ്ങളെ സമാനരൂപങ്ങളായ ശബ്ദങ്ങളെക്കൊണ്ടു പറയുന്നു.

കനകമൃഗതൃഷ്ണാന്ധമതിയായ രാമൻ ജനസ്ഥാനത്ത് ഓടി, കനകമൃഗത്തിൽ (പൊന്മാനിൽ ഉള്ള) തൃഷ്ണ (ആഗ്രഹം) കൊണ്ടു, അന്ധമതിയായിട്ട് ജനസ്ഥാനം എന്ന ദണ്ഡകാരണ്യഭാഗത്തിൽ ഓടി നടന്നു. ഞാൻ കനക (ധന) ത്തിന്റെ, മൃഗ (അന്വേഷണ)ത്താലും, തൃഷ്ണയാലും (ആഗ്രഹത്താലും) ഭ്രാന്തചിത്തനായിട്ട് ജനങ്ങളുള്ള സ്ഥലത്ത് ഓടി നടന്നു. രാമൻ കണ്ണീർവാർത്ത് ഇടയ്ക്കിടെ വൈദേഹി (സീതേ! എന്ന) പദത്തെ ഉരുവിട്ടുകൊണ്ടാണ് നടന്നത്. ഞാൻ, വൈ (നിശ്ചയമായും) ദേഹി (വല്ലതും തരണം) എന്ന പദത്തെ ഇടയ്ക്കിടെ കണ്ണീരൊഴുകിക്കൊണ്ട്, ഉരച്ചേൻ (പറഞ്ഞു.) രാമനാൽ ലങ്കാനാഥന്റെ (ലങ്കയിലെ രാജാവായ രാവണന്റെ) ആനന (മു ഖ) ങ്ങളുടെ തതിയിൽ (സമൂഹത്തിൽ) അമ്പിന്റെ (ബാണത്തിന്റെ) ഘടനാ (സംയോഗം = പ്രയോഗം) കൃതാ (ചെയ്യപ്പെട്ടു); എന്നാൽ നാഥന്മാരുടെ (ധനവാന്മാരുടെ) ആനനതതിയിൽ (മുഖസമൂഹത്തിൽ) അമ്പിന്റെ (ഭയയുടെ) കാ (ഒരു) ഘടനാ (സംയോഗം-ഭയ ജനിക്കയാലുള്ള പ്രയോഗം-പല പ്രകാരത്തിലുള്ള ദൈന്യപ്രക

ഇവിടെ 'രാമത്വം പ്രാപ്തം' (രാമസാദൃശ്യം സിദ്ധിച്ചു) എന്നു ശബ്ദംകൊണ്ടു പറയാതിരുന്നാലും, ശക്തികൊണ്ടുതന്നെ രാമസാദൃശ്യം അറിയപ്പെടുന്നു. 'രാമത്വം പ്രാപ്തം' എന്ന ശബ്ദം പ്രയോഗിച്ചതിനാലാകട്ടെ അതു, സാദൃശ്യമൂലകമായ താദാത്മ്യാരോപത്തെ സ്പഷ്ടീകരിക്കുന്നതാകകൊണ്ട് അതിന്റെ (ആസ്സാദൃശ്യത്തിന്റെ) ഗുണത നിരസിക്കപ്പെടുകയും ചെയ്തു. അതിനാൽ (സാദൃശ്യഗോപനനിരാസത്താൽ) വാച്യമായ സാദൃശ്യം, വാക്യാർത്ഥോപായത്തെ നിർവ്വഹിപ്പാൻ സാധകമായിത്തീർന്നുകൊണ്ട് അംഗമായിത്തീരുകയും ചെയ്തു.

കാകുവാക്ഷിപ്തത്തിനുദാഹരണം:—

'മഥ്നാമി കൌരവശതം സമരേ ന കോപാൽ
ദുശ്ശാസനസ്യ രുധിരം ന പിബാമ്യുരസ്തഃ
സംചൂർണ്ണയാമി ഗദയാ ന സുയോധനോരൂ
സന്ധിം കരോതു ഭവതാം നൃപതിഃ പണേന.'

നാമി) അലം (ഏറ്റവും) കൃതാ (ചെയ്യപ്പെട്ടു) ഇങ്ങനെ എനിക്കു രാമത്വം (രാമന്റെ അവസ്ഥ) ലഭിച്ചു. പക്ഷേ അല്പം ഒരു വ്യത്യാസമുണ്ട്. അതെന്തെന്നാൽ, കുശലവസുതാവാപ്തിയൊഴികെ. രാമനു കുശലവസുതാവാപ്തിയുണ്ടായി; എനിക്ക് അതുണ്ടായില്ല. രാമനു കുശലവന്മാരാകുന്ന സുതന്മാരോടുകൂടിയവളുടെ (സീതയുടെ) അവാപ്തി (ലാഭം) ഉണ്ടായി. എനിക്കു, കുശലമായ (ദാരിദ്ര്യത്തെ നീക്കി ക്ഷേമത്തെ ഉണ്ടാക്കുന്നതായ) വസുവോടു (ധനത്തോടു) കൂടിയവൻ എന്ന അവസ്ഥയുടെ അവാപ്തി (പ്രാപ്തി, ലാഭം) എന്നു യോജന.

കൂടിക്കില്ലാ പോരിൽ കപിതനിവഹ-
മെങ്കരവശതം
കടിക്കില്ലാ ദുർന്നൃപന്മാരുടെ കട-
ക്ഷോഭ ഹൃദയാൽ
പൊടിക്കില്ലാ ദുർമ്മദന്മാരുടെ ഇട-
ക്കാമ്യ ഗദയാൽ
ഇടക്കട്ടെ മൂല്യത്തിനു നൃപതി സ-
ന്ധിക്ക ലേഖം.

(സ.)

ഇതിൽ 'മധ്നാമ്യേവ' (നിശ്ചയമായി നശിപ്പിക്കുന്നതാണ്) എന്നുള്ള വ്യംഗ്യം 'നമധ്നാമി' (നശിപ്പിക്കയില്ല) എന്നുള്ള നിഷേധത്തോടുകൂടിത്തന്നെ നില്ക്കുന്നു (ശോഭനം.)

'ദീപയൻ രോദസീരന്ധ്ര-
മേഷ ജ്വലതി സർവ്വതഃ
പ്രതാപസ്തവ രാജേന്ദ്ര!
വൈരിവംശദവാനലഃ.'

ഭവൽ പ്രതാപം രാജേന്ദ്ര!
രോദോരന്ധ്രത്തിലെങ്ങുമേ
പ്രകാശമേകിക്കത്തുന്നു
ശത്രുവംശദവാഗ്നിയായ്.

(സ.)

ഇതിൽ വംശത്തിനു വേണുത്വം ആരോപിക്കുകയാകുന്നു

വ്യംഗ്യം. അതു പ്രതാപത്തിനു ദാവാനലത്വം ആരോപിക്കുന്നതിന്റെ സിദ്ധിക്ക് അംഗമായിത്തീരുന്നു.

'ഹരസ്തു കിഞ്ചിൽ പരിവൃത്തധൈൎയ്യഃ—(206-ാംഭാഗം) എന്നിത്യാദി ശ്ലോകത്തിൽ വിലോചനവ്യാപാരം, ചുംബനാഭിലാഷം എന്നിരണ്ടു കാൎയ്യങ്ങളിൽവെച്ച് ഏതിനാണു പ്രാധാന്യമെന്നുള്ളതിൽ സന്ദേഹം ജനിക്കുന്നു.

'ബ്രാഹ്മണാതിക്രമത്യാഗോ
ഭവതാമേവ ഭൂതയേ
ജാമദഗ്ന്യശ്ച വോ മിത്ര-
മന്യഥാ ദുൎമ്മനായതേ.'

നിങ്ങൾക്കു നന്മയുളവാകണമെന്നിരിക്കി-
ലങ്ങാക്രമിക്കരുതു വിപ്രകുലത്തിലൊന്നും
ചങ്ങാതിയായ ജമദഗ്നിജനല്ലയെങ്കി-
ലെങ്ങാനുമങ്ങയോടു നീരസമുത്ഭവിക്കും.

(സ.ച)

ഇതിൽ പരശുരാമൻ രാജന്യകുലം മുടിച്ചുമെന്നുള്ള വ്യംഗ്യത്തിനും വാച്യത്തിനും പ്രാധാന്യം സമമാകുന്നു.

'സന്ധൌ സൎവ്വസ്വഹരണം
വിഗ്രഹേ പ്രാണനിഗ്രഹഃ
അല്ലാവുദ്ദീനനൃപതൌ
ന സന്ധിൎന്ന ച വിഗ്രഹഃ'

ഖില്ലാഖാനങ്ങളുടെ ഭടരിണങ്ങിനിന്നാൽ
കൊല്ലാതയയ്ക്കുകയുമില്ല പിണങ്ങിയെന്നാൽ
അല്ലാവുദീനസുരതാനൊടു പിണങ്ങിയാലു-
മില്ലാഗുണം ചെറുതുമപായമിണങ്ങിയാലും.

(സ.ച)

ഇതിൽ അല്ലാവുദീനെന്ന രാജാവിനെ പ്രസാദിപ്പിപ്പാൻ ദാനസാമാദികൾ കൂടാതെ വേറെ യാതൊരു ഉപായവുമില്ലെന്നുള്ള വ്യംഗ്യം, വ്യുൽപന്നന്മാർക്കുകൂടി വേഗത്തിൽ മനസ്സിലാവാത്തതിനാൽ 'അസ്ഫുട'മാകുന്നു.

'അനേന ലോകഗുരുണാ
സതാം ധർമ്മോപദേശിനാ
അഹം വ്രതവതീ സ്വൈര-
മുക്തേന കിമതഃ പരം.'

പാരാകെപ്പുകഴൊന്ന ലോകഗുരുവായ്
ധർമ്മോപദേശങ്ങളാൽ
പാരം സജ്ജനപൂജ്യനായമരുമി-
ദ്ദേഹത്തിനാലിവിധം
സ്വൈരം ഞാൻ വ്രതമാചരിച്ചു മതിയു-
ണ്ടോളമായ് കലാശിച്ചു; മ-
റ്റോരോരോന്നറിയുന്നതെന്തതിനിയു-
ള്ളിട്ടെന്തു കിട്ടും ഫലം.

(സ.ച)

ഇതിൽ ശാക്യമുനിയുടെ, തിൎയ്യഗ്യോനിജയായ സ്ത്രീയിലുള്ള ബലാൽകാരോപഭോഗം വ്യഞ്ജിക്കുന്നുണ്ടെങ്കിലും, അതു സ്പഷ്ടതനിമിത്തം വാച്യാൎത്ഥപ്രായമായിത്തീൎന്നിരിക്കുന്നതിനാൽ 'അഗൂഢ'മാകുന്നു.

'വാണീരകുഡംഗുഡ്ഡീണ-
സഉണികോലാഹലം സുണന്തീഏ
ഘരകമ്മവാവഡാഏ
വഹുഏ സീഅന്തി അംഗാഇം.'
വാനീരകുഞ്ജോഡ്ഡീന-
ശകുനികോലാഹലം ശൃണ്വന്ത്യാഃ
ഗൃഹകൎമ്മവ്യാപൃതായാഃ
വധ്വാഃ സീദന്ത്യംഗാനി.

(ഛായാ)

കൂട്ടത്തോടാറ്റുവഞ്ചിക്കടിയിലിടയിൽ വന്നി-
ട്ടൊരുന്നാരപ്പക്ഷിവൃന്ദം
കൂട്ടിച്ചേൎന്നാൎത്ത കോലാഹലമതു ചെവിയിൽ
ചെന്നു പെട്ടോരനേരം
വീട്ടിൽ ചെയ്യേണ്ടതായുള്ളനവധി പണിയോ-
ടൊന്നു ചെയ്യുന്ന മദ്ധ്യേ
ചൊട്ടുന്നങ്ങാവിയാൎന്നുന്നവയവമഖിലം
മാന തിരൊന്നതുണ്ണിന്.

(സാ.)

ഇതിൽ സങ്കേതം കുറിക്കപ്പെട്ടിരുന്ന പുരുഷൻ ലതാഗൃഹത്തിലെത്തിയിരിക്കുന്നു എന്നുള്ള വ്യംഗ്യാൎത്ഥങ്ങൾ 'അംഗങ്ങൾ തള

ന്നു' എന്നുള്ള വാച്യത്തിനാണു ചമൽക്കാരമെന്നു സഹൃദയന്മാർക്കു നല്ലവണ്ണം അറിയാവുന്നതാകകൊണ്ട് 'അസുന്ദര'മാകുന്നു.

അതുതന്നെയല്ല; ദീപകം തുല്യയോഗിത മുതലായ അലങ്കാരങ്ങളിൽ വ്യംഗ്യമായ ഉപമാദ്യലങ്കാരവും, വാച്യത്തിനു ദീപകാദികൾക്കു തന്നെ ചമൽക്കാരമുണ്ടാകുന്നതിനാൽ ഗുണീഭൂതവ്യംഗ്യം തന്നെ.

അതു ധ്വനികാരനാൽ പറയപ്പെട്ടിട്ടുണ്ട്:—

'അലങ്കാരാന്തരസ്യാപി പ്രതീതൗ യത്ര ഭാസതേ
തൽപരത്വം ന വാച്യസ്യ നാസൗ മാർഗ്ഗോ ധ്വനേർമ്മതഃ'
അലങ്കാരാന്തരം വ്യഞ്ജിച്ചീടിലും തൽപ്രധാനമായ്
വാച്യം ശോഭിപ്പതില്ലെങ്കിൽ ധ്വനിയല്ലതു കേവലം.

യാതൊരിടത്ത് അന്യങ്ങളായ ശബ്ദാദികളെക്കൊണ്ടു മാറ്റിട്ടു ചമൽക്കാരമുണ്ടാക്കുന്നുവോ അവിടെയും മറ്റൊരുപ്രകാരത്തിലുള്ള ഗുണീഭൂതവ്യംഗ്യം തന്നെ.

ഉദാഹരണം:—

'ദൃഷ്ട്യാ കേശവ ഗോപരാഗഹൃതയാ
കിഞ്ചിന്ന ദൃഷ്ടം മയാ
തേനാത്ര സ്ഖലിതാസ്മി നാഥ പതിതാം
കിം നാമ നാലംബസേ
ഏകസ്ത്വം വിഷമേഷു ഖിന്നമനസാം
സർവ്വാബലാനാം ഗതിഃ
ഗോപ്യൈവം ഗദിതസ്സലേശമവതാൽ
ഗോഷ്ഠേ ഹരിർവ്വശ്ചിരം.'

* കണ്ണൻ കേശവ! ഗോപരാഗഹൃതമാ-
യൊന്നും ഗ്രഹിക്കായ്കയാൽ
തിണ്ണം തെന്നിടറീടിനേൻ പതിതയേ-
ത്താങ്ങാത്തതെന്തോ ഭവാൻ?
കണ്ണാ! നീ വിഷമേഷുഖിന്നതകളിൽ
സർവ്വാബലാലംബമീ-
വണ്ണം ഗോപികയാൽ നിഗൂഢഗദിതൻ
കണ്ണൻ നമുക്കാശ്രയം. (സ്ര)

---

* ഹേ കേശവ! എൻകണ്ണ്, ഗോപരാഗഹൃതം = ഗോ (പശു)ക്കളുടെ പരാഗത്താൽ(പൊടിയാൽ) ഹൃതം (ഹരിക്കപ്പെട്ടതു = മറയ്ക്കപ്പെട്ടതു്)ആയിട്ട് ഒന്നും (ഒരു പദാർത്ഥവും) ഗ്രഹിക്കായ്കയാൽ (തിരിച്ചു മനസ്സിലാകാത്തതുകൊണ്ട്) ഇടറീടിനേൻ (കാൽ വഴുതി വീണു പോയി) പതിതയെ (വീണു കിടക്കുന്നവളെ) ഭവാൻ താങ്ങാത്തതു് എന്തേ? അങ്ങനെ താങ്ങുവാൻ യോഗ്യനാണെന്നു പറയുന്നു. വിഷമേഷു (അപകടങ്ങളിൽ) ഖിന്നതകളിൽ (ദുഃഖങ്ങളിൽ) സർവ്വാബലാലംബമാം (സ്വരക്ഷക്ക് അശക്തന്മാരായിട്ടുള്ളവർക്കെല്ലാം ആശ്രയമായിട്ടുള്ളവൻ) എന്നു വാച്യാർത്ഥം.

ഹേ കേശവ! എൻകണ്ണ് ([illegible]) ഗോപരാഗഹൃതം ഗോപനിൽ, (പശുപാലനായ സ്വകാന്തനിൽ) ഉള്ള രാഗ (പ്രേമ) ത്താൽ, ഹൃതം (മറ്റുള്ളതൊന്നും അറിവാൻ കഴിയാത്തതാക്കിച്ചെയ്യപ്പെട്ടതു്) ഒന്നും (അങ്ങയുടെ രഹസ്യങ്ങളൊന്നും) ഗ്രഹിക്കായ്കയാൽ (അറിയായ്കയാൽ) ഇടറീടിനേൻ (പരകീയാസക്തിക്കു സംഗതിവരുത്തിയായി) പതിതയെ (ശരണാഗതയെ) ഭവാൻ താങ്ങാത്തതെന്തേ? വിഷമേഷുഖിന്നതകളിൽ = വിഷമേഷു (കാമദേവൻ) നിമിത്തമുള്ള ഖിന്നതകളിൽ (സങ്കടങ്ങളിൽ) സർവ്വാബലാലംബമാം (എല്ലാ സ്ത്രീകൾക്കും ആശ്രയം) എന്നു നിഗൂഢാർത്ഥം.

ഇതിൽ ഗോപരാഗാദി ശബ്ദങ്ങളുടെ ഗോപനിലുള്ള രാഗം എന്നിവ്യാദികളുടെ വ്യംഗ്യാർത്ഥങ്ങൾ സലേശം (നിശ്ശേഷം) എന്ന പദംകൊണ്ടു സ്പഷ്ടമായിത്തീർന്നിരിക്കുന്നു. സലേശം എന്ന പദമില്ലാതിരുന്നെങ്കിൽ ധ്വനിയാണ്.

അതുതന്നെയല്ല, യത്രതാദിഷ്ടു വസ്തു, അലങ്കാരം, രസം മുതലായ വ്യംഗ്യങ്ങൾക്ക രസാദികൾ ഗുണീഭാവം വരുന്നുവോ അവിടെ പ്രധാനമായിട്ടുള്ളതിനെ പ്രമാണിച്ച് തന്നെയാണ് കാവ്യവ്യവഹാരം (കാവ്യമെന്ന നിർദ്ദേശം).

അതും അഭിപ്രായം (ധ്വനികാരൻ) തന്നെ പറഞ്ഞിട്ടുണ്ട്:—

'ഗുണീഭൂതവ്യംഗ്യത്തെ-
ഗ്ഗ്ലാദികാവ്യവിശേഷവും
രസാദിസമന്വിതോ ഭേദം
ധ്വനിരൂപം താനിതം'. എന്ന്

* [ശൃംഗാരാദി ഇങ്ങനെ യാതൊരിടത്തു ഭാവാദികളായ വ്യംഗ്യങ്ങൾക്ക് താൽപര്യവിഷയമാകുന്നതുകൊണ്ടു പ്രധാനത്വം വരുന്നുവോ അവിടെ മാത്രമേ അതിനു കാവ്യവ്യവഹാരമുള്ളൂ എന്ന നിർബന്ധമില്ല. ഇങ്ങനെ വാചകങ്ങൾ ധ്വനിതരം ഗുണീഭൂതവ്യംഗ്യം മുതലായ ഇല്ലെന്ന വാദിക്കുകൊണ്ടു പിന്നെ ഗുണീഭൂതവ്യംഗ്യം കാവ്യമാകുന്നു' എന്ന പറയുന്നു:—]

'അത്രാന്തരമാം പ്രകാശമാനാ-
ളുത്ഭവിഹാ ഭാവനാതീതമല്ലേ'

* ഇതു വ്യാഖ്യാനത്തിൽനിന്നെടുത്തതാണ്.

സാധ്യാളകം ശ്ലാഘ്യനവതാരകാകാശംസ്യ-
പ്യാനംഗതന്ത്രപദ്യവിധിം വിധത്ത.'

കണ്ടാരത ശോണനഖമണി ദീധിതി, വാനിലെഴുന്ന
തിങ്കൾക്കലതന്നിലുണ്ടായിരുന്ന ഘയദ്യാ
രൂപവും മറ്റും കലാതന്ത്രങ്ങളിലാനന്ദത്തിൽ
ശൃംഗാരവേഷമാനായാംവിധി ചെയ്യുന്നു. (സ. 1)

എന്നിത്യാദികളിലൊക്കെ രസാദികൾക്ക് നഗരീവൃത്താന്താദി വസ്തുവിന്റെ മാത്രം അംഗതാപാരമ്യം; അവിടെ അവയ്ക്കു (രസാദികൾക്ക്) താത്പര്യവിഷയതാപദമില്ലെങ്കിലും ഗുണീഭൂതങ്ങളായ അവയെക്കൊണ്ടുതന്നെയാണ് ആ കാവ്യമെന്ന വ്യവഹാരമുണ്ടാകുന്നതു്. അതു് എന്റെ സഗോത്രനും കവിപണ്ഡിതമുഖ്യനുമായ ശ്രീ 'ചണ്ഡീദാസ്'പാദങ്ങൾ പറയപ്പെട്ടിട്ടുണ്ട്: 'എന്നായിട്ടുള്ള ഒരു വിചാരത്താൽ വാക്യത്തിനാസ്വാദം ഉണ്ടാകുന്നതിനാൽ തദ്‌ദ്യോതകം മാത്രമുള്ളതുകൊണ്ട് അനുഭാവഭേദത്തിൽ ഗുണപ്രധാനമായ ഭാവസ്ഥ[illegible]ണം അന്യവിഷയമാകുന്നതേയില്ല; എന്നാൽ കാലാന്തരത്തിൽ പ്രകരണാദിപര്യാലോചനകൊണ്ട് അതു് ഗുണപ്രാധാന്യപ്രതീതി ഉണ്ടാകുന്നതാണെങ്കിലും കാവ്യവ്യപദേശത്തെ നശിപ്പിപ്പാൻ അതിനു ശക്തിയില്ല; എന്തുകൊണ്ടെന്നാൽ അതു് ആസ്വാദത്തെ മാത്രം ആശ്രയിച്ചിട്ടുള്ളതാകുന്നു' എന്ന്.

ചിലർ ചിത്രമെന്ന പേരോടുകൂടിയതായി മൂന്നാമതായിട്ട് ഒരു കാവ്യഭേദത്തെക്കൂടി ഉൾപ്പെടുത്തുന്നു. അതിനെപ്പറ്റി അവർ പറയുന്നു:—

'ശബ്ദചിത്രവുമർത്ഥ-
ചിത്രവുമിങ്ങനെ

അവ്യംഗ്യമധമം കാവ്യം
പൂൎവ്വന്മാരാലുദീരിതം.' എന്ന്.

അതു ശരിയല്ല. എന്തുകാരണമെന്നാൽ—'അവ്യംഗ്യം' എന്നതിന വ്യംഗ്യമില്ലാത്തത് എന്ന അൎത്ഥമാണ വിവക്ഷിക്കുന്നതെങ്കിൽ, അതിന കാവ്യത്വമില്ലെന്നു മുമ്പിൽതന്നെ പറയപ്പെട്ടിട്ടുണ്ട്. അല്പമായ വ്യംഗ്യത്തോടുകൂടിയത് എന്നാണ വിവക്ഷയെങ്കിൽ അല്പവ്യംഗ്യത്വമെന്നുള്ളതെന്താണ്? ആസ്വാദ്യമായ വ്യംഗ്യമോ? അനാസ്വാദ്യമായ വ്യംഗ്യമോ? ആദ്യം പറഞ്ഞതാണെങ്കിൽ അതു മുൻപറഞ്ഞ ധ്വനി, ഗുണീഭൂതവ്യംഗ്യം എന്ന രണ്ടു ഭേദങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. രണ്ടാമത്തേതാണെങ്കിൽ അതിന കാവ്യത്വമില്ല. ആസ്വാദ്യമാണെങ്കിൽ അല്പത്വം (ക്ഷുദ്രത്വം) തന്നെ. ക്ഷുദ്രമാണെങ്കിൽ അനാസ്വാദ്യവുമാണ്.

അതു ധ്വനികാരനാൽ പറയപ്പെട്ടിട്ടുണ്ട്:—

* 'വ്യംഗ്യത്തിന്നുണ്ടാം പ്രാധാന്യം.
ഗുണഭാവങ്ങൾപ്പലമായ്,
ഏവം രണ്ടായ്ത്തിരിയും കാവ്യം,
അതല്ലാത്തതു ചിത്രമാം.' എന്ന്

ഇപ്രകാരം സാഹിത്യദൎപ്പണത്തിൽ കാവ്യഭേദ
നിരൂപണം എന്ന ചതുൎത്ഥ
പരിച്ഛേദം കഴിഞ്ഞു.

---

* 'വ്യംഗ്യത്തിന' എന്നിത്യാദി—വ്യംഗ്യാൎത്ഥത്തിന്റെ പ്രാധാന്യമുണ്ടാകുമ്പോൾ ധ്വനി; അതിന ഗുണഭാവമുണ്ടാകുമ്പോൾ ഗുണീഭൂതവ്യംഗ്യം; ഇതു രണ്ടിൽനിന്നും ഭിന്നമായും രസഭാവാദിതാൽ

പര്യവസിതമായും, വ്യംഗ്യാർത്ഥവിശേഷത്തെ പ്രകാശിപ്പിപ്പാൻ ശക്തിയില്ലാത്തതായും ഇരിക്കുന്ന കാവ്യം, കേവലം വാച്യവാചകവൈചിത്ര്യത്തെ മാത്രം അവലംബിച്ചു രചിക്കപ്പെട്ടതും ഏതാണ്ടൊരു ചിത്രം എഴുതിവച്ചിരിക്കുന്നതുപോലെ തോന്നുന്നതും ആകയാൽ അതു ചിത്രം. ആ ചിത്രം രണ്ടുവിധമുണ്ടെന്നു ധ്വനികാരൻതന്നെ താഴെ കാണുന്ന കാരികകൊണ്ടു സ്ഥാപിച്ചിരിക്കുന്നു:—

"ചിത്രം ശബ്ദാർത്ഥഭേദേന
ദ്വിവിധം ച വ്യവസ്ഥിതം.
തത്ര കിഞ്ചിച്ഛബ്ദചിത്രം
വാച്യചിത്രമതഃപരം."

ചിത്രം ശബ്ദാർത്ഥഭേദത്താൽ
രണ്ടുമാതിരിയായതും
ഒന്നർത്ഥചിത്രം, മറ്റേതു
ശബ്ദചിത്രവുമിങ്ങനെ.

അതിൽ ദുഷ്കരങ്ങളായ യമകാദികൾ ശബ്ദചിത്രം; ഈ ശബ്ദചിത്രത്തിൽനിന്നു അന്യമായും വ്യംഗ്യാർത്ഥസ്പർശം കൂടാതെ വാച്യാർത്ഥംതന്നെ മുഖ്യമായിരിക്കുന്നതായും, രസാദിതാൽപര്യരഹിതമായും ഇരിക്കുന്ന ഉൽപ്രേക്ഷ മുതലായതു് അർത്ഥചിത്രം. യാതൊന്നിൽ വ്യംഗ്യാർത്ഥസംസ്പർശമില്ലയോ അതിൽ പിന്നെ ചിത്രമെന്നതു് എന്താണ്? അവിടെ, യാതൊന്നിൽ വസ്തുവോ അലങ്കാരമോ രസമോ വ്യംഗ്യമായിട്ടു വരുന്നില്ലയോ അതാണു ചിത്രത്തിന്റെ വിഷയം എന്നു കല്പിക്കാം. ഇവിടെ ഒരു ശങ്ക ജനിക്കുന്നു—വസ്തുസ്പർശം കൂടാതെ യാതൊരു കാവ്യവും ഉണ്ടാവാൻ തരമില്ലാത്തതിനാൽ രസാദികൾക്കു് അവിഷയമായിട്ടു കാവ്യഭേദങ്ങളിലൊന്നും സംഭവി

ക്കുക തന്നെയില്ല. എന്തുകൊണ്ടെന്നാൽ, ഒരു വസ്തുവിനെ സ്പർശിക്കാതെ ഒരു കാവ്യവും ഉണ്ടാകുന്നതല്ല. ലോകത്തിലുള്ള സർവ്വവസ്തുവും അവശ്യം ഏതെങ്കിലും ഒരു രസത്തിന്റെ അംഗമായിട്ടും ഭവിക്കുന്നതാണല്ലോ. രസാദികൾ വിശാലരൂപത്തിൽ ചിത്തവൃത്തിവിശേഷങ്ങളാണല്ലോ. ചിത്തവൃത്തിവിശേഷത്തെ ഉണ്ടാക്കാത്തതായ വസ്തു യാതൊന്നുമില്ല. ചിത്തവൃത്തിവിശേഷത്തെ ജനിപ്പിക്കാതിരുന്നാൽ അതു കവിവിഷയമായിട്ടുതന്നെ ഭവിക്കുന്നതല്ല. കവിവിഷയമായ ഒന്നാണല്ലോ ചിത്രമായിട്ടു സങ്കല്പിക്കപ്പെടുന്നതു്. (അതുകൊണ്ടു വ്യംഗ്യരഹിതമായി ചിത്രം എന്നു് ഒരു വിഭാഗം എങ്ങനെയുണ്ടാകുന്നു?) ഇതിനു സമാധാനം പറയാം.—സത്യംതന്നെ; രസാദികളുടെ പ്രതീതി ഒട്ടും വരാത്തതായിട്ടുള്ള ഒരു കാവ്യമില്ല. എന്നാൽ എപ്പോൾ കവി രസഭാവാദിവിവക്ഷകൂടാതെ ശബ്ദാലങ്കാരങ്ങളേയോ അർത്ഥാലങ്കാരങ്ങളേയോ താൽപര്യത്തോടെ നിബന്ധിക്കുന്നുവോ അപ്പോൾ കവിയുടെ വിവക്ഷയെ അപേക്ഷിച്ചു് അതിനെ രസാദിശൂന്യമെന്നു കല്പിക്കുന്നു. കാവ്യത്തിൽ ശബ്ദങ്ങളുടെ അർത്ഥം വിവക്ഷയെ അനുസരിച്ചാണല്ലോ. കവിവിവക്ഷയില്ലെങ്കിലും വാച്യസാമർത്ഥ്യംകൊണ്ടു (അർത്ഥശക്തിവശാൽ) അപ്രകാരമുള്ള വിഷയത്തിൽ രസാദിപ്രതീതിയുണ്ടായാലും ആ പ്രതീതി വളരെ ബലമില്ലാത്തതായി ഭവിക്കുന്നു എന്നുള്ള പ്രകാരത്തിൽ നീരസത്വം കല്പിച്ചിട്ടാണു ചിത്രകാവ്യവിഷയം നിർണ്ണയിക്കപ്പെടുന്നതു്. അതിനുള്ള പ്രമാണം പറയാം.—

രസഭാവാദിവിഷയ-
വിവക്ഷാവിരഹേ സതി
അലങ്കാരനിബന്ധോ യഃ
സ ചിത്രവിഷയോ മതഃ.

രസാദിഷു വിവക്ഷാ തു
സ്യാത്താൽപര്യവതീ യദാ

തദാനന്ത്യപ്രവൃത്തൽ കാവ്യം
ധ്വനേസ്സൂത്ര ന ഗോചരഃ".

രസഭാവാദിവിഷയം
വിവക്ഷിതാതെ കേവലം
അലങ്കാരം നിബന്ധിക്കി-
ലതു ചിത്രമതീരിതം.

രസാദിയിങ്കൽ താൽപര്യ-
വിവക്ഷയുള്ളവാകിലോ
ധ്വനിഗോചരമല്ലാത്ത-
തായ കാവ്യവുമില്ലിഹ".

ഇതുകൊണ്ടു മൂന്നാമത്തേതായ കാവ്യഭേദത്തെ നിരാകരിക്കുന്ന ഗ്രന്ഥകാരന്റെ മതം സഹൃദയന്മാർക്കു സമ്മതമാകുന്നതല്ല. ഇപ്രകാരമാകുമ്പോഴും 'അവ്യംഗ്യം' എന്നതിലെ അവ്യംഗ്യപദംകൊണ്ടു, താൽപര്യവിഷയീഭൂതമായിട്ടുള്ള വ്യംഗ്യം ഇല്ലാതെയിരിക്കുക എന്നു മാത്രമേ അഭിപ്രായപ്പെട്ടിട്ടുള്ളു. ഇപ്പക്ഷത്തിൽ 'അതാദൃശഗുണീഭൂതവ്യംഗ്യം വ്യംഗ്യേ തു മധ്യമം' എന്നതിലെ 'തു' എന്നതുകൊണ്ടു മധ്യമകാവ്യലക്ഷണത്തിൽ വ്യംഗ്യപദം വിവക്ഷിതവ്യംഗ്യപരമാണ് എന്നു സിദ്ധിക്കുന്നു. അല്ലെങ്കിൽ 'അവ്യംഗ്യം', അസ്ഫുടതരത്തിൽനിന്ന് അതിരിക്തമായ വ്യംഗ്യമില്ലാത്തതു്; അങ്ങനെയുള്ളതു് അസ്ഫുടതരമായ വ്യംഗ്യം ഉള്ളപ്പോഴും വ്യംഗ്യം തീരെയില്ലാത്തപ്പോഴും വരാവുന്നതാണ്. പക്ഷാന്തരത്തിൽ 'അവ്യംഗ്യം' എന്നതിലെ നഞിനു കുറച്ച് എന്നർത്ഥമാകയാൽ 'അവ്യംഗ്യം' എന്നതിന് അസ്ഫുടതരവ്യംഗ്യം എന്നർത്ഥമാണെന്നു ചിലർ പറയുന്നു. വസ്തുതനോക്കുമ്പോഴും ഇവിടെ അർത്ഥചിത്രം, ശബ്ദചിത്രം എന്നിവ രണ്ടിനും താരതമ്യം സ്പഷ്ടമായിരിക്കയാൽ അധമത്വം ഒരുപോലെയാണെന്നു പറയുന്നതു യുക്തമല്ല.

വിനിൎഗ്ഗതം മാനദമാത്മമന്ദിരാൽ
ഭവത്യുപശ്രുത്യ യദൃച്ഛയാപി യം
സസംഭ്രമേന്ദ്രദ്രുതപാതിതാൎഗ്ഗളാ
നിമീലിതാക്ഷീവ ഭിയാമരാവതീ.[2]

മാനം പോക്കുമവൻ സ്വഗേഹമതിൽനി-
ന്നെങ്ങാൻ യദൃച്ഛാവശാൽ
താനേ പോകിലതും ചെവിക്കുചെവിയായ്
കേട്ടിട്ടു സംഭ്രാന്തനായ്
വാനോർകോനമരാവതീനഗരിയിൻ
ഗോപുരങ്ങൾ ബന്ധിക്കവേ
നൂനം ഭീതിയോടു കണ്ണടച്ചു മരുവു-
ന്നോരാളെന്നു തോന്നീടുമേ. (സ്വ.)

സ ച്ഛിന്നമൂലഃ ക്ഷതജേന രേണു-
സ്തസ്യോപരിഷ്ടാൽ പവനാവധൂതഃ
അംഗാരശേഷസ്യ ഹുതാശനസ്യ
പൂൎവ്വോത്ഥിതോ ധൂമ ഇവാബഭാസേ[2].

ചെങ്ങും നിണത്താൽ ചുവടറ്റു കാറ്റിൽ
പൊങ്ങും പൊടിച്ചാൎത്തു വിളങ്ങി മേലേ
അംഗാരമായ്ത്തീൎന്നനലന്നുമേൽ മുൻ
പൊങ്ങിപ്പരന്നപ്പുകയെന്നപോലെ.

(സ്വ.)

എന്നിത്യാദി അൎദ്ധചിത്രകാവ്യങ്ങൾക്ക്,

'സച്ഛത്രോദ്യല്ലസച്ഛകച്ഛകവര-
 ച്ഛത്രൈരത്യച്ഛവൃച്ഛാ-
പൂൎച്ഛത്രരാജരാജശ്രീഭാൎഗ്ഗവിധിയ-
 സ്സാനാധികാരായ വഃ
ദിവ്യാദ്യച്ഛസ്രഗ്ദ്ധരീ-
 മീശ്വരവിളക-
ളുദ്യോദ്യോകരോദ്യാൎദ്ദിതരുഷ്ഠാ
 മന്ദാകിനീ മന്ദതാം',

ഒരാംതുശത്രുവിലെഴുതിയ ജന്മ-
 വാരും നിശാനായക-
ലീലം തൂക്കി ചെയ്യുന്ന ദുൎഗ്ഗങ്ങളും
 കേരം വൃഷാധീശനും
ചീരം ചന്ദ്രമുഖങ്ങളെങ്ങളും
 ഒന്നായിതരും ദിനം
ഒരാം കൊള്ളകൊണ്ട്പിടം പട്ടുപോലെ!
 ഒരുമിന്നലെന്നോരസ്'.

(പഴയതു്)

അഥവാ,

'കണ്ണിമ്പീലിക്കുഴ നിഴിമ്പോലകന്നി
 പോതിമ്പലിമ്പിയ ചാമ്പൽ പൂ-
ണ്ണമ്പെന്നിളകലമ്പിളയോടണിയു-
 മെൻപൂതാരിയുടെ പൊൽപ്പുളുമം!

ഇയമേതു മമ തന്വരാട്ടി! ബത
കവിദ്രതം നികരമംബരാ–
ന്തരാളമെ ലസിതമിന്ദുമേ ലിതിമ.
കയമേ! സകലസമ്പദേ'.

(പഴയതു്)

എന്നിത്യാദി പാകശൂന്യങ്ങളായ ശബ്ദചിത്രകാവ്യങ്ങൾക്കു കാവ്യവിശേഷം യാതൊന്നുമില്ലെന്നു് ഏതൊരു സഹൃദയനെങ്കിലും പറയുമോ? അതേതക്തൃകളുണ്ടെങ്കിൽ ഒരുവിധം ഭേദം മാത്രമേയുള്ളുവെന്നല്ലേ? അങ്ങനെയാണെങ്കിൽ ഇതേഷൾഭേദങ്ങളോടുകൂടിയ ധ്വനിക്കും ഗുണീഭൂതവ്യംഗ്യത്തിനും തമ്മിൽ പലവിധ ഭേദങ്ങൾ കല്പിക്കുന്നതിൽ എന്തു ദുരാഗ്രഹമാണു് എന്നു 'രസഗംഗാധര'കാരൻ ചോദിക്കുന്നു. അവിടെ പ്രകാശംകൊണ്ടു മനോവികാസം സിദ്ധിച്ചിട്ടുള്ളവർ—"അവ്യംഗ്യം (സ്ഫുടമായി തോന്നുന്ന അർത്ഥത്തോടു കൂടാത്തതു്) ഉം (തു എന്നതു്) അവരം (ചരമം=മൂന്നാമത്തെ) കാവ്യമെന്നർത്ഥം. അവരം എന്നാൽ ധ്വനി, ഗുണീഭൂതവ്യംഗ്യം എന്നിവയെ അപേക്ഷിച്ചു താഴേയുള്ളതു് എന്നാണു്; അധമം എന്നല്ല. എന്തുകൊണ്ടെന്നാൽ, അധമമെന്നു ചിത്രം എന്ന തൃതീയകാവ്യത്തിന്റെ അവാന്തരഭേദത്തിൽ വിവക്ഷിച്ചിരിക്കുന്നതുകൊണ്ടുതന്നെ. അതിനാൽ ചിത്രം എന്നു് അധ്യാഹരിക്കേണ്ടതാകുന്നു. ചിത്രമോ ഗുണാലങ്കാരങ്ങളോടുകൂടിയതാണല്ലോ. അതും ശബ്ദചിത്രമെന്നും വാച്യചിത്രമെന്നും ഉള്ള അവാന്തരഭേദങ്ങളെക്കൊണ്ടു രണ്ടു വിധം. ഇങ്ങനെ കല്പിക്കുന്നതിലേക്കു ധ്വനികാരവചനവും അനുകൂലമാകുന്നു, 'തത്തുല്യമേ വാർത്ഥചിത്രം മന്തവ്യം' (അർത്ഥചിത്രത്തെയും തത്തുല്യമായിട്ടുതന്നെ വിചാരിക്കേണ്ടതാകുന്നു) എന്ന 'അഭിനവഗുപ്താ'ചാര്യരുടെ വചനത്തിനാകട്ടെ കേവലം പ്രൗഢിവാദം മാത്രമേ താൽപര്യമുള്ളൂ. അതിൽ ശബ്ദചിത്രം വാച്യചിത്രത്തെ അപേക്ഷിച്ചു് അപകൃഷ്ടമാകയാൽ അധമമാകുന്നു"—എന്നു പറയുന്നു. ഇതുകൊണ്ടു കാവ്യം നാ

ഇപ്രകാരമാണെന്നുള്ളതു സ്പഷ്ടമായി. അതിനെ ഒന്നുകൂടി വിവരിക്കുന്നു:—യാതൊന്നിൽ ശബ്ദാൎത്ഥങ്ങൾ ഗുണീഭൂത(അപ്രധാനങ്ങളാ)യിട്ടു് ഏതെങ്കിലും ഒരൎത്ഥത്തെ നല്ലവണ്ണം വ്യഞ്ജിപ്പിക്കുന്നുവോ അതു് ഉത്തമകാവ്യമാകുന്നു. ഉദാഹരണം:—'നിശ്ശേഷച്യുതചന്ദനം'—ഇത്യാദി. ഇതുതന്നെ 'രസഗംഗാധര'ത്തിൽ ഉത്തമോത്തമം എന്നു പറയപ്പെടുന്നു. അതിൽ,

ശയിതാ സവിധേപ്യനീശ്വരാ
സഫലീകൎത്തുമഹോ മനോരഥാൻ
ദയിതാ ദയിതാനനാംബുജം
ദരമീലന്നയനാ നിരീക്ഷതേ.

അരികത്തു കിടക്കിലും മനോ-
രഥസാഫല്യവിധിക്കശക്തയായ്
മിഴിയല്പമടച്ചുനോക്കിടു-
ന്നിതു കാന്താ ദയിതാനനാംബുജം.

(സ്വ.)

എന്ന പദ്യമാണു് ഉദാഹരണം. ഇവിടെ 'അഹോ പൂൎണ്ണം സരോ യത്ര ലൂനാഃ സ്നാന്തി മാനവാഃ' (സരസ്സു സമ്പൂൎണ്ണമെങ്കിലും കിട—ന്നു മുങ്ങുന്ന മനുഷ്യരുള്ളതു) എന്നു കാണിച്ചുകൊണ്ടു സഹൃദയന്മാരെ ഹൃദയത്തിനു മാത്രം അറിയപ്പെടാവുന്ന മുഗ്ദ്ധാവസ്ഥയിൽ മൂഢചിത്തനായ ഒരാൾ, ബലാൽക്കാരമായിട്ടു് അനീശ്വരാദി ശബ്ദങ്ങൾക്കു വിധവാദ്യൎത്ഥത്തെ ആകസ്മികമായി കല്പിച്ചു് അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു കാവ്യചാരുത്വം കല്പിക്കുന്നതു് ഏറ്റവും നിസ്സാരംതന്നെ.

യാതൊന്നിൽ വ്യംഗ്യം അപ്രധാനമായിട്ടുതന്നെ ചമൽക്കാരമുണ്ടാക്കുന്നുവോ അതു മദ്ധ്യമകാവ്യം.

രാഘവവിരഹജ്വാലാ-
 സന്താപിതസഹ്യശൈലശിഖരേഷു
ശിശിരേ സുഖം ശയാനാഃ
 കപയഃ കുപ്യന്തി പവനതനയായ'.

രാമൻ തന്റെ വിരഹദഹനജ്വാലതൻ ചൂടു തട്ടി
വ്യോമാന്തത്തോടുരസി വിലസും സഹ്യശൃംഗങ്ങൾതോറും
ക്ഷേമംപൂണ്ടിശ്ശിശിരസമയേ വാണിട്ടും വാനരന്മാർ
പ്രേമംകൈവിട്ടനിലസുതനിൽ കോപമുൾക്കൊണ്ടിരുന്നു.

(സ്വ.)

എന്ന പദ്യത്തിൽ സീതയുടെ കുശലവൃത്താന്തം അറിയിച്ചു രാമന്റെ വിരഹാഗ്നിസന്താപം ശമിപ്പിച്ചു തണുപ്പുണ്ടാക്കി എന്ന വ്യംഗ്യം, കപികളുടെ അസൂയകളായ ഹനുമാന്റെ നേരെയുള്ള കോപത്തെ ഉപപാദിക്കുന്നതുകൊണ്ടു ഗുണീഭൂതമായി ഭവിച്ചുവെങ്കിലും, ഭാഗ്യദോഷത്താൽ ദാസ്യമനുഭവിക്കേണ്ടിവന്ന ഒരു രാജകളത്രത്തെപ്പോലെ അന്യാദൃശമായ ചമൽക്കാരത്തെ വഹിക്കുന്നു. ഇതു് ഉത്തമകാവ്യമാകുന്നു. യാതൊന്നിൽ വ്യംഗ്യചമൽക്കാരത്തിനും വാച്യചമൽക്കാരത്തിനും സാമാനാധികരണ്യമില്ലാതെ (രണ്ടും രണ്ടിടത്തായി) വരുന്നുവോ അതു വാച്യചിത്രം. 'വിനിദ്രം'—ഇത്യാദി. ഇതിൽ 'അമരാവതി' എന്ന സ്ത്രീപ്രത്യയത്താൽ ചെയ്യപ്പെട്ട കാമിനീത്വാധ്യവസാനംമൂലം വാച്യമായ ഉൽപ്രേക്ഷയിൽത്തന്നെയാണു ചമൽക്കാരം ഇരിക്കുന്നതു്. വീരരസചമൽക്കാരം അതിന്റെ അംഗമായിട്ടു നിൽക്കുന്നുണ്ടെങ്കിലും ഉൽപ്രേക്ഷാചമൽക്കാരത്തിന്റെ ഉ

ങ്ങിൽ ലയിച്ചുപോയതുകൊണ്ടു നാഗരികയല്ലാത്ത നായിക അലങ്കാരമായി ധരിച്ചു കുങ്കുമച്ചാറിൽ മങ്ങിപ്പോയ അവളുടെ ദേഹത്തിന്റെ അങ്കവൎണ്ണംപോലെ തോന്നുന്നു. ഇതു മദ്ധ്യമകാവ്യമാകുന്നു. യാതൊന്നിൽ അൎത്ഥചമൽക്കാരപരിഷ്കൃതമായ ശബ്ദചമൽക്കാരം പ്രധാനമായിരിക്കുന്നുവോ അതു ശബ്ദചിത്രമാകുന്നു. 'സ്വച്ഛന്ദ—' ഇത്യാദി. ഇതിൽ ശബ്ദചമൽക്കാരത്താൽ തിരോധീകൃതമായ അൎത്ഥചമൽക്കാരം, ലവണസമുദ്രജലത്തിൽ വന്നു വീണ ഗംഗാപ്രവാഹത്തിന്റെ മാധുൎയ്യംപോലെ സ്പഷ്ടമാകുന്നില്ല. ഇതു് അധമകാവ്യമാകുന്നു. എന്നു ചുരുക്കം.

പഞ്ചമപരിച്ഛേദം.

അനന്തരം വ്യഞ്ജന എന്ന ഈ പുതിയതായ വൃത്തി ഏതാണെന്ന് എന്നു പറയുന്നു—

അഭിധാ,ഥ താൽപര്യം,
ലക്ഷണ,യെന്നുള്ള വൃത്തികൾ കഴിഞ്ഞതാൽ
പിന്നെ രസാദ്യവബോധ-
ത്തിന്നായ് നാലാമതൊന്നു വേണ്ടിവരും. ൧

സങ്കേതിതമായ അർത്ഥത്തെ മാത്രം ബോധിപ്പിച്ചു വിരമിക്കുന്നതായ അഭിധയ്ക്കു വസ്തു, അലങ്കാരം, രസം മുതലായ വ്യംഗ്യങ്ങളെ ബോധിപ്പിപ്പാൻ ശക്തിയില്ല; രസാദികൾ സങ്കേതിതങ്ങളല്ലല്ലോ. വിഭാവാദികളെ കുറിക്കുന്ന സംജ്ഞകളെ രസാദിസ്വരൂപമായിട്ട് അംഗീകരിച്ചിട്ടില്ലാത്തതിനാൽ വിഭാവാദികളെ കുറിക്കുന്ന സംജ്ഞകളെത്തന്നെ രസാദികളുടെ സംജ്ഞകളായിട്ടു വിചാരിപ്പാൻ തരമില്ല. യാതൊരിടത്തു രസാദികളെ അവയുടെ സംജ്ഞാപദങ്ങളെക്കൊണ്ടു തന്നെ പറയുന്നുവോ അവിടെ ദോഷം കുറിച്ചു ദോഷംതന്നെ എന്ന് ഇനിപ്പറയുന്നതുമാണ്. ചിലേടത്ത് 'ഇതു ശൃംഗാരരസമാണ്' എന്നിത്യാദികളിൽ സ്വശബ്ദംകൊണ്ടു പറയലും, രസം സ്വപ്രകാശവും ആനന്ദരൂപവുമാകയാൽ അതിന്റെ പ്രതീതിയുണ്ടാകുന്നില്ല.

അഭിഹിതാന്വയവാദികളാൽ അംഗീകൃതമായ താൽപര്യമെന്ന വൃത്തിയും അന്വയത്തെ മാത്രം ബോധിപ്പിച്ച് അവസാനിക്കുന്നതാകയാൽ വ്യംഗ്യത്തെ ബോധിപ്പിക്കുന്നതല്ല.

'ഈ അഭിധ എന്ന വ്യാപാരം അമ്പിന്റെ വ്യാപാരംപോലെ അതിദീർഘമായിട്ടുള്ള ഒന്നാണ്'. എന്നു ചിലരും,

'താൽപര്യമെന്നതല്ലാതെ
യൊരിട്ടൊന്നല്ല വ്യഞ്ജകം
അതിനാൽ ധ്വനിയെന്നൊന്നി-
ല്ലിഹ ചിന്തിച്ചുനോക്കിയാൽ.

താൽപര്യമെന്നതാകാംക്ഷാ-
പര്യന്തം നീണ്ടുനില്പതാം
ഇലാസ്റ്റിക്കിനൊക്കിട്ടു
ശരിയാക്കിയതല്ലല്ലു്.'

എന്നു 'ധ്വനിക'മതഖണ്ഡനം ചെയ്യുന്നു.

'ശബ്ദബുദ്ധികർമ്മങ്ങളുടെ വ്യാപാരം ഒരിക്കൽ വിരമിച്ചാൽ പിന്നെയുണ്ടാകുന്നതല്ല.' എന്നു വാദിക്കുന്നവർ ഒരു ന്യായമാണു് അവരുടെ മേൽ തന്നെ പ്രയോഗിക്കേണ്ടതു്.

ഇങ്ങനെയാകുമ്പോൾ നീണ്ടുനീണ്ടു നിൽക്കുന്ന അഭിധാവ്യാപാരംകൊണ്ടു തന്നെ ലക്ഷണയുടെ അർത്ഥബോധവും സിദ്ധിക്കുന്നതിനാൽ എന്തിനുവേണ്ടി ലക്ഷണയേയും സ്വീകരിക്കുന്നു? 'ഹേ ബ്രാഹ്മണ! അങ്ങയ്ക്കു് ഉണ്ണി പിറന്നു; അങ്ങയുടെ കന്യക ഗർഭിണിയായി'. എന്നിത്യാദികളിൽ ഹർഷശോകാദികളും എന്തുകൊണ്ടു വാച്യങ്ങളാകുന്നില്ല?

പൌരുഷേയ (ലൌകിക)മായും, അപൌരുഷേയ(വൈദിക)മായും ഇരിക്കുന്ന എല്ലാ വാക്യവും കാര്യപര(കാര്യബോധക)മാ

ക്കുന്നു. തൽപരതാമില്ലെങ്കിൽ (കാര്യപരമല്ലെങ്കിൽ) ഉന്മത്തന്റെ വാക്യംപോലെ സ്വീകാര്യമാകുന്നതല്ല. അതിനാൽ കാവ്യത്തിലെ ശബ്ദങ്ങൾക്കു പരമസുഖാസ്വാദമല്ലാതെ ശ്രോതാവിന്റെയും വക്താവിന്റെയും പ്രവൃത്തിക്കുതകുന്നതായ മറ്റൊരു പ്രയോജനവുമില്ലാത്തതിനാൽ നിരതിശയസുഖാസ്വാദത്തെത്തന്നെ കാര്യമായിട്ടു കരുതേണ്ടതാകുന്നു. 'യാതൊരർത്ഥത്തെ ബോധിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു ശബ്ദം പ്രയോഗിക്കപ്പെടുന്നുവോ അതാണ് അശ്ശബ്ദവൃത്തിന്റെ അർത്ഥം.' എന്നു ന്യായമുണ്ട്." എന്നൊരു പക്ഷക്കാർ പറയുന്നു.

അവിടെ ഒന്നു ചോദിക്കേണ്ടതുണ്ട്—ഈ തൽപരത്വം എന്നതെന്താകുന്നു? അതാകുന്ന അർത്ഥത്തോടുകൂടിയതാവുക എന്നോ?; താൽപര്യവൃത്തികൊണ്ട് ആ അർത്ഥത്തെ ബോധിപ്പിക്കുന്നതാവുക എന്നോ? ആദ്യത്തേതാണെങ്കിൽ, വ്യംഗ്യത്വത്തിലും ആ അർത്ഥത്തിനു ഹാനിയില്ലാത്തതിനാൽ വാദമില്ല. രണ്ടാമത്തേതാണെങ്കിൽ—താൽപര്യമെന്നു പേരായ ഈ വൃത്തി ഏതാണ്? അഭിഹിതാന്വയവാദികളാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതോ?, അതല്ലാതെ വേറെയൊന്നോ? ആദ്യത്തേതാണെങ്കിൽ അതിന് ഉത്തരം കൊടുത്തുകഴിഞ്ഞു. രണ്ടാമത്തേതാണെങ്കിൽ (വേറെയൊന്നാണെങ്കിൽ) ആ മതത്തിലും നാലാമതായ ഒരു വൃത്തിയുണ്ടെന്നു സിദ്ധിക്കുന്നതിനാൽ കാര്യത്തെക്കുറിച്ചു വാദമില്ല; അതിന്റെ പേരിനെക്കുറിച്ചു മാത്രമേ വാദമുള്ളൂ.

എന്നാൽ, താൽപര്യശക്തികൊണ്ടു വിഭാവാദിസംസർഗ്ഗത്തിന്റെയും രസാദികളുടേയും പ്രകാശനം (ബോധം) ഒരേ സമയം തന്നെ സംഭവിച്ചുകൊള്ളട്ടെ—എന്നാണെങ്കിൽ, വിഭാവാദിസംസർഗ്ഗബോധത്തെ കാരണമായിട്ടും രസാദിബോധത്തെ കാര്യമായിട്ടും അംഗീകരിച്ചിരിക്കുന്നതിനാൽ അതു ശരിയല്ല. 'വിഭാവാനുഭാവവ്യഭിചാരിസംയോഗാദ്രസനിഷ്പത്തിഃ'— (വിഭാവങ്ങൾ, അനുഭാവങ്ങൾ, വ്യഭിചാരികൾ ഇവയുടെ സംയോഗം ഹേതുവായിട്ട് രസസിദ്ധിയുണ്ടാകുന്നു) എന്നു മുനി (ഭരതമുനി) പറയുന്നു. തെളിച്ചുണ്ടാക

ണം എന്നു കല്പിക്കയാം, ഇടത്തുകൊമ്പിനും വലത്തുകൊമ്പിനും തമ്മിലെന്നപോലെ പൌൎവ്വാപൎയ്യഭേദം (മുമ്പുപിമ്പെന്ന വ്യത്യാസം) ഇല്ലാത്തതിനാൽ കാൎയ്യകാരണഭാവം എങ്ങനെയുണ്ടാകുന്നു?

'ഗംഗായാം ഘോഷഃ' എന്നിത്യാദികളിൽ താല്പൎയ്യത്തെ ബോധിപ്പിച്ച് അവസാനിക്കുന്ന ലക്ഷണയ്ക്കു, ശീതത്വം പാവനത്വം മുതലായ വ്യംഗ്യത്തെ ബോധിപ്പിപ്പാനുള്ള ശക്തി എവിടെനിന്നുണ്ടാകുന്നു? അതിനാൽ നാലാമതായിട്ടൊരു വൃത്തി അംഗീകരിക്കപ്പെടേണ്ടതുതന്നെ എന്നു നിൎവ്വിവാദമായി.

അതു മാത്രമല്ല—

ബോദ്ധാവു്, സ്വരൂപവും, സംഖ്യ,
നിമിത്തം, മഥ കാൎയ്യവും,
പ്രതീതിയും, തഥാ കാലം,
മാശ്രയം, വിഷയാദികം. ൨

ഇവയാലുണ്ടാം ഭേദത്താ-
ലഭിധേയത്തിൽനിന്നിഹ
കേവലം ഭിന്നമായിട്ടു-
ള്ളൊന്നുതാൻ വ്യംഗ്യമോൎക്കുകിൽ. ൩

വൈയാകരണന്മാർ പദങ്ങളെയും അവയുടെ അൎത്ഥങ്ങളെയും മാത്രം അറിയുന്നതിൽ നിപുണന്മാരാണെങ്കിലും സഹൃദയന്മാർ മാത്രമേ വാച്യാൎത്ഥവ്യംഗ്യാൎത്ഥങ്ങളെ നല്ലവണ്ണം അറികയുള്ളു എന്നുള്ളതാണു ബോദ്ധൃഭേദം. 'ഗതോസ്തമൎക്കഃ' ഇത്യാദിയായ ചിലതിൽ

വിധിരൂപം വാച്യമായിരിക്കുമ്പോൾ വ്യംഗ്യം നിഷേധരൂപമായിട്ടും, 'നിശ്ശേഷച്യുതചന്ദനം' ഇത്യാദിയായ ചിലതിൽ നിഷേധരൂപം വാച്യമായിരിക്കുമ്പോൾ വ്യംഗ്യം വിധിരൂപമായിട്ടും, ഉള്ള സ്വരൂപഭേദമാകുന്നു. 'ഗതോऽസ്തമർക്കഃ' (ആദിത്യൻ അസ്തമിച്ചു) ഇത്യാദിയിൽ വാച്യമായ അർത്ഥം ഒന്നു മാത്രമേ തോന്നുന്നുള്ളു. വ്യംഗ്യാർത്ഥമാകട്ടെ, ശ്രോതാവു, പ്രകരണം മുതലായവയുടെ ഭേദത്തെ അനുസരിച്ചു ചിലേടത്തു 'നീ കാന്തനെ അഭിസരിച്ചുകൊൾക' എന്നും, 'പശുക്കളെ കാടി കുടിപ്പിക്ക' എന്നും, 'നായകന്റെ വരവിനുള്ള സമയമായി' എന്നും, 'ഇപ്പോൾ ഉഷ്ണമില്ല' എന്നും, ഇത്യാദി രൂപത്തിൽ അനേകമാകുന്നു എന്നുള്ളതു സംഖ്യാഭേദമാകുന്നു. വാച്യാർത്ഥം ശബ്ദശ്രവണംകൊണ്ടു തന്നെ അറിയപ്പെടാവുന്നതാണ്. വ്യംഗ്യാർത്ഥമാകട്ടെ അപ്രകാരമല്ല (ശുദ്ധാർത്ഥജ്ഞാനോചിതമായ) പ്രതിഭാനൈർമ്മല്യാദികളെക്കൊണ്ട് അറിയപ്പെടേണ്ടതാണ് എന്നുള്ളതു നിമിത്തഭേദമാകുന്നു. വാച്യത്തിന്റെ പ്രതീതി മാത്രം ഉണ്ടാക്കുകയും, വ്യംഗ്യത്തിന്റെ പ്രതീതിയും ചമൽക്കാരവും കൂടി ഉണ്ടാക്കുകയും എന്നുള്ളതു കാര്യഭേദമാകുന്നു. വാച്യം, സ്വല്പചമൽക്കാരങ്ങളൊന്നും കൂടാതെ കേവലപ്രതീതിമാത്രമായും, വ്യംഗ്യം സ്വല്പചമൽക്കാരങ്ങളോടുകൂടിയും തോന്നിക്കുന്നതാണ് പ്രതീതിഭേദം. വാച്യാർത്ഥവ്യംഗ്യാർത്ഥങ്ങളുടെ പ്രതീതിക്കു പൌർവ്വാപര്യം തോന്നുന്നതു കാലഭേദം. വാച്യാർത്ഥം ശബ്ദത്തെ മാത്രം ആശ്രയിച്ചിട്ടും, വ്യംഗ്യാർത്ഥം ശബ്ദത്തെയും, അതിന്റെ ഏകദേശം അംശത്തെയും, ശബ്ദാർത്ഥത്തെയും, വർണ്ണസംഘടനയെയും, ആശ്രയിച്ചിട്ടും വരുന്നതു് ആശ്രയഭേദം.

'കസ്സ വ ണ ഹോഇ രോസോ
    ദട്ഠൂണ പിആഏ സവ്വണം അഹരം
സഭമരപഉമഗ്ഘാഇണി
    വാരിഅവാമേ സഹസു എണ്ഹിം.'
കസ്യ വാ ന ഭവതി രോഷഃ
    ദൃഷ്ട്വാ പ്രിയായാഃ സവ്രണമധരം

സഖികളപാങ്ഗ് കാന്ത്യായിണി!
വഞ്ചിതമാരെ! സന്ദേശസപത്നി.

(ഗാഥാ)

* തന്ന്യേയസ്സികിയല്പതോഷ്ഠപുടം മുറിഞ്ഞു
കണ്ടതിലെവന്നതിശങ്കയുള്ളവാകയില്ലേ?
വണ്ടിന്റെ തണ്ടൽ മണ്ടകളെന്നു വാക്ക
കേട്ടാനതിന്റെ പേഷമിന്നു സഹിച്ചുകൊൾക.

(സ.പ)

എന്നു സഖിയെയും അവളുടെ ഭർത്താവിനെയും വിഷയീകരിച്ചു പറയുന്നതിൽ വിഷയഭേദം. അതിനാൽ അഭിധേയംതന്നെയാണു വ്യംഗ്യം എന്നു പറവാൻ തരമില്ല.

അതുമാത്രമല്ല;

അനുഭൂതികൾ മുമ്പില്ലാ-
ത്തയാൾക്കത്ര രസാദിയെ
രഭിധാലക്ഷണാഖ്യങ്ങൾ
ബോധിപ്പിക്കില്ല വൃത്തികൾ. ൪

---

* ഉപനായകന്റെ സംഭോഗംകൊണ്ടു വ്രണിതാധരയായ പത്നിയുടെ നേരെ കോപിക്കുന്ന ഭർത്താവിനെ വഞ്ചിപ്പാൻ സഖി പറയുന്നതാണിതു്.

മുഖ്യാർത്ഥബാധമില്ലായ്ക-
മൂലം ലക്ഷണയൊട്ടുമേ
ബോധിപ്പിക്കുന്നതല്ലല്ലോ
വിശേഷിച്ചും രസാദിയെ. [illegible]

രസിക്കുകയെന്നുള്ള വ്യാപാരം മാത്രമല്ലാതെ വാചകാദിപദത്താൽ പ്രതിപാദ്യമായി, രസ പദാർത്ഥം പ്രമാണസിദ്ധമായിട്ടില്ല. അങ്ങനെയുള്ള (പ്രമാണാന്തരസിദ്ധമായ) രസ പദാർത്ഥത്തെയല്ലേ ലക്ഷണയും അഭിധയും ബോധിപ്പിക്കുന്നുള്ളൂ? (അങ്ങനെയല്ലാത്തതിനെ പിന്നെ അവ എങ്ങനെ ബോധിപ്പിക്കും?)

അത്രമാത്രമല്ല; 'ഗംഗായാം ഘോഷഃ' ഇത്യാദികളിൽ പ്രയോഗങ്ങളിലായ ശബ്ദാർത്ഥങ്ങൾക്ക് ഉണ്ടാകുന്നതായ അന്വയബോധം, അനുപപത്തിയാൽ ബാധിക്കപ്പെടുന്ന സ്ഥലത്തു മാത്രമേ ലക്ഷണക്കു പ്രവേശമുള്ളൂ എന്നു പ്രസിദ്ധമാണല്ലോ.

അതു 'ന്യായകുസുമാഞ്ജലി'യിൽ 'ഉദയനാചാര്യ'രാൽ പറയപ്പെട്ടിട്ടുണ്ട് :—

'വാച്യാന്വയത്താലാകാംക്ഷ
വിരമിക്കുന്നതാകിലോ
ആകാംക്ഷ പിന്നെ മറ്റൊന്നിൽ
വാക്യത്തിനു ഉദിച്ചിടാ.

ബാധം നിമിത്തം മുഖ്യാർത്ഥ-
മന്വയിക്കാതെപോകിലോ
മുഖ്യാർത്ഥത്തോടു സംബന്ധ-
മുള്ള മറ്റൊന്നിലന്വയം'.

'ശൂന്യം വാസഗൃഹം' ഇത്യാദിയിൽ മുഖ്യാർത്ഥത്തിനു ബാധമില്ല. 'ഗംഗായാം ഘോഷഃ' ഇത്യാദിയിൽ പ്രയോജനം (ശൈത്യപാവനത്വാദ്യതിശയം) ആണു ലക്ഷ്യം എന്നു കല്പിക്കാം, എന്നാണെങ്കിൽ അപ്പോൾ തീരം മുഖ്യാർത്ഥവും ബാധിതവുമായി ഭവിക്കും; അപ്പോൾ അതിനു ലക്ഷ്യമായിട്ടു വേറെ ഒരു പ്രയോജനവും, അതിനും മറ്റൊരു പ്രയോജനവും കല്പിക്കേണ്ടിവരുന്നതിനാൽ അനവസ്ഥാ എന്ന ദോഷം വന്നുകൂടുന്നു.

വിഷയം (കാരണം) പ്രയോജനം (കാര്യം) എന്നിവ രണ്ടിന്റെയും പ്രതീതി ഒരേ സമയത്തുതന്നെ സിദ്ധിക്കാത്തതിനാൽ പ്രയോജനവിശിഷ്ടമായ തീരത്തിങ്കലാണു ലക്ഷണ എന്നു കല്പിപ്പാനും തരമില്ല. നീലാദിസംവേദനം (പ്രത്യക്ഷം) ഉണ്ടായതിനുശേഷം മാത്രമാണല്ലോ (അതിങ്കൽ) (1) ജ്ഞാതത (പ്രകടത)യോ (2) അനുവ്യവസായമോ ('നീലാദിയെ ഞാൻ അറിയുന്നു' എന്നുള്ള ജ്ഞാനപ്രത്യക്ഷരൂപമായ ബോധമോ) ഉണ്ടാകുന്നതു്.

വ്യംഗ്യങ്ങളാം രസാദികൾ
        ബോധിപ്പിപ്പാനശക്തമനുമാനം
ഹേത്വാഭാസത്തല്ലലം
        സ്മൃതിയല്ല രസാദിബുദ്ധിയതും. ൩

(3) 'വ്യക്തിവിവേക'കാരനാകട്ടെ — വിഭാവാദികളിൽനിന്നുണ്ടാകുന്ന രസാദികളുടെ പ്രതീതി, അനുമാനത്തിൽതന്നെ അന്തർഭവിപ്പാൻ യോഗ്യമാകുന്നു. വിഭാവം, അനുഭാവം, വ്യഭിചാരി, എ

---

(1) ഇതു ഭട്ടമതം.

(2) ഇതു നൈയായികമതം.

(3) മഹിമഭട്ടൻ.

ന്നിവയുടെ പ്രതീതിയാണല്ലോ രസാദിപ്രതീതിയുടെ സാധനമായിട്ട കല്പിക്കപ്പെടുന്നതു്. അവ (വിഭാവാദികൾ) രത്യാദികളായ ഭാവങ്ങളുടെ കാരണം, കാൎയ്യം, സഹകാരി എന്നിവയായി ഭവിച്ചിട്ടു് ആ രത്യാദികളെ അനുമിപ്പിക്കുന്നവയായിട്ടുതന്നെ രസാദികളെ ഉണ്ടാക്കുന്നു; അവ്യക്തരൂപങ്ങളായിരിക്കുന്ന അവ (വിഭാവാദികൾ)തന്നെ ആസ്വാദ(പ്രത്യക്ഷ)ദശയെ പ്രാപിച്ചവയായിട്ടു രസങ്ങളെന്നു പറയപ്പെടുന്നു എന്നും, അവശ്യംഭാവി (ഉണ്ടാകാതെ കഴിയാത്തതു്)യായ അവയുടെ ഈ പ്രതീതിക്രമം ഉടനടൻ ഉണ്ടാകുന്നതാകകൊണ്ടു കേവലം അറിയപ്പെടുന്നില്ല; എന്തുകൊണ്ടെന്നാൽ ഈ അഭിവ്യക്തിക്രമം, (വ്യഞ്ജനാവ്യാപാരക്രമം) ഇപ്പോഴും (രസാദികൾക്കു വ്യംഗ്യത്വം കല്പിക്കുന്ന നിങ്ങളുടെ മതം സ്വീകരിക്കുമ്പോഴും) ഉള്ളതാണല്ലോ"—എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ അവിടെ ഒന്നു ചോദിക്കേണ്ടതുണ്ടു്. ശബ്ദങ്ങളിൽനിന്നോ അഭിനയങ്ങളിൽനിന്നോ ഉണ്ടാകുന്ന വിഭാവാദികളെ പ്രമാണിച്ചു് അനുമിക്കപ്പെട്ട രാമാദികളിലുള്ള രാഗാദിജ്ഞാനത്തെ തന്നെയാണോ നിങ്ങൾ രസമെന്നു വിളിക്കുന്നതു്? അതോ ആ വിഭാവാദിജ്ഞാനംകൊണ്ടു സാമാജികന്മാൎക്കു ആസ്വാദ്യമാനമായ സ്വപ്രകാശാനന്ദത്തെയോ? ആദ്യത്തേതാണെങ്കിൽ വാദമില്ല; എന്നാൽ രാമാദികളിലുള്ള രാഗാദിജ്ഞാനത്തിനു രസമെന്നു ഞങ്ങൾ പേർ പറയാറില്ല, എന്നു മാത്രമേ വിശേഷമുള്ളൂ. രണ്ടാമത്തേതാകട്ടെ വ്യാപ്തിഗ്രഹണമില്ലാത്തതുകൊണ്ടു ഹേതുവിന്റെ ആഭാസത്വം നിമിത്തം അസിദ്ധമായിട്ടുതന്നെ—'എവിടെയെവിടെ ഇങ്ങനെയുള്ള വിഭാവാനുഭാവസാത്വികസഞ്ചാരികളെ ശബ്ദംകൊണ്ടു പറയുകയോ ഭ്രൂചേഷ്ടാദികളെക്കൊണ്ടു് അഭിനയിക്കുകയോ ചെയ്യുന്നു? അവിടെയവിടെ ശൃംഗാരാദിരസങ്ങളുടെ ആവിർഭാവമുണ്ടാകുന്നു'—എന്നു് അദ്ദേഹംതന്നെ പറഞ്ഞിരിക്കുന്നതുകൊണ്ടു (1) വ്യാപ്തിയും (2) പക്ഷധൎമ്മതയും നല്ലവണ്ണം അറിയാവുന്നതുമാണു്.

---

(1) എവിടെ എവിടെ പുകയുണ്ടോ, അവിടെയവിടെ തീയുണ്ടു് എന്നുള്ള സാഹചൎയ്യനിയമം. തീയില്ലാത്തേടത്തു പുകയില്ല എന്നുള്ള നിയമമെന്നൎത്ഥം.

(2) വ്യാപ്യമായ പുക മുതലായതു പൎവ്വതാദികളിൽ ഉണ്ടാവുക.

അപ്രകാരംതന്നെ—

'നാണംകെട്ടിരുന്നാലും തോന്നാ-
തെന്തു സാമഗ്രി മുഖ്യമോ?
അന്തണനാമാദ്യന്തിൽ
ഞങ്ങൾക്കും ശതകം മതം'.

എന്നു പറഞ്ഞിട്ടുള്ളതും ഞങ്ങൾ (വ്യഞ്ജനാവാദികൾ)ക്കു വിരോധമുള്ളതല്ല. ("എന്നാൽ പിന്നെ ഇതിൽ കൂടുതലായിട്ടെന്താണു നിങ്ങൾ പറയുന്നതു്" എന്നു ചോദിക്കുന്നപക്ഷം പറയാം—) ഈ പ്രകാരത്തിലുള്ള പ്രതീതിയാണു് ആസ്വാദ്യം എന്നല്ല ഞങ്ങളുടെ അഭിപ്രായം; പിന്നെയോ—സ്വപ്രകാശമാത്രംകൊണ്ടുതന്നെ അനുഭവപ്പെടുന്ന സാന്ദ്ര(നിരന്തര)മായ ആനന്ദാതിശയമാണു് (ആസ്വാദ്യം) എന്നാണു്. അതിനാൽ ഇവിടെ സാധിപ്പാൻ ഇഷ്ടമായ അർത്ഥത്തിൽനിന്നു ഭിന്നമായ മറ്റൊരർത്ഥത്തെ സാധിപ്പിക്കുന്നതിനാൽ ഹേതുവിനു് ആഭാസതയും സംഭവിക്കുന്നു. (ഹേതു ദുഷ്ടമായിത്തീരുന്നു.)

അദ്ദേഹംതന്നെ—"ജലകേളി" ഇത്യാദി ശ്ലോകത്തിൽ വ്യഞ്ജിക്കുന്ന വസ്തുവും,

'ജലകേളിതരളകരതല-
മുക്തപുനഃപിഹിതരാധികാവദനഃ
ജഗദവതു കോകയൂനോ-
ർവ്വിഘടനസംഘടനകൌതുകീ കൃഷ്ണഃ'.

വെള്ളത്തിൽ കളിയാടിടുന്ന സമയം
രാധാമുഖമതപ്പിടി-

ശൃങ്ഗാംകസ്തൂകളിൽ മാറ്റുമഥ
കൈവിട്ടം മുറ്റിസ്ഥനെ
മെല്ലെനക്കാകയ്യുവാകങ്ങൾസ്സകളുകം
ചേർത്തും പിരിച്ചും കളി–
ച്ചുല്ലാസംകലരുന്ന കണ്ണാലകം
കാക്കട്ടെ നിങ്ങളം വിനാ.

(സ.ച.)

നൃത്യാദികളിലെ രൂപകാലങ്കാരാദികളും അനുമേയങ്ങൾ തന്നെ.

എങ്ങനെയെന്നാൽ — അനുമാനം എന്നതു (1) പക്ഷത്തിലും (2) സപക്ഷത്തിലും ഉണ്ടായിരിക്കുകയും, (3) വിപക്ഷത്തിൽ ഇല്ലാതിരിക്കുകയും ചെയ്യുന്ന ലിംഗ (സാധന) ത്തിൽനിന്നുണ്ടാകുന്ന ലിംഗിയുടെ (സാധ്യത്തിന്റെ) ജ്ഞാനമാണല്ലോ. അതു ഹേതുവായിട്ടു വാച്യത്തിൽനിന്നു് അതിനോടു സംബന്ധമില്ലാത്ത അർത്ഥം തോന്നുന്നതല്ല. അല്ലെങ്കിൽ (അസംബദ്ധാർത്ഥപ്രതീതി സ്വീകരിച്ചാൽ) അതിപ്രസംഗം വരുമല്ലോ. അതിനാൽ ബോദ്ധ്യവും ബോധകവുമായ അർത്ഥങ്ങൾക്കു് ഒരു സംബന്ധം നിശ്ചയമായിട്ടുണ്ടായിരിക്കുന്നതാണു്. അതു ഹേതുവായിട്ടു ബോധകമായ അർത്ഥം ലിംഗവും, ബോദ്ധ്യമായ അർത്ഥം ലിംഗിയും, ബോധകമായ അർത്ഥത്തിന

---

(1) സന്ദിഗ്ദ്ധസാദ്ധ്യമായ സ്ഥലം. പർവ്വതത്തിൽ പുക കണ്ടിട്ടു് അവിടെ തീയുണ്ടെന്നു് അനുമിക്കുമ്പോൾ പർവ്വതം പക്ഷം.

(2) നിശ്ചിതസാദ്ധ്യമായ സ്ഥലം. ആ ഹേതുവിൽതന്നെ അടുക്കള സപക്ഷം.

(3) സാദ്ധ്യാഭാവത്തോടുകൂടിയ സ്ഥലം. മുമ്പത്തെ ഹേതുവിൽതന്നെ ജലാശയം.

പക്ഷത്തിൽ വ്യാപ്തി ശബ്ദംകൊണ്ടു നിശ്ചയവും വരുന്നു. സപക്ഷത്തിൽ വ്യാപ്തിയും, വിപക്ഷത്തിൽ അവ്യാപ്തിയും ശബ്ദനിശ്ചയങ്ങളല്ലെങ്കിലും സാമർത്ഥ്യ(സംസ്കാരബല)ത്താൽ തോന്നാവുന്നവയാകുന്നു. അതു ഹേതുവായിട്ട് ഇവിടെ ലിംഗ(ജ്ഞാപക)മായ വ്യാപ്യാർത്ഥത്തിൽനിന്നു ലിംഗിയായ വ്യംഗ്യാർത്ഥത്തിന്റെ സിദ്ധി (ബോധം) അനുമാനത്തിൽതന്നെ പര്യവസാനിക്കുന്നു". എന്നു പറയുന്ന അഭിപ്രായവും ശരിയല്ല. എന്തെന്നാൽ, "ഭ്രമ ധാർമ്മിക—" എന്നതിൽ ഗൃഹത്തിൽ ശ്വാവില്ലാതെ ആയതുകൊണ്ടു വിധികൂടായ (വിധിവിഷയമായ) സഞ്ചാരം, ഗോദാവരീതീരത്തിൽ സിംഹമുണ്ടെന്നു സിദ്ധിക്കുന്നതിനാൽ സഞ്ചാരനിഷേധമായി അനുമിപ്പിക്കുന്നു" എന്നാണല്ലോ പറയേണ്ടത്; അവിടെ ഹേതു അനൈകാന്തികമാകുന്നു. ഗുരുവിന്റെയോ പ്രഭുവിന്റെയോ ആജ്ഞാഹേതുവായിട്ടോ പ്രിയാനുരാഗം ഹേതുവായിട്ടോ ഉള്ള [illegible] ഭീരുവിന്റെ ഗമനത്തിലും ഈ ഹേതു സംഭവിക്കാവുന്നതാണല്ലോ. പുംശ്ചലിയുടെ വചനം പ്രാമാണികമാണെന്നോ, അല്ലയോ എന്നുള്ളതു സന്ദിഗ്ദ്ധാസിദ്ധവുമാകുന്നു.

ജലകേളി'—ഇത്യാദിപദ്യത്തിൽ 'യാതൊരുവൻ തന്റെ ദർശനങ്ങളെക്കൊണ്ടു ചക്രവാകങ്ങളുടെ വിരഹസന്താപങ്ങളെ ചെയ്യുന്നവനായി ഭവിക്കുന്നുവോ അവൻ ചന്ദ്രൻ തന്നെ' എന്നും അനുമാനംതന്നെയാണ്' എന്നു പറവാനും കഴിയില്ല. അങ്ങനെ പറഞ്ഞാൽ ചക്രവാകങ്ങൾക്കു ഖേദമുണ്ടാക്കുന്ന മറ്റു പദാർത്ഥങ്ങളിലോ രാത്രിസായാഹ്നമുള്ള മറ്റു വസ്തുക്കളിലോ ഇതു (ചക്രവാകവിരഹസന്താപരൂപമായ കാര്യം) സംഭവിക്കാവുന്നതാകയാൽ ഹേതുവിന് അനൈകാന്തികത്വം വരുന്നതാണല്ലോ. 'അക്കാര്യം അങ്ങനെയുള്ളതാകയാൽ ഇക്കാര്യം ഇങ്ങനെയുള്ളതാണ്'; അക്കാര്യം അങ്ങനെയുള്ളതല്ലാത്തതിനാൽ ഇക്കാര്യം ഇങ്ങനെയുള്ളതല്ല. (ഉദാ—എവിടെ പുകയുണ്ടോ, അവിടെ തീയുണ്ട്; പർവ്വതത്തിൽ പുകയുള്ളതിനാൽ അവിടെ തീയുണ്ട്; എവിടെ തീയില്ലയോ, അവിടെ പുകയില്ല; ജലാശയത്തിൽ തീയില്ല; അവിടെ പുകയുമില്ല) എന്ന അനുമാനത്തിലും 'അക്കാര്യം അങ്ങനെയുള്ളതാകയാൽ' എന്ന ഹേതു

ഷകളെ, ഈപ്രകാരം (ദുർപ്പരമ്പരപ്രകാരം) ഉള്ള അനിഷ്ടസാധനത്തിന്റെയുംകൂടി ഉപപത്തി വരുന്നതിനാൽ ഹേതു ഉദാസീനമായ കാർയ്യകാരിയാകുന്നു.

'അപ്രകാരം ദുഷ്ടിമതോ പ്രവിശേശിനി!' (228-ാംശ്ലോകം)

എന്ന പദ്യത്തിൽ ഉത്തരാർദ്ധത്തിലെ കൊണ്ടു ദേഹം മുറിയുന്നതും, ഏകാകിനിയായിട്ടു വഴിയിലേക്കു പോകുന്നതും, അവളുടെ പാതകത്വകസംഭോഗത്തിനുപായമായ സാധ്യത്തിന്റെ സാധനമാണെന്നു പറയപ്പെടുന്നു. അതു (ദേഹം മുറിയുന്നതും ഏകാകിനിയായിപ്പോകുന്നതും) ആ ശ്ലോകത്തിൽത്തന്നെ പറയപ്പെട്ടിട്ടുള്ള സപത്നീഗൃഹം മുതലായ കാരണങ്ങളും സംഭവിക്കാവുന്നതാകയാൽ ഹേതു അനൈകാന്തിക (ദുഷ്ട)മാകുന്നു.

'നിശ്ശേഷച്യുതചന്ദനം'—(35-ാംശ്ലോകം) എന്ന ശ്ലോകത്തിൽ ദൂതി, നായികാകാമുകസംഭോഗം ചെയ്തു എന്നു അനുമാനിക്കുന്നതു പ്രതിപാദ്യമതെ കൊണ്ടു ഉചിതമോ?, അപ്പോൾ അവിടെ നില്ക്കുന്ന അന്യന്മാരോ?, ആ കാവ്യാർത്ഥവിചാരം ചെയ്യുന്ന സഹൃദയന്മാരോ?, ആരെങ്കിലും? ആദ്യത്തെ രണ്ടു പക്ഷങ്ങളിലും യോഗമില്ല. മൂന്നാമത്തേതിലാകട്ടെ അങ്ങനെയുള്ള (ചന്ദനം നിശ്ശേഷം മാഞ്ഞുപോവുക മുതലായതു സംഭോഗം കൊണ്ടു സംഭവിച്ചതാണെന്നുള്ള) അഭിപ്രായമില്ലാത്ത സഹൃദയവ്യഭിചാരം (വ്യഭിചാരമെന്ന ഹേത്വാഭാസം) സംഭവിക്കുന്നു. എന്നാൽ വക്താവു മുതലായവരുടെ അവസ്ഥാവിശേഷവിശിഷ്ടമായ ഹേതു എന്നു പറയാവുന്നതുമല്ല. അതിനു ഇപ്രകാരമുള്ള അർത്ഥവ്യാപ്തിയുടെ ജ്ഞാനം വിചാരിപ്പാൻ സംഗതിയില്ലല്ലോ.

അതുമല്ല, കവിയുടെ പ്രതിഭയിൽനിന്നു ജനിക്കുന്ന ഉത്തരം കാവ്യങ്ങൾക്കു പ്രാമാണ്യമുണ്ടാകുന്നതില്ലാത്തതിനാൽ ഹേതുവിനു സന്ദിഗ്ദ്ധാസിദ്ധതയും സംഭവിക്കുന്നു. വ്യക്തിവാദി (വ്യഞ്ജനയെ സ്ഥാപിപ്പാനായി വാദിക്കുന്ന ആലങ്കാരികൻ) ആകട്ടെ,

'ശയനൻ' എന്ന പദത്തിന്റെ സഹായത്തോടുകൂടിയ ഈ പ്രയോഗ ങ്ങളെ (ചന്ദനം മറയുക മുതലായവയെ) വ്യഞ്ജകങ്ങളായിപ്പറയുന്നു. അതിനാൽ അവയുടെ ശക്തിയ്ക്ക് അയുക്തത്വം പ്രാമാണികമാണോ അല്ലയോ എന്നുള്ളത് എങ്ങനെ അറിയാനാവും?

ഇതുകൊണ്ട് (ഹേതുവിന്റെ അഭാവംകൊണ്ട്) വ്യംഗ്യ ങ്ങൾ അർത്ഥാപത്തികൊണ്ട് സിദ്ധിക്കാവുന്നവയാണെന്നുള്ളതും നിര സിക്കപ്പെട്ടു. പൂർവ്വസിദ്ധമായ വ്യാപ്തിജ്ഞാനത്തെ ആശ്രയിച്ചിട്ടാണ ല്ലോ അർത്ഥാപത്തിയുടേയും പ്രവൃത്തി. ഉദാഹരണം—'യാതൊരു ത്തൻ ജീവിച്ചിരിക്കുന്നുവോ, അവൻ എവിടെയെങ്കിലും ഉള്ളവ നായിരിക്കുന്നതാണ്. ചൈത്രൻ ജീവിക്കുന്നു; അവൻ ഗൃഹത്തി ലില്ല.' (ചൈത്രൻ ഗൃഹത്തിലില്ലാതെ മറ്റൊരു സ്ഥലത്താണ്, എന്ന് അർത്ഥാപത്തി), ഇത്യാദി

എന്നല്ല, ഇന്ദ്രിയവ്യാപാരം മുതലായവയിൽ പ്രമാണവിധിയിൽ ഉൾ പ്പെടുത്തിയാൽ പദം മുതലായ സംഖ്യകളെ ഗ്രഹിക്കുന്നതുപോലെ ഇത് (വ്യംഗ്യം) സ്വപ്നാദ്യപേക്ഷകൊണ്ട് ഗ്രാഹ്യമല്ല. എന്തുകൊണ്ടെ ന്നാൽ ഇന്ന അടയാളം കാണിച്ചാൽ ഇന്ന കാര്യം ഇന്ന വിധമാ ണെന്നറിയണം എന്നുള്ള സങ്കേതാദിലൗകികപ്രമാണങ്ങളുടെ അ പേക്ഷയുള്ളതിനാൽ സ്വപ്നാവസ്ഥയിലും ഏതാണ്ട് അനുമാനമായിട്ട് അംഗീകരിക്കപ്പെട്ടതാണല്ലോ.

'വാസനാജന്യമാകുകകൊണ്ട്, രസാദിബോധം "സ്മൃതിയാകുന്നു." എന്നാണല്ലോ ചിലരുടെ മതം. അപ്രകാരമായാലും, മുൻകണ്ടിട്ടുള്ള ര സിക്കപ്പെടുന്ന കാര്യമായതുകൊണ്ട് ഇത് എന്ന പ്രത്യഭിജ്ഞ (ഓർമ്മ)യിൽ അനുമാനികത്വം വരുന്നതുകൊണ്ട് ദോഷം ഉണ്ടാ യിരിക്കുന്നു.

'ഭ്രൂലംബിതവിഗ്രഹാ—' (33-ാം പദ്യം) എന്നിത്യാദി ശ്ലോക ത്തിൽ രണ്ടാമത്തെ അർത്ഥം തീരെ ഇല്ലാത്തതാണെന്നുള്ള മഹിമഭട്ട

ന്റെ വചനം, അനന്യഥാസിദ്ധിയെ അപലപിക്കുന്നുവെന്നു പറയുന്നവന്റെ ഗജനിമീലികതന്നെ.

അതിനാൽ ഇങ്ങനെ അനന്യഥാസിദ്ധങ്ങളായ അതതു രസാദ്യർത്ഥങ്ങൾ, മറച്ചുവെക്കാൻ കഴിയാത്തവയും, അതതു ശബ്ദാദികളുടെ അന്വയവ്യതിരേകങ്ങളെ അനുസരിച്ചു പ്രവർത്തിക്കുന്നവയും, അനുമാനാദിപ്രമാണങ്ങളെക്കൊണ്ട് അറിയപ്പെടുവാൻ കഴിയാത്തവയും, അഭിധാദിവൃത്തിത്രയത്താൽ ബോധിപ്പിക്കപ്പെടുവാൻ കഴിയാത്തവയും ആകകൊണ്ടു നാലാമതായിട്ടുള്ള വൃത്തി അംഗീകരിക്കപ്പെടേണ്ടതുതന്നെ എന്നു സിദ്ധമായി. ഈ വൃത്തിയാകട്ടെ വ്യാപ്ത്യാദികളുടെ സഹായം കൂടാതെതന്നെ ഉണ്ടാകുന്നതുമാകുന്നു—എന്നു് എല്ലാം വിശദമായി.

ഇനി ഈ വൃത്തിയുടെ പേരെന്തെന്നു പറയുന്നു—

ഈ വൃത്തിയെ വ്യഞ്ജനയെ-
ന്നോതുന്നിതറിവുള്ളവർ.
രസവ്യക്തിയിലാദ്യമാ-
മേതുന്നു രസനാഖ്യയെ. ൯

രസനിരൂപണത്തിൽ ഇതു വ്യക്തമായി പറയപ്പെട്ടിട്ടുണ്ട്. ഇങ്ങനെ എല്ലാം വെളിവായിരിക്കുന്നു.

ഇപ്രകാരം സാഹിത്യദർപ്പണത്തിൽ വ്യഞ്ജനാവ്യാപാരനിരൂപണമെന്ന പഞ്ചമപരിച്ഛേദം കഴിഞ്ഞു.

ശുദ്ധിപത്രം.

ഭാഗം	വരി	അശുദ്ധം	ശുദ്ധം
12	14	ഭൃംഗീ	ഭൃഗീ
28	2	അന്നൎത്ഥം	എന്നൎത്ഥം
42	19	പ്രകാരം	പ്രകാശം
45	12	കരണ	കരുണ
56	7	സമാജിക	സാമാജിക
76	7	സ്പഷ്ടം	സ് പൃഷ്ടം
88	22	നോട്ടസ്യം	നോട്ടവും
110	12	ഉദാഹരം	ഉദാഹരണം
112	1	ഉദാഹരം	ഉദാഹരണം
125	10	പ്രീതി	പ്രതി
127	21	സത്തോപാദ്ഭുത	സത്തോപാദ് ഭൃത
129	11	പ്രമ	ഭ്രമ
130	12	അവസ്മാരം	അപസ്മാരം
141	10	ജഗാമ സ	ജഗാമ സാ
141	14	ച്ചുഴകൊടണ	ച്ചുഴറിയണ
171	10	അനനായം	അന്യായം

176	15	കിസലയെ	കിസലൈയ
229	15	ഫരിയെ	കരിയെ
239	1	ഭംഗ്യാദി	ഭാഗ്യാദി
241	8	സംസ്ഥാനേ	സംസ്ഥേന
249	14	ദ്രഷ്ടിം	ദൃഷ്ടിം
265	15	സൎവ്വാലാലംബ	സൎവ്വാബാലാലം
,,	25	സൎവ്വാബാലംലാബം	സൎവ്വാബാലാലംബം
281	4	തടാള്യത്തെ	തടാള്യത്ഥത്തെ

18, 19, 21, 28, 29, 34 ഈ ഭാഗങ്ങളിൽ 'തൊഴുത്തു്' എന്നതിന്ന പകരം 'തൊമ്പാടി' അല്ലെങ്കിൽ 'ഗോപകത്തരവ്വ്' എന്ന വായിക്കേണ്ടതാകുന്നു.
